ഹങ്കറിയിൽ നടന്ന
ഐതിഹാസികമായ
കമ്മ്യൂണിസ്റ്റ് വിരുദ്ധവി
പ്ലവത്തിന്റെ വികാരോ
ജ്ജ്വലമായ വിവരണം

# ആൻഡോവിലെ പാലം

വിവർത്തകൻ—മുട്ടത്തുവർക്കി

# ആൻഡോവിലെ പാലം

H 349

(ഹംഗേറിയൻ ദേശീയവിപ്ലവത്തിന്റെ കഥ)

ശ്രീകൃഷ്ണവിലാസം ഗ്രന്ഥശാല
മലയിൻകീഴ്.

വിവർത്തകൻ:—

മുട്ടത്തു വർക്കി

വില Rs. 1-50

ഒന്നാംപതിപ്പ്
കോപ്പി 2000
1959 ഒക്ടോബർ.

പ്രസാധകർ:-

ദീപിക പബ്ളിക്കേഷൻസ്

കോട്ടയം.

Printed at
The S. F. S. Press, Kottayam.

# The Bridge at Andau

By

**James A. Michener**

7345

★

*Translated by*

**Muttathu Varkey**

Copyright:-

1957, by James A. Michener

ശ്രീകൃഷ്ണവിലാസം വായനശാല
മലയിൻകീഴ്.
7345
H349

# ആമുഖം

1956– നവംബർ 14–ാം തീയതി റഷ്യൻ കമ്മ്യൂണിസം അതിന്റെ തനിനിറമെന്തെന്ന് ലോകത്തിന് കാണിച്ചുകൊടുത്തു. ആധുനിക ലോകചരിത്രത്തിൽ കേട്ടുകേൾവിപോലും ഇല്ലാത്ത വിധത്തിലുള്ള പൈശാചികതയുടെയും കിരാതത്വത്തിന്റെയും കരിപുരണ്ട ഒരു കഥ. കമ്മ്യൂണിസത്തിന്റെ ഭീകരതകളിൽനിന്നു രക്ഷപെടാൻ കൊതിച്ച, നിരായുധരായ, ഒരു ജനതയുടെനേരെ ക്രൂരങ്ങളായ ടാങ്കുകൾ പാഞ്ഞ് ആ ദേശാഭിമാനികളെ അവ സംഹരിച്ചു.

മാനമായി ജീവിക്കാൻ ആശിച്ചു എന്നൊരുകുറ്റം മാത്രം ചെയ്ത ഒരു നഗരത്തെ തകർത്തു തരിപ്പണമാക്കിക്കളഞ്ഞു. റഷ്യൻ കമ്മ്യൂണിസത്തിന്റെ വഴിയിൽനിന്ന് അല്പമൊന്നു മാറാൻ ശ്രമിച്ച ഹങ്കേറിയൻ കമ്മ്യൂണിസ്റ്റുകളെ റഷ്യാക്കാർ വേട്ടയാടി വെടിവച്ചു കൊന്നു. കമ്മ്യൂണിസത്തിന്റെ അടിത്തറയെന്നു പറയപ്പെടുന്ന തൊഴിലാളികളെ അവർ കന്നുകാലികളെപ്പോലെ തല്ലിത്തെളിച്ച് വലിയപെട്ടികളിലാക്കി സോവ്യറ്റ് റഷ്യയിലേക്കു കടത്തി. റഷ്യൻ മേൽക്കോയ്മയുടെനേരെ വിരൽചൂണ്ടിയ ഒരു ഉപഗ്രഹ രാജ്യം അങ്ങനെ നശിപ്പിക്കപ്പെട്ടു.

റഷ്യാക്കാർ ഹംഗറിയിൽ ചെയ്ത കടുംകൈകളും, വിശേഷാൽ അത്ഭുതമായ ഒരു മഹാനഗരത്തിന്റെ നാശവും, ഈ കമ്മ്യൂണിസ്റ്റുകളോടുള്ള അവരുടെ പെരുമാറ്റവും, റഷ്യയുടെ ഈ അരികിലക്ഷ്യങ്ങളെന്തെന്ന് അസന്ദിഗ്ധമാംവിധം തെളിയിച്ചു. റഷ്യയുടെ കാപട്യത്തെ, അതിന്റെ നഗ്ന രൂപത്തിൽ, ഹംഗറി അങ്ങനെ ലോകത്തിന് വെളിപ്പെടുത്തി.

വളരെ നിസ്സാരമാണ് റഷ്യൻ പരിപാടി. അശക്തമായ ഒരു രാജ്യത്തിൽ നുഴഞ്ഞു കയറുക (ബൽഗേറിയായിലും, രുമേ

നിയായിലും ചെയ്തതു പോലെ); പോലീസ് സേനയെ ഉടനടി കൈക്കലാക്കുക (ഉദാഃ ചെക്കോസ്ലോവാക്യാ); ബുദ്ധിജീവികളുടെയും നേതൃത്വത്തെ ഭീകരത കൊണ്ടു നശിപ്പിക്കുക (ലാറ്റ്വ്യായിലും, എസ്റ്റോണിയായിലും ചെയ്തതു പോലെ); കുഴപ്പക്കാരെന്നുകാണുന്നവരെ സൈബീരിയായിലേക്കു നാടുകടത്തുക (ലിത്വേനിയായിലും പോളണ്ടിലും ചെയ്തതു പോലെ); സ്വാതന്ത്ര്യത്തിന്റെ ഏതെങ്കിലും ലക്ഷണം കണ്ടാൽ ഒരു ജനപദത്തെ സമൂലം നശിപ്പിച്ചേക്കുക. ഈ അവസാനത്തെ അടവാണ് ഹംഗറിയിൽ റഷ്യാ പ്രയോഗിച്ചതു്.

ഈ അനുഭവത്തിനു ശേഷവും, ഇററാലിയിലെയോ ഫ്രാൻസിലെയോ... അമേരിക്കയിലെയോ... കമ്മ്യൂണിസ്റ്റുകൾക്കു വിശ്വസിക്കുവാൻ സാധിക്കുമോ റഷ്യൻ ഭ്രമണപഥത്തിൽ നിന്നാൽ തങ്ങളുടെ അനുഭവം ഇതിൽ നിന്നു് വ്യത്യസ്തമായിരിക്കുമെന്നു".

റഷ്യയോടു ഏതെങ്കിലും തരത്തിൽ നിസ്സാരമായ തോതിൽ പോലും അഭിപ്രായവ്യത്യാസത്തിന്റെ ലക്ഷണം കണ്ടാൽ, റഷ്യൻടാങ്കുകൾ തലസ്ഥാനനഗരത്തെ നശിപ്പിക്കുകയായി; ജനങ്ങളെ കൊന്നൊടുക്കുകയായി; അല്ലെങ്കിൽ മധ്യഏഷ്യയിലെ തടങ്കൽപാളയങ്ങളിലേക്കു് നാടുകടത്തുകയായി; കമ്മ്യൂണിസത്തിന്റെ ഉപജ്ഞാതക്കളായിരിക്കും റഷ്യയുടെ തോക്കിനു് ആദ്യം ഇരയാകുക.

ഈ പുസ്തകത്തിൽ പരിപൂർണ്ണമായ ഒരു ഭീകരതയുടെ കഥയാണു് ഞാൻ പറയുന്നതു്; ഹൃദയത്തെ മരവിപ്പിക്കുന്ന ഒരു ചരിത്രസംഭവം. മനുഷ്യചിന്തയെ വിപ്ലവം കൊള്ളിക്കുന്ന മൃഗീയമായ ഒരു പദ്ധതിയുടെ വിവരമാണിതു്. നിങ്ങൾ ദേശീയകമ്മ്യൂണിസത്തിന്റെ വലയിൽ അകപ്പെട്ടുകഴിഞ്ഞാൽപിന്നെ ഏതെങ്കിലുംരാഷ്ട്രത്തിനൊ, സ്ഥലത്തിനൊ, അതിൽനിന്നു രക്ഷപെടുക സാധ്യമല്ലെന്നു് ലോകമെങ്ങുമുള്ള സ്വാതന്ത്ര്യസ്നേഹികളെ ഓർമ്മപ്പെടുത്തുവാൻ ഈ സംഭവകഥനം ഉപകരിച്ചെങ്കിൽ ഞാൻ കൃതാർത്ഥനായി.

അടിമത്വത്തിന്റെ ഭീകരതയിൽ ശ്വാസം മുട്ടിക്കഴിഞ്ഞ അനേകായിരം ഹംഗറിക്കാർ, സ്വാതന്ത്ര്യത്തിന്റെ വായുവെത്തേടി ജന്മനാടുപേക്ഷിച്ചു, പരദേശങ്ങളിൽ അഭയം പ്രാപി

ച്ചതെങ്ങനെയെന്നു് ഞാൻ കാണിക്കുകയാണു്. ആസ്ട്രിയായിലേക്കുള്ള ഹംഗറിക്കാരുടെ കൂട്ടപ്രയാണത്തിൽ എന്നാണു് ഈ ഗ്രന്ഥത്തിന്റെ തലക്കെട്ടുണ്ടായതുതന്നെ. കാരണം, ആൻഡോയിലെ ഒരു ചെറിയ നാടൻ പാലത്തിൽ കൂടെയാണു് സ്വാതന്ത്ര്യത്തിലേക്കുള്ള ആ രക്ഷപെടൽ അധികവും സാധിച്ചതു്.

റഷ്യൻ ടാങ്കുകൾ ബുഡാപെസ്റ്റു് നഗരത്തെ വെണ്ണീറാക്കിയെന്നതു് ശോകസംകുലമായ ഒരു ചരിത്ര സത്യമാണു്; പക്ഷെ അതിലും, ഭീകരമായ ഒന്നു സംഭവിച്ചു; മനുഷ്യത്വത്തിന്റെ അടിച്ചമർത്തൽ.

ഈ പേജുകളിൽ ഹംഗറിക്കാർതന്നെ—അവരിൽ അധികവും കമ്മ്യൂണിസ്റ്റുകളാണു്...റഷ്യൻ കമ്മ്യൂണിസത്തിന്റെ സാക്ഷാൽ അർത്ഥമെന്തെന്നു് നിങ്ങളോടു പറയും.

---

# 1. യുവാവായ ജോസഫ് ടോത്ത്.

സന്ധ്യ ആയില്ല. 1956 ഒക്ടോബർ 23-ാംതീയതി ചൊവ്വാഴ്ച ദിവസം···ആ ദിവസം ലോകം ഒരുകാലത്തും മറക്കില്ല. ഹംഗറിയുടെ തലസ്ഥാനമായ ബുഡാപെസ്റ്റ് നഗരത്തിലെ കോബൻയായി തെരുവിനടുത്തുള്ള വാഹന നിർമ്മാണ ഫാക്ടറിയിലെ യന്ത്രങ്ങൾ പതിവുപോലെ അമറിക്കൊണ്ടിരുന്നു. ആ ഫാക്ടറിയിലെ ഫോർമാൻെറ ഓഫീസിൽ 18 വയസ്സുകാരനായ ഒരു തരുണൻ പ്രവേശിച്ചു് ആചാരപൂർവ്വം നിന്നു.

"കമ്മ്യൂണിസ്റ്റ് സ്റ്റഡിഗ്രൂപ്പിൻെറ മീററിംഗുകളിൽ നീ കൃത്യമായി ഹാജരാകണം, ഉം, പൊയ്ക്കോ" ഫോർമാൻ ഒരു താക്കീതുനൽകി.

ആ ചെറുപ്പക്കാരൻെറ ഉള്ളിൽ ചില ന്യായവാദങ്ങൾ കിടന്നു തിളക്കുന്നുണ്ടായിരുന്നു. പക്ഷെ ഉഗ്രനായ ഫോർമാൻെറ രൂക്ഷമായ മുഖഭാവം അവൻെറ ചിന്തകളെ മരവിപ്പിച്ചു.

മറുപടിപറയാതെ ആ തൊഴിലാളി ഇറങ്ങിപ്പോയി. "ഞാൻ ദിവസം 10-മണിക്കൂർ ജോലി ചെയ്യുന്നു. എന്നിട്ടും എനിക്കു ശരിക്കു ആഹാരം കഴിക്കുന്നതിനുള്ള വക കിട്ടുന്നില്ല. പണികഴിഞ്ഞു് ഞാനെന്തിനാണു് കമ്മ്യൂണിസ്റ്റ് മീററിംഗുകളിൽ സംബന്ധിക്കുന്നതു്; അവൻ നടന്നുകൊണ്ടു ചിന്തിച്ചു.

ജോസഫ് കാഴ്ചക്കു സുന്ദരനും, ആരോഗ്യവാനും ആയിരുന്നു; എങ്കിലും അവൻെറ മുഖഭാവത്തിലും, വേഷത്തിലും, അവൻ അനുഭവിക്കുന്ന യാതനകളും ദാരിദ്ര്യവും പ്രതിബിംബിച്ചു.

അവൻെറ അമ്മ രണ്ടുകൊല്ലം മുമ്പു മരിച്ചുപോയി. അവൻെറ അമ്മ തടിച്ച ഒരു സ്ത്രീയായിരുന്നു; വളരെയേറെ വർത്തമാനം പറയുന്ന ഒരു പ്രകൃതം: ശുദ്ധ ഹൃദയയും, തമാശക്കാരിയും ആയിരുന്നു. അവരുടെ ചിരിക്കു വശ്യശക്തിയുണ്ടായിരുന്നു. ജോസഫിനു് ആ അമ്മയുടെ ഹൃദ്യമായ മന്ദഹാസം പാരമ്പര്യമായി ലഭിച്ചിട്ടുണ്ടു്.

ഒരു രാത്രിയിൽ പതിവുപോലെ അയൽക്കാരിൽ ചിലർ വർത്തമാനം പറയാൻ അവരുടെ വീട്ടിൽ കൂടിയിരുന്നു. വർത്തമാ

നത്തിനിടക്ക് ജോസഫിൻെറ അമ്മപറഞ്ഞു "എവിടെനോക്കി യാലും റഷ്യാക്കാരുടെ കൊടിയേ കാണാനുള്ളു. പണ്ടത്തെ ഹംഗേറിയുടെ കൊടികാണാൻ എനിക്കെന്തുമാത്രം കൊതിയുണ്ടെന്നൊ"

വളരെ വിശ്വസ്തരും സ്നേഹമുള്ളവരുമായിരുന്നു അവിടെ കൂടിയിരുന്നതു്. പക്ഷെ അവരിൽ ഒരാൾ രഹസ്യപ്പോലീസിൻെറ ചാരനായിരുന്നു. അയാൾ വീഴാതെകെട്ടാതെ ആ വിവരം യഥാസ്ഥാനത്തു അറിയിക്കുകയുംചെയ്തു.

പിറേറന്നു് അവരുടെ പടിക്കൽ ഒരു ചെറിയ ട്രക്ക് വന്നുനിന്നു. കാരണം ഒന്നും പറയാതെ രണ്ടു രഹസ്യപ്പോലീസ് ഏജൻറന്മാർ ജോസഫിൻെറ അമ്മയെ വലിച്ചിഴച്ചു് ആ വാഹനത്തിനുള്ളിലാക്കി.

ആറുമാസത്തേക്കു അവരെപ്പററി ഒരറിവും ആ കുടുംബത്തിനു ലഭിച്ചിരുന്നില്ല. അങ്ങനെയിരിക്കെ ഒരു ദിവസം അവർ വീട്ടിൽ തിരിച്ചെത്തി. അവർ മന്ദഹസിച്ചു. അവരെ യാതൊരുത്തരും ഉപദ്രവിച്ചില്ലെന്നു് ഉറപ്പിച്ചുപറഞ്ഞു. പലരും ഇടഞ്ഞിടഞ്ഞുചോദിച്ചു. അവർ പറയുകയില്ല.

പക്ഷെ ആറുമാസത്തെ കാരാഗൃഹജീവിതവും, പീഡനങ്ങളും, നിമിത്തം അവരുടെ ആരോഗ്യം ക്ഷയിച്ചു. ഒടുവിൽ അവർ രോഗംപിടിപെട്ടു് കിടപ്പിലായി. മരിക്കുന്നതിനുമുമ്പ് അവർ അല്പംചില സൂചനകൾമാത്രം നൽകി. എല്ലാവിവരവും അറിയിച്ചാൽ തൻെറ കുടുംബാംഗങ്ങൾക്കു് അതു ആപത്തായിത്തീർന്നേക്കും എന്നു അവക്കു പൂർണ്ണബോധ്യമുണ്ടായിരുന്നു. ചുവരുകളെപ്പോലും വിശ്വസിക്കാൻ പാടില്ല. "ഞാൻ ഒററക്കാലിൽ പല മണിക്കൂറുകൾ തുടച്ചയായി എന്നും നില്ക്കണമായിരുന്നു.,, ഈ ഒരു വാചകമേ ആ തള്ള പറഞ്ഞുള്ളു. പക്ഷേ അതു പറഞ്ഞപ്പോൾ അവരുടെ മുഖത്തു കാണപ്പെട്ട ഭീതി മറക്കത്തക്കതല്ല. അവർ മരിച്ചു.

ഒരു ദിവസം ജോസഫ് ഒററക്കാലിൽ നിന്നുനോക്കി; 15 മിനിററിൽക്കൂടുതൽ അവനു നില്ക്കാൻ കഴിഞ്ഞില്ല. അവൻെറ അമ്മ എങ്ങനെ ആ നൊമ്പരം സഹിച്ചുകൊണ്ടു് അനേകം മണിക്കൂർ തുടച്ചയായി ഒററക്കാലിൽ നിന്നു എന്നതു് അവനു ചിന്തിക്കാൻ പോലും സാധ്യമല്ലായിരുന്നു.

ഫോർമാൻെറ ആഫീസിൽനിന്നു് ഇറങ്ങിയതുമുതൽ അ

വൻെറ ചിന്തകൾ ഇളകിക്കൊണ്ടിരുന്നു. അവയെ ഉറക്കെപ്പറയാൻ അവൻ ധൈര്യപ്പെട്ടില്ല. വായ് അടച്ചിരിക്കുന്നതാണ് എപ്പോഴും നല്ലതു്.

ജോലി നന്നായിചെയ്തുകൊണ്ടുമാത്രം കാര്യമായില്ല. ജോസഫ് പണിയെടുക്കുന്ന വാഹനനിർമ്മാണശാലയിലെ സമർത്ഥനും കോളജ്ബിരുദധാരിയും ആയ ഒരുദ്യോഗസ്ഥനു പററിയ അബദ്ധം ജോസഫിനറിയാം. ലോക്കോമോട്ടീവ് യന്ത്രങ്ങളെപ്പററി ഒരു ഇംഗ്ലീഷ്മാസികയിൽനിന്ന് ഒരു ലേഖനം പരിഭാഷപ്പെടുത്താൻ ആ ഉദ്യോഗസ്ഥനെ ഏല്പിച്ചു. "ഇരുമ്പുകർട്ടൻെറ ഉള്ളിൽ പുതിയ സാങ്കേതികവികസനങ്ങൾ" എന്നായിരുന്നു ആ ലേഖനത്തിൻെറ തലക്കെട്ട്. അതു അതേപടി ആ ഹതഭാഗ്യൻ പരിഭാഷപ്പെടുത്തി. രഹസ്യപ്പോലീസുകാർ അയാളെ പിടികൂടി. മൂന്നാഴ്ചക്കാലം അവർ അയാളെ തടങ്കലിൽ പാർപ്പിച്ചു. തടങ്കലിൽ തനിക്കെന്തു സംഭവിച്ചു എന്നു അയാൾ ഉരിയാടിയിട്ടില്ല. ഇരുമ്പുയവനിക എന്നൊന്നു ഇല്ലെന്നും, അതുകൊണ്ടു് അയാൾ ആദർശപരമായി വലിയ ഒരു തെററാണ് ആ പരിഭാഷമൂലംചെയ്തതെന്നും ആണ് ആ ശിക്ഷയെപ്പററി അധികൃതർ പറഞ്ഞതു്. ബുദ്ധിപരമായി പിഴകളും സംഭവിച്ചവരെല്ലാം അങ്ങനെ രഹസ്യപ്പോലീസിൻെറ ഉരുക്കുമുഷ്ടിയിൽക്കൂടി കയറിഇറങ്ങുമ്പോൾ ശരിപ്പെടും എന്നാണ് നിയമം.

ജോസഫിനറിയാം, വാഹനനിർമ്മാണശാലയിൽ നിർമ്മിക്കപ്പെടുന്ന സാധനങ്ങളത്രയും, റഷ്യയിലേക്കോ, റഷ്യയിൽ നിന്നു ഈജിപ്തിലേക്കോ കയററി അയയ്ക്കുകയാണെന്ന്. പക്ഷെ ആ വിവരം പുറത്തു പറയാൻ പാടില്ല; പറഞ്ഞാൽ തല വീശിക്കളയും; അതുകൊണ്ടു് അവൻ പറഞ്ഞില്ല.

അവൻ അവൻെറ പഴയ കോട്ടു ധരിച്ചു;ഫാക്ടററിവക വാഹനം അവനെഅവൻെറവീട്ടിൻെറ പടിക്കൽകൊണ്ടുചെന്നാക്കി. അവിടെ അവൻെറ വൃദ്ധനായ അപ്പൻ അവനെ കാത്തിരിക്കുകയായിരുന്നു.

വാഹനം മടങ്ങിപ്പോയി. ഹേമന്ത കാലമായിരുന്നു. മഞ്ഞുകാററ് ഊതിക്കൊണ്ടിരുന്നു. ഒരു സംഘം ചെറുപ്പക്കാർ ആ വഴി കടന്നു പോകുന്നു.

"നിങ്ങളൊരു
ഹംഗേറിയനൊ?
എങ്കിൽ വരു
ഞങ്ങളുടെ കൂടെ"

ആ യുവാക്കൾ വിളിച്ചു പറയുന്നു. എല്ലാം 25-വയസ്സിനു് താഴെ പ്രായമുള്ളവർ. നല്ല ചുറുചുറുക്കുള്ള ചെറുപ്പക്കാർ.

ആവേശം കൊള്ളിക്കുന്ന ആ നിമേഷത്തിൻെറ ആലക്തിക പ്രഭാവം!

അവൻ ഇടം വലം നോക്കിയില്ല. ചിന്തിക്കാൻ കാത്തുനിന്നില്ല. അവൻ ഹംഗറിക്കാരനാണു്. അവൻ അവരുടെ കൂടെ ചേന്നു.

പിന്നെയും, പിന്നെയും, യുവാക്കൾ ആ സംഘത്തിൽ ചേന്നു. ആ സംഘം പെരുകി.

"നിങ്ങളൊരു
ഹംഗേറിയനോ?
എങ്കിൽ വരു
ഞങ്ങളുടെ കൂടെ"

ആ മുദ്രാവാക്യത്തിൻെറ ശബ്ദത്തിനു ശക്തിയും മൂച്ചും കൂടി. തെരുവീഥികളെ അതു രോമാഞ്ചം അണിയിച്ചു.

ഒടുവിൽ ആ ജനസംഘാതത്തിൽ നിന്നു ഒരാൾ വിളിച്ചു പറഞ്ഞു; ഒരു വാചകം; പ്രത്യാശയുടെ വികാരങ്ങൾ തുളുമ്പി തുളുമ്പി നില്ക്കുന്ന ഒരു വാചകം.

"ഹംഗറിയിൽ നിന്നു രഹസ്യപ്പോലീസിനെ ഞങ്ങൾ തുരത്താൻ പോവുകയാണു്; വരു; സഹജരെ!"

ജോസഫിനു് അതിൻെറ അത്ഥം മനസ്സിലായില്ല.

ക്രുദ്ധമായ ഒരു തിരമാല പോലെ അവർ പോലീസ്സ്റ്റേഷനിലേക്കു ചീറി അടുത്തു; പോലീസുദ്യോഗസ്ഥന്മാർ അന്ധാളിച്ചു നിന്നു പോയി.

"നിങ്ങളുടെ തോക്കുകൾ ഇങ്ങു തരു!" ആ ചെറുപ്പക്കാർ അട്ടഹാസിച്ചു. ചെമന്ന മുഖമുള്ള ഒരു പോലീസുദ്യോഗസ്ഥൻെറ നേരെ നോക്കിക്കൊണ്ടു ജോസഫ് വിളിച്ചു പറഞ്ഞു. "നിങ്ങളുടെ തോക്കു എനിക്കു തരു!"

"എന്തിനു്!" അമ്പരന്നു നിന്ന ആ ഉദ്യോഗസ്ഥൻ ചോ

ദിച്ചു.

അതിനെന്താണ് ഒരുത്തരം പറയുക. ജോസഫിനു് അറിഞ്ഞുകൂടാ. അവൻ പകച്ചു ചുററും നോക്കി. ഒടുവിൽ അവൻ പറഞ്ഞു "രഹസ്യപ്പോലീസിനെ ഞങ്ങൾ സംഹരിക്കാൻ പോവുകയാണ്."

ആ ഉദ്യോഗസ്ഥൻ വിറച്ചു പോയി. അയാളുടെ കയ്യിൽ നിന്നു് ജോസ്ഫ് തോക്കു തട്ടിപ്പറിച്ചു. പക്ഷെ അതുടനെ തന്നെ ജോസഫിൻെറ കയ്യിൽ നിന്നു് മറെറാരു ചെറുപ്പക്കാരൻ വാങ്ങി.

അനിരുദ്ധമായ യുവശക്തി പ്രവാഹത്തിൽ ആ പോലീസ് സ്റ്റേഷൻ തകൎന്നു പോയി. അതിലുണ്ടായിരുന്ന ആയുധങ്ങൾ ദേശാഭിമാനികളായ ആ ചെറുപ്പക്കാരുടെ കൈകളിലായി.

ആയുധ ധാരികളായി അവർ മുന്നോട്ടു നീങ്ങി. അവർ ഉച്ചരിച്ച മുദ്രാവാക്യങ്ങൾ ആകാശവായുക്കളിൽ അലയടിച്ചു.

ഒരു ഹംഗേറിയൻ ടാങ്ക് അവരുടെ നേരെവരുന്നു. അതിൽ രണ്ടു രഹസ്യപ്പോലീസുകാരെ കാണാം. ഒരു പഴയ ടാങ്കായിരുന്നുഅതു്. അതിൽ നിന്നു ആളുകളും അതോടൊപ്പം വെടിയുണ്ടകളും പാഞ്ഞു. ഈയാംപാററകൾപോലെ യുവജനങ്ങൾ തെരുവീഥികളിൽ മരിച്ചുവീണു. ശേഷിച്ചവർ എന്നിട്ടും പിന്മാറിയില്ല' മരണം അവൎക്കു പുല്ലായിരുന്നു. ഒരിക്കലും ഒടുങ്ങാത്ത രുദ്രതോടെ അവർ ചീറിയടുത്തു് ആ ടാങ്കിനെ പൊതിഞ്ഞു. പാറക്കല്ലുകളും, തടിക്കഷണങ്ങളുംകൊണ്ടു് അവർ ടാങ്കിലേക്കു എറിഞ്ഞു. 16- വയസ്സു് തികയാത്ത രണ്ടു കുട്ടികൾ ഒരു തടി പിടിച്ചുകൊണ്ടുവന്നു ടാങ്കിൻെറ മുമ്പിലിട്ടു. ടാങ്കിനു് അനങ്ങാൻ വയ്യെന്നായി. എങ്കിലും അതിൽനിന്നു് വെടിയുണ്ടകൾ പ്രവഹിക്കുകയും, ആളുകൾ മരിച്ചു വീഴുകയും ചെയ്തുകൊണ്ടിരുന്നു.

ഒടുവിൽ ധീരനായ ഒരുവൻ സമീപസ്ഥനായ ഒരുസഖാവിൻെറ കയ്യിൽ നിന്നു് തോക്കു പിടിച്ചുവാങ്ങി ടാങ്കിൻെറ മുകളിലേക്കു ചാടിക്കയറി.

അടയ്ക്കാതെ കിടന്ന ഒരു ദ്വാരത്തിൽക്കൂടി അവൻ അകത്തേയ്ക്കു് വെടിയുണ്ടകൾ വൎഷിച്ചു: ഒരുയന്ത്രത്തോക്കുമായി മറെറാരു യുവാവും സഹായത്തിനെത്തി. കുറെ കഴിഞ്ഞപ്പോൾ

ആ ടാങ്ക് നിശ്ചേഷ്ടമായി. അതിനകത്തുണ്ടായിരുന്നവർ എല്ലാം മരിച്ചു.

മരണം സംഭവിച്ച ഒരു രാക്ഷസനെപ്പോലെ ആ ടാങ്ക് വഴിമധ്യത്തിൽ കിടന്നു.

എല്ലാം ഒരു ദുസ്സ്വപ്നംപോലെ തോന്നി ജോസഫിനു്. അവനു് ഒന്നും അറിഞ്ഞുകൂടാ.

വിജിഗീഷുക്കളായ വിപ്ലവകാരികൾ മുന്നോട്ടു നീങ്ങുകയാണു്. ഇനിയെന്താണു് സംഭവിക്കുക? ഒരു നിശ്ചയവുമില്ല.

ആ ഒഴുക്കിൽപെട്ടു ജോസഫും നീങ്ങുകയാണു്. സാങ്കേതികജ്ഞാനമുള്ള ചില തൊഴിലാളികൾ പുറകിൽതങ്ങി. അവർ ടാങ്ക് നന്നാക്കിയെടുക്കാൻ ശ്രമിക്കുകയാണു്. അതിനുള്ളിലുണ്ടായിരുന്ന മൃതദേഹങ്ങൾ അവർ വലിച്ചു തെരുവിലേക്കെറിഞ്ഞു. അതൊക്കെ നോക്കിനില്ക്കാൻ നേരമില്ലായിരുന്നു ജോസഫിനു്.

അവർ റേഡിയോസ്റ്റേഷനിലേക്കാണു കയറിയതു്. കമ്മ്യൂണിസ്റ്റു് പ്രചരണത്തിന്റെ ജീവനാഡിയാണു് ആ റേഡിയോസ്റ്റേഷൻ.

H 349

പച്ചക്കള്ളങ്ങൾ ആവർത്തിച്ചാവർത്തിച്ചുപറഞ്ഞു് മനുഷ്യരെ നിരന്തരമായി വഞ്ചിക്കുകയാണു് ആ റേഡിയോസ്റ്റേഷന്റെ ഉദ്ദേശ്യം. അതുകൊണ്ടുതന്നെയാണു് ജനങ്ങളുടെ പ്രതികാരാവേശം ആദ്യമായി അങ്ങോട്ടു തിരിഞ്ഞതു്. ഭയങ്കരന്മാരായ ഏവിയോക്കാർ (സ്പെഷ്യൽ പോലീസ്)കർശനമായി കാത്തു സൂക്ഷിക്കുന്ന അനിരുദ്ധമായ ഒരു കെട്ടിടമാണതു്.

അന്നു രാത്രി 9—മണിക്കു ഒരുസംഘം കോളജ് വിദ്യാർത്ഥികൾ സ്ഥലത്തെത്തി. അവർക്കൊരുകാര്യം പ്രക്ഷേപണം ചെയ്യാനുണ്ടെന്നും അകത്തേക്കു കയററിവിടണമെന്നും രഹസ്യപ്പോലീസിനോടു അവർ ആവശ്യപ്പെട്ടു. "സാധ്യമല്ല" എന്നായിരുന്നു മറുപടി. വിദ്യാർത്ഥികൾ ബലാൽകാരമായി അകത്തു കയറാൻ ശ്രമിച്ചു. പക്ഷെ ഏവിയോക്കാർ ഗേററ് തട്ടി അടച്ചുകളഞ്ഞു.

വിദ്യാർത്ഥികൾ ക്ഷുഭിതരായി. ആളുകൾകൂടി. പുരുഷന്മാരും സ്ത്രീകളും കുട്ടികളും. ഏവിയോക്കാർ അവരുടെനേരെവെടിവച്ചു.

"അയ്യോ അവർ നമ്മളെ കൊല്ലും" സ്ത്രീകൾ നിലവിളിച്ചു. ഈ രംഗം കണ്ടുകൊണ്ടു നിന്ന ഒരുപട്ടാള ഉദ്യോഗസ്ഥനു

ആ കാഴ്ച സഹിക്കാൻ കഴിഞ്ഞില്ല. അയാൾ ഒരു ട്രക്കിന്റെമുകളിൽ കയറിനിന്നുകൊണ്ടു് ഏവിയോക്കാരെ നോക്കി അട്ടഹസിച്ചു “പന്നികളെ! നിങ്ങളാരെയാണു് വെടിവെച്ചു കൊല്ലുന്നതു് നിത്തു.”

പക്ഷെ അടുത്തക്ഷണത്തിൽ ഒരു വെടിയുണ്ടയേററു് ആ യോദ്ധാവു് നിലംപതിച്ചു. ഹംഗേറിയൻവിപ്ളവത്തിലെ ആദ്യത്തെ രക്തസാക്ഷിയായിരുന്നു ആ പട്ടാളക്കാരൻ.

ആളുകൾ പതുക്കെ പിന്മാറി. അപ്പോഴേക്കും ഒരു ലോറിയിൽ കുറെ ആളുകൾ പാഞ്ഞടുക്കുന്നതു കണ്ടു. അതു ഷെപ്പേലിലെ കമ്മ്യൂണിസ്റ്റു് തൊഴിലാളികളായിരുന്നു. അവരുടെ പക്കൽ ആയുധങ്ങളും വെടിക്കോപ്പുകളും ഉണ്ടായിരുന്നു. ഹംഗേറിയൻ കമ്മ്യൂണിസത്തിന്റെ നെടുംതൂണുകളെന്നു ഗണിക്കപ്പെട്ടിരുന്നഷെപ്പേലിലെ തൊഴിലാളികൾ --അവർ വിപ്ളവത്തെ നയിക്കാൻ വന്നുചേർന്നിരിക്കുന്നു. ജനങ്ങൾക്കു പുതിയ ഉശിരുണ്ടായി.

“ഏവിയോ നായ്ക്കളെ തട്ടുക” അവർ അട്ടഹസിച്ചു.

അവർ ആക്രമണത്തിനു തയാറെടുക്കുമ്പോൾ ഒരു ആംബുലൻസ് വന്നെത്തി. പക്ഷെ മുറിവേററവരെ കയററുന്നതിനു പകരം അതു റേഡിയോസ്റ്റേഷനിലേക്കു കയറാനാണു് ഭാവിച്ചതു്. ആളുകൾ തടഞ്ഞു. ഡ്റൈവറെ അവർ വലിച്ചിഴച്ചു. ആംബുലൻസ് കാർ തുറന്നുനോക്കിയപ്പോൾ അതിൽ കണ്ടതു മരുന്നുകളായിരുന്നില്ല. തോക്കുകൾ നിറയെ തോക്കുകൾ.

പുതുതായി ലഭിച്ച ആയുധങ്ങളോടുകൂടിഷെപ്പേലിലെ ധീരന്മാർ ഒരു തുരങ്കത്തിൽക്കൂടി കെട്ടിടത്തിന്റെ ഉള്ളിലെത്തി. അക്കൂട്ടത്തിൽ ജോസഫ്ടോത്തും ഉണ്ടായിരുന്നു. നിരായുധരായിരുന്ന 50 ഏവിയോക്കാർ പതുങ്ങിയിരുന്ന ഒരു മൂലയിലാണു് അവർ പൊടുന്നനെ ചെന്നുകയറിയതു്. വെടിയേററു് അനേകം ഏവിയോക്കാർ മരിച്ചു. ശേഷിച്ചവർ കീഴടങ്ങി. അവരെയും കൊണ്ടു ഷെപ്പൽയോദ്ധാക്കൾ പുറത്തുവന്നു.

അപ്പോഴേക്കും കെട്ടിടത്തിന്റെ മുകൾ തട്ടിൽനിന്നു വെടിയുണ്ടകൾ പാഞ്ഞു. ജോസഫ്ടോത്തിന്റെ കാലിൽ ഒരു വെടിയേററു. ഏതാനും നിമിഷങ്ങൾക്കുള്ളിൽ അവൻ ബോധരഹിതനായി തെരുവിൽ വീണു.

7345

## 2. ബുദ്ധിജീവികൾ

ഹംഗറിയിൽ, കമ്മ്യൂണിസത്തെ വളരെ കാര്യമായി താലോലിച്ചിരുന്ന യുവജനങ്ങളാണ് പൊടുന്നനെ അതിനെ നഖശിഖാന്തം എതിർത്തു്. സോവ്യററ് റഷ്യക്ക് അതുസഹിക്കാനാവാത്ത ഒരു കാര്യമായിരുന്നു. ഹംഗേറിയൻ കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ പ്രധാന ഘടകങ്ങളായ, തൊഴിലാളികർഷക വിദ്യാർത്ഥി വിഭാഗങ്ങളും ബുദ്ധിജീവികളും കമ്മ്യൂണിസത്തെ എതിർക്കുക എന്നുവച്ചാൽ കമ്മ്യൂണിസത്തിന്റെ പ്രചരണ സൗധം തകർന്നു തവിടുപൊടിയാകുക എന്നാണർത്ഥം.

വർഗ്ഗവർണ്ണരഹിതവും, സമത്വസുന്ദരവും ആയ ഒരു സാമൂഹ്യവ്യവസ്ഥിതിക്കുവേണ്ടി നിലകൊള്ളുന്നു എന്നു നെട്ടനീളം വീമ്പടിക്കുന്ന കമ്മ്യൂണിസ്റ്റ് പാർട്ടി, സാക്ഷാൽ വർഗ്ഗവ്യത്യാസങ്ങളുടെ കൂമ്പാരത്തിലാണ് കെട്ടിപ്പടുക്കപ്പെട്ടിരിക്കുന്നതു്. സമൂഹത്തിന്റെ ഏററവും നല്ല സുഖങ്ങൾ അനുഭവിക്കുന്ന ഒരു വിഭാഗം മുകളിൽ നില്ക്കുന്നു— നല്ല ഭവനങ്ങൾ, നല്ല വസ്ത്രങ്ങൾ, നല്ല ഭക്ഷണം, അതെല്ലാം ആ ഭാഗ്യശാലികൾക്കേ ഉള്ളു. അവരാണ് നേതാക്കൾ. ബാക്കിയുള്ളവർ പട്ടിണികിടക്കട്ടെ, തുലയട്ടെ. കാരണം അവർ തിരഞ്ഞെടുക്കപ്പെട്ട ജനമല്ല. അവർക്കു എതിർക്കാൻ നിവൃത്തിയില്ല; ശബ്ദിക്കാൻ സ്വാതന്ത്ര്യമില്ല.

കമ്മ്യൂണിസ്റ്റുപാർട്ടിയുടെ കണ്ണിലുണ്ണികളായിരുന്ന രണ്ടു ചെറുപ്പക്കാരുടെ കഥ പറയാം. ഉന്നതമായ നേതൃത്വത്തിനുവേണ്ടി അവർ പ്രത്യേക പരിശീലനം നടത്തി വരികയായിരുന്നു. പക്ഷെ, കമ്മ്യൂണിസത്തിന്റെയും, ദേശാഭിമാനത്തിന്റെയും, ഇടയ്ക്കു്, രണ്ടിലൊന്നു തിരഞ്ഞെടുക്കേണ്ട മുഹൂർത്തം വന്നപ്പോൾ അവർ എന്തുചെയ്തു എന്നതാണ് കഥ. ആ രണ്ടു യുവാക്കന്മാരുടെ കഥ, ക്രംലിനിലെ തമ്പുരാക്കന്മാർക്കു ഒരു പേടി സ്വപ്നമായി നിലനില്ക്കും. സ്വതന്ത്രനാടുകളിലെ, യുവാക്കളായ ബുദ്ധിജീവികൾ പുതുമയ്ക്കും കൗതുകത്തിനും വേണ്ടി കമ്മ്യൂണിസ്റ്റുപാളയത്തിന്റെ ഉള്ളിലേക്ക് സോല്ലാസം കടന്നു പോകുമ്പോൾ ആ ധീരോദാത്തന്മാരുടെ കഥ ഒന്നോർത്തിരുന്നാൽ നന്നു്.

ഇസ്ത്‌മാൻ ബാലോഗ് ഒരു പുസ്തക പ്രേമി ആയിരുന്നു. ഒരു തൊഴിലാളിയുടെ പുത്രനായിരുന്നതുകൊണ്ട് വിദ്യാഭ്യാസത്തിനു് അർഹനായി. "ഇസ്ത്‌മാൻ മിടുക്കനാണ്. ഞങ്ങൾ അവനെ നോക്കിക്കൊണ്ടാണിരുന്നതു്. ഇങ്ങനെയുള്ള ചെറുപ്പക്കാരെയാണ് ഞങ്ങൾക്കാവശ്യം." ഉന്നതനായ ഒരു പാർട്ടി നേതാവ് ഒരിക്കൽ പറഞ്ഞു. ആ പ്രശംസ കേട്ടപ്പോൾ ഇസ്ത്‌മാന്റെ മാതാപിതാക്കൾക്കുണ്ടായ ആനന്ദം അപരിമേയമായിരുന്നു.

"വയസ്സെത്ര ആയി?" നേതാവ് ചോദിച്ചു.

"പതിനാറു്" ഇസ്ത്‌മാൻ പറഞ്ഞു.

"സർവ്വകലാശാലാവിദ്യാഭ്യാസത്തിനു് നിനക്കു് അർഹതയുണ്ട്. അതിനു മുമ്പ് ഏതെങ്കിലും ഒരു ഫാക്‌റ്ററിയിൽ ജോലി നോക്കണം."

അങ്ങനെ ബുഡാപെസ്റ്റിലെ എലക്‌ട്രിക്കൽ ഫാക്‌റ്ററിയിൽ ഇസ്ത്‌മാനു് ഒരു ജോലി കിട്ടി. കൃശഗാത്രനായിരുന്നെങ്കിലും, അവൻ സമർത്ഥമായി അവന്റെ ജോലി നിർവഹിച്ചു. കമ്മ്യൂണിസ്റ്റ് മുതലാളിമാക്കു് അവനെ വലിയ കാര്യമായി. അതുകൊണ്ട് അവർ അവനെ തൊഴിലാളികളുടെ പഠനസ്ഥലത്തിന്റെ നേതാവാക്കി. മാർക്‌സ്, ലെനിൻ, സ്റ്റാലിൻ എന്നിവരുടെ തത്വസംഹിതകളിലേയ്ക്കു് പ്രവേശിക്കുന്നതിനുള്ള പ്രഥമപാഠങ്ങൾ തൊഴിലാളികൾക്കു്, അവരുടെ വിശ്രമവേളകളിൽ പറഞ്ഞുകൊടുക്കുക എന്നതാണ് ഈ പഠനക്കളരിയുടെ ഉദ്ദേശ്യം. പക്ഷെ പുസ്തകത്തിലുള്ള അമിതമായ ആസക്തി അവന്റെ ഉൽപാദന ക്ഷമതയെ തെല്ലൊന്നു മന്ദീഭവിപ്പിച്ചു. അതുകൊണ്ട് അഞ്ചു കൊല്ലം ഫാക്‌റ്ററിയിൽ പണിയെടുപ്പിച്ചതിനുശേഷമാണ് അവർ ഇസ്ത്‌മാനെ കോളേജിലേക്കയച്ചതു്. നിയമപഠനത്തിനാണ് അവനെ തിരഞ്ഞെടുക്കപ്പെട്ടതു്. അവൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഒരു ഔദ്യോഗികാംഗമായി.

സർവകലാശാല അവന്റെ ആശകളുടെ ഒരു സാക്ഷാൽക്കരണം ആയിരുന്നു. കാരണം അവൻ കാണാൻ കൊതിച്ചിരുന്ന പല ഗ്രന്ഥങ്ങളും അവനു വായിക്കാൻ സാധിച്ചു. അവൻ നിയമവും, റഷ്യൻ ഭാഷയും, മാർക്‌സിസവും, കമ്മ്യൂണിസത്തിന്റെ ചരിത്രവും, സൈനികശാസ്ത്രവും പ്രഗത്ഭമാം വിധം പ

റിച്ചു. ക്ലാസിലെ ഒന്നാമനായിരുന്ന ഇസ്റ്റ്മാൻ. ഒരു പ്രമുഖ കമ്മ്യൂണിസ്റ്റ് അഭിഭാഷകനാകാനുള്ള എല്ലാസാധ്യതകളും അവനിൽ തെളിഞ്ഞു. അവന്റെ പ്രൊഫസർമാർ അവനിൽ അഭിമാനം കൊണ്ടു. പക്ഷെ യാദൃശ്ചികമായി അവൻ പല മീററിംഗുകളിൽ പങ്കുകൊണ്ടു. ആ പങ്കുകൊള്ളൽ അവന്റെ ജീവിതത്തെ പാടേ വ്യത്യാസപ്പെടുത്തി.

1956 ഒക്ടോബർ 19–ാം തീയതി ആയിരുന്നു. ബുഡായിലെയും, പെസ്റ്റിലെയും സർവകലാശാലാവിദ്യാർത്ഥികൾ, ഒരു യോഗംകൂടി. പോളണ്ടിലെ സർവകലാശാലാവിദ്യാർത്ഥികൾ, അവരുടെ റഷ്യൻ യജമാനന്മാർക്കെതിരായി നടത്തുന്ന സമരത്തിന് ധാർമ്മികമായ പിന്തുണ വാഗ്ദാനം ചെയ്യുന്ന ഒരു പ്രമേയം അവർ പാസാക്കി. പോളണ്ടിലെ പോസ്നാനിൻ, സർവകലാശാലാ വിദ്യാർത്ഥികളും, തൊഴിലാളികളും, സോവ്യററ് മേധാവിത്വത്തെ ചെറുത്തതുമുതൽ, ഹങ്കറിയിലും, സോവ്യററ് നുകത്തെ വലിച്ചെറിയുന്നതിനുള്ള ആവേശം പ്രകടമായി; പ്രത്യേകിച്ച് യുവജനങ്ങളുടെ ഇടയിൽ.

ഒക്ടോബർ 21–ാം തീയതി ബുഡാപെസ്റ്റിലെ എല്ലാവിദ്യാർത്ഥി വിഭാഗങ്ങളുടെയും ആഭിമുഖ്യത്തിൽ നടന്ന ചർച്ചായോഗത്തിൽ ഇസ്റ്റ്മാൻ ഒരു പ്രതിനിധിയായി നിയോഗിക്കപ്പെട്ടു; താഴെ പറയുന്നവയായിരുന്നു മുഖ്യ ചർച്ചാവിഷയങ്ങൾ:-

(1) റഷ്യാക്കാരെ ഹംഗറിയിൽ നിന്നു തുരത്തുക.
(2) ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടുത്തുക.
(3) കൂടുതൽ ഉപയോഗ സാധനങ്ങൾ നൽകുക.
(4) നിർബന്ധിത റഷ്യൻ പഠനം അവസാനിപ്പിക്കുക.

(5) ലൂയി കോസത്തിന്റെ പതാക പുനഃസ്ഥാപിക്കുക– 1948–ൽ ഹംഗേറിയൻ വിപ്ലവം നയിച്ച ധീരദേശാഭിമാനി ആയിരുന്നു ലൂയികോസത്ത്. വെറുപ്പുതോന്നി അന്നു റഷ്യയുടെ അരിവാളും ചുററികയും ഉള്ള കൊടിക്കു പകരം, ഹംഗറിയുടെ ദേശീയപതാക വീണ്ടും ഹംഗറിയിൽ ഉയർത്തണം എന്നു അവർ ആത്മാർത്ഥമായും ആഗ്രഹിച്ചു.

താൻ നാടകീയമായ ഒരു കമ്മ്യൂണിസ്റ്റ് വിരുദ്ധ വിപ്ലവത്തെ സഹായിക്കാനാണ് പോകുന്നതെന്നറിയാതെ, ഡാന്യൂബിന്റെ തീരത്തു കൂടെ നടന്ന് ബുഡായിലെ ടെക്നിക്കൽ

സ്ക്കൂളിലെത്തി. ഹംഗറിയിലെ ഏററവും പ്രതിഭാശാലികളും യുവാക്കളുമായ കമ്മ്യൂണിസ്റ്റ് ബുദ്ധിജീവികൾ അവിടെ സമ്മേളിച്ചിരുന്നു. അവർ ഒരു പൊതുയോഗത്തിനുള്ള പരിപാടി തയാറാക്കി. ഉച്ചതിരിഞ്ഞു 3 മണിക്കായിരുന്നു പബ്ലിക്ക മീററിംഗ്. കമ്മ്യൂണിസത്തിൻെറ കലവറയായ ഷെപ്പലിലെ തൊഴിലാളികൾ ഉൾപ്പെടെ അനേക ശതം ചെറുപ്പക്കാർ അവിടെ കൂടിയിരിക്കുന്നതു കണ്ട് ഇസ്ത്മാൻ വിസ്മയിച്ചു. അവൻ ഓക്കുന്നു, "ഞങ്ങൾ എഴുതിയതു് കാര്യമായിത്തന്നെ ജനങ്ങൾ കണക്കാക്കി എന്ന് എനിക്കുബോദ്ധ്യമായി"

ഒന്നിനു പുറകെ ഒന്നായി പ്രസംഗകർ റഷ്യയുടെ മേധാവിത്വത്തിനെതിരായി പ്രസംഗിച്ചു. ജനങ്ങൾ തുടരെ കയ്യടിച്ചു. ഒരു കുഴപ്പവും കണ്ടില്ല. ഇസ്ത്മാനു് സമാധാനമായി.

മീററിംഗ് അങ്ങനെ നീളുകയാണ്. നേരം എരിഞ്ഞടങ്ങാറായി. ജനക്കൂട്ടത്തിൻെറ പുറകിൽനിന്നു ഒരാൾ എണീററുനിന്നുകൊണ്ടുചോദിച്ചു "എനിക്കൊന്നു ചോദിക്കാനുണ്ട്; എന്തവകാശത്തിൻെറ പേരിലാണ് റഷ്യൻ പട്ടാളത്തെ നമ്മുടെനാട്ടിൽ പാപ്പിച്ചിരിക്കുന്നതു്?"

ആ ചോദ്യം ഒരു ബോംബുപൊട്ടലുപോലെ അനുഭവപ്പെട്ടു. വിദ്യാത്ഥികൾ ചാടിയെണീററുകൊണ്ടു ഉച്ചത്തിൽ വിളിച്ചുപറഞ്ഞു "റഷ്യാക്കാർ ഗോബാസ്ക്ക്! റഷ്യാക്കാർ ഗോബാസ്ക്ക്"

പ്രസംഗകർക്കു ആവേശം വദ്ധിച്ചു. റഷ്യൻ മർദ്ദന ഭരണത്തിൻ കീഴിൽ ഹംഗേറിയൻ ജനത അനുഭവിക്കുന്ന ദുരന്തയാതനകളെ അവർ ഹൃദയസ്പൃക്കാം വിധം വിവരിക്കുകയായി. ഇസ്ത്മാൻ ബാലോഗിൻെറ രക്തം തിളച്ചു; ദേശാഭിമാനം ഉണർന്നു "റഷ്യാക്കാർ ഹംഗറി വിടണം—അവൻ വിളിച്ചുപറഞ്ഞു.

"നമുക്കൊന്നും തരാതെ റഷ്യാക്കാർ എന്തിനാണ് നമ്മുടെ വിലയേറിയ യൂറേനിയം തട്ടിക്കൊണ്ടുപോകുന്നതു്. ജീവിക്കാനുള്ള വക അവർ നമുക്കു തരാത്തതെന്തു്? നമുക്കെന്തുകൊണ്ട് പാശ്ചാത്യഗ്രന്ഥങ്ങൾ വായിച്ചുകൂടാ?"

മീററിംഗിൻെറ അന്തരീക്ഷം ക്രമേണ ഗൗരവപൂർണ്ണമായി. കമ്മ്യൂണിസ്റ്റ്പാർട്ടി മുമ്പകെ ഒരു മെമ്മോറാണ്ഡം സമപ്പിക്കുന്നതിന് ഇസ്ത്മാൻ ബാലോഗിൻെറ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകൃതമായി.

പ്രതിഷേധം അങ്ങനെ രൂപം കൊണ്ടു. ജനക്കൂട്ടത്തിൽനിന്ന് പ്രാകൃതനായ ഒരാൾ എണീററുനിന്നുകൊണ്ടു പറഞ്ഞു "മാന്യരെ നിങ്ങളെപ്പോലെ നല്ല ഭാഷയിൽ എനിക്കു പറയാൻ അറിഞ്ഞുകൂടാ. ഞാൻ ചെപ്പേലിൽനിന്നു വന്ന ഒരു തൊഴിലാളിയാണു. ഞാനിന്നു കേട്ടകാര്യങ്ങൾ എന്റെ രക്തത്തെ തിളപ്പിക്കുന്നു. ഞങ്ങൾ നിങ്ങളുടെ കൂടെയുണ്ടെന്നു കരുതിക്കൊ"

പ്രോത്സാഹ ജനകമായ ആ അന്തരീക്ഷത്തിൽ ഇസ്റ്റ്മാൻബാലോഗ് ഒരു പ്രമേയം അവതരിപ്പിച്ച് ഭൂരിപക്ഷത്തോടെ പാസാക്കി. പിറേറന്ന്, അതായത് ഒക്ടോബർ 23-ാം തീയതി റഷ്യയ്ക്കെതിരായി ഒരു വമ്പിച്ച പൊതുയോഗം കൂടണമെന്ന്.

അന്നുരാത്രി അവൻ പെസ്റ്റിലേക്കുമടങ്ങി. ഏകാന്തതയിൽ അവൻ ചിന്തിച്ചു. "ആ മീററിംഗിൽ രഹസ്യപ്പോലീസ് ചാരന്മാർ ഉണ്ടായിരുന്നോ. ഞാൻ എന്താണ് വിളിച്ചുപറഞ്ഞത്. ഞാനൊരു ഉറച്ചകമ്മ്യൂണിസ്റ്റുകാരനാണ്. റഷ്യയെ വെറുപ്പിക്കുന്നതു ശരിയാണ്. റഷ്യാക്കാർ പോയാൽ ഫസിസ്റ്റുകൾ വീണ്ടും അധികാരത്തിൽ വരുകയില്ല. സ്വല്പം പരിഷ്കാരം വേണമെന്നേയുള്ളു. ഉദാഹരണത്തിന്, കുറെക്കൂടെ ഭക്ഷണസൗകര്യങ്ങൾ. എന്നല്ലാതെ റഷ്യ പോകണമെന്നു പറഞ്ഞതു ശരിയാണോ"

പക്ഷെ പിറെറസായാഹ്നത്തിൽ, ആ യുവകമ്മ്യൂണിസ്റ്റ് വീണ്ടും റഷ്യൻ വിരുദ്ധ ചുഴലിക്കാററിൽപ്പെട്ടു ജോസഫ് ബെം പ്രതിമയുടെ മൈതാനത്തിൽ ആളുകൾ കൂടിയിരിക്കുകയാണ്. പത്തോ നൂറോ അല്ല. അമ്പതിനായിരം ദേശാഭിമാനികൾ. അവരുടെ മുദ്രാവാക്യങ്ങൾ ഡാന്യൂബിന്റെ ഇരുതീരങ്ങളെയും വിറകൊള്ളിച്ചു. അക്കൂട്ടത്തിൽ ഇസ്റ്റ്മാനും ഉറക്കെ, ഉറക്കെ, വിളിച്ചുപറഞ്ഞു. "റഷ്യാക്കാർ പോകണം, പോയേതീരു!"

അന്നുതന്നെ, കുറെക്കൂടി ഗംഭീരമായ ഒരു മീററിംഗിൽ അവൻ ഉൾപ്പെട്ടു. യൂറോപ്പിലെ ഏററവും മനോഹരങ്ങളായ സൗധങ്ങളിൽ ഒന്നെന്നു കണക്കാക്കപ്പെടുന്ന, ഹംഗേറിയൻ പാർലമെൻറ് മന്ദിരത്തിന്റെ പുരോഭാഗത്തു് എൺപതിനായിരത്തോളം ഹംഗേറിയന്മാർ രാഷ്ട്രീയനീതിക്കുവേണ്ടി സ്വരം ഉയർത്തി.

ചെങ്കൊടികൾ, അരിവാളിന്റെയും, ചുററികയുടെയും

അടയാളമുള്ള റഷ്യൻപതാകകൾ, നൂറുകണക്കിന് എടുത്തുമാററപ്പെട്ടിരിക്കുന്നതായി ഇസ്റ്റ്മാൻ കണ്ടു. അവയുടെസ്ഥാനത്ത് പഴയ ഹംഗേറിയൻകൊടി ഉയർത്തപ്പെട്ടിരിക്കുന്നു. കോരിത്തരിപ്പിക്കുന്ന ഒരു കാഴ്ചയായിരുന്നു അത്. സ്ത്രീകൾ വിളിച്ചുപറയുന്നതു കേട്ടു "ഈ നേതാക്കന്മാരെ, ഞങ്ങൾക്കു വേണ്ടാ! സ്വാതന്ത്ര്യം ജയിക്കട്ടെ! ഇംറിനാഗി ജയിക്കട്ടെ!

ഇംറിനാഗി! ഹംഗേറിയൻജനതയ്ക്കു പ്രിയംകരമായ പേരാണത്. വിശ്വസ്തനായ ഒരു കമ്മ്യൂണിസ്റ്റാണദ്ദേഹം. അദ്ദേഹം ദീർഘകാലം ഹംഗറിയിലെ പ്രധാനമന്ത്രിയായിരുന്നു. രണ്ടുകൊല്ലംമുമ്പ് അദ്ദേഹം അധികാരത്തിൽനിന്നു തുരത്തപ്പെട്ടു. അദ്ദേഹത്തിന്റെകാലത്തു ഹംഗറിയിൽ അല്പംകൂടി സ്വാതന്ത്ര്യമുണ്ടായിരുന്നു.

അതാ, ഇംറിനാഗി, പാർലുമെന്റ്മന്ദിരത്തിൽ പ്രത്യക്ഷപ്പെടുന്നു. ഇസ്റ്റ്മാൻകണ്ടു. "പ്രിയപ്പെട്ട സഖാക്കളെ!"- 'ഇംറിനാഗിയുടെ സ്വരമാണത്'.

പക്ഷെ ആ സംബോധനയെ ജനക്കൂട്ടം പ്രതിഷേധിച്ചു' 'ഞങ്ങൾ സഖാക്കളല്ല; ഞങ്ങളെ അങ്ങനെ വിളിക്കരുത്!"

ഇംറിനാഗി അതുകേട്ടു. "പ്രിയപ്പെട്ട സുഹൃത്തുക്കളെ!" അദ്ദേഹം സംബോധന തിരുത്തിപ്പറഞ്ഞു. ജനാവലി ഹർഷാരവം മുഴക്കി.

ജനാഭിലാഷങ്ങളെ ഒന്നൊന്നായി ഇംറിനാഗി ആവർത്തിക്കുന്നതു കേട്ടപ്പോൾ ഇസ്റ്റ്മാൻ അന്ധാളിച്ചുപോയി. "ഇതെന്തൊരു പുകിലാണ്" അവൻ തന്നെത്താൻപറഞ്ഞു.

ആവേശത്തിന്റെ മൂർദ്ധന്യത്തിൽ ജനങ്ങൾ പാടിയെണീററു. അവർ ഒരു പഴയ ഹംഗേറിയൻ കവിത ആലപിച്ചു "ഇന്നല്ലെങ്കിൽ പിന്നില്ലൊരിക്കലും" എന്നാരംഭിക്കുന്ന ഉജ്ജ്വല ഗീതകം. നിശ്ശബ്ദരായിരിക്കാൻ ഇംറിനാഗി കൈകൊണ്ടു ആംഗ്യം കാണിച്ചു. ജനങ്ങൾ നിശ്ശബ്ദരായി. ദൈവം ഹംഗറിയെ അനുഗ്രഹിക്കട്ടെ, എന്ന പഴയ ഹംഗേറിയൻ ദേശീയഗാനം അദ്ദേഹം ആലപിച്ചുതുടങ്ങിയപ്പോൾ ജനങ്ങളുടെ ആനന്ദത്തിന് അതിരില്ലായിരുന്നു. പ്രിയംകരമായ ആ ഗാനം ഒരു കമ്മ്യൂണിസ്റ്റ്നിയമ ശാസനം മുഖേന ഹംഗറിയിൽ നിരോധിക്കപ്പെട്ടിരിക്കയായിരുന്നു.

ആവേശത്തിന്റെ തിരത്തള്ളലിൽ ജനങ്ങളെല്ലാം ബുഡാപ്പെസ്റ്റ് നഗരത്തിലെങ്ങും പരന്നു. പക്ഷെ അശുഭ സൂചകമായ ഒരു വാൎത്ത അവർകേട്ടു "റേഡിയോ സ്റ്റേഷനിൽ വെടിവെയ്പുണ്ടായി" എന്നു്. രഹസ്യപ്പോലീസ്സേന ദേശീയ വിപ്ലവസംഘങ്ങളെ അടിച്ചമൎത്തുകയായിരിക്കണം എന്നു ഇസ്റ്റ്മാൻ സങ്കല്പിച്ചു. പക്ഷെ പിന്നീടൊരു വാൎത്തകേട്ടു, വിദ്യാൎത്ഥികളും തൊഴിലാളികളും ചേൎന്നു രഹസ്യപ്പോലീസിനെ നശിപ്പിക്കുകയാണെന്നു്.

ആളുകൾ കേട്ടതുപാതി കേൾക്കാത്തതുപാതി റേഡിയോ സ്റ്റേഷനിലേക്കു പാഞ്ഞു; അക്കൂട്ടത്തിൽ ഇസ്റ്റ്മാൻ ബാലോഘും ഉണ്ടായിരുന്നു.

ബുഡാപ്പെസ്റ്റിലെ ഏററവും വിശാലമായ സ്റ്റാലിൻസ്ക്വയർ എന്ന സമ്മേളനസ്ഥലം ജനങ്ങളെക്കൊണ്ടു നിറഞ്ഞിരുന്നു. രാത്രികാലം. പന്തങ്ങൾ എരിയുന്നു. റഷ്യൻ വിരുദ്ധഗാനങ്ങൾ അന്തരീക്ഷത്തിൽ മാറെറാലിക്കൊള്ളുന്നു. "റഷ്യന്മാർ നമ്മുടെ യുറേനിയം തട്ടിക്കൊണ്ടുപോകുന്നു." "അവർ രഹസ്യപ്പോലിസിനെക്കൊണ്ടു നമ്മെ കൊല്ലുന്നു." "റഷ്യാക്കാർ നമ്മളെ പട്ടിണിക്കിടുന്നു." ഇസ്റ്റ്മാൻ കേട്ട വാചകങ്ങളിൽ ചിലതാണവ.

അതാ, അതാ രണ്ടു ചെറുപ്പക്കാർ ജോസഫ് സ്റ്റാലിന്റെ ഭീമപ്രതിമയിലേക്കു കയറുന്നു. ഉരുക്കുകൊണ്ടുള്ള ആ വലിയ പ്രതിമയെ അവർ കയറുകൾകൊണ്ടുവരിയുന്നു. ജനങ്ങൾ ആൎത്തട്ടഹസിക്കുന്നു. എല്ലാ കൈകളും ചേൎന്നു ആ കയറുകൾ ആഞ്ഞു വലിക്കുകയാണു്. പ്രതിമ ഇളകുന്നില്ല. അത്ര ഈടായിട്ടായിരുന്നു റഷ്യാക്കാർ അതു നിൎമ്മിച്ചതു്. മൂന്നു മെക്കാനിക്കൽ തൊഴിലാളികൾ ഇരുമ്പുരുക്കുന്ന ഇലക്ട്രിക് പന്തങ്ങൾ കൊണ്ടുവന്നു. പ്രതിമയുടെ കാൽ ഉരുകിത്തുടങ്ങിയപ്പോൾ അതിനു കുറേശ്ശെ ഇളക്കം തട്ടി. അതു അങ്ങോട്ടും ഇങ്ങോട്ടും ഉലഞ്ഞു.

ഒടുവിൽ ഒക്ടോബർ മാസത്തിലെ സുന്ദരമായ ഒരു രാത്രിയിൽ, ആ പ്രതിമ നിലംപതിച്ചു; ഹംഗറിക്കാരുടെ പണം കൊണ്ടു റഷ്യാക്കാർ പണിത ആ സ്റ്റാലിൻബിംബം; ആ സ്വേച്ഛാധിപതിയുടെ വിഗ്രഹം അങ്ങനെ മുഖംകുത്തി നിലംപതിച്ചു

പ്പോൾ ജനസഞ്ചയത്തിൽനിന്നു ഉയൎന്ന ഹർഷാരവം ചക്രവാളത്തെപ്പോലും ത്രസിപ്പിച്ചു.

"ഇവിടെ നമ്മുടെ പഴയപള്ളി വീണ്ടും പണിയണം,, ജനങ്ങൾ വിളിച്ചുപറഞ്ഞു. ഒരു ദേവാലയം പൊളിച്ചു മാററിയിട്ടായിരുന്നു റഷ്യാക്കാർ അവിടെ സ്റ്റാലിൻപ്രതിമ സ്ഥാപിച്ചതു്.

കുട്ടിക്കാലത്തേക്കു് ഇസ്തു്മാൻെറ ഓർമ്മകൾ സഞ്ചരിച്ചു; അവൻ ഓർക്കുന്നുണ്ടു് മനോഹരമായ ആ ബസിലിക്കാ. അവൻെറ പാവപ്പെട്ട അമ്മ അവനെയുംകൊണ്ടു് ആ ദേവാലയത്തിൽ മുട്ടുകുത്തിനിന്നു പ്രാൎത്ഥിച്ചിട്ടുള്ള ആ പൊയ്പോയ നല്ലകാലങ്ങൾ.

"നമ്മുടെ പള്ളി! നമ്മുടെ പള്ളി!" എന്ന ശബ്ദം പെട്ടെന്നു നിലച്ചു. നിലംപറെറക്കിടക്കുന്ന ആ പ്രതിമയുടെ അടുക്കലേക്കു അവർ തിക്കിത്തിരക്കി. അവർ അതിന്മേൽ കാക്കിച്ചുതുപ്പി. സ്റ്റാലിൻെറ നിഷ്ഠൂര ഭരണത്തിലെ കൈയ്പുനീരുകുടിച്ച പുരുഷന്മാരും സ്ത്രീകളും അങ്ങനെ നൈമിഷകമായിട്ടെങ്കിലും പ്രതികാരം സാധിച്ചതിൽ ചാരിതാൎത്ഥ്യം പൂണ്ടു. "ഇവനെ മറിച്ചിടണം. ഇവൻെറ മുഖത്തു തുപ്പണം,, ഒരു വൃദ്ധ ആവശ്യപ്പെട്ടുകയായി.

"മാറിനില്ക്കു തള്ളെ, എല്ലാവൎക്കും തുപ്പാൻ സൗകൎയ്യം തരാം" ആളുകൾ കൂടിനിന്നു.

ഏതാനും തൊഴിലാളികൾ വലിയ കൂടങ്ങളുമായി എത്തി "ഇവനെ നമുക്കു വെടിയുണ്ടകളാക്കണം"

"നിങ്ങൾ പൊയ്ക്കൊള്ളുക; നാളെ വന്നാൽ മതി" ഒരു വിദ്യാൎത്ഥി മുമ്പോട്ടു കയറിനിന്നു അറിയിച്ചു. അവൻ ഇസ്തു്മാൻെറ ഒരു സഹപാഠി ആയിരുന്നു.

"നീ എന്താണിച്ചെയ്യുന്നതു്?,, ഇസ്തു്മാൻ ചോദിച്ചു.

"ഈ പെരുങ്കള്ളനെ എഴുന്നെള്ളിക്കാൻ പോണു" അവർ ഒരു ട്രക്കു കൊണ്ടുവന്നു. സ്റ്റാലിൻെറ കഴുത്തിൽ കെട്ടിയ കയറു് ആ ട്രക്കിൻെറ പുറകിൽ ബന്ധിച്ചു. ട്രക്കു് മുന്നോട്ടുനീങ്ങി. ഇസ്തു്മാനും അതിൽ കയറി. സ്റ്റാലിൻതെരുവിലൂടെ ആ ഭീകരമായ ഘോഷയാത്ര നീങ്ങി.

തെരുവിൻെറ ഒരു ഭാഗത്തേക്കു വിദ്യാൎത്ഥികൾ പായുന്നതെന്തിനു്? കമ്മ്യൂണിസ്റ്റു് പാർട്ടിയുടെ മുഖ്യപത്രമായ ഷാബാ

ഡ്നേപ് ( സ്വതന്ത്ര ജനത) എന്നപത്രത്തിന്റെ ഓഫീസ് തകർക്കുകയാണ്. എത്രയോ കാലങ്ങളായി നുണകൾമാത്രംപറയുന്ന ആ പത്രത്തിന്റെ കെട്ടിടവും യന്ത്രങ്ങളും തകർന്നുതരിപ്പണമായി. ജനങ്ങളെ വെറും കള്ളംമാത്രം അറിയിച്ചുകൊണ്ടിരുന്ന ആ കമ്മ്യൂണിസ്റ്റ് പത്രത്തോടുള്ള അവരുടെ അടങ്ങാത്ത അമർഷം അങ്ങനെ പ്രകടമാക്കി.

കമ്മ്യൂണിസ്റ്റ് ചപ്പുചവറുപുസ്തകങ്ങൾ മാത്രം വില്പന നടത്തിയിരുന്ന ഷാബദ്നേപ് എന്ന പുസ്തകവ്യാപാരശാലയും സംഹരിക്കപ്പെട്ടു. പുസ്തകാരാധകനായ ഇസ്റ്റ്മാൻ ബാലോഗ് അഞ്ചു മണിക്കൂർനേരം കമ്മ്യൂണിസ്റ്റ് ഗ്രന്ഥദഹനയജ്ഞത്തിൽ കാർമ്മികത്വം വഹിച്ചു. ഗ്രന്ഥങ്ങളുടെ ദഹനത്തിൽനിന്നുണ്ടായ അഗ്നിജ്വാലകൾ പരത്തിയ ഭീകരമായ പ്രകാശത്തിൽ സ്റ്റാലിന്റെ ബീഭത്സവിഗ്രഹം തെളിഞ്ഞു കാണാമായിരുന്നു.

ഇസ്റ്റ്മാൻ കമ്മ്യൂണിസ്റ്റ്കാരനാണ്; ഹംഗറിയുടെ സ്വാതന്ത്ര്യത്തിൽ അങ്ങനെ ആവേശമുള്ള ദേശാഭിമാനിയല്ല. ജനങ്ങളുടെ ഒഴുക്കിൽ അവനും ചേർന്നു എന്നുമാത്രം.

പുസ്തകങ്ങൾ കത്തിയെരിയുന്നതു കണ്ടപ്പോൾ അവനും ഒരു വല്ലായ്മ ഉണ്ടായി. അവൻ ഒരു ഗ്രന്ഥാരാധകനായിരുന്നു. പുസ്തകങ്ങളുടെ അഗ്നികുണ്ഡത്തിൽ അനുപ്രസരിച്ച പ്രകാശത്തിൽ സ്റ്റാലിന്റെ ഭീകരമുഖം ദൃശ്യമായിരുന്നു. കൈകഴയ്ക്കുന്നതുവരെ അവനും പുസ്തകങ്ങൾ വലിച്ചെറിഞ്ഞുകൊണ്ടേയിരുന്നു.

കറുത്ത തലമുടിയിൽ വിരലുകൾ പാകിക്കൊണ്ട് അവൻ പറയുകയാണ് "പ്രതിവിപ്ലവം ഉണ്ടായില്ലെങ്കിൽ ഞാൻ ഒരു കമ്മ്യൂണിസ്റ്റ്കാരനായി തുടർന്നേനെ; രഹസ്യപ്പോലീസിനെ ഭയപ്പെട്ടു ഞാൻ ഭരണകൂടത്തെ പിന്താങ്ങിക്കൊണ്ടു കഴിഞ്ഞുകൂടുകയായിരുന്നു. "കൈതാഴ്ത്തിക്കൊണ്ട് ഇസ്റ്റ്മാൻ തുടർന്നു" തെരുവുയുദ്ധത്തിൽ റഷ്യൻ ടാങ്കുകളെ നശിപ്പിക്കാൻ ഞാനും പങ്കുകൊണ്ടതു ഇപ്പോൾ എനിക്കൊരു അത്ഭുതമായിത്തോന്നുന്നു.

ഇസ്റ്റ്മാനെപ്പോലെതന്നെ ഒരു ബുദ്ധിജീവി ആയിരുന്നു പീററർ സീജെത്തി. 27–വയസ്സുള്ള കോമളനായ യുവാവ്. കമ്മ്യൂണിസത്തിന്റെ തത്വങ്ങളെ സൂക്ഷ്മമായി അപഗ്ര

ധിച്ചു് പഠിച്ചവൻ. പാർട്ടി അപ്രിയപ്പെട്ടവൻ. പാർട്ടി അവനെ ധനികനും സ്വാധീനശക്തിയുള്ളവനും ആക്കി. പക്ഷെ അവൻെറ ജന്മനാടിനെ കമ്മ്യൂണിസം എങ്ങനെ അധഃപതിപ്പിച്ചു എന്നു് അവൻ കണ്ടു.

"എൻെറ പതിനാറാമത്തെ വയസ്സ് മുതൽ" സീജെത്തി പറഞ്ഞു" ഞാൻ അടിയുറച്ച ഒരു കമ്മ്യൂണിസ്റ്റായിരുന്നു. എൻെറ മാതാപിതാക്കൾ പട്ടിണിപാവങ്ങളായ കർഷകരായിരുന്നു. ഒരിക്കൽ ഞാൻ യാദൃശ്ചികമായി കാറൽമാർക്ക്സിൻെറ ഗ്രന്ഥങ്ങൾ വായിച്ചു. ആ ഗ്രന്ഥങ്ങൾ എന്നെ ഹഠാദാകർഷിച്ചു. എല്ലാം ഞാൻ വ്യക്തമായി ഗ്രഹിച്ചു. ഞാനതിൽ വിശ്വസിച്ചു. ബുദ്ധിജീവികളുടെ ഗണത്തിൽ ഞാനും സ്വീകരിക്കപ്പെട്ടു. എന്നെ പാർട്ടിയിലെ ഒരു അംഗമാക്കി.

"വിദേശസേവനത്തിനുള്ള പരിശീലനം എനിക്കു നൽകപ്പെട്ടു." സുന്ദരമായ ഇംഗ്ലീഷ് ഭാഷയിൽ സീജെത്തി തുടന്നു," ഒരു യുവകമ്മ്യൂണിസ്റ്റിനു! ആശിക്കാവുന്ന വലിയ കാര്യങ്ങളിൽ ഒന്നാണു് വിദേശസർവ്വീസിലേക്കു തിരഞ്ഞെടുക്കുക എന്നതു്. കമ്മ്യൂണിസ്റ്റു് യുവജനസംഘടനയുടെ കേന്ദ്രകമ്മററിയിൽ ഞാൻ ഏറെക്കാലം ജോലി നോക്കി."

നല്ലഭാവിയുള്ള ആ യുവാവിനു് എല്ലാവിധ ജീവിതസൗകര്യങ്ങളും നൽകപ്പെട്ടു. വേണ്ടുവോളം പണവും; താമസിക്കാനൊരു വീടും അവനു നൽകപ്പെട്ടു. ലോകത്തിൽ നടക്കുന്ന സംഭവവികാസങ്ങൾ അറിയാൻ അവനു അനുവാദം ഉണ്ടായിരുന്നു. അവൻ രഹസ്യപ്പോലീസിൻെറ ദൃഷ്ടിയിൽ ഒരു നല്ല പിള്ള ആയിരുന്നു. പക്ഷെ കമ്മ്യൂണിസത്തിനെതിരായുള്ള വിപ്ലവം പൊട്ടിപ്പുറപ്പെട്ടപ്പോൾ അവൻ അതിൽ ചേർന്നു; എന്നുതന്നെയല്ല; അവൻ അതിനെ നയിക്കുകയും ചെയ്തു. എങ്ങനെ ഈ മറിമായം സംഭവിച്ചു എന്നതു് വിശദീകരിക്കുക വിഷമമാണു്.

"എനിക്കു തോന്നുന്നതു്, അതിൻെറ ആരംഭം ഇങ്ങനെയാണു്." സീജെത്തി തുടന്നു "അധികാരത്തിൽ പ്രവേശിക്കും മുമ്പു് കമ്മ്യൂണിസ്റ്റുകൾ നൽകിയ വാഗ്ദാനങ്ങളും അവർ അധികാരത്തിൽ പ്രവേശിച്ചതിനു ശേഷം ചെയ്ത പ്രവൃത്തികളും തമ്മിലുള്ള അന്തരം എനിക്കുബോദ്ധ്യമായപ്പോഴാണു് അതി

നെ എതിക്കണമെന്നു ഞാൻ തീരുമാനിച്ചതു്. അധികാരം പിടിച്ചെടുക്കുന്നതിനുമുമ്പു കമ്മ്യൂണിസ്റ്റുകൾ ഉരുവിടുന്ന മുദ്രാവാക്യങ്ങൾ ആകർഷകങ്ങളായിരിക്കും.

ബുദ്ധികൂർമ്മതയുള്ള ഒരു യുവാവാണു് സീജെത്തി എന്നു കണ്ടാൽ തോന്നും. തുളച്ചുകയറുന്ന നോട്ടം. മൂക്കിന്റെ പാലത്തിന്റെ മുകളിൽ തൊട്ടു തൊട്ടു നില്ക്കുന്ന പുരികക്കൊടികൾ; മൂർച്ചയുള്ള നാക്കു്; അന്തസ്സുള്ള പ്രകൃതം; ഒരു കമ്മ്യൂണിസ്റ്റുകാരനായിരുന്നെങ്കിലും അവനിൽ നിർഭാഗ്യവശാൽ ഫലിതവാസന അവശേഷിച്ചിരുന്നു.

“ഞങ്ങൾ ജനങ്ങളോടു പറഞ്ഞിരുന്ന കള്ളത്തരങ്ങളുടെ ഒരു പട്ടിക ഞാൻ രഹസ്യമായി തയ്യാറാക്കി.” മുതലാളിത്തം യാദൃച്ഛികമായി നിലനില്ക്കുന്നു; കമ്മ്യൂണിസം പദ്ധതിയനുസരിച്ചു വളരുന്നു” എന്നതാണു് ഞങ്ങൾ പറഞ്ഞുപരത്തുന്ന നുണകളിൽ ആദ്യത്തേതു്. പക്ഷെ ഞങ്ങൾ ചെയ്തുകൂട്ടുന്ന അബദ്ധങ്ങൾക്കു കയ്യും കണക്കുമില്ല. ചില പ്രദേശങ്ങൾ ചിലപ്പോൾ ഒന്നടങ്കം പട്ടിണികിടക്കേണ്ടിവരും; ഞങ്ങളുടെ നിഗമനങ്ങളിൽ പററുന്ന തകരാറു കൊണ്ടാണു് അങ്ങനെ സംഭവിക്കുന്നതു്. ഞങ്ങളുടെ പദ്ധതികൾ ശരിയായ കണക്കുകൾ പോലും ഇല്ലാതെയാണു് ഞങ്ങൾ ചിലപ്പോൾ “ആവിഷ്കരിക്കുന്നതു്.

“മുതലാളിത്തം തൊഴിലാളിയെ ഞെരിച്ചു പൊടിക്കുന്നു; കമ്മ്യൂണിസം അവനെ ഉയർത്തുന്നു.” ഇതാണു് ഞങ്ങളുടെ രണ്ടാമത്തെ നുണ. കമ്മ്യൂണിസ്റ്റു് ധർമ്മത്തിന്റെ കീഴിൽ ഏററവും കഷ്ടപ്പെടുന്ന മനുഷ്യജീവി തൊഴിലാളിയാണെന്നു് മനസ്സിലാക്കാൻ എനിക്കു അധികകാലം വേണ്ടിവന്നില്ല. ഒരു കില്ലപ്പട്ടിയുടെതിനെക്കാൾ കഷ്ടമാണു് തൊഴിലാളിയുടെ ജീവിതം. വലിയ വലിയ വാഗ്ദാനങ്ങളല്ലാതെ ഒന്നും കിട്ടുകയില്ല തൊഴിലാളിക്കു്. ഞാൻ തൊഴിലാളികളോടു പറയുമായിരുന്നു “നിങ്ങൾ കമ്മ്യൂണിസത്തിന്റെ പുണ്യവാന്മാരാണു്” എന്നു്. പക്ഷെ എന്നെപ്പോലുള്ള കമ്മ്യൂണിസ്റ്റുകൾക്കു മാത്രമെ നല്ല വസ്ത്രങ്ങളും നല്ല ഭക്ഷണങ്ങളും ലഭിച്ചിരുന്നുള്ളു.

“മുതലാളിത്തത്തിനു് ഹൃദയമില്ല” കമ്മ്യൂണിസം എല്ലാവരെയും ധന്യരാക്കുന്നു. മൂന്നാമത്തെനുണ. മനുഷ്യരെ കൂട്ടത്ത

ൽ കൂടുതൽ സങ്കുചിതത്വത്തിലേക്കു കമ്മ്യൂണിസം നയിക്കുന്നു എന്നതാണ് വാസ്തവം. അതു നിങ്ങളെ ഒരു ഇടുങ്ങിയ റഷ്യൻ ലോകത്തിൽ അടയ്ക്കുന്നു. ഒരുകാലത്തു പാശ്ചാത്യലോകവുമായി ഹംഗറി പുലർത്തിയിരുന്ന സമ്പന്നമായ സാംസ്കാരിക ബന്ധങ്ങൾ തകർക്കപ്പെട്ടു. റഷ്യൻ പുസ്തകങ്ങളെ ഞങ്ങൾക്കു വായിക്കാൻ പറ്റൂ; റഷ്യൻ നാടകങ്ങൾ മാത്രമേ ഞങ്ങൾക്കു കാണാവൂ; റഷ്യൻ ശാസ്ത്രമേ ഞങ്ങൾ പഠിക്കേണ്ടൂ. അന്വേഷണാത്മകവും സ്വതന്ത്രവുമായ ഞങ്ങളുടെ ചിന്താഗതിയെ ബന്ധിച്ചുകളഞ്ഞു എന്നതാണ് കമ്മ്യൂണിസം ഞങ്ങളോട് ചെയ്ത ഏറ്റവും ഭയങ്കരമായ കടും കൈയ്.

“കമ്മ്യൂണിസത്തിൽ ഞാൻ കണ്ടുപിടിച്ച വഞ്ചനകളും വൃത്തികേടുകളും, എനിക്ക് രഹസ്യമായി സൂക്ഷിക്കാമായിരുന്നു; അവയെപ്പറ്റി ഓർത്ത് എനിക്കു തന്നെത്താൻ ചിരിക്കാമായിരുന്നു” സീജിത്തി തുടർന്നു” പക്ഷെ ഒരൊറ്റ കാര്യത്തിൽ മാത്രം എനിക്കു ചിരിക്കുക സാധ്യമല്ല. ഞങ്ങൾ ഹംഗറിയിലെ ജനങ്ങളോടു പറഞ്ഞു “മഹത്തായ സോവ്യറ്റ് റഷ്യൻ റിപ്പബ്ലിക്കിനോട് രക്തബന്ധമുള്ളസഹോദരങ്ങളാണ് നമ്മൾ.

സമസ്ത ലോകത്തിനും എതിരായി നമ്മൾ ഒന്നിച്ചു നില്ക്കും”. പക്ഷെ റഷ്യയുമായി ഞങ്ങൾക്കു സഹോദര ബന്ധമില്ല; ഞങ്ങൾ അവരുടെ അടിമകളാണ്; വെറും അടിമകൾ!

“വിപ്ലവ വേളയിൽ ജനങ്ങൾ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു ‘ഞങ്ങളുടെ യൂറേനിയം ഞങ്ങൾക്കു തിരിച്ചു തരിക; ഞങ്ങളുടെ ഡീസൽ എൻജിനുകൾ തിരിച്ചുതരിക; ഞങ്ങളുടെ ആഹാരസാധനങ്ങൾ ഞങ്ങൾക്ക് തിരിച്ചു തരിക; അതെല്ലാം വനരോദനങ്ങളായിരുന്നു. അവ നഗ്ന സത്യങ്ങളായിരുന്നു താനും. സ്വന്തം ജനങ്ങളെ ചതിച്ച് റഷ്യൻ കിരാതന്മാരുടെ അടിമകളാക്കിയ ആ ദാരുണ സംഭവത്തെപ്പറ്റിപറഞ്ഞപ്പോൾ സീജെത്തി അവന്റെ കൈവിരലുകളെ അമർഷംകൊണ്ടു തന്നെത്താൻ ഞെരിച്ചു. സീജിത്തിയുടെ മൊഴികൾ എന്റെ ഹൃദയത്തെ ഗാഢമായി സ്പർശിച്ചു. അവയെ അഭംഗുരം രേഖപ്പെടുത്താൻ എ എനിക്കു സാധിച്ചു.

അങ്ങനെ ശതക്കണക്കിനു് ഹംഗറിക്കാരുമായി ഞാൻ അ

ഭിമുഖ സംഭാഷണം നടത്തി. അവരിൽ നിന്ന് ലഭിച്ച ചില യാഥാർത്ഥ്യങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം:—

ഒരു തൊഴിലാളി മാസം 331— മണിക്കൂർ ജോലിചെയ്യുന്നു. കിട്ടുന്ന കൂലി 10,53ഫ്രിൻറഡ് (ഏകദേശം 21 ഡോളർ) ഒരു ജോടി വസ്ത്രത്തിന് ശരാശരി 980 ഫ്രിൻറ്ഡാകം.—ഒരു മാസത്തെ ശമ്പളം. ഒരു അമേരിക്കൻ തൊഴിലാളിക്കു പ്രതിമാസം കുറഞ്ഞപക്ഷം 700 ഡോളറെങ്കിലും കിട്ടും. അമേരിക്കൻ തൊഴിലാളിക്കു ഒരുജോടി നല്ല ഡ്റസിന് 50 ഡോളറിൽ കൂടുതൽ ചെലവാകയില്ല.

കമ്മ്യൂണിസ്റ്റ് ഭരണത്തിൽ ഭാര്യയും ഭർത്താവും പണിയെടുത്തെങ്കിലേ കാലക്ഷേപത്തിനു വഴിയുള്ളു. ഹംഗറിയുടെ മുതലെല്ലാം റഷ്യയിലേയ്ക്കു കടത്തുകയാണ്. ഹംഗറിയുടെ നന്മയ്ക്കുതകുന്ന ഒരൊററ തീരുമാനംപോലും കമ്മ്യൂണിസ്റ്റ്ഗവമ്മെണ്ട് ഇതേവരെ ചെയ്തിട്ടില്ല. ഞങ്ങളുടെ നാടിൻെറ ഉൽപാദന ക്ഷമതയും, ഞങ്ങളുടെ കഠിനാധ്വാനവും കൊണ്ട് ഞങ്ങൾക്കിവിടെ സുഭിക്ഷമായി കഴിയാം. അങ്ങനെയാണ് ഞങ്ങൾ കഴിഞ്ഞുകൂടുന്നതു്. ഇന്ന് എല്ലാം റഷ്യാക്കാർ കൊണ്ടുപോവുകയാണ്.,,

H 349

സങ്കടകരമായ ഈ കണ്ടുപിടുത്തം പീററർ സീജെത്തിയെ ഒരു ചിന്തകനാക്കി. ഹംഗറിയിലെ രഹസ്യപ്പോലീസ് ഒരുവലിയസംഘടനയാണ്.ഓരോരുത്തരും അന്യരെ ചെക്കുചെയ്യുക; അതിൽതന്നെഒരുസുപ്രീംസംഘമുണ്ട്. അതു്കീഴ്ഘടകങ്ങളെനിരന്തരംചെക്കുചെയ്തുകൊണ്ടിരിക്കും പക്ഷെഅതുമേലേക്കിടക്കാരെ റഷ്യാക്കാരും ചെക്കുചെയ്യും. ശാസ്ത്രീയമായ ഇക്കാലത്തു് എന്തിനിങ്ങനെപരസ്പരം സംശയിക്കുന്നു എന്നതാണ് സീജെത്തിയ്ക്കു് മനസ്സിലാകാത്തതു്.

“ഞാൻ കമ്മ്യൂണിസത്തെ ഒന്നുകൂടി പരിശോധിച്ചു.” സീജിത്തി തുടരുകയാണ്, “രാജ്യത്തിൻെറ വിഭവങ്ങളെ കൈയടക്കുന്നതിനുള്ള കൊള്ളക്കാരുടെ ഒരു സംഘടനയാണതെന്ന് എനിക്ക് ബോധ്യമായി.ഒരു കമ്മ്യൂണിസ്റ്റുകാരൻ ഒരിക്കലെങ്കിലും നിസ്വാർത്ഥമായി ഒരു കൃത്യമെങ്കിലും ചെയ്യതായി എനിക്കറിവില്ല.

“ഭീതിയുടെതായ ജീവിതത്തെ ഞാൻ നോക്കിക്കണ്ടു. എ

നിക്കു ബോധ്യമായി കമ്മ്യൂണിസത്തിന്റെ കീഴിലുള്ള ജീവിതത്തിനു് ആശിക്കാനൊന്നുമില്ലെന്നു്; ഭാവിയില്ലെന്നു്; അർത്ഥമില്ലെന്നു്. ഇന്നലെയും, ഇന്നും, നാളെയും,എല്ലാം നശിച്ചു. ഇതു എനിക്കു ബോധ്യമായ അന്നുതന്നെ ഞാൻ പെറോഫി ക്ലബ്ബിൽ ചേർന്നു."

ആരാണീ പെറോഫി. 1848-ൽ ഹംഗറിക്കാർ അവരുടെ ആസ്ട്രിയൻ യജമാനന്മാർക്കെതിരായി വിപ്ലവമുണ്ടാക്കി. രക്തരൂഷിതങ്ങളായ സംഘട്ടനങ്ങൾ പലതും നടന്നു; എങ്കിലും അവരുടെ ആത്മവീര്യത്തിനു് ഉശിരുനൽകിയ ഒരു യുവകവി ഉണ്ടായിരുന്നു; സാന്തോർ പിറോഫി. അദ്ദേഹം ഹംഗേറിയൻ ദേശാഭിമാനത്തിന്റെ കെടാവിളക്കായിരുന്നു. സ്വാതന്ത്ര്യപ്രേമികളുടെ പ്രതീകമായിരുന്നു. പീററർ സിജെത്തിയെപ്പോലെ ഉറച്ച ഒരു കമ്മ്യൂണിസ്റ്റുകാരൻ പിറോഫി ക്ലബ്ബിൽ അംഗമായി ചേരുക എന്നതു ഒരു വലിയ സംഭവമാണു്.

ബുഡാപ്പെസ്റ്റിലെ പിറോഫി ക്ലബ്ബ് തികച്ചും മാർക്സിസ്ററ് ആയിരുന്നു. അംഗങ്ങളെല്ലാം കമ്മ്യൂണിസ്ററുകാരായിരുന്നു. റഷ്യയുടെ മേധാവിത്വത്തിൽ നിന്നു വിമുക്തമായ ഒരു കമ്മ്യൂണിസ്ററ്ഭരണമാണു് അവർ അഭിലഷിച്ചതു്. ഹംഗറിയുടെ സമ്പത്തു ഹംഗറിക്കുമാത്രമുള്ളതായിരിക്കണം. സോവിയററ്രഹസ്യപ്പോലീസ് ഹംഗറിയിൽ നിന്നു പോകണം. ഇവയായിരുന്നു ക്ലബ്ബിന്റെ ആദർശം. കവികൾ, നാടകരചയിതാക്കൾ, നോവലെഴുത്തുകാർ, ചിത്രകാരന്മാർ, അഭിനേതാക്കൾ, ഏതാനും പ്രമുഖകമ്മ്യൂണിസ്ററ്തത്വചിന്തകർ– ഇവരായിരുന്നു ക്ലബ്ബിലെ അംഗങ്ങൾ. അവരിൽ അധികം പേരും 60 വയസ്സ് കഴിഞ്ഞവരായിരുന്നു. ചുരുക്കമായിരുന്നു ചെറുപ്പക്കാർ. അവർ നടത്തിപ്പോന്നിരുന്ന മാസികയുടെ 70,000 കോപ്പികൾ നിഷ്പ്രയാസം ചെലവായിക്കൊണ്ടിരുന്നു. ഉറച്ചകമ്മ്യൂണിസ്ററുകളുടെതായ ആ സംഘടന പിന്തിരിപ്പനാണെന്നു് പറയാൻ യാതൊരു ന്യായവുമില്ല.

1956-ലാണു് പീററർ സീജെത്തി ആ ക്ലബ്ബിൽ ചേർന്നതു്. ഹംഗറിയുടെ സാമ്പത്തികവും ധാർമ്മികവുമായ അധഃപതനം അങ്ങേ അററത്തെത്തിയിരുന്ന കാലസന്ധി. അവരു

ടെ നിവേദനങ്ങൾ കൈക്കൊള്ളാൻ ഭരണാധികാരികൾ കൂട്ടാക്കിയില്ല. ഒരു വിപ്ലവം അനിർവാര്യമായി.

പിറോഫി—ക്ലബിലെ പ്രായംചെന്ന ഒരു മെംബർ പറഞ്ഞു. "ഞാൻ നാട്ടുംപുറങ്ങളിലൂടെ സഞ്ചരിച്ചു. യുവജനങ്ങളുടെ പ്രീതിസമ്പാദിക്കാൻ എനിക്കു കഴിഞ്ഞില്ല. അവർ പിന്തിരിപ്പന്മാർ ആയിരുന്നില്ല; അവർ ഫസിസ്റ്റുകളും ആയിരുന്നില്ല. അവരുടെപ്രശ്നങ്ങളെപ്പററിഞാൻ എന്തെങ്കിലുംശക്തിയായ ഭാഷയിൽ പറയുമെന്ന് അവർ പ്രതീക്ഷിച്ചിരുന്നു. ഞാൻ എന്നോടു ചോദിച്ചു. "ഞങ്ങൾ, പഴയ കമ്മ്യൂണിസ്ററുനേതാക്കൾ; പക്ഷെ ഇവർക്കു നേതൃത്വം നൽകാൻ ഞങ്ങൾക്കു കഴിവില്ലാത്തതു എന്തുകൊണ്ടാണ്?"ഹംഗറി വീണിരിക്കുന്ന ദുരന്തകഥയെപ്പററി ഞാൻ വിമർശിച്ചുതുടങ്ങിയപ്പോൾ യുവാക്കൾ എൻെറ ചുററും കൂടി. ഞാൻഭരണകൂടത്തെകുററംപറഞ്ഞുതുടങ്ങിയപ്പോൾ അവരുടെ ആവേശം വദ്ധിച്ചു. ഞാനോക്കുന്നു ഗയോർ നഗരത്തിലെ സ്മരണീയമായ ആ രാത്രി— ഒരു മീററിംഗിൽ വച്ചു് യുവജനങ്ങൾ എന്നെ ചോദ്യങ്ങൾ ക്രോസ്ചെയ്യാൻ ഞാൻ അനുവദിച്ചു. ഒടുവിൽ ഞാൻ അവരുടെ മുമ്പാകെ ഏററുപറഞ്ഞു. ഇന്നത്തെ വ്യവസ്ഥിതി പാപ്പരായി എന്നു്."

1956- ഒക്ടോബർമദ്ധ്യത്തിൽ ഹംഗറി ഒരു പൊട്ടിത്തെറിക്കലിൻെറ വക്കിലെത്തി. റഷ്യയുടെ നുകത്തിൽ നിന്നു് രക്ഷപ്പെടുന്നതിനു് ഹംഗേറിയൻ ജനത ഒന്നാകെ വെമ്പൽകൊണ്ടു. അതിൽ പീററർ സീജെത്തി മുന്നിട്ടു നിന്നു.

"ഒരു വിപ്ലവത്തെ നയിക്കാൻ ഞാൻ തയാറായിരുന്നു" സീജെത്തി പറയുകയാണു്. ഒ്ടോബർ 23—ാം തീയതി ബുഡാപ്പെസ്ററിലെ സർവ്വകലാശാലാവിദ്യാത്ഥികൾ അവരുടെ അവശതകളുടെപട്ടിക തയ്യാറാക്കിയപ്പോൾ,പിറോഫി ക്ലബുകാർ അവരുടേതായ ഒരു നിവേദനം തയാറാക്കി. അതുനല്ലഭാഷയിൽ രചിക്കുന്നജോലി സിജെത്തിയെയാണു് ക്ലബു് ഏല്പിച്ചതു്. "ഹംഗറിക്കു സ്വാതന്ത്ര്യവും, ഹംഗേറിയൻ ജനതയ്ക്കുമാന്യമായ ഒരു ജീവിതവ്യവസ്ഥയും കൈവരുത്തുന്നതിനുള്ള നിർദ്ദേശങ്ങളാണു് ഞങ്ങൾ ആസൂത്രണം ചെയ്തതു്". സീജെത്തി പറയുന്നു. പക്ഷേ "ആ നിർദ്ദേശങ്ങളെ ഗവണ്മെണ്ടു് അത്ര കാര്യമായി ഗണി

ച്ചില്ല. അങ്ങനെ നിരാശനായിരിക്കുന്ന ഘട്ടത്തിലാണ് റേഡിയോ സ്റ്റേഷനിലേയും, ഷാബാദ്നേപ് എന്ന പത്രത്തിന്റെ ആഫീസിലും കലാപങ്ങളുണ്ടായി എന്ന വാർത്ത അവർ ശ്രവിച്ചത്. മനസ്സ് കുളുപ്പിക്കുന്ന വാർത്തകളായിരുന്നു അതുരണ്ടും.

കുഴപ്പങ്ങളെ പ്രതീക്ഷിച്ചുകൊണ്ടുതന്നെ അവൻ ഒക്ടോബർ 25–ാം തീയതി പാർലമെന്റ് മന്ദിരത്തിനുമുമ്പിൽ നിന്നു മുദ്രാവാക്യങ്ങൾ വിളിച്ചുപറയുന്ന പ്രക്ഷുബ്ധമായ ജനക്കൂട്ടത്തിൽ ചേർന്നു. "സർക്കാരിൽനിന്നു് എന്തെങ്കിലും ഉറപ്പുകിട്ടാതെ ഞങ്ങൾ പിൻവാങ്ങുകയില്ല"

ഭരണാധികാരികൾ ആരും രംഗത്തു പ്രത്യക്ഷരായില്ല. പക്ഷെ പാർലമെന്റ് മന്ദിരത്തിലും അതിനപ്പുറത്തുള്ള സുപ്രീം കോടതി കെട്ടിടത്തിലും പീരങ്കികൾ നിരത്തപ്പെട്ടിരിക്കുന്നു. പാർലമെന്റു മന്ദിരത്തിനുമുമ്പിൽ ഭീകരങ്ങളായ റഷ്യൻ ടാങ്കുകൾ കാണപ്പെട്ടു.

ജനങ്ങൾ അതുകണ്ടൊന്നും കലുങ്ങിയില്ല. അവർക്കു് ഇംറിനാഗിയെക്കണ്ടു് ചില കാര്യങ്ങൾ പറയാനുണ്ടു്. ജനക്കൂട്ടം റഷ്യൻ ടാങ്കുകളുടെ അടുക്കലേക്കുനീങ്ങി. അപ്പോഴേക്കും സുപ്രീം കോടതിക്കെട്ടിടത്തിന്റെ മുകളിൽനിന്നു് ജനക്കൂട്ടത്തിലേക്കു ഒരു വെടി പൊട്ടി.

നിർഭാഗ്യവശാൽ ആ വെടിയുണ്ട പതിച്ചതു് ഒരു തള്ളയുടെ കയ്യിലിരുന്ന ഒരു കൊച്ചുകുഞ്ഞിന്റെ ദേഹത്താണു്. കുഞ്ഞും തള്ളയും കൂടി വഴിയിൽ വീണു. അടങ്ങാത്ത വേദനയോടുകൂടി ആ തള്ള തന്റെ മരിച്ച കുഞ്ഞിനെ കൈകളിൽ എടുത്തു റഷ്യൻ ടാങ്കുകളുടെനേരെ പിടിച്ചുകൊണ്ടു് വിളിച്ചുപറഞ്ഞു ."എന്നെക്കൂടി കൊന്നേക്കു" വീണ്ടും വെടിയുണ്ടകൾ ജനക്കൂട്ടത്തിലേക്കു ചീറിപ്പാഞ്ഞു.

ദുഃഖിതയായ ആ മാതാവിന്റെനേരെ റഷ്യൻടാങ്ക്ക്യാപ്റ്റൻ ശിരസ്സ് നമിച്ചു. അയാളുടെ കണ്ണുകളിൽ കണ്ണുനീർ നിറയുന്നതു ജനങ്ങൾ കണ്ടു. അദ്ദേഹം എന്തുചെയ്തു. സുപ്രീംകോടതിയുടെ നേരെ വെടിവെക്കുവാൻ തന്റെ ടാങ്കുസേനക്കു അദ്ദേഹം ആജ്ഞനൽകി. ദീർഘകാലം ഹംഗറിയിൽ താമസിച്ച റഷ്യൻ ഉദ്യോഗസ്ഥൻപോലും ഹംഗേറിയൻ ജനതയെ സ്നേഹി

ച്ചുപോയി. റഷ്യാക്കാർ ഹംഗേറിയൻ രഹസ്യപ്പോലീസിനോടു സമരം ചെയ്യുന്നകാഴ്ച ഹൃദയസ്പർശകമായിരുന്നു.

സുപ്രീംകോടതി മന്ദിരത്തിനെതിർവശത്തുള്ള കൃഷിവകുപ്പു വകമന്ദിരത്തിനുതാഴെ നിന്നിരുന്ന സീജെത്തിക്കു രഹസ്യപ്പോലീസുകാരെ കാണാമായിരുന്നു. റഷ്യാക്കാർ അവക്കെതിരായി തിരിഞ്ഞു എന്നറിഞ്ഞു് അവർ ഭയചകിതരായി. അവർ മരണ വെപ്രാളത്തോടെ ലക്കം ലഗാനുമില്ലാതെ വെടിയുതിർന്നുകൊണ്ടേയിരുന്നു.

600-ൽപരം ഹംഗേറിയൻ പൗരർ മൃതിയടഞ്ഞു. തെക്ക്ബത്തോറിതെരുവിൽനിന്നു ആംബുലൻസ് കാറുകളിൽ ഡോക്ടർമാർപാഞ്ഞെത്തി. പക്ഷെ മുറിവേററവരെ രക്ഷിക്കാൻ ആ ഡോക്ടർമാക്കു കഴിഞ്ഞില്ല.. ഏവീയോ (രഹസ്യപ്പോലീസ്)ക്കാർ ആ ഡോക്ടറന്മാരെ എല്ലാം വെടിവച്ചുകൊന്നു. ഭാവിയിൽ ഹംഗേറിയൻ കമ്മ്യൂണിസ്ററ്ഭരണത്തിൽ ഒന്നാംകിടയിൽ എത്തേണ്ടവനായ സീജെത്തിക്കു് ആ കാഴ്ച കണ്ടുകൊണ്ടുനില്ക്കാൻ കഴിഞ്ഞില്ല. അവൻ ഒരു റഷ്യൻ ഉദ്യോഗസ്ഥന്റെ പക്കലേയ്ക്കു ഓടി. അയാളുടെ പക്കലുണ്ടായിരുന്ന യന്ത്രത്തോക്കു അവൻ ആവശ്യപ്പെട്ടു. റഷ്യൻ ഉദ്യോഗസ്ഥൻ അല്പനേരം മടിച്ചുനിന്നെങ്കിലും ഒടുവിൽ അയാൾ സീജെത്തിയെ തോക്കു ഏല്പിച്ചു.

കൃഷിവകുപ്പുകെട്ടിടത്തിൽ അണിനിരന്നിരുന്ന രഹസ്യപ്പോലീസിന്റെ നേരെ അവൻ വെടിവച്ചു.

# 3 കിലിയാൻ ബാറക്സിൽ

ഒരു കമ്യൂണിസ്റ്റ് ഉപഗ്രഹരാജ്യത്തിൽ റഷ്യക്കെതിരായ് വിപ്ലവം ആദ്യമായി അനുഭവപ്പെടുകയായിരുന്നു. ജോസഫ് ടോത്തിനെപ്പോലുള്ള യുവജനങ്ങളിൽ കുത്തിവയ്ക്കപ്പെട്ട കമ്യൂണിസം ഫലിക്കാതെപോയി. പിൽക്കാലത്ത് കമ്യൂണിസത്തിന്റെ ആചാര്യന്മാരാകേണ്ടിയിരുന്ന ഇസ്റ്റ്‌മാൻ ബാലോഗ്, പീറ്റർ സീജെത്തി മുതലായ ബുദ്ധിജീവികൾ കമ്യൂണിസത്തെ ഉപേക്ഷിച്ചു എന്നു മാത്രമല്ല, അതിനെതിരായി ആയുധമെടുക്കുകയും ചെയ്യുന്നു.

റഷ്യൻ യജമാനന്മാരുടെ നല്ല പിള്ളകളെന്ന് കരുതിയിരുന്ന ഹംഗേറിയന്മാരിൽനിന്ന് ഇങ്ങനെ ഒരനുഭവം ഉണ്ടാകുമെന്ന് അവർ പ്രതീക്ഷിച്ചിരുന്നതല്ല. മനശ്ശാസ്ത്രപരമായ തങ്ങളുടെ അടവുകൾ പരാജയപ്പെടുകയോ? ക്രംലിനിലെ യജമാനന്മാർ അമ്പരന്നു. ഇങ്ങനെയായാൽ ചെമന്ന സാമ്രാജ്യം ഏതു നിമിഷത്തിലും തകർന്നു തരിപ്പണമാകും. കമ്യൂണിസത്തിന്റെ വിശ്വസ്തഭടന്മാർ തന്നെ തങ്ങൾക്കെതിരായി തിരിഞ്ഞതിൽ ക്രംലിനിലെ സ്വേച്ഛാപതികൾ അന്ധാളിച്ചു.

പ്രതീക്ഷാതീതമായ സംഭവത്തിനു നാടകീയമായ ഒരു രംഗമായിരുന്നു ബുഡാപ്പെസ്റ്റ്. ചരിത്രപ്രഖ്യാതമായ ഡാന്യൂബ് നദി 90 ഡിഗ്രി നേരെ തെക്കോട്ടു തിരിയുന്ന ഘട്ടത്തിനു ഏതാനും നാഴികമുകളിലാണ് ബുഡാപ്പെസ്റ്റ് നഗരം സ്ഥിതി ചെയ്യുന്നത്.

റോമൻപട്ടാളക്കാർ ഈ പ്രദേശത്തു നുഴഞ്ഞുകയറുംമുമ്പുതന്നെ നദിയുടെ പടിഞ്ഞാറെക്കരയിൽ ആളുകൾ പാർപ്പുറപ്പിച്ചിരുന്നു. റോമാക്കാരുടെ വരവോടുകൂടി ബുഡാ എന്ന കുഗ്രാമം ക്രമേണ വളർന്നു പുതിയ പുതിയ കെട്ടിടങ്ങളും കമ്പോളങ്ങളും ഉണ്ടായി.

പിന്നീടാണ്, നദിയുടെ കിഴക്കെ തീരത്തു പെസ്റ്റ് എന്ന നഗരം ഉയർന്നത്. നദിയുടെ അക്കരെയും ഇക്കരെയും ഉള്ള

താമസക്കാർ പരസ്പരശത്രുതയിൽ കഴിഞ്ഞുപോന്നു. ബുഡാ പരിഷ്കാരത്തിൻെറ ഒരു കേന്ദ്രമായി ഉയൎന്നു. പെസ്ററാകട്ടെ ഒരു ഗ്രാമീണ ചന്തസ്ഥലമായിത്തന്നെ കിടക്കുന്നു.

ഒടുവിൽ ബുഡാക്കാരും, പെസ്ററുകാരും തമ്മിൽ ഒരു സഖ്യത്തിൻെറ അടിസ്ഥാനത്തിൽ ഒന്നായിത്തീരുകയും, ബുഡാപ്പെസ്ററ് ഹംഗറിയുടെ തലസ്ഥാനമായി പരിണമിക്കുകയും ചെയ്തു. ആസ്ട്രിയായിലെ വിയെന്നാ നഗരത്തെപ്പോലും വെല്ലുവിളിക്കത്തക്കവിധം ബുഡാപ്പെസ്ററ് ഭുവനപ്രസിദ്ധമായി. യൂറോപ്പിലെ രണ്ടാമത്തെ പാരീസാണ് തങ്ങളുടെ നഗരം എന്ന് ബുഡാപ്പെസ്ററുകാർ അഭിമാനിച്ചു. ബുഡാപ്പെസ്ററിലെ സ്ത്രീകളും കലകളും വിയന്നായിലേതിനെക്കാൾ സുന്ദരങ്ങളായിരുന്നു. ഇരുനഗരങ്ങളിലെയും പ്രഭുകുടുംബക്കാർ തമ്മിൽ വിവാഹബന്ധത്തിൽ ഏൎപ്പെട്ടു. അതു് രാജകീയ വിവാഹബന്ധങ്ങളിലെത്തുകയും ആസ്ട്രോ– ഹംഗേറിയൻ സാമ്രാജ്യം ഉദ്ഭവിക്കുകയും ചെയ്തു. "ചെറുപ്പത്തിൽ ബുഡാപെസ്ററിലും വയസ്സുകാലത്തു വിയെന്നായിലും" താമസിക്കണം എന്നൊരു ചൊല്ല് ഹംഗറിക്കാരുടെ ഇടയിലുണ്ടായി. അതിനു ബതലായി ആസ്ട്രിയാക്കാർ പറഞ്ഞു." വിയെന്നായ്ക്കു മൂന്നുമൈൽ കിഴക്കു നിന്നാണ് ഏഷ്യാ ആരംഭിക്കുന്നതു്."

ഒന്നാം ലോകമഹായുദ്ധത്തിനു ശേഷം ആസ്ട്രിയായും ഹംഗറിയും തമ്മിൽ പിന്നെയും വേർപെട്ടു. രണ്ടാം ലോകമഹായുദ്ധത്തിൽ ഈ ബുഡാപ്പെസ്ററ് നഗരത്തെ റഷ്യാക്കാർ ഒട്ടുമുക്കാലും നശിപ്പിച്ചു. എന്നാലും ബ്രിട്ടീഷ് അമേരിക്കരുടെ ആക്രമണത്തിനു് വിധേയമായ വിയെന്നായ്ക്കു് അങ്ങനെ പറയത്തക്ക കേടുപാടുകൾ ഒന്നും സംഭവിച്ചില്ല.

കമ്മ്യൂണിസ്ററുവാഴ്ചയിൽ ബുഡാപ്പെസ്ററുനഗരം പുനരുദ്ധരിക്കപ്പെട്ടു. അതോടൊപ്പം റഷ്യയുടെ വിജയസ്തംഭങ്ങളും സ്ററാലിൻെറ ഉയരം ഉരുക്കുപ്രതിമയും ബുഡാപ്പെസ്ററിൽ ഉയൎന്നു. ബുഡായിലെ കുന്നുകളുടെയും പെസ്ററിലെ സമതലങ്ങളുടെയും ഇടയ്ക്കായി ഒഴുകുന്ന ഡാന്യൂബ് ബുഡാപ്പെസ്ററ് നഗരത്തിന് അനന്യസാധാരണമായ സൗന്ദൎയ്യം പ്രദാനം ചെയ്യുന്നു.

പെസ്ററിലെ ഉല്ലോയി തെരുവിൻെറ തെക്കുകിഴക്കേ മൂ

ലയ്യാണ് പ്രാചീനമായ കിലിയാൻ ബാരക്സ് നിലകൊള്ളു ന്നതു്. ഒരു വലിയ നാലു നിലക്കെട്ടിടവും, അതിനെ വളയു ന്ന നാലടി ഘനമുള്ള വൻമതിലും. യുദ്ധത്തിനു മുമ്പ് അതു മ രിയാ തെരേസാ ബാരക്സ് എന്ന പേരിലാണ് അറിയപ്പെട്ടി രുന്നതു്. അവിടെതിരഞ്ഞെടുക്കപ്പെട്ട ഭടന്മാർ താമസിച്ചിരുന്നു. കമ്യൂണിസ്റ്റുകാരുടെ ഭരണകാലത്തു് അതു ഉന്നത ഉദ്യോഗ സ്ഥന്മാരുടെ താമസസ്ഥലമായി. ഒരു സംഘം ക്രാക്ക് പട്ടാള ക്കാരാണ് അതിനു് കാവൽ നിന്നിരുന്നതു്. അവർക്കു് വീ രങ്കികളോ ടാങ്കുകളൊ ഇല്ലായിരുന്നു.

ഒക്ടോബർ 23–ാം തീയതി ബാരക്കിലെ 19–ാംനമ്പർമുറിയി ൽ ലാസ്ലോഗോ എന്ന സുമുഖനായ ഒരു പട്ടാളസർജൻറ് താ മസിച്ചിരുന്നു. 22 വയസ്സുള്ള സുമുഖനായ ആ ഹംഗേറിയൻ കർഷകയുവാവിനോടു് ആൎക്കും പ്രിയംതോന്നും. അവൻെറ കൂട്ടു കാർ അവനെ ചോക്കി (കൊച്ചുമിഠായിക്കഷണം) എന്നു വിളി ച്ചിരുന്നു. കറുത്തകണ്ണുകളും, ഉയൎന്നപുരികങ്ങളും, ചീകിമിനു ക്കിയ സമൃദ്ധമായ തലമുടിയും, വടിവൊത്തശരീരവും അവനെ വളരെ കോമളനാക്കിയിരുന്നു. തമാശ് പറഞ്ഞുകൂട്ടുകരെ പൊ ട്ടിച്ചിരിക്കുന്ന പ്രകൃതം.

അന്നുരാത്രി ഏകദേശം പത്തുമണിയായിക്കാണും. ചോ ക്കി വെറുതെ മ്യൂസിയംപാൎക്കിലിരുന്നു സമയം കളയുകയാണ്; സുന്ദരിയായ ഒരു യുവതിയെ അവൻ പ്രതീക്ഷിക്കുന്നുണ്ടു്. പെട്ടെന്നു് റേഡിയോസ്റ്റേഷൻെറ ഭാഗത്തു വെടിപൊട്ടുന്ന തുകേട്ടു. ഭടന്മാർ തമ്മിൽ എന്തോ കുഴപ്പമുണ്ടാക്കിയതാവും എന്നുവിചാരിച്ചു് അവൻ അങ്ങോട്ടോടി. പക്ഷെ രഹസ്യപ്പോ ലീസ് ഭടന്മാർ ജനങ്ങളുടെനേരെ വെടിവയ്ക്കുന്ന കാഴ്ചയാണ് അവൻ കണ്ടതു്.

“ഏയ് അവിടുന്നു മാറിനില്ക്കു” ചോക്കിയെ ആരോ മ്യൂസിയംഭാഗത്തേക്കു തന്നെ തള്ളിമാററി. ബാരക്കിൽചെന്നു കുറെതോക്കുകൾ എടുക്കണമെന്നു് അവൻ ചിന്തിച്ചു. അവൻ ബാരക്കിലേക്കോടി. നാലുകെട്ടിടങ്ങൾക്കപ്പുറത്താണ് ബാരക്ക്.

അവൻ മുറിയിലേക്കു പാഞ്ഞു. കയ്യിൽ കിട്ടിയ ആയുധങ്ങ ൾ എടുത്തു. അപ്പോൾ ഹാളിൽ സംശയാസ്പദമായ ഒരു ശ

ബ്ദം കേട്ടു. അവൻ നോക്കിയപ്പോൾ കയ്യിൽതോക്കോടുകൂടിയ സാധാരണ വേഷത്തിലുള്ള ഒരു മനുഷ്യൻ പട്ടാളക്കാരനുമായി ഏററുമുട്ടുന്നു. വെടിപൊട്ടി പട്ടാളക്കാരൻ മരിച്ചുവീണു.

ചോക്കി പെട്ടെന്നു മുറിയിൽ കയറി കതകടച്ചു. "അതു ഒരു രഹസ്യപ്പോലീസുകാരനായിരിക്കണം." അവൻ ചിന്തിച്ചു. അവൻ ഒരു കൈയ്ബോംബെടുത്തു തറയിൽ കൂടി വലിഞ്ഞിഴഞ്ഞു് ആ തോക്കുകാരന്റെ നേരെ എറിഞ്ഞു. ഭയങ്കരമായ ഒരു പൊട്ടിത്തെറിക്കൽ. വീണു മരിയ്ക്കാൻ തുടങ്ങുന്ന ആ തോക്കുകാരന്റെ പക്കലേക്കു് ചോക്കി ഓടിച്ചെന്നു. അതു രഹസ്യപ്പോലീസ്സേനയിലെ മേജർ സാലേആണെന്നു് അവനു് മനസ്സിലായി. ബാരക്കു് ഭടന്മാരെ ചോക്കി ഇങ്ങനെ അറിയിച്ചു. "രഹസ്യപ്പോലീസുകാർ ബാരക്കു് പിടിച്ചടക്കാൻ തുടങ്ങുകയാണു്"

പട്ടാളക്കാർ ഉടനെതന്നെ തയാറായി. ഏതാനും മിനിററുകൾ താമസിച്ചിരുന്നെങ്കിൽ ബാരക്കു് രഹസ്യപ്പോലീസിന്റെ കയ്യിൽ അമരുമായിരുന്നു. 150-ഓളം രഹസ്യപ്പോലീസുകാർ ആക്രമിക്കാൻ വന്നു. ഉഗ്രമായ ഒരു സമരം നടന്നു. ഒടുവിൽ ചോക്കി ജയിച്ചു.

"കൈബോംബുകൾകൊണ്ടു് അവരിൽ കുറെപ്പേരെ ഞങ്ങൾ കൊന്നു" ചോക്കിപറയുന്നു" കുറെപ്പേരെ ഞങ്ങൾ തടവുകാരായിപിടിച്ചു. അവരെ ഞങ്ങൾ കണക്കിനു പ്രഹരിച്ചു; ചുരുക്കംചിലർ ഓടിരക്ഷപെട്ടു. രഹസ്യപ്പോലീസിനെ നേരത്തെതന്നെ അവനു വെറുപ്പായിരുന്നു· അവൻ സേവനം അനുഷ്ഠിച്ചിട്ടുള്ള പട്ടാള യൂണിററുകളിലൊക്കെ അക്കൂട്ടരുണ്ടു്. അവന്റെ ഫലിത പ്രകൃതം അവക്കു ഇഷ്ടമായിരുന്നില്ല." ഒരു കമ്മ്യൂണിസ്ററ് എന്നനിലയിൽ നിങ്ങൾക്കു കുറെക്കൂടെ ഗൗരവംവേണം" അവർ താക്കീതു നല്കുമായിരുന്നു. ചോക്കി ഒരു കമ്മ്യൂണിസ്ററായിരുന്നില്ല. പക്ഷെ ഒരു ഓഫീസർ ആകുന്നതിനു അവൻ പാർട്ടിഅംഗമായേതീരൂ. അതുകൊണ്ടു രഹസ്യപ്പോലീസിന്റെ നിർദ്ദേശം പാലിക്കാൻ അവൻ ആവതുംശ്രമിച്ചു. അവരിൽ കുറെപ്പേർ മരിച്ചുകിടക്കുന്നതു കണ്ടപ്പോൾ അവനു സന്തോഷമുണ്ടായി.

ഈ ഘട്ടത്തിൽ ഒരു പുതിയ കൂട്ടർ കിലിയൻ ബാരക്കിൽ

വന്നുചേർന്നു. റേഡിയോസ്റ്റേഷനിൽനിന്നു തുരത്തപ്പെട്ട സ മരക്കാരായ പൗരസഞ്ചയം. അവർ ബാരക്കിലേക്കു തള്ളിക്കയറി ക്കൊണ്ടു്, "ഒരു വലിയ യുദ്ധം നടക്കുന്നു ഞങ്ങൾക്കു ആയുധ ങ്ങൾ വേണം" എന്നുവിളിച്ചുപറഞ്ഞു. ബാരക്കിലെ സൈനികോ ദ്യോഗസ്ഥന്മാർ പൗരജനങ്ങളെ അത്രകണ്ടു വിശ്വസിച്ചിരുന്നി ല്ല. അതുകൊണ്ടു് ജനങ്ങളെ അവർ അവിടെനിന്നു് ഓടിക്കാ നാണു് ശ്രമിച്ചതു്. "രഹസ്യപ്പോലീസുകാർ ഞങ്ങളെ വെടി വച്ചുകൊല്ലുന്നു" ഒരു പ്രായംചെന്നയാൾ രക്തം ഒലിപ്പിച്ചുകൊ ണ്ടു മുന്നോട്ടുകയറി ആവലാതിപ്പെട്ടു.

ആ സമയത്തു ഒരു ബാലൻ ജനക്കൂട്ടത്തിൽ നിന്നു് മുമ്പി ൽ കയറി ചോക്കിയുടെ കൈയ്ക്കു് പിടിച്ചുകൊണ്ടുപറഞ്ഞു "പു റത്തു രഹസ്യപ്പോലീസ്കാർ വലിയതോക്കുകൾ വച്ചിരിക്കു ന്നു." എന്നിട്ടും ബാരക്കിലെ ഓഫീസർമാർ ആയുധങ്ങൾ കൊ ടുത്തില്ല. ഒരു പട്ടാളക്കാരൻ ഓടിവന്നിട്ടു ഉറക്കെപറഞ്ഞു "വ ലിയയുദ്ധമാണു് ആയുധങ്ങൾവേണം"

ചോക്കിയും കൂടെനിന്നിരുന്ന ഓഫീസർമാരും ആവേശ സ്വരത്തിൽപറഞ്ഞു "അവർക്കുതോക്കുകൾ കൊടുക്കണം"

അങ്ങനെ ബുഡാപെസ്റ്റിലെ പൗരക്ഷ ബാരക്കിൽ നി ന്നു് യന്ത്രത്തോക്കുകളും വെടിക്കോപ്പുകളും ലഭിച്ചു.

റേഡിയോസ്റ്റേഷനിൽ താവളമടിച്ചിരുന്ന രഹസ്യപ്പോ ലീസ്സേന നിശ്ശേഷം തോല്പിക്കപ്പെട്ടു. പക്ഷെ ആ വിജയം ആ ഹ്ളാദിക്കാൻ കാലമായിരുന്നില്ല. "രാവിലെ റഷ്യാക്കാർവന്നു നമ്മളെ ആക്രമിക്കുമെന്നതുതീർച്ചയാണു്"ചോക്കിപറഞ്ഞു "അവ ർ വരുമ്പോൾ ടാങ്കുകളും കൊണ്ടായിരിക്കും വരുന്നതു്."

പക്ഷെ ടാങ്കുകളെ അവർക്കു പേടിയില്ലായിരുന്നു. ഹം ഗേറിയൻ കമ്മ്യൂണിസ്റ്റ് സൈന്യത്തിലെ റഷ്യൻ നേതാ ക്കൾതന്നെ അവരെ ഒരു തൊട്ടുകുവിദ്യ പഠിപ്പിച്ചിട്ടുണ്ടു്. "തോക്കുകളില്ലെങ്കിലും ഒരു ടാങ്കിനെ തടയാം. ഗാസോലിൻ ബോംബുകൾ എറിഞ്ഞാൽ മതി." ഒരു ഓഫീസർ പറഞ്ഞു.

"ടാങ്കുകളിൽ നിന്നുള്ള വെടിയേൽക്കുകയില്ല, ഇതാ ഇവിടെ നിന്നാൽ" ആ ഉദ്യോഗസ്ഥൻ അടവുപദേശിച്ചു. "ഇവിടെ നി ന്നു ടാങ്കിന്റെ നേരെ സൗകര്യമായി ബോംബെറിയാം."

അന്നുരാത്രിമുഴുവനും ചോക്കിയും സഹപ്രവർത്തകരും ഗാസോലിൻ ബോംബുകൾ ഉണ്ടാക്കുന്നതിൽ വ്യാപൃതരായി. കുപ്പികളിൽ ഗാസോലിൻ നിറച്ച് അടപ്പുകിഴിച്ചു അതിൽ എട്ടിഞ്ചു നീളമുള്ള തുണിക്കഷണങ്ങൾ തിരുകിവച്ചു. തുണിയുടെ അററത്തു തീ കൊളുത്തിയിട്ടു ടാങ്കിൻെറ നേരെ എറിഞ്ഞാൽ മതി.

ഏതായാലും ഒരുഗ്രസംഘട്ടനം ആസന്നമായി എന്ന കാര്യത്തിൽ ആർക്കും ലേശം സംശയമില്ലായിരുന്നു. ആ ഭീകര മുഹൂർത്തത്തിനുവേണ്ടി അവർ ഉറക്കൊഴിച്ചു് കാത്തിരുന്നു.

രാവിലെ 4 മണിയായിക്കാണും. ഒരു റഷ്യൻ ടാങ്കു പ്രത്യക്ഷപ്പെട്ടു. "അതാ അതുവരുന്നു" നാലാം നിലയിൽ നിന്നു് നോട്ടക്കാരൻ വിളിച്ചുപറഞ്ഞു "ടാങ്കുകൾ."

നോട്ടക്കാരനു തെററിപ്പോയി. ഒററ ടാങ്കേ വരുന്നുള്ളൂ. അതു ശരിയായ ഒരു ടാങ്കുപോലുമല്ല. സായുധമായ ഒരു രംഗനിരീക്ഷണ വാൻ. അതിൽ യന്ത്രത്തോക്കുകൾ ഘടിപ്പിച്ചിട്ടുണ്ടു്. അങ്ങിങ്ങായി വീടുകളിലെ മങ്ങിയവെളിച്ചത്തിൽ ആ വാഹനം വരുന്നതുകണ്ടു—ഡാന്യൂബ് നദിയിൽ നിന്നു കയറിവരുന്ന ഒരു ബോട്ടു പോലെ. ഭയങ്കരമായ ഒരു ബോട്ടുതന്നെ. അതിൽ റഷ്യൻഉദ്യോഗസ്ഥന്മാരുണ്ടു്. കിലിയൻ ബാരക്കിലെ വിപ്ലവം അടിച്ചമർത്താൻ ദൃഢനിശ്ചയം ചെയ്തുകൊണ്ടാണു് അവർ വരുന്നതു്.

കാൽവിൻ ഡ്കപയാവും, ഉല്ലോയിതെരുവും കടന്നു് അതുവരുകയാണു്. ബാരക്കിൻെറ മേൽക്കൂരയിലെ ഇരുട്ടത്തു ചോക്കിയും ആറുപടയാളികളും നിശ്ശബ്ദരായി കാത്തുനിന്നു. കൈകളിൽ ഗാസോലിൻ ബോംബുകളും പിടിച്ചുകൊണ്ടു്.

ഉൽക്കണ്ഠ നിറഞ്ഞ നിമിഷങ്ങൾ!

പടത്തലവന്മാർ കൂടിയാലോചന നടത്തിയില്ല. യുദ്ധത്തിനു് ആഹ്വാനം ചെയ്തുകൊണ്ടുള്ള തീപ്പൊരി പ്രസംഗങ്ങൾ നടത്തിയില്ല. എങ്കിലും മൂകമായ ഒരു ധാരണ സർവ്വത്ര വ്യാപിച്ചിരുന്നു. രഹസ്യപ്പോലീസിനെ സകലരും വെറുക്കുന്നു; അവരെ റഷ്യാക്കാർ പിന്താങ്ങുന്നു; അതുകൊണ്ടു് രഹസ്യപ്പോലീസുകാരെപ്പോലെതന്നെ വെറുക്കപ്പെടേണ്ടവരാണു് റഷ്യാക്കാർ.

നിങ്ങൾ രഹസ്യപ്പോലീസിനെതിരായി യുദ്ധം ചെയ്താൽ, റഷ്യാക്കാരോടും യുദ്ധം ചെയ്തേതീരൂ. റഷ്യയോടൊ കമ്യൂണിസത്തോടൊ ആർക്കും ആത്മാർത്ഥമായ കൂറില്ലായിരുന്നതാനും.

റഷ്യൻ കവചിത കാർ അടുത്തടുത്തുവരുന്നതു് ശ്വാസം അടക്കിക്കൊണ്ടു് ചോക്കി കണ്ടു. അതു് അടുത്തുവന്നപ്പോൾ കൂടെനിന്ന ഉദ്യോഗസ്ഥന്മാരോടു അവൻ മന്ത്രിച്ചു. "അവക്കു അതങ്ങു കൊടുത്തേയ്ക്കു" അസഹ്യമായ മുഹൂർത്തം. അവർ ഗാസോലിൻ കുപ്പികളുടെ അടപ്പിൽ ചേർത്തിരുന്ന തുണിക്കഷണങ്ങളുടെ അറ്റത്തു് തീപ്പെട്ടിക്കോലുരച്ചു തീകൊളുത്തി. ഇരുണ്ട ആകാശത്തിലൂടെ അവർ അവയെ ആ കാറിന്റെ നേരെ എറിഞ്ഞു.

ആദ്യത്തെ കുപ്പി വഴിയിൽവീണു ഭയങ്കരമായി പൊട്ടിത്തെറിച്ചു. ഭീമാകാരമായ ഒരു അഗ്നിപുഷ്പംപോലെ തീ ഉയർന്നു. കാറിലെ റഷ്യൻ ഉദ്യോഗസ്ഥന്മാരുടെ കണ്ണുഞ്ചിപ്പോയിട്ടുണ്ടാവും ആ തീ കണ്ടു്. കാറിനെ അവർ ബാരക്സിന്റെ മതിലിന്റെ നേരെ തിരിച്ചു. മൂന്നുബോംബുകൾ ഒന്നിനു പുറകെ ഒന്നായി അതിന്മേൽ പതിച്ചു. ആ വാഹനം കത്തിയെരിഞ്ഞു. അതു ഉല്ലോയി തെരുവിലേക്കു നീങ്ങി. അവിടെവച്ചു അതിനകത്തുണ്ടായിരുന്ന ഗാസോലിനു് തീ പിടിക്കുകയും വാഹനം പൊട്ടിത്തെറിക്കുകയും ചെയ്തു. ആദ്യമായി നശിപ്പിക്കപ്പെട്ട റഷ്യൻ സൈനിക വാഹനം ആയിരുന്നു അതു്.

നേരം വെളുത്താൽ റഷ്യൻ സമ്മർദ്ദം വർദ്ധിക്കുമെന്നതു തീർച്ചയാണു്. പിറേറന്നു്, ഒക്ടോബർ 24-ാം തീയതി, രാവിലെ 9- മണിക്കു് കിലിയൻ ബാരക്കിനുവേണ്ടിയുള്ള യുദ്ധം മുറുക്കാരംഭിച്ചു. പിന്നീടു രണ്ടുമണിക്കൂറിനുള്ളിൽ 15- റഷ്യൻ സായുധകാറുകൾ ബാരക്കിനെ ആക്രമിച്ചു. പക്ഷെ ജയിച്ചില്ല.

"റഷ്യാക്കാരെന്താണു് ടാങ്കുകൾ ഉപയോഗിക്കാത്തതു്" ചോക്കിക്കു അതിശയം തോന്നി; "രണ്ടു മണിക്കൂറിനുള്ളിൽ ഒമ്പതു റഷ്യൻ കാറുകൾ നശിപ്പിക്കപ്പെട്ടു.

കിലിയൻ ബാരക്കിനും തെരുവിനും ഇടയ്ക്കു് ഒരു നിര വീടുകളും ബ്രഹ്മാണ്ഡമായ കോർവിൻ സിനിമാ തിയേറ്ററും നിലകൊള്ളുന്നു. ചോക്കിയുടെ ഭടന്മാരിൽ ചിലർ തീയേറ്ററിന്റെ മുകളിൽ സ്ഥലംപിടിച്ചു.

ബോംബെറിയലിൽനിന്നു തെന്നി രക്ഷപ്പെട്ട ഒരു റഷ്യൻ കാർ തെരുവിന്റെ മറുവശത്തെത്തി. ബാരക്കിന്റെനേരെ അതിൽനിന്നു ശക്തിയായി വെടിയുണ്ടകൾ പ്രവഹിച്ചു. അനേകം ഭടന്മാർ കൊല്ലപ്പെട്ടു. ആ കാർ നശിപ്പിക്കാൻ അവർ പ്രതികാരാവേശത്തോടെ ശ്രമിച്ചു. ഫലിച്ചില്ല. അതു അനേകം ഹംഗേറിയൻമാരുടെ മൃതദേഹം കണ്ടുകൊണ്ടു സ്ഥലം വിട്ടു.

അങ്ങനെ താൽകാലികമായി റഷ്യൻ ആക്രമണത്തിനു് ഒരു വിരാമമുണ്ടായി. പിന്നീടുണ്ടായ നിശ്ശബ്ദതയിൽ ബാരക്കിലെ പടയാളികൾ ഗംഭീരമായ ഒരു ശപഥം ചെയ്തു. ആരെങ്കിലും റഷ്യാക്കാർക്കു കീഴടങ്ങുന്നതായി കണ്ടാൽ അവനെ ഞങ്ങൾ വെടിവച്ചു കൊല്ലും" എന്നു്.

ഒരു പായുന്ന കാറിനു് ഇത്രയും നാശം വരുത്താൻ കഴിഞ്ഞെങ്കിൽ ഒരു ടാങ്കു വരുത്തുന്ന നാശം എത്ര ഭീകരമായിരിക്കും.? അതിനുള്ള മറുപടിക്കു് അവർ അധികനേരം കാത്തുനിൽക്കേണ്ടിവന്നില്ല.

റഷ്യൻ ടാങ്കുകൾ വന്നപ്പോൾ ബാരക്കിലെ യുവഭടന്മാർക്കു ഒരു ബന്ധുവിനെ ലഭിച്ചു. കേണൽ പാൾ മലേഞ്ഞർ. അനേകം യുദ്ധങ്ങൾ ജയിച്ച ധീരോദാത്തനായ സേനാനി. ആദ്യകാലത്തു അദ്ദേഹം ഹോർത്തിയുടെ ഫസിസ്റ്റു് സേനയിലെ ഒരു ഭടനായിരുന്നു; പിന്നീടു്, 1944-ൽ ഹംഗറിയിലെ നാസികൾക്കെതിരായി അദ്ദേഹം അണ്ടർഗ്രൗണ്ടു് സമരത്തിനു് നേതൃത്വം നൽകി. നാസികൾ പരാജയപ്പെട്ടപ്പോൾ ഒരു ദേശീയ ധീരനായിത്തീർന്ന മലേത്തരെ റഷ്യാക്കാർ ആശീർവദിച്ചനുഗ്രഹിച്ചു. പക്ഷേ ഹംഗറിക്കാർക്കെതിരായി റഷ്യൻടാങ്കുകൾ നീങ്ങുന്നതു കണ്ടപ്പോ അദ്ദേഹം സ്വമനസ്സാലെ കിലിയൻ ബാരക്സിൽ എത്തുകയാണുണ്ടായതു്.

“റഷ്യൻടാങ്കുകൾ ഉടനെ ഇവിടെത്തും, തയാറായിരുന്നുകൊള്ളുക” ചോക്കിക്കു മുന്നറിയിപ്പുനൽകിയിട്ടു അദ്ദേഹം സ്ഥലം വിട്ടു.

ഒന്നാമത്തെ റഷ്യൻടാങ്കു വന്നുചേരുന്നതിനു് കിലിയൻ ബാരക്കിൽ പുതിയ കുറെ സന്ദർശകർ വന്നു. യുദ്ധവിവരം അറിഞ്ഞു ബുഡാപ്പെസ്റ്റിലെ ബാലന്മാരും യുവാക്കളും പട്ടാള

ത്തിൽ ചേരുന്നതിനുള്ള ആവേശത്തോടെ വന്നിരിക്കുകയാണ്. അവരുടെ കയ്യിൽ പഴയതോക്കുകളും, കൈബോംബുകളും, വാളു കളും ഉണ്ടായിരുന്നു. അവർ കോർവിൻ സിനിമാതീയേററി ൻെറ മുകളിൽ പടയ്ക്കൊരുങ്ങിനിന്നിരുന്നു. യുവാക്കളായ എതാ നും മെക്കാനിക്കുകൾ തെരുവിലേക്കോടി. തകർന്നുകിടന്ന ഒരു റ ഷ്യൻ കവചിത വാഹനത്തിൽനിന്ന് ഒരു ടാങ്കനിരോധനത്തോ ക്കു അവർ അഴിച്ചെടുത്ത് അതിൻെറ കേടുപാടുകൾ പോക്കി. ആ വലിയ തോക്കു അവർ വലിച്ചിഴച്ച് സിനിമാക്കോട്ടയു ടെ ഗേററിൽക്കൂടി അകത്താക്കി ആരും കാണാത്ത ഒരു സ്ഥല ത്തുറപ്പിച്ചു. "ഇനി വന്നോട്ടെ അവന്മാരുടെ ടാങ്കുകൾ" എന്തി നും തയാറായിരുന്ന ചെറുപ്പക്കാർപറഞ്ഞു.

കിലിയൻബാരക്കിലെ ഭടന്മാർ അക്ഷമരായി പല മണി ക്കൂറുകൾ കാത്തുനിന്നു. ഒരു കുട്ടി ഓടിവന്നുകൊണ്ടുപറഞ്ഞു "അ തു വരുന്നുണ്ട്."

ബുഡായിൽ നിന്ന് കരകരാ ശബ്ദം പുറപ്പെടുവിച്ചുകൊ ണ്ട് ബീഭത്സാകാരമായ ഒരു റഷ്യൻ ടാങ്ക് പാലംകടന്നുവരുന്നു. ഇരുവശത്തും വലിയ രണ്ടു യന്ത്രത്തോക്കുകൾ അതിൽ ഘടിപ്പി ച്ചിട്ടുണ്ട്. മുമ്പിൽ ഒരു പീരങ്കിഉയർന്നുനില്ക്കുന്നതു ഒക്ടോബറി ലെ ഉച്ചതിരിഞ്ഞുള്ള വെയിലത്തു വ്യക്തമായി കാണാമായിരു ന്നു.

ഭീകരമായ ശൂന്യത. തെരുവുകളിലും വീടുകളിലും എ ങ്ങും ഒരു മനുഷ്യ ജീവിയെ പ്പോലും കാണാനില്ല. കോർവിൻ സിനിമാ തിയേററിൻെറ മുകളിൽ നിന്നിരുന്ന പിള്ളേർ കണ്ടു അങ്ങകലെ നിന്ന് രണ്ടുറഷ്യൻ ടാങ്കുകൾ കൂടെ ആടി ഉലഞ്ഞു വ രുന്നതു്. അതിനെ ത്തുടർന്നു് നാലു ടാങ്കുകൾ കൂടെ കാണപ്പെട്ടു 35—രൺ നശീകരണ സാധനങ്ങളോടു കൂടിയതാണ് ഓരോ ടാ ങ്കും.

ബുഡാ പെസ്റ്റിലെ വീടുകളുടെ മേൽക്കൂരകൾ ഉച്ചവെയി ലത്തു് തിളങ്ങിക്കൊണ്ടിരുന്നു.

ഏഴ ടാങ്കുകളും വന്നെത്തി. ടാങ്കുകളിൽ നിന്നുള്ള പീരങ്കി യുണ്ടകൾ പത്തുമിനിററു നേരം ബാരക്കിലേക്കു പാഞ്ഞു. ബാര ക്കിൻെറ ഒരു ഭാഗം തകർന്നു വീണു. 70 ഭടന്മാർ കൊല്ലപ്പെട്ടു.

150–ൽപരം ഭടന്മാർ പരുക്കപററി. റഷ്യാക്കാർ ജയിച്ചതുപോലെ തോന്നി.

ആ സമയമെല്ലാം ഒരു മുനിസിപ്പൽ കാർ കണ്ടക്ടർ ടാങ്ക് നിരോധനത്തോക്ക് നന്നാക്കിക്കൊണ്ടിരിക്കുകയായിരുന്നു. അയാൾ വിയർത്തൊലിച്ചു പണിയെടുത്തു. "ഇനി ഇതു നടക്കുമെന്നു തോന്നുന്നു" ഒടുവിൽ അയാളൊന്നു ദീർഘമായി നിശ്വസിച്ചു. സിനിമാതിയേററിന്റെ ഗേററിന്റെ അടുക്കലേക്കു അയാൾ അതിനെ ഉന്തിത്തള്ളിക്കൊണ്ടുപോയി. ആവേശഭരിതരായ ചെറുപ്പക്കാർ അതിനുചുററും കൂടി ഉടനെ വെടി വയ്ക്കണമെന്നായി. "നിങ്ങൾ മാറിനില്ക്കിൻ പിള്ളേരെ, ഇതു പൊട്ടിത്തെറിച്ചേക്കും" കണ്ടക്ടർ പറഞ്ഞു. എന്നിട്ടുഅയാൾ വളരെ ബദ്ധപ്പെട്ട് ഒടുവിൽ ഒരു റഷ്യൻ ടാങ്കിന്റെനേരെ വെടി വച്ചു.

ആ സംഭവത്തെപ്പററി ചോക്കി പറയുന്നു, "എന്റെ ജീവിതത്തിൽ ഇത്ര ഗംഭീരമായ ഒരു കാഴ്ച കണ്ടിട്ടില്ല. ആ വെടി കുറിക്കുകൊണ്ടു. റഷ്യൻ ടാങ്കിന്റെ മുൻവശം മേൽപോട്ടുപൊങ്ങി. ഒരു മിനിററിനുള്ളിൽ ടാങ്കിന്റെ അകത്തു് ഒരു പൊട്ടിത്തെറിക്കലുണ്ടായി. അതു നിശ്ശേഷം തകർന്നു."

മററു റഷ്യൻ ടാങ്കുകാർ അമ്പരന്നു. എവിടെ നിന്നാണ് ആ വെടിയുണ്ടായതെന്നു് അവർക്കു് അറിവില്ല. അവർ തെരുവീഥിലെങ്ങും കണ്ണോടിച്ചു. ഒരു ലക്ഷണവും കണ്ടെത്തിയില്ല.

ടാങ്കു നശീകരണത്തോക്കു് അപ്പോഴേക്കും ഇരുപതോളം ചെറുപ്പക്കാർ അകത്തേയ്ക്കുവലിച്ചു മറച്ചു കഴിഞ്ഞിരുന്നു.

ശേഷിച്ച റഷ്യൻ ടാങ്കുകൾ വൈരാഗ്യത്തോടെ മുന്നോട്ടു നീങ്ങി. അപ്പോഴേക്കും കിലിയൻ യോദ്ധാക്കൾ ടാങ്കുകളുടെ ബലഹീനങ്ങളായ ഭാഗങ്ങളിലേക്കു് വെടിയുണ്ടകൾ വർഷിച്ചുതുടങ്ങി. ടാങ്കുകളിലെ റഷ്യാക്കാരിൽ പലരും മരിച്ചു. നശിപ്പിക്കപ്പെട്ട റഷ്യൻ കാറുകളും, ടാങ്കും വഴിയിൽ വിലങ്ങടിച്ചു കിടന്നിരുന്നതുകൊണ്ടു് റഷ്യൻ ടാങ്കുകൾക്കു് മുന്നോട്ടു നീങ്ങാൻ നിവൃത്തിയില്ലെന്നായി. അവയങ്ങനെ മടിച്ചുനിന്ന മുഹൂർത്തത്തിൽ ചോക്കിയുടെ ഭടന്മാർ ബാരക്സിൽനിന്നു് ഗാസോലീൻ ബോംബുകൾ അവരുടെമേൽ വർഷിച്ചു. മരണത്തെതെല്ലും

ഭയമില്ലാത്ത കുട്ടികൾ തോക്കുകളുടെ കീഴെക്കൂടെ നുഴഞ്ഞു ടാങ്കുകളുടെ തൊട്ടടുത്തെത്തി അവയിലേക്ക് കൈബോംബുകൾ എറിഞ്ഞു. രാക്ഷസാകാരമായ ഒരു ടാങ്കുകൂടെ കത്തിയെരിഞ്ഞു.

അഞ്ചു ടാങ്കുകൾ പിന്നെയും ശേഷിക്കുന്നു, അവർ പ്രതികാരത്തോടുകൂടി ബാരക്സിലേക്ക് വെടിയുണ്ടകൾ ധാരയായി വർഷിച്ചു. നാലുനിലകളുള്ള ആ ഉയർന്ന കെട്ടിടം തകർന്നുവീഴുമെന്നായി.

ആ ഘട്ടത്തിൽ കുട്ടികൾ ഒരു സൂത്രം ഉണ്ടാക്കി. അവർ ബാരക്സിലെ ഒരു മുറിയിൽ നിന്നു ചരടുവലിച്ചു തെരുവിൻെറ അപ്പുറത്തു കെട്ടി. നടുക്കുള്ളവർ കൈബോംബുകൾ കെട്ടിത്തൂക്കി. ടാങ്കുകൾ ആ ചരടിൻെറ താഴെ എത്തിയപ്പോഴേയ്ക്കും അവർ അതിൻെറ അററത്തു തീ കൊളുത്തി. അവർ വിജയിച്ചു.കൈബോംബുകൾ പൊട്ടി. ടാങ്കിനു മുന്നൊട്ടു പോകാൻ നിവൃത്തിയില്ലാതെ നിശ്ചലം നിന്നു. ആ തക്കം നോക്കി ധീരരായ ഭടന്മാർ ബാരക്സിൻെറ മുകളിലേക്കു ഓടി ഉന്നംതെററാതെ ആ ടാങ്കിൻെറ നേരെ ഗാസോലിൻബോംബുകൾ വർഷിച്ചു. ഒരഗ്നിപർവ്വതം പോലെ ആ ടാങ്കു പൊട്ടിത്തെറിച്ചു.

അങ്ങനെ 90 മിനിട്ടുകൊണ്ടു് ലോകത്തിലെ ഏററവും ശക്തങ്ങളായ മൂന്നു റഷ്യൻ ടാങ്കുകൾ നശിപ്പിക്കപ്പെട്ടു.

ശേഷിച്ച നാലു റഷ്യൻ ടാങ്കുകൾ പിൻവാങ്ങി. അവയിലെ വെടിക്കോപ്പുകൾ തീൎന്നുപോയതു കൊണ്ടാവാം. ഏതായാലും ബുഡാപെസ്റ്റു് യുദ്ധം കളിയല്ലെന്നു അവർക്ക് ബോധ്യമായിരിക്കണം.

അവർ പോയിക്കഴിഞ്ഞു് ചോക്കിയും സഹഭടന്മാരും തെരുവിലെത്തി. ധീരനായ ആ കാർ കണ്ടക്ടർ ഒരു തകർന്ന ടാങ്കിൽ നിന്നു് ഒരു ടാങ്കു നശീകരണത്തോക്കു കൂടി അഴിച്ചെടുത്തു. തീയേററിൻെറ മറെറാരു ഭാഗത്തു് അയാൾ ആ നശീകരണത്തോക്കുറപ്പിച്ചു. റഷ്യാക്കാരുടെ രണ്ടാമത്തെ ആക്രമണത്തിനു് അവരെല്ലാം കാത്തിരുന്നു. ആ സമയം കൊണ്ടു് ആ കണ്ടക്ടർ അല്പമൊന്നുറങ്ങി.

പക്ഷെ ഒരു ദിവസത്തേക്കു് റഷ്യൻ ടാങ്കുകളെ കണ്ടതേ

യില്ല. ബാരക്സ് അങ്ങനെ ശൂന്യമായി ഉപേക്ഷിച്ചിട്ടു പോകാൻ ചോക്കിക്ക് മനസ്സുവന്നില്ല. അതുകൊണ്ടു് അവർ വീണ്ടും ബാരക്സിലെ സുരക്ഷിതങ്ങളായ ഭാഗങ്ങളിലേക്കു തന്നെ മടങ്ങി. ആ ഉയക്കൻ കെട്ടിടത്തിൻെറ പല ഭാഗങ്ങളും ഇടിഞ്ഞു വീഴാറായിരിക്കുന്നു.

ഒടുവിൽ റഷ്യാക്കാർ സംഹാരാത്മകമായ പ്രതികാരത്തോടെ പ്രത്യക്ഷരായി. ഒമ്പതു ഭീമൻ ടാങ്കുകൾ കോർവിൻ സിനിമാ തീയേററിൻെറ മുമ്പിൽ അണി നിരന്നു. ഒരൊററ വെടിക്കു തീയേററിൻെറ മുററത്തു വച്ചിരുന്ന ഒരു ടാങ്കു നശീകരണത്തോക്കു തകർന്നു. കാർ കണ്ടക്ററർക്കു് പിന്നീട്ടു ശേഷിച്ചതു ഒരു തോക്കു മാത്രമാണു്. ബാരക്സിലെ ഭടന്മാരുടെ കൈവശമുണ്ടായിരുന്ന കൈബോംബുകളും തീരാറായി. ഗാസോലിൻ ബോംബുകളും കുറവായിരുന്നു. ഒമ്പതു റഷ്യൻ ടാങ്കുകളോടു അവരെന്തു ചെയ്യാനാണു്?

എന്നിരിക്കിലും രണ്ടു ടാങ്കുകളെ അവർ നശിപ്പിച്ചു; മററുള്ള ടാങ്കുകളുടെ മുന്നോട്ടുള്ള ഗതി തടയപ്പെട്ടു. ഒടുവിൽ അവ പിന്മാറി. അപ്പോഴേയ്ക്കും അനേക ശതം ഹംഗേറിയന്മാർ ആ രാക്ഷസന്മാരുടെ മുമ്പിൽ ഹോമിക്കപ്പെട്ടു കഴിഞ്ഞിരുന്നു. തകന്നവാഹനങ്ങളും മൃതദേഹങ്ങളും കൊണ്ടു തെരുവീഥി നിറഞ്ഞിരുന്നു. എന്നിട്ടും റഷ്യാക്കാർ ജയിച്ചില്ല.

പിൻവാങ്ങുന്ന ഏഴു റഷ്യൻ ടാങ്കുകളുടെ പുറകെ ഒരു ഹംഗേറിയൻ യുവാവു് ഓടിയെത്തി. അവൻ ഒരു ഗാസോലിൻ ബോംബു കത്തിച്ചു് പുറകിലത്തെ ടാങ്കിലേക്കെറിഞ്ഞു.

"അതു സുന്ദരമായ ഒരു യാത്രാചുംബനമായിരുന്നു." ചോക്കി പറയുന്നു,, ആ ഗാസോലിൻ പൊട്ടിയില്ല എങ്കിലും അതൊരു നല്ല ധീര കൃത്യമായിരുന്നു.

രണ്ടു മണിക്കൂർ കൂടി കഴിഞ്ഞു. യുദ്ധത്തിലേററവും നാടകീയമായ ഭാഗം അഭിനയിക്കപ്പെട്ടു. പിറോഫി പാലം കടന്നു് മൂന്നു് റഷ്യൻ ടാങ്കുകൾ ഉല്ലോയി തെരുവിൻെറ കവലയ്ക്കു എത്തി. ഏററംമുന്നിലത്തെ ടാങ്കു കവല കടന്നപ്പോൾ അതിനു മുന്നോട്ടും പിറകോട്ടുംനീങ്ങാൻനിവൃത്തിയില്ലെന്നായി. വഴി നിറ

യെ തകൎന്ന ടാങ്കുകൾ കിടക്കുന്നു. അങ്ങനെ മുന്നോട്ടും പുറകോട്ടും നീങ്ങാൻ നിവൃത്തിയില്ലാതെ ആ രാക്ഷസൻ കുഴയുന്നതു കണ്ടു് കാർ കണ്ടക്ററർ അയാളുടെ ടാങ്കുനശീകരണത്തോക്കു അതിന്റെ നേരെ തിരിച്ചു വച്ചു. വെടി വെക്കുന്നതിനു് മുമ്പു തന്നെ റഷ്യൻ ഭടന്മാർ അതു കണ്ടു. ആ തോക്കിനെ തകൎക്കുന്നതിനു പകരം അവരെന്തു ചെയ്യുന്നോ? കീഴടക്കത്തെ സൂചിപ്പിക്കുന്ന വെള്ളക്കൊടി അവർ ഉയൎത്തിക്കാണിച്ചു. അതു കണ്ടു പുറകെ വന്ന ടാങ്കുകൾ പെട്ടെന്നു് തിരിഞ്ഞു് പിറോഫിപാലത്തെ ലക്ഷ്യമാക്കി പലായനം ചെയ്തു.

കോർവിൻ സിനിമാതീയേററിന്റെ ഭാഗത്തുനിന്നു് ചോക്കിയും കുറെ ചെറുപ്പക്കാരും പെട്ടെന്നു് സ്ഥലത്തെത്തി റഷ്യാക്കാരിൽനിന്നു് അവർ ആ ടാങ്ക് ഏററുവാങ്ങി. ചോക്കി പൊട്ടിച്ചിരിച്ചു. അവർ അതു ഒരുപ്രകാരത്തിൽ ബാരക്കിന്റെ മുററത്തെത്തിച്ചു. മൃതദേഹങ്ങൾ അപ്പോഴും മുററത്തു് അങ്ങിങ്ങായി കിടക്കുന്നുണ്ടായിരുന്നു . ... ടാങ്കിന്റെ നേരെ ഗാസോലിൻ ബോംബെറിയാൻ ശ്രമിച്ച ഒരു ബാലൻ . . . . യാദൃശ്ചികമായി മൃതിപ്പെട്ട ഒരു സ്ത്രീ . . . . കത്തിയെരിയുന്ന ഒരു ടാങ്കിൽനിന്നു് ചാടിയിറങ്ങിയവഴി വീണുമരിച്ച ഒരു റഷ്യൻ ഭടൻ . .

22- വയസ്സുകാരനായ ചോക്കി ... ആ കൊച്ചുമിഠായിക്കഷണം ... അടുത്ത റഷ്യൻ ആക്രമണത്തെ പ്രതീക്ഷിച്ചു് ആ ടാങ്കിൽ സോല്ലാസം ഇരുന്നു. "അവർ അടുത്തുവരുന്നതുവരെ അനങ്ങരുതു്"" അവർ കൂട്ടുകാരോടുപറഞ്ഞു "വരട്ടെ അവരെ തകൎത്തേക്കാം""

പിന്നീടുണ്ടായ ഉഗ്രസംഘട്ടനത്തിൽ റഷ്യൻ ടാങ്കുകൾ പിന്നെയും നശിപ്പിക്കപ്പെട്ടു. അങ്ങനെ റഷ്യാക്കാരുടെ 20 ടാങ്കുകളും, 11-സായുധ കാറുകളും കിലിയൻ ബാരക്കിലെ യുദ്ധത്തിൽ തകൎന്നു .കേവലം വെറുംകൈയോടെ റഷ്യൻ ടാങ്കുകളെ നേരിട്ട അനേകം ഹംഗേറിയൻ ഭടന്മാർ പിന്നെയും വീരചരമം പ്രാപിച്ചു.

കിലിയൻ ബാരക്കു് പിടിക്കാൻ റഷ്യാക്കാർക്കു കഴിഞ്ഞില്ല;കോർവിൻ സിനിമാ തീയേററിൽ അവർ പ്രവേശിച്ചുമില്ല.

ഭീകരങ്ങളായ റഷ്യൻ ടാങ്കുകളോടുള്ള പോരാട്ടത്തിൽ ഹംഗേറിയൻ ദേശാഭിമാനികൾക്കുണ്ടായ ഈ നേട്ടം അത്ഭുതകരമായിരുന്നു. ആ വിജയത്തിന്റെ കാരണം ആയുധങ്ങളില്ലാത്ത കുട്ടികളുടെ ദേശാഭിമാനോജ്ജ്വലമായ ധീരോദാത്തത മാത്രമായിരുന്നില്ല. ഒക്ടോബർ 23-ാം തീയതി രാത്രി കിലിയൻ ബാരക്കിൽ ഉണ്ടായിരുന്ന 400- കമ്മ്യൂണിസ്റ്റ് ഭടന്മാർ എല്ലാവരും റഷ്യാക്കാരാൽ പരിശീലിക്കപ്പെട്ടവരും സുശിക്ഷിതരും ആയിരുന്നു. പക്ഷേ അവരിൽ ഒററഭടൻപോലും കമ്മ്യൂണിസത്തോടു വിശ്വസ്തനായിരുന്നില്ല.

ഹംഗറിയൊട്ടുക്ക നോക്കിയാലും, കമ്മ്യൂണിസ്റ്റുകളെന്നു അറിയപ്പെടുന്നവരിൽ വളരെ ചെറിയ ഒരു ശതമാനം മാത്രമേ യഥാർത്ഥത്തിൽ കമ്മ്യൂണിസ്റ്റുകളായുള്ളൂ. അതുതന്നെയാണ് ബൽഗേറിയായിലെയും, റുമേനിയായിലെയും, പോളണ്ടിലെയും, സ്ഥിതി എന്ന് നേരിട്ടറിവുള്ള വിദഗ്ദ്ധർ പറയുന്നു. ഒരു യുദ്ധമുണ്ടായാൽ ചെക്കോസ്ലോവാക്യയിലെ കുറെ ഭടന്മാർ മാത്രമേ റഷ്യയെ പിന്താങ്ങുകയുള്ളൂ. യുക്രൈനിലെ ഭടന്മാർ താൽക്കാലികമായി ക്രംലിൻയജമാനന്മാരെ പിന്താങ്ങിയേക്കും; പിന്നീടു അവർ പാളയം മാറും എന്നതു തീർച്ചയാണ്. ഉസ്ബെക്കിസ്ഥാൻ, താഡ്സികിസ്ഥാൻ മുതലായ മധ്യഏഷ്യയിലെ സോവ്യററ് റിപ്പബ്ലിക്കുകൾ റഷ്യയോടുകൂറുള്ളവർ അല്ലെന്ന് പിന്നാലെ നമുക്കു മനസ്സിലാക്കാം.

റഷ്യാക്കാർക്കെതിരായി പടവെട്ടിയ ഒരു ഹംഗേറിയൻ ഭടൻ, യുദ്ധാനന്തരം പറഞ്ഞു, റഷ്യാക്കാർ ജയിച്ചു; പക്ഷേ അവർ തോക്കുകൊടുക്കുന്ന ഓരോ ഹംഗറിക്കാരനും രണ്ടു റഷ്യൻഭടന്മാരെ വീതം നിയോഗിക്കണം; എങ്കിലേ ക്രംലിനു ശാന്തമായി ഉറങ്ങാൻ പററൂ."

# 4 മാഞ്ഞുപോയ മഴവില്ല്

ഒക്ടോബർ 23-ാം തീയതി ആരംഭിച്ച റഷ്യൻ വിപ്ലവത്തെ മൂന്നു ഘട്ടങ്ങളായി തിരിക്കാം. ആദ്യത്തേതു് ഒക്ടോബർ 29-ാംനു- സമാപിച്ചു. യുദ്ധതന്ത്രപരമായ നോട്ടക്കുറവുകൊണ്ടു് റഷ്യാക്കാർ പരാജയം സമ്മതിച്ചു പിന്മാറി. രണ്ടാംഘട്ടംഏററവും ചുരുങ്ങിയതും,എന്നാൽ മനോഹരവുമായിരുന്നു. 5ദിവസം ബുഡാപെസ്റ്റിലെ ജനങ്ങൾ ഒരു തെററിധാരണയിൽ ആഹ്ളാദിച്ചു-റഷ്യയുടെ മേൽക്കോയ്മയിൽ നിന്നു് ഹംഗറി വിമോചിതമായി എന്നും,രഹസ്യപ്പോലീസിൻെറ ഭീകര വാഴ്ചയ്ക്കു് ഒരു പൂർണ്ണ വിരാമമുണ്ടായിഎന്നും സ്വാതന്ത്ര്യവും ശോഭനവുമായ ഒരു ഗവർമ്മെണ്ടു് ഉണ്ടാകുമെന്നും അവർ വിശ്വസിച്ചു.

മൂന്നാം ഘട്ടം നവംബർ -4ാംതീയതി ആരംഭിച്ചു. റഷ്യൻ ടാങ്കുകൾ കൂട്ടത്തോടെ ബുഡാപെസ്റ്റിൽ എത്തി. രഹസ്യപ്പോലീസിൻേറതിനെക്കാൾ ഭീകരമായ ഒരു മർദ്ദനം അവർ അഴിച്ചുവിട്ടു. ഹംഗറിയിലെ ജനായത്ത വിപ്ലവത്തെ ഞെരിച്ചുകൊന്നു. റഷ്യാക്കാർ ജയിച്ചു, എന്നുതന്നെയുമല്ല പൈശാചികമായ പ്രതികാരത്തിൽ അവർ ആഹ്ളാദിക്കുകയും ചെയ്തു.

ബുഡാപെസ്റ്റ്നഗരം സ്വാതന്ത്ര്യത്തിൻെറ ശുദ്ധവായു ശ്വസിച്ച ആ അഞ്ചു ദിവസം ഹംഗേറിയൻ ജനത ഒരു കാലത്തും മറക്കുകയില്ല. ആ ആഞ്ചു ദിവസം കൊണ്ടു് അത്ഭുതാവഹങ്ങളായ പല പരിഷ്കാരങ്ങളും ഉണ്ടായി. ഹംഗറി സ്വതന്ത്രമായാൽ എന്തൊക്കെ സംഭവിക്കുമെന്നതിൻെറ ഒരു നേരിയ സൂചന ആ ആഞ്ചു ദിവസത്തെ അനുഭവങ്ങളിൽ നിന്നു് വ്യക്തമായി കാണാൻ കഴിയും.

ഒക്ടോബർ 29-മുതൽ നവംബർ 4-വരെ ഒരു കുടുംബത്തിനുണ്ടായ അനുഭൂതികളെ നമുക്കൊന്നു പരിശോധിക്കാം

സോൾട്ടാനും ഇൗവാപാളും.. ആകർഷകരായ യുവദമ്പതിമാർ. അവർ രണ്ടുപേരും ജീവസന്ധാരണത്തിനുവേണ്ടി പണിയെടുത്തു. "ഒരു മാസം ഞാൻ 1500 ഫ്രിൻറ്സിനു് ജോലിചെയ്യും" സോൾട്ടാൻ പറയുകയാണു് "അവൾക്കു മാസം 1000 ഫ്രിൻറ്സ് കിട്ടും, അങ്ങനെ ഞങ്ങൾ സാമാന്യം സുഭിക്ഷമായി കഴിഞ്ഞു. ഞങ്ങൾക്കു രണ്ടുപേക്കുംകൂടി പ്രതിമാസം കിട്ടുന്ന 2500 ഫ്രിൻറ്സിൽനിന്നു" പലഇനങ്ങളിലായി നല്ല ഒരുഭാഗം പോയിക്കൊണ്ടിരുന്നു—കമ്മ്യൂണിസ്റ്റ്പാർട്ടിഫണ്ടിനു്, ഇൻഷ്വറൻസിനു്, രഹസ്യപ്പോലീസ് സംഭാവനയ്ക്കു്, സ്റ്റഡിഗ്രൂപ്പുകൾക്ക് അതെല്ലാം കഴിച്ചാൽ വളരെ ചെറിയ ഒരു തുക മാത്രമേ ഞങ്ങളുടെ ആവശ്യങ്ങൾക്കു് അവശേഷിക്കയുള്ളു. അതിൽനിന്നാണു് നികുതികൾ കൊടുക്കേണ്ടതു്.

മിസ്സിസ് പാൾ കൃശഗാത്രിയും നീലലോചനയും സുന്ദരിയും ആയിരുന്നു. ആറു കൊല്ലത്തെ കഠിനാധ്വാനം കൊണ്ടു് ഒരു ജോടി ഷൂസും, രണ്ടു ജോടി ചെരുപ്പും, നാലു ജോടി ഡ്രസ്സുകളും, ഒരു ജോടി മുഖക്കണ്ണാടികളും—കണ്ണാടികളുടെ ഫ്രെയിമും കരിഞ്ചന്തയിലാണു് വാങ്ങിച്ചതു്— ഇത്രയും സാധനങ്ങൾ സമ്പാദിക്കാൻകഴിഞ്ഞു. സുഖക്കേടുവന്നാൽ പ്രൈവററു ഡോക്ടർമാരെക്കാണണം. സർക്കാർഡോക്ടർമാർ രോഗികളുടെ നേരെ ഇങ്ങനെ ആക്രോശിച്ചു. "നീ ചത്തില്ലെങ്കിൽ പോയി ജോലി ചെയ്യു്, പോ"

വിവാഹിതയായിരുന്നതുകൊണ്ടു മിസ്സിസ് പാളിനു് മേക്കപ്പിനെപ്പററി അധികം ക്ലേശിക്കേണ്ടിയിരുന്നില്ല. അവൾ ജോലിചെയ്തിരുന്ന പോസ്റ്റാഫീസിൽ വേറെ നാലഞ്ചു യുവതികൾ കൂടെയുണ്ടായിരുന്നു. അവരെല്ലാംകൂടി ഓഹരിയെടുത്തു ഒരു ലിപ്സ്റ്റിക് ബ്ലാക്ക്മാർക്കററിൽ നിന്നു വാങ്ങിക്കും. അവിവാഹിതകളായിരുന്ന പെൺകുട്ടികൾ അതു കൂടുതലായിഉപയോഗിച്ചുകൊള്ളാൻ എല്ലാവരുംകൂടി സമ്മതിച്ചു. പക്ഷെ ആണ്ടിൽ രണ്ടു പ്രാവശ്യമെങ്കിലും മിസ്സിസ് പാളിനു് ഒന്നു ചമഞ്ഞൊരുങ്ങി നടക്കണമെന്നേയുള്ളു.

പോസ്റ്റാഫീസിലെ അവളുടെജോലി അപകടകരമായിരുന്നു. എപ്പോഴും രഹസ്യപ്പോലീസ് അവളെ വട്ടമിട്ടിരുന്നു. കൂ

ടെക്കൂടെ അവൾ അധികൃതർ നൽകുന്ന പ്രസ്താവനയ്ക്കു മറുപടി എഴുതിക്കൊടുക്കേണ്ടിയിരുന്നു.

അവളുടെ ഭർത്താവു് ഒരു നല്ല ഡാൻസർ ആയിരുന്നു. പക്ഷെ ഡാൻസിനു പോകാൻ അവരുടെ കോശസ്ഥിതി അനുവദിച്ചിരുന്നില്ല. അതിനു് 250 ഫ്രിൻറ്സ് അതായതു് അവളുടെ കാൽമാസത്തെ ശമ്പളം ചെലവാക്കണം.

സാമൂഹ്യമായി മിസ്സിസ്പാൾ കമ്മ്യൂണിസ്റ്റുകളുമായി അത്ര ഇടപഴകിയിരുന്നില്ല. ഒരു കോടിയോളം വരുന്ന ഹംഗറിയിലെ ജനങ്ങളിൽ പത്തിലൊന്നുമാത്രം കമ്മ്യൂണിസ്റ്റുകളേ ഉണ്ടായിരുന്നുള്ളു. ഏവ്വിയോക്കാർ അവളെ പാർട്ടിയിൽചേർക്കാൻആവതു പരിശ്രമിച്ചു. അപ്പോഴൊക്കെയും ഓരോ ഒഴിവുകഴിവുപറഞ്ഞു് അവൾ അതിൽ ചേരാതെ കഴിഞ്ഞുകൂടി.

അവളുടെ അമ്മയുടെ വീട്ടിലെ മതപരമായ ചടങ്ങുകളിൽ അവൾ കൂടെക്കൂടെ രഹസ്യമായി സംബന്ധിച്ചിരുന്നു. ആ വിവരം പാർട്ടിക്കാർ അറിഞ്ഞിരുന്നെങ്കിൽ അവളുടെ ജോലി നഷ്ടപ്പെടുമായിരുന്നു. പള്ളിയിലും മററും പോകാം പക്ഷെ എൻേറതുപോലുള്ള ജോലിനോക്കുന്നവക്കു അതു അനുവദിക്കപ്പെട്ടിരുന്നില്ല.'' മിസ്സിസ് പാൾ പറയുന്നു. "ഭക്ഷണസാധനങ്ങൾക്കു തീ പിടിച്ച വിലയാണു്. കുറഞ്ഞചെലവിൽ വാങ്ങാവുന്നതു കമ്മ്യൂണിസ്ററ്ഗ്രന്ഥങ്ങൾ മാത്രമാണു്. എൻെറ ഭർത്താവിനു് സംഗീതത്തിൽ വലിയപ്രിയമാണു്. പക്ഷെ പാട്ടുകച്ചേരിക്കു പോകാൻ പണമില്ല. നല്ല ഒരു മെക്കാനിക്കാണു് എൻെറ ഭർത്താവു്. ഒരു പഴയ കാർ അദ്ദേഹത്തിനു് കിട്ടിയാൽ കൊള്ളാമെന്നു് വലിയ ആശയുണ്ടായിരുന്നു. പക്ഷെ അസാധ്യമായ ഒരാശ ആയിരുന്നു അതു്."

ഒരിക്കൽ സോൾട്ടൻ എന്നോടു ചോദിച്ചു. "അമേരിക്കയിലെ തൊഴിലാളിക്കു ഒരു കാറുവാങ്ങാനുള്ള സമ്പാദ്യമുണ്ടാകുമോ?"

ഞാൻ തല കുലുക്കി. അമേരിക്കയിൽ 14—വയസ്സുള്ള കൊച്ചുകുട്ടികൾക്കു പോലും കാറുണ്ടെന്നുള്ള വസ്തുത അവനോടു പറയാൻ പോലും എനിക്കു മടിയായിരുന്നു.

ഒക്ടോബർ 23—ാം തീയതി സായാഹ്നം. അവരുടെ കൊ

ച്ചുവീട്ടിൽ ബുഡാപെസ്റ്റ് റേഡിയോ പ്രക്ഷേപണം ശ്രവിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഹംഗേറിയൻ കമ്മ്യൂണിസ്റ്റ് പാർട്ടി കേന്ദ്രകമ്മിറ്റിയുടെ ജനറൽ സിക്രട്ടറി ഒരു പ്രക്ഷേപണം ചെയ്യാൻ പോകുന്നു എന്ന് അറിയിപ്പുണ്ടായി. കമ്മ്യൂ: നേതാവായ ഏർണോ ഗോരോ എന്തെങ്കിലും പറഞ്ഞാൽ അതു സുപ്രധാനമായ വാർത്തയായിരിക്കും എന്ന് എല്ലാവർക്കും അറിവുള്ളതാണ്.

സോൾട്ടനും പത്നിയും ജിജ്ഞാസയോടെ ആ പ്രക്ഷേപണം ശ്രവിച്ചു.

"പ്രിയപ്പെട്ട സഖാക്കളെ, സുഹൃത്തുക്കളെ, ഹംഗറിയിലെ തൊഴിലാളികളെ നിങ്ങൾക്കെന്റെ അഭിവാദ്യം. ജനങ്ങളുടെ ശത്രുക്കൾ ഇന്ന് തൊഴിലാളി വർഗ്ഗത്തിന്റെ ശക്തിയെ തകർക്കുവാനും, കർഷകത്തൊഴിലാളി കൂട്ടുകെട്ടിനെ ഉലയ്ക്കുവാനും, പാർട്ടിയിലുള്ള അവരുടെ വിശ്വാസത്തിന് തുരങ്കം വയ്ക്കുവാനും, ഹംഗേറിയൻ തൊഴിലാളികളുടെ പാർട്ടിയെ തുലയ്ക്കാനും ശ്രമിക്കുകയാണ്. നമ്മുടെ രാഷ്ട്രത്തിന്റെ, ഹംഗേറിയൻ ജനകീയ റിപ്പബ്ലിക്കിന്റെ സൗഹൃദബന്ധങ്ങളെ സോഷ്യലിസം കെട്ടിപ്പടുക്കുന്ന മററു രാഷ്ട്രങ്ങളുമായുള്ള നമ്മുടെ വേഴ്ചയെ, പ്രത്യേകിച്ചു നമ്മുടെ രാജ്യവും സോഷ്യലിസ്റ്റ് സോവ്യററ് യൂണിയനുമായുള്ള നേരിട്ടുള്ള ബന്ധത്തെ താറുമാറാക്കുന്നതിൽ അവർ ശ്രമിക്കുകയാണ്. സോവിയററ് യൂണിയനിലെ മഹത്തായ കമ്മ്യൂണിസ്റ്റ് പാർട്ടിയോട്, ലെനിന്റെ പാർട്ടിയോട്, 20–10 കോൺഗ്രസിലെ പാർട്ടിയോട് നമുക്കുള്ള വേഴ്ചയെ ദുർബലപ്പെടുത്താൻ അവർ ശ്രമിക്കുകയാണ്. അവർ സോവ്യററ് യൂണിയനെ അപമാനിക്കുന്നു. സോവ്യററ് യൂണിയനുമായുള്ള നമ്മുടെ വ്യാപാരബന്ധം ഏകപക്ഷീയമാണെന്ന് അവർ ആക്ഷേപിക്കുന്നു.

നമ്മുടെ സ്വാതന്ത്ര്യത്തെ രക്ഷിക്കണമെന്ന്, സാമ്രാജ്യവാദികളിൽ നിന്നല്ല, സോവ്യററ് യൂണിയനിൽനിന്ന്! ഇതെല്ലാം പച്ചക്കള്ളമാണ്; ധിക്കാരമാണ്; ഇതിൽ പരമാർത്ഥത്തിന്റെ തരിപോലുമില്ല. ഹോർത്തിഫാസിസ്റ്റ് നുകത്തിൽനിന്നും, ജർമ്മൻ ഇംപീരിയലിസത്തിൽനിന്നും നമ്മെ മോചിപ്പിച്ച സോ

വ്യററ്യൂണിയൻ, നാം തകർന്ന് നിലംപരിശായി കിടന്നപ്പോൾ നമ്മെ കൈതന്നുയർത്തുകയും, നമ്മളുമായി തുല്യാടിസ്ഥാനത്തിൽ സഖ്യം ഉണ്ടാക്കുകയും ചെയ്ത സോവ്യററ്യൂണിയൻ നമ്മുടെ ഏകബന്ധുവാണ്, അതാണ് പരമാർത്ഥം.
അന്തർ ദേശീയതൊഴിലാളി കൂട്ടുകെട്ടിനും, ഹംഗേറിയൻ ജനതയുടെ ദേശീയവികാരങ്ങൾക്കും എതിരായി നില്ക്കുന്ന ജനദ്രോഹികളെ നിങ്ങൾ ഒററപ്പെടുത്തുക ...”

“എന്തോ കുഴപ്പമുണ്ടായിട്ടുണ്ട്” സോൾട്ടൻ അവന്റെ ഭാര്യയോടുപറഞ്ഞു, “ഗോരോ പറയുന്നതിൽനിന്ന് എന്തോ വലിയ കുഴപ്പം ഉണ്ടായി എന്ന് തീർച്ചയാക്കാം.”

“തൊഴിലാളി സഖാക്കളെ, തൊഴിലാളികളെ” വികാരാവേശത്തോടെയുള്ള ഗോരോയുടെ ആഹ്വാനം തുടരുന്നു., “നമുക്ക് ഒരു സോഷ്യലിസ്റ്റ് ഡെമോക്രസി വേണമോ അതോ ബൂഷ്വാഡെമോക്രസിയാണോ വേണ്ടതു്, നാം അതു തുറന്നുപറയേണ്ട സമയം ആഗതമായിരിക്കുന്നു. ഇതാണ് പ്രശ്നം . . നമ്മുടെ നാട്ടിൽ സോഷ്യലിസം കെട്ടിപ്പടുക്കണമോ. . അതോ സോഷ്യലിസത്തെ പിളർന്ന് മുതലാളിത്തത്തിനു പ്രവേശനം നൽകണോ? . . . . . ”

“ഞാൻ പോയി നോക്കട്ടെ എന്താണ് സംഭവിക്കുന്നതെന്ന്” സോൾട്ടൻ പറഞ്ഞു “ഗോരോ എന്തോ അപകടത്തിൽ പെട്ടിരിക്കുന്നു”

അവൻ പെട്ടെന്ന് ഒരു ട്രോളികാർപിടിച്ചു നഗരത്തിന്റെ മദ്ധ്യത്തിലെത്തി. വിദ്യാർത്ഥികൾ വമ്പിച്ച പ്രകടനം നടത്തിക്കൊണ്ടിരിക്കുന്നു. റേഡിയോസ്റ്റേഷൻ ഭാഗത്തു എന്തോ ബഹളം നടക്കുന്നു. അവൻ റേഡിയോസ്റ്റേഷന്റെ ഭാഗത്തേക്കു നടന്നു. വമ്പിച്ച ജനക്കൂട്ടം. വെടിപൊട്ടുന്നു. സുരക്ഷിതമായ ഒരു സ്ഥാനത്തേക്ക് മാറിനിന്നുകൊണ്ട് അവൻ ആ കാഴ്ചകണ്ടു. സ്റ്റുഡിയോ തകർന്നുതരിപ്പണമായി. ബഹളം വർദ്ധിച്ചുകൊണ്ടേയിരുന്നു. കാറുകളൊന്നും ഓടുന്നില്ല. അവൻ വീട്ടിലേക്കു നടന്നു. നഗരമൊട്ടുക്കു കലാപം പടർന്നുപിടിച്ചിരിക്കുന്നു.

രാത്രി നന്നേഇരുട്ടി അവൻ വീട്ടിലെത്തിയപ്പോൾ “നാളെ ഭയങ്കരമായ വെടിവയ്പ്പുണ്ടാകും. . നമുക്ക് വീട്ടിനുള്ളിൽത

ന്നെ കഴിച്ചുകൂട്ടാം" ഭാര്യയോട് സോൾട്ടൻ പറഞ്ഞു.

വീട്ടിൽ ഇരുന്നിരുന്ന് മടുത്തപ്പോൾ ഈവാപാൾ പോസ്റ്റാഫീസിലേക്കുപോയി. യാതൊന്നും സംഭവിച്ചില്ല എന്ന് കമ്മ്യൂണിസ്റ്റുകാർ അവളെ ബോധ്യപ്പെടുത്താൻ ശ്രമിച്ചു. അവൾ ഉച്ചത്തിൽ ചിരിച്ചു. "പക്ഷെ ആററിനക്കരെ വെടി മുഴങ്ങിയപ്പോൾ ചിരിയും വർത്തമാനവും പെട്ടെന്നടങ്ങി" ഈവാ പറയുകയാണ് "ബഹളം'തുടരുകയാണെന്നു തോന്നുന്നു, എന്നു ആരോ പറയുന്നതുകേട്ടു. ഉച്ചയായപ്പോൾ ഞങ്ങൾ പോസ്റ്റാഫീസ് അടച്ചു. പോസ്റ്റാഫീസിൽ ആകെയുണ്ടായിരുന്ന ഏഴുകമ്മ്യൂണിസ്റ്റുകളിൽ ആറുപേരും വിപ്ലവപക്ഷത്തുചേർന്നു."

സോൾട്ടൻപാൾ പ്രകൃത്യാതന്നെ വിപ്ലവാശയക്കാരനായിരുന്നില്ല: വിപ്ലവത്തെ അവൻ വെറുത്തിരുന്നു. ഏവിയോക്കാരിൽനിന്ന് അവൻ കഴിവതും ഒഴിഞ്ഞാണ് ജീവിച്ചതു്. ഗാരേജിലായിരുന്നു അവനു് ജോലി. കമ്മ്യൂണിസ്റ്റ്പാർട്ടി മെമ്പറന്മാരുമായിഅവൻ വളരെ ലോഹ്യത്തിലാണ് വർത്തിച്ചിരുന്നതു്. അവൻ ഒരു നല്ല പാർട്ടിപ്രവർത്തകനായിത്തീരുമെന്ന് കമ്മ്യൂണിസ്റ്റുകാരും കരുതിയിരുന്നു. ഒരു കലുമാലിലും ഉൾപ്പെടാതെ സ്വച്ഛമായി ജീവിക്കണമെന്നേ അവൻ ആശിച്ചിരുന്നുള്ളു.

പക്ഷെ ബുഡായിലെ തെരുവീഥികളിലൂടെ അവൻ നടക്കുകയും വിപ്ലവത്തെപ്പററി കൂടുതൽ കേൾക്കുകയും, ചെയ്യുമ്പോൾ അവന്റെ അന്തരാത്മാവിൽ ഉറങ്ങിക്കിടന്നിരുന്ന വികാരങ്ങൾ ഉണർന്നു. അവൻ ഏവിയോക്കാരെ വെറുത്തിരുന്നില്ല; അവർ മനുഷ്യത്വമില്ലാത്ത ഒരു ക്രൂരരാണെന്ന് അവനു് അറിയാമായിരുന്നു. റഷ്യാക്കാരെ അവൻ വെറുത്തിരുന്നില്ല. തന്റെ നാടിനെ നശിപ്പിക്കുന്ന കൊള്ളക്കാരാണ് അവരെന്നു് അറിയാമായിരുന്നു. റഷ്യാക്കാരെപ്പററി ഈവാ പറഞ്ഞു "പത്തുകൊല്ലമായിട്ടു റഷ്യാക്കാർ ഹംഗറിയിൽ ഇടപഴകിജീവിക്കുന്നു; പക്ഷെ ഒരൊററഹംഗേറിയൻ യുവതിപോലും റഷ്യാക്കാരനെ വിവാഹംകഴിച്ചതായി അറിവില്ല; റഷ്യാക്കാരന്റെകൂടെ ഏതെങ്കിലും പെണ്ണുപോയാൽ അവളോടു മററുള്ളവർ മിണ്ടുകപോലും ചെയ്യുകയില്ല: എന്നാൽ ഇവിടെ ജർമ്മൻകാർ വന്നിരുന്നു; ധാരാളം വിവാഹങ്ങൾനടന്നു "കോപത്തോടെ അവൾ തുടന്നു" ലോകത്തിൽ

ആക്കെങ്കിലും ഒരു റഷ്യാക്കാരനെ സ്നേഹിക്കാൻ സാധിക്കുമോ?”

സോൾട്ടൻ നടന്നുനടന്ന് മാർഗററിപാലം കടന്ന് പെസ്റ്റിൽ എത്തിയപ്പോൾ അവനുതോന്നി റഷ്യാക്കാർ യഥാർത്ഥത്തിൽ അവൻെറ ശത്രുക്കളാണെന്ന്. ഒരു കവചിതകാർ ആ വഴികടന്നുപോയി. അതു ലക്കില്ലാതെ ഇരുവശത്തേക്കും വെടിവയ്ക്കുന്നു. റഷ്യാക്കാർ ആയിരുന്നു അതിനുള്ളിൽ ഇരുന്നു വെടിവച്ചതു്. ലെനിൻഗ്രാഡിൽ എത്തിയപ്പോൾ ഒരു റഷ്യൻ രംഗനിരീക്ഷകകാർ അദൃശ്യമായ ഏതോ ഒരു വസ്തുവിൻെറ നേരെ വെടിവയ്ക്കുന്നതു കണ്ടു.

അവൻ റക്കോഷിതെരുവിൽ തകർന്നുകിടക്കുന്ന ഷാബാഡ്നേപ് എന്ന പത്രമാഫീസിൻെറ ഭാഗത്തായപ്പോൾ പൂർണ്ണകവചിതമായ ഒരു റഷ്യൻ ടാങ്ക് പാഞ്ഞുവരുന്നതു കണ്ടു. “അതു കിലിയൻബാരക്കിലേക്കു പോവുകയാണ്.” ഒരു ബാലൻ വിളിച്ചുപറഞ്ഞു “അതിനെ തടയണം”

ഒരു ഇടത്തെരുവിൽനിന്ന് മൂന്നുയുവാക്കൾ കൈനിറയെ ഗാസോലിൻ ബോംബുകളുമായി ആ റഷ്യൻടാങ്കിൻെറ നേരെ പായുന്നു. റഷ്യൻഭടന്മാർ അവരെ കണ്ടു. അവർ വെടിപൊട്ടിച്ചു. ആ യുവാക്കൾ തൽക്ഷണം മരിച്ചുവീണു. റഷ്യൻവെടിയുണ്ടകൾ പാഞ്ഞുചെന്ന് അടുത്തുണ്ടായിരുന്ന വീടുകളിലെ ജനൽകണ്ണാടികൾ തകർത്തു. ഒരു ഗാസോലിൻ ബോംബിനു തീ പിടിച്ചു. അതു പൊട്ടിത്തെറിച്ചു. ധൂമപടലത്തിനുള്ളിൽ മൃതദേഹങ്ങൾ മറഞ്ഞു.

ഒരു വീടിൻെറ മുകളിലിരുന്ന ഒരു ഹംഗേറിയൻയോദ്ധാവ് ആ ടാങ്കിനുനേരെ വെടിവച്ചു. ഒരു റഷ്യാക്കാരൻ മൃതിപ്പെട്ടു. മററു റഷ്യാക്കാർ ടാങ്കിലെ യന്ത്രത്തോക്കുകൾ ആ മേൽക്കൂരയുടെനേരെ തിരിച്ചു. ആ തക്കത്തിന് മററൊരു യുവാവ് പെട്ടെന്നു പ്രത്യക്ഷപ്പെട്ടു ടാങ്കിൻെറനേരെ ഒരു ഗാസോലിൻബോംബെറിഞ്ഞു. കഷ്ടകാലത്തിന് അതു പൊട്ടിയില്ല. ഒരു റഷ്യാക്കാരൻ അതെടുത്തു തെരുവിലേക്കു വലിച്ചെറിഞ്ഞു. അതു ഭയങ്കരമായി പൊട്ടിത്തെറിച്ചു.

സംഘട്ടനത്തിൽനിന്നു കഴിവതും അകന്ന് എന്നാൽ ആ

ഭീകരമായ കാഴ്ച നേരിട്ടുകാണുക എന്ന ലക്ഷ്യംവെച്ചുനടന്ന സോൾട്ടൻ സമരരംഗത്തേക്കു കൂടുതൽ കൂടുതൽ അടുക്കുകയാണുചെയ്തതു്. അവൻ തിരിച്ചോടാൻ തുടങ്ങിയപ്പോൾ ഒരു വാതുക്കൽനിന്നു ഒരു ബാലൻ പെട്ടെന്നു് അവൻെറ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. രണ്ടു ഗാസോലിൻബോംബുകൾ അവനെ ഏൽപ്പിച്ചുകൊണ്ടു് ആ ബാലൻപറഞ്ഞു. "കത്തിച്ചു് എറിഞ്ഞേക്കുക" സോൾട്ടൻ മറെറാന്നും ചിന്തിച്ചില്ല. ഒരെണ്ണം കക്ഷത്തിൽ അടുക്കിപ്പിടിച്ചു് മററതു കത്തിച്ചുകൊണ്ടു അവൻ ആ റഷ്യൻടാങ്കിൻെറ നേരെപാഞ്ഞു. റഷ്യാക്കാർ മറുവശത്തെ ഒരു മേൽക്കൂരയെ വെടിവച്ചു പൊടിക്കുകയായിരുന്നു. സോൾട്ടൻ ആ ടാങ്കിലേക്കു ബോംബെറിഞ്ഞു. അതേസമയം രണ്ടുകുട്ടികൾ- 14 വയസ്സിൽ കൂടുതലില്ല—ഓടിയെത്തി. അവരും ഗാസോലിൻബോംബുകൾ ആ ടാങ്കിലേക്കു വിക്ഷേപിച്ചു. ഈ പ്രാവശ്യം ആ ബോംബുകൾ മൂന്നുംപൊട്ടി; റഷ്യൻടാങ്ക് ഒരു തീമലയായി രൂപാന്തരപ്പെട്ടു.

അന്നു രാത്രി സോൾട്ടനും ഭാര്യയും ഒരുപാടുനേരം വർത്തമാനം പറഞ്ഞു. "ഇതൊരുഭയങ്കരവിപ്ലവമാകാൻ പോവുകയാണു്" സോൾട്ടൻ പറഞ്ഞു. തപാലാഫീസുകളിലൂടെ കടന്നുപോകുന്ന സന്ദേശങ്ങളിൽനിന്നു് ഹംഗേറിയൻ ഗവൺമെണ്ടു വലിയ ഒരു ചുഴിയിൽ അകപ്പെട്ടിരിക്കുന്നതായി മനസ്സിലാവുമെന്നു് ഈവാ അറിയിച്ചു.

ഗവൺമെണ്ടു തകർന്നു വീഴാറായിട്ടും, റഷ്യാക്കാർ പരാജയമടഞ്ഞിട്ടും, റേഡിയോ ബുഡാ പച്ചക്കള്ളങ്ങൾ തന്നെ ആവർത്തിച്ചുകൊണ്ടിരുന്നു. അങ്ങനെ തന്നെ കേട്ടുകേട്ടുസഹികെട്ടിരിക്കെ ബുഡാപെസ്ററ് റേഡിയോവിൽ നിന്നു ഒരു പുതിയ സ്വരം കേൾക്കായി "ഈവാ ഇതു കേൾക്കൂ" സോൾട്ടൻ വിളിച്ചു.

വിപ്ലവത്തിൻെറ യഥാർത്ഥകഥയാണു് റേഡിയോയിൽ നിന്നു പ്രക്ഷേപണം ചെയ്യപ്പെട്ടതു്. നിരായുധരായ ബുഡാപെസ്റ്റിലെ ദേശാഭിമാനികൾ ഭീകരരായ രഹസ്യപ്പോലീസുകാരെയും, റഷ്യൻ ടാങ്കുകളെയും പരാജയപ്പെടുത്തിയ വികാരോജ്ജ്വലവും

അത്ഭുതപൂർവ്വവുമായ ആ കഥ പാൾ ദമ്പതിമാർ രോമഹർഷത്തോടെ ശ്രവിച്ചു.

അങ്ങനെ ഹംഗറി ഒടുവിൽ സ്വാതന്ത്ര്യമായി എന്നു് അവർ വിശ്വസിച്ചു "ഞങ്ങളും അതിനു സഹായിച്ചവരാണു്" സോൾട്ടൻ സാഭിമാനം പറഞ്ഞു. "പതുക്കെപ്പറയൂ", ഈവാ മുന്നറിയിപ്പു നൽകി. "ഇതു വാസ്തവമല്ലെങ്കിൽ."

വാസ്തവമാണോ എന്നറിയാൻ അവർ പുറത്തേയ്ക്കിറങ്ങി. തെരുവുകളിൽ തകർന്നു കിടക്കുന്ന റഷ്യൻ ടാങ്കുകൾ അവരുടെ സംശയങ്ങളെ ദൂരീകരിച്ചു. "ഐക്യരാഷ്ട്രസംഘടനയും, യുണൈറഡ്സ്റ്റേറാസും നമ്മുടെ സഹായത്തിനെത്തും" ഈവാ പറഞ്ഞു "അവർ ആയുധങ്ങൾ കൊണ്ടുവരും."

റഷ്യാക്കാരെ തുരത്തിയോടിച്ചതിനേക്കാൾ ആശ്ചര്യകരമായിരുന്നു രഹസ്യപ്പോലീസുകാരെ നിഷ്കാസിതരാക്കിയതു്. പക്ഷെ രഹസ്യപ്പോലീസിന്റെ വംശ വിച്ഛേദനം വന്നില്ല. ഇടയ്ക്കിടയ്ക്കു രഹസ്യപ്പോലീസിന്റെ കാർ ലക്കില്ലാതെ വെടിവച്ചു കൊണ്ടു് ഇടയ്ക്കിടയ്ക്കു പാഞ്ഞുപൊയ്ക്കൊണ്ടിരുന്നു.

വിപ്ളവം കൊണ്ടു തകർന്നു കിടന്ന ബുഡാപ്പെസ്ററിനെ ബാധിച്ച മുഖ്യപ്രശ്നം ഭക്ഷണ ക്ഷാമമായിരുന്നു. നഗരപ്രാന്തത്തിലുള്ള ഗ്രാമീണർ, സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കുവാൻ സാധിക്കാത്തതിനു പരിഹാരമായി അവരുടെ കൈവശമുണ്ടായിരുന്ന ഭക്ഷണസാധനങ്ങൾ നഗരത്തിലേക്കു കൊണ്ടുവന്നു. ടൺ കണക്കിനു ധാന്യങ്ങളും, കിഴങ്ങുകളും, കോഴികളും പന്നികളും.

ബുഡാപ്പെസ്ററുകാർ സ്വാതന്ത്ര്യോൽസവം ആഘോഷിച്ചു. നഗര വീഥികൾ വെടിപ്പാക്കുവാൻ അവർക്കു നേരമില്ലായിരുന്നു. മാന്ത്രികശക്തിയാലെന്നപോലെ പാശ്ചാത്യ പത്രങ്ങളും പത്രലേഖകന്മാരും നഗരത്തിലെങ്ങും കാണപ്പെട്ടു.

"ഈവാ ഇതാ നോക്കൂ" ഒരുച്ച തിരിഞ്ഞ സമയം സോൾട്ടൻ വിളിച്ചുപറഞ്ഞു "പത്രങ്ങൾ!"

അന്നൊരു ദിവസം ഈവാ തെരുവിൽക്കൂടി നടക്കുമ്പോൾ അപരിചിതനായ ഒരാൾ അവളുടെ ദേഹത്തു അറിയാതെമുട്ടി. അയാൾ ക്ഷമായാചനം ചെയ്തു. അടുത്തുനിന്ന ഒരാൾ ഈ

വായോട്ടു പറഞ്ഞു "അതൊരു ഫ്രഞ്ചുകാരനാണ്."

"വിദേശ പത്രക്കാർക്കു ബുഡാപ്പെസ്റ്റിൽ പ്രവേശനമുണ്ടോ?" ഈവാ സകൗതുകം ചോദിച്ചു.

"നൂറു കണക്കിനുണ്ട് അവരീ നഗരത്തിൽ" എന്നായിരുന്നു മറുപടി.

സകല പുണ്യവാന്മാരുടെ തിരുനാൾ ദിവസം. സോൾട്ടൻ റേഡിയോ ശ്രവിച്ചുകൊണ്ടിരിക്കുകയാണ്. ഹംഗറിയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി വീരചരമം പ്രാപിച്ച ധീര ദേശാഭിമാനികളുടെ ബഹുമാനാർത്ഥം പുതിയ ഗാനങ്ങൾ റേഡിയോ പ്രക്ഷേപണം ചെയ്തു. അനേകം കൊല്ലങ്ങളായി കേൾക്കാതിരുന്ന ശ്രുതി സുഭഗങ്ങളായ പാശ്ചാത്യ ഗാനങ്ങൾ. കമ്മ്യൂണിസ്റ്റുഭരണം വന്നതിശേഷം കേൾക്കാൻ തരപ്പെടാതിരുന്ന പാട്ടുകുർബാനയിലെ ഗീതങ്ങൾ അന്തരീക്ഷത്തിൽ അലതല്ലുകയായി. അതു കേട്ടപ്പോൾ അവനു രോമാഞ്ചമുണ്ടായി.

ലണ്ടനിൽ നിന്നും, പാരീസിൽ നിന്നും, മ്യൂനിച്ചിൽ നിന്നുമുള്ള വാർത്തകൾ — സ്വതന്ത്ര ലോകത്തിന്റെ ശുദ്ധവായു ഉൾക്കൊള്ളുന്ന വാർത്തകൾ അവർക്കു നിർബാധം കേൾക്കാമെന്നായി. അതൊക്കെ ആഡംബരം തന്നെ ആയിരുന്നു.

പല കിംവദന്തികളും നഗരത്തിൽ പ്രചരിച്ചു. അതിലൊന്നായിരുന്നു ഐക്യരാഷ്ട്ര സംഘടന ഹംഗറിയിൽ ഇടപെടാൻ പോകുന്നു എന്നതു്. ഈവായുടെ ഹൃദയത്തിൽ പുതിയ ഒരു ആശ തളിരിട്ടു. പക്ഷെ ആശകൾ നിരാശകളാകാൻ അധിക ദിവസങ്ങൾ വേണ്ടിവന്നില്ല. കിംവദന്തികൾ അസത്യങ്ങളാണെന്നു് തെളിഞ്ഞു.

പക്ഷെ നേരം പോക്കിനുള്ള വക ധാരാളം ഉണ്ടായിരുന്നു. ഒരു ദിവസം ഈവായെ കൂട്ടിക്കൊണ്ടു സോൾട്ടൻ [illegible] തെരുവിലേക്കു പോയി. സ്റ്റാലിന്റെ പ്രതിമ വീണുകിടക്കുന്ന [illegible] ലിൻസ് കവയറിൽ അവരെത്തി. പ്രതിമയിരുന്ന സ്ഥാന [illegible] ങ്ങളായ രണ്ടു ചെ[illegible]ിപ്പുകളും അവയുടെ ഇടയ്ക്കു [illegible] ർ കൊടിയും കാണപ്പെട്ടു. "ഇപ്പോഴിതു സ്റ്റാലിൻസ് [illegible]; ഇതിപ്പോൾ ചെരുപ്പുകവിസ് കവയാണു" സോൾ[illegible] ട്ടിച്ചി

രിച്ചു.

മറ്റൊരു സന്ദർശകൻ പറഞ്ഞു "സ്റ്റാലിൻെറ പ്രതിമയെ ആരും മറിച്ചിട്ടതല്ല. പ്രതിമയുടെ താഴെ ആരോ ഒരു റിസ്റ്റു വാച്ചു വച്ചു. എല്ലാ റഷ്യൻ വിഡ്ഢികളേയും കൂട്ടി അതെടുക്കുവാൻ സ്റ്റാലിൻ ആർത്തിയോടെ കുനിഞ്ഞു!"

തകർന്നു കിടക്കുന്ന ടാങ്കുകളെ നോക്കിക്കൊണ്ടു സോൾട്ടൻ പറഞ്ഞു ഈശ്വരരൊ രക്ഷതു! ഇനി റഷ്യൻ കഴുതകളുടെ പാട്ടു കേൾക്കണ്ടല്ലൊ".

ഒരു പഴഞ്ചൊല്ലു പോലെ നഗരത്തിൽ ഒരു സംസാരമുണ്ടായി" ഇംറിനാഗി പറയുന്നു അദ്ദേഹം ഒരിക്കലും കമ്മ്യൂണിസ്റ്റായിരുന്നില്ലെന്നു; ജാനോസ്കാദർ പറയുന്നു അദ്ദേഹം കമ്മ്യൂണിസ്റ്റല്ലെന്നു; ഹംഗറിയിൽ ഒരൊററ കമ്മ്യൂണിസ്റ്റുകാരൻ മാത്രമേ ഉള്ളു . . . നികിതാക്രൂഷ്ചേവ്."

ഏററവും ചുരുങ്ങിയ സ്വാതന്ത്ര്യത്തിൻെറ ആ ദിവസങ്ങളിൽ പല പുതിയ പരിഷ്കാരങ്ങളും പ്രഖ്യാപിക്കപ്പെട്ടു. സഖാവു് എന്ന സംബോധന ഔദ്യോഗികമായി നിരോധിക്കപ്പെട്ടു. ഒക്ടോബർ 23–ഹംഗറിക്കു ഒരു ദേശീയദിനമായി പ്രഖ്യാപിക്കപ്പെട്ടു. കോസത്തിൻെറ ത്രിവർണ്ണപതാക വീണ്ടും ഹംഗറിയുടെ കൊടിയായി അംഗീകരിക്കപ്പെടുകയും, റഷ്യൻഭാഷാപഠനം നിർബന്ധവിഷയമല്ലെന്നു് ഉത്തരവുണ്ടാകുകയും ചെയ്തു.

"ഹോ! ഇനി നമുക്കിഷ്ടമുള്ളവക്കു വോട്ടുചെയ്യാമല്ലോ" ഹംഗേറിയൻജനതയെ ഏററവും കൂടുതൽ ആഹ്ളാദിപ്പിച്ചതു് ആ ചിന്തയായിരുന്നു. സ്വാതന്ത്ര്യദിനപ്പത്രങ്ങളും, പുതിയ രാഷ്ട്രീയപാർട്ടികളും, ആ ദിവസങ്ങളിൽ പ്രത്യക്ഷപ്പെട്ടു.

ഹംഗറിയുടെ നാനാഭാഗങ്ങളിൽനിന്നു പുതിയപുതിയ പരിഷ്കാരങ്ങളടങ്ങുന്ന നിർദ്ദേശങ്ങളുമായി വിദ്യാർത്ഥികളും, തൊഴിലാളികളും, കർഷകരും പ്രവഹിക്കുകയായി. മുതലാളിത്തത്തിനും കമ്മ്യൂണിസത്തിനും ഇടയ്ക്കുള്ള ഒരു ഇടത്തരം ജീവിതവ്യവസ്ഥിതിയെ ആണു് ഹംഗേറിയൻജനത പൊതുവെ വിഭാവനം ചെയ്യുതു്.

അതേസമയം മോസ്കോയിലെയും, മററു കമ്മ്യൂണിസ്റ്റ്കേന്ദ്രങ്ങളിലെയും പ്രമാണികൾ പറഞ്ഞുപരത്തി; ഹംഗേറിയൻ വിപ്ലവം നയിച്ചതും, ഫസിസ്ററുകളും, ഇംപീരിയലിസ്ററുകളും, ബൂർഷ്വാകളും പിന്തിരിപ്പന്മാരും ആണെന്ന്. ഹംഗറിയെ അവർ മധ്യയുഗങ്ങളിലേക്കു വലിച്ചിഴയ്ക്കുകയാണെന്ന്.

വാസ്തവം നേരെമറിച്ചായിരുന്നു. പുതുതായി ജന്മമെടുത്ത ഹംഗറി നീണ്ടുജീവിക്കാൻ അനുവദിക്കപ്പെട്ടിരുന്നെങ്കിൽ യൂറോപ്പിലെ ഏററവും ശ്രേഷ്ഠമായ ഒരു സോഷ്യലിസ്റ്റ്രാഷ്ട്രമായി ഉദയംചെയ്യുമായിരുന്നു. അതു കിഴക്കേയൂറോപ്പിനെ ബാധിച്ചിരിക്കുന്ന കമ്മ്യൂണിസത്തെ നിർമ്മാജ്ജനംചെയ്യുമായിരുന്നു.

നല്ലൊരു നാളെയെയാണ് ഈവായും സോൾട്ടനും വിഭാവനം ചെയ്തത്. അവൻ പറയുന്നു "ഒരു പുതിയ രാഷ്ട്രത്തെ ഞങ്ങൾ സ്വപ്നം കണ്ടു. സ്വതന്ത്രമായ തെരഞ്ഞെടുപ്പുസമ്പ്രദായത്തോടുകൂടിയതും, രഹസ്യപ്പോലീസും റഷ്യാക്കാരും ഇല്ലാത്തതും, സത്യംപറയുന്ന പത്രങ്ങളുള്ളതുമായ ഒരു നാട്. ഗവമ്മേണ്ടു പുതിയ അടിസ്ഥാനങ്ങളിൽ ഉള്ള ഒന്നായിരിക്കണം. ഇംറിനാഗി ഒരു സ്വതന്ത്രഗവമ്മേണ്ടു രൂപീകരിക്കുമെന്നും, റഷ്യാക്കാരെ ഹംഗറിയിൽനിന്നു പറഞ്ഞയയ്ക്കുമെന്നും ഞങ്ങൾ ആശിച്ചു. നാഗി ഒരു കമ്മ്യൂണിസ്ററുകാരനായിരുന്നു; എങ്കിലും ദേശാഭിമാനി ആയിരുന്നു."

ഈവാ ഒരു നല്ല കത്തോലിക്കാ വിശ്വാസി ആയിരുന്നു. ആ വിശ്വാസത്തെ അവൾ അഭംഗുരം സൂക്ഷിച്ചിരുന്നു. നമ്മുടെ മഹത്തായ വിപ്ലവം കർദ്ദിനാൾ ജോസഫ് മിൻസെന്തി തിരുമേനിയെ കാരാഗൃഹത്തിൽനിന്നു ചൊവ്വാഴ്ച രാവിലെ 8.55ന് മോചിപ്പിച്ചു. തിരുമേനി ബുഡായിൽ എത്തിയിരിക്കുന്നു" എന്ന റേഡിയോവാത്ത അവളുടെ ജീവിതത്തിൽ ശ്രവിച്ചിട്ടുള്ളതിൽവച്ചു് ഏററവും ആനന്ദകരമായ ഒന്നായിരുന്നു. ജയിലിൽ കിടന്നു് കർദ്ദിനാൾ തിരുമേനി അനുഭവിച്ച പാടുപീഢകളെപ്പററി ഈവാ കേട്ടിരുന്നു. ഈവായുടെ അമ്മ പറഞ്ഞു "തിരുമേനി ഹംഗറിയോടു വിശ്വസ്തനാണ്; അദ്ദേഹം

ദൈവത്തോടും വിശ്വസ്തനാണ്."

പക്ഷെ ജയിലിൽ നിന്ന അവിശ്വസനീയങ്ങളായ ചില വാർത്തകൾ പരന്നു. കർദ്ദിനാൾ മിൻസെന്തിയെ 14–രഹസ്യപ്പോലീസുകാർ വളഞ്ഞിരിക്കുന്നു എന്ന വിവരം അറിഞ്ഞ് ഹംഗേറിയൻ സേനയിലെ നാലുദ്യോഗസ്ഥന്മാർ സംഭവസ്ഥലത്തെത്തുകയും, രഹസ്യപ്പോലീസിനെ പരാജയപ്പെടുത്തിയ ശേഷം തിരുമേനിയെ സുരക്ഷിതമായ ഒരു സ്ഥാനത്തു എത്തിച്ചിരിക്കുന്നു എന്നതായിരുന്നു ആ വാർത്ത. കർദ്ദിനാളിന്റെ രക്ഷയ്ക്കുന്നപേരിൽ ഒരു റഷ്യൻ ടാങ്ക് പാഞ്ഞെത്തി. അപ്പോഴേയ്ക്കും തിരുമേനി അദ്ദേഹത്തിന്റെ ജനങ്ങളുടെ കൂടെ ആയിക്കഴിഞ്ഞിരുന്നു.

പിറെറന്ന് ആ നാലു സൈനികോദ്യോഗസ്ഥന്മാർ കർദ്ദിനാൾ തിരുമേനിയെ ബുഡായിലുള്ള അദ്ദേഹത്തിന്റെ ഔദ്യോഗികവസതിയിൽ എത്തിച്ചു. അവിടെ നിന്ന് ആ വൈദികമേലധ്യക്ഷൻ ഹംഗേറിയൻ ജനതയെ ഇപ്രകാരം അറിയിച്ചു.

"സ്വാതന്ത്ര്യത്തിനു വേണ്ടി യുവജനങ്ങളും, പടയാളികളും, സർവ്വകലാശാലാവിദ്യാർത്ഥികളും, ഗ്രാമീണരും, കൃഷീവലരും, തൊഴിലാളികളും ഉപയോഗിച്ച ആയുധങ്ങളെ ഞാൻ വിലമതിക്കുന്നു. എട്ടുവർഷത്തെ കാരാഗൃഹവാസത്തിനുശേഷം അവർ എന്റെ കാരാഗൃഹത്തിന്റെ കവാടങ്ങളെ തല്ലിത്തുറന്നു. ധീരരായ ആ ഓഫീസർമാർ യാതൊന്നും കൂസാതെ ഞാൻ താമസിച്ച ഭവനത്തിലെത്തി. അവരെന്നെ കൂട്ടിക്കൊണ്ടുപോന്നു. ഞാൻ ബാരക്കിൽ വിശ്രമിച്ചു. ഹംഗേറിയൻആയുധങ്ങൾക്കു ഞാൻ സ്ലൈഹികമായ ആശീർവാദം നൽകി. ഹംഗേറിയൻആയുധങ്ങൾ നേടിയ മഹത്വത്തെ കർഷകജനത ഇനിയും ആവശ്യം വരുമ്പോൾ വർദ്ധിപ്പിക്കുമാറാകട്ടെ എന്നു ഞാൻ ആശംസിക്കുന്നു. ഇനി ഞാൻ എന്തെങ്കിലും പ്രവർത്തിക്കുകയോ കൂടുതൽ സംസാരിക്കുകയൊ ചെയ്യുംമുമ്പ് സ്ഥിതിഗതികളുടെ വിവരം അറിയണം എന്ന് ആഗ്രഹമുണ്ട്."

കമ്മ്യൂണിസത്തോടും റഷ്യാക്കാരോടും ഉള്ള എതിർപ്പിന്റെ പ്രതീകമെന്നനിലയിൽ കർദ്ദിനാൾ മിൻസെന്തിയുടെ ഒരു

ചിത്രം ഈവാപാൾ പല കൊല്ലങ്ങളായി സൂക്ഷിച്ചിരുന്നു. ഒടിഞ്ഞുമടങ്ങിപ്പഴകിയ ആ ചിത്രം അവൾ ഭിത്തിയിൽ പ്രതിഷ്ഠിച്ചപ്പോൾ സ്വതന്ത്രഹംഗറിയുടെ ഭാവിചിത്രം അവളുടെ ഹൃദയത്തിൽ അങ്കുരിച്ചു.

"പ്രധാനമന്ത്രി കർദ്ദിനാൾതിരുമേനി ആയിരിക്കണം" അവൾ ഭർത്താവിനോടു പറഞ്ഞു.

അത്ര മതഭക്തനല്ലാത്ത സോൾട്ടൻ പറഞ്ഞു "പ്രധാനമന്ത്രിയാകുമെന്നു തോന്നുന്നില്ല. ഒരു കർദ്ദിനാൾ ഒരു ഭരണക്കൂടത്തെ നയിക്കുന്നതു ശരിയാണെന്നു എനിക്കു തോന്നുന്നില്ല."

"എന്നാലും ഗവൺമെണ്ടിൽ തിരുമേനിയും ഉണ്ടായിരിക്കണം" ഈവാ നിർബന്ധമായി പറഞ്ഞു.

"അതു ഒരു പക്ഷെ ശരിയായിരിക്കും" സോൾട്ടൻ സമ്മതിച്ചു.

പിറെറദിവസം കർദ്ദിനാൾതിരുമേനിയുടെ ഉത്തേജജനകമായ സ്വരം റേഡിയോവിലൂടെ കേട്ടു. അപ്പോൾ ഈവാ പറഞ്ഞു ,, തിരുമേനിയല്ലാതെ വേറെയാരാണു ഹംഗറിയുടെ നേതാവു്. നാഗിഇംറിയെ വിശ്വസിക്കുവാൻ പാറുമോ?" ഹംഗേറിയൻ ഭാഷയിൽ പേരുകൾ മറിച്ചാണു് പറയുക.

"നാഗിഇംറിയെ എനിക്കിഷ്ടമാണു്" സോൾട്ടൻ പറഞ്ഞു. മഹാധീരനായ ഒരു മനുഷ്യനാണദ്ദേഹം"

"എന്നാൽ കർദ്ദിനാൾ മിൻസെന്തിയും നാഗിഇംറിയും കൂടെ ഗവൺമെണ്ടു നടത്തട്ടെ, എന്താ?"

"നടത്താം, നാഗിഇംറി പ്രധാനമന്ത്രി ആയിരിക്കണമെന്നേയുള്ളൂ."

ഈ നിർദ്ദേശം ഈവാ അയൽപക്കത്തെ പെണ്ണുങ്ങളോടു പറഞ്ഞു. അവർക്കെല്ലാം ആ നിർദ്ദേശം ഇഷ്ടമായി.

"ഗവർമ്മെണ്ടിൽ കർദ്ദിനാൾ ഉണ്ടായിരിക്കേണ്ടതു അത്യാവശ്യമാണു്" ഈവാ ഉറപ്പിച്ചു പറഞ്ഞു.

"രഹസ്യപ്പോലീസുകാർ ഉണ്ടായിരിക്കുകയും അരുതു്"

"റഷ്യാക്കാരും പോകണം" സോൾട്ടൻ പൂരിപ്പിച്ചു.

നവംബർ 2ാം തീയതി കർദ്ദിനാൾ തിരുമേനി ഗവർമ്മെണ്ട രൂപീകരണത്തിൽ സംബന്ധിക്കുന്നതിനുള്ള വ്യവസ്ഥകൾ അറിയിച്ചു. പക്ഷെ സോൾട്ടനോടു സംസാരിച്ച തൊഴിലാളികൾ ഒരു അഭിപ്രായം പുറപ്പെടുവിച്ചു. അവരുടെ വാദം ഇതായിരുന്നു റഷ്യാക്കാർ ഈ വ്യവസ്ഥകളെപ്പററി കേൾക്കും. ബുഡാപെസ്റ്റിലേക്കു മടങ്ങിവരാൻ അവർക്കിതൊരു ഒഴിവു കഴിവാകും. പുരോഹിതന്മാരും പിന്തിരിപ്പന്മാരും കൂടിയാണു വിപ്ളവം നടത്തിയതെന്ന് അവർ പറയും. നോക്കിക്കോ"

പൊൻകിനാക്കളുടേതായ ആ ദിവസങ്ങൾ . . . സ്വാതന്ത്ര്യവും നിഷ്പക്ഷവും മാതൃകാപരവും, സുശക്തവും, സുഭിക്ഷവും, സ്വച്ഛവും സംതൃപ്തവുമായ ഒരു കൊച്ചു രാഷ്ട്രത്തിൻെറ കെട്ടിപ്പടുക്കലിനെ ഹംഗേറിയൻ ജനത പ്രത്യാശിച്ചുകൊണ്ടിരിക്കെ, കിഴക്കുനിന്നും രക്തം മരവിപ്പിക്കുന്ന ഒരു വാർത്ത കേട്ടു. തെരുവിൽ കൂടി ഒരു കുട്ടി ഓടിവന്നുകൊണ്ടു പറഞ്ഞു, ആറുകണക്കിനു റഷ്യൻ ടാങ്കുകൾ വിമാനത്താവളത്തിൽ നിന്നും ഇളകിത്തുടങ്ങിയിരിക്കുന്നുഎന്ന്. അവ ചെറിയ ടാങ്കുകളല്ല, ബ്രഹ്മാണ്ഡങ്ങൾ –

ആ വാർത്തയ്ക്കു പെട്ടെന്നു സ്ഥിരീകരണമുണ്ടായി. റഷ്യാക്കാർ സംഘാതമായി തിരിച്ചുവരുകയാണ്. പുതിയ ടാങ്കുകൾ! ശക്തികൂടിയ പുതിയ പീരങ്കികൾ ഘടിപ്പിച്ചവ. ഗാസോലിൻ ബോംബുകൾകൊണ്ടൊന്നും തകർക്കാൻ പററാത്തവ.

റഷ്യൻ ചമുപ്പു നിലങ്ങളിൽ നിന്നുള്ള തണുത്ത കാററുതുന്നു. നവംബർ 4–ാം തീയതി ഞായറാഴ്ച വെളുപ്പിനു 4–മണിക്കു നഗരത്തെ പിളക്കുന്ന റഷ്യൻ പീരങ്കികളുടെ ഒച്ച കേട്ടാണു ബുഡാപെസ്ററ് ഉണന്നതു്.

സംഹാരതാണ്ഡവം നടത്തിക്കൊണ്ടു് റഷ്യൻ ടാങ്കുകൾ ബുഡായിലെത്തിയപ്പോൾ നേരം വൈകി. സോൾട്ടനും ഈവായും പാക്കുന്ന കെട്ടിടത്തിൻെറ അടുത്തുള്ള ഒരു വീടാണ് അവർ തകക്കുന്നതു്. നാലാം നിലയിലെ ഒരു മുറിയിൽ ജനലിൻെറ മറവിൽ ആ യുവദമ്പതികൾ മരണത്തെ പ്രതീക്ഷിച്ചുകൊണ്ടുനിന്നു.

സ്വാതന്ത്ര്യത്തിൻേറതായ ആ ദിവസങ്ങൾ അസ്തമിച്ചു.

വിഭിന്നമായ ഒരു ഭാവിയിലേക്ക എത്തിനോക്കാൻ ഹംഗേറിയൻ ജനതയ്ക്കു് പ്രകാശത്തിന്റെ കിളിവാതിൽ തുറന്നിട്ട ആ അഞ്ചു ദിവസങ്ങൾ അവസാനിച്ചു. ധീരമായ ആ ദേശീയ വിപ്ലവത്തിന്റെയും, ഹ്രസ്വമായ സ്വാതന്ത്ര്യത്തിന്റെയും, ഓർമ്മകളെപ്പോലും റഷ്യൻ ടാങ്കുകൾ നശിപ്പിച്ചുകളഞ്ഞു. ഐക്യരാഷ്ട്ര സംഘടനയും, യുണൈററഡ് സ്റ്റേററ്സും ഹതഭാഗ്യയായ ഹംഗറിയുടെ സഹായത്തിനെത്തിയില്ല.

# 5 റഷ്യൻ ഭീകരത

നവംബർ നാലാം തീയതി വെളുപ്പിനു് 4മണി. റഷ്യാക്കാർ ബുഡാപെസ്റ്റിൽ മടങ്ങിയെത്തി. ആധുനിക ചരിത്രത്തിൽ തുലനം ചെയ്യാൻ ആവാത്ത ഭീകരതയോടെ അവർ ആ നഗരത്തെ നശിപ്പിച്ചു. പക്ഷെ ലോകത്തിന്റെ മുമ്പിൽ അതോടെ അവരുടെ മൂടുപടം നീക്കപ്പെട്ടു. കരുണയില്ലാത്ത അക്രമികളും, കൊലപാതകികളും, ഭ്രാന്തു് പിടിച്ച കിരാതരും ആണു് അവർ എന്നു് ലോകത്തിനു ബോധ്യമായി.

ബുഡാപെസ്റ്റിലെ നഷ്ടാവശിഷ്ടങ്ങളിലും യന്ത്രത്തോക്കുകൾ കൊയ്തുകൂട്ടിയ കുഞ്ഞുങ്ങളുടെയും, സ്ത്രീകളുടെയും, എണ്ണമില്ലാത്ത ശവകുടീരങ്ങളിൽ ഉപഗ്രഹരാജ്യങ്ങളോടു് സോവ്യററു്റഷ്യ പ്രഖ്യാപിച്ചിട്ടുള്ള സൗഹൃദത്തിന്റെ വാഗ്ദാനങ്ങളും അടക്കപ്പെട്ടിരിക്കുന്നു. പൈശാചികങ്ങളായ ആ എട്ടുദിവസങ്ങൾ. ആ ദിവസങ്ങൾ അസന്ദിഗ്ദ്ധമായി തെളിയിച്ചു പോളണ്ടും, ബൽഗേറിയായും, ലിത്വേനിയായും, റിപ്പബ്ലിക്കുകൾ എന്നു പറയപ്പെടുന്ന മദ്ധ്യയൂറോപ്പിലെ രാജ്യങ്ങളും, ഭീകരമായ മൃഗീയതയുടെ അടിമകളാണെന്നു്.

ഇങ്ങനെയൊരറിവു് ലോകത്തിനു നൽകാൻ ബുഡാപെസ്റ്റു് കൊടുത്ത വില ഭയങ്കരമായിരുന്നു. എന്നിരിക്കിലും റഷ്യയുടെ വൃത്തികെട്ട നുണകളും, വഞ്ചനകളും ലോകത്തിന്റെമുമ്പിൽ നഗ്നമായി പ്രദർശിപ്പിച്ച ബുഡാപെസ്റ്റിന്റെ ധീരത ഭാവി ചരിത്രത്തിൽ നക്ഷത്രംപോലെ പ്രകാശിക്കും.

നിരായുധരും, നിരാലംബരും ആയിരുന്ന ബുഡാപെസ്റ്റിലെ ജനങ്ങളോടു് റഷ്യാക്കാർ കാണിച്ച ചുണ ബീഭത്സമായിരുന്നു. ബുഡായിലെ 770 അടി ഉയരമുള്ള ഗെല്ലർട്ടു്ഹിൽ എന്ന കുന്നിന്റെ മുകളിൽ അവർ പീരങ്കികൾ സ്ഥാപിച്ചു. 4 അടി നീളം വരുന്ന ഷെല്ലുകളാണു് അവർ നഗരമദ്ധ്യത്തിലേക്കു അനവരതം വർഷിച്ചതു്. 140,000 റഷ്യൻ കാലാൾഭടന്മാർ

യന്ത്രത്തോക്കുകളുമായി നഗരത്തിലെങ്ങും കൊടുങ്കാററുപോലെ ചുററിയടിച്ചു. അതിനും പുറമെ 60,000 റഷ്യൻ ഭടന്മാരെ റിസർവായി ഒരുക്കിനിർത്തുകയും ചെയ്തിരുന്നു. ആരായാലും വെടിവച്ചു കൊന്നേയ്ക്കാനായിരുന്നു റഷ്യൻ ഭടന്മാർക്കു നൽകപ്പെട്ടിരുന്ന ഉത്തരവ്. കോളേജുവിദ്യാർത്ഥിയായാലും അപ്പക്കഷണവുമായി പോകുന്ന വൃദ്ധയായാലും.

പിന്നീടു വന്നെത്തിയതു് പുതിയ ടാങ്കുകളായിരുന്നു– 4000– ടാങ്കുകൾ. അവ പഴയതുപോലെ പെട്ടെന്നു് നശിപ്പിക്കപ്പെടാവുന്നവ ആയിരുന്നില്ല.– പൂർണ്ണായുധീകൃതങ്ങളായ ഭീകരസത്വങ്ങൾ– മണിക്കൂറിൽ 40 മൈൽ വേഗതയും, മററേതുവാഹനത്തെയും തകർത്തു മുന്നോട്ടുപോകാനുള്ള കഴിവും ഉള്ളവ ആയിരുന്നു. ആ ടാങ്കുകളിൽ 2000–എണ്ണത്തെ ബുഡാപെസ്റ്റു് നഗരത്തിൽ റഷ്യാക്കാർ കൊണ്ടുവന്നു. അത്രയുംതന്നെ ടാങ്കുകൾ റിസർവായി നിർത്തുകയും ചെയ്തു.

ആകാശത്തിൽ ആയിരക്കണക്കിനു് ബോംബർ ജററ് വിമാനങ്ങൾ പറന്നു് മർമ്മസ്ഥാനങ്ങളിൽ ബോംബു വർഷിച്ചു. ഭീകര സ്ഫോടനക്ഷമങ്ങളായ റോക്കററുകൾ ഇടയ്ക്കിടക്കു അവയിൽ നിന്നു വിക്ഷേപിക്കപ്പെട്ടു. നിസ്സഹായരും നിരായുധരും ആയ ഹംഗേറിയൻജനതയെ കൊന്നൊടുക്കുന്നതു് റഷ്യാക്കാർക്കു് ഒരു വിനോദമായിത്തീൎന്നു.

എന്നിട്ടും റഷ്യാക്കാർ തൃപ്തരായില്ല. റഷ്യൻഭടന്മാർ തെരുവുനീളെ നടന്നു് ഇരുവശങ്ങളിലേക്കും കൊള്ളുത്തിയ പന്തങ്ങൾ എറിഞ്ഞു.

റഷ്യാക്കാർ മറെറാരു അടവുകൂടെ പ്രയോഗിച്ചു് അവരുടെ വിജയം പൂർത്തിയാക്കി. ഹംഗേറിയൻജനതയുടെ ധീരനേതാവായ ജനറൽ മലേഞ്ഞറെ അവർ സന്ധിയാലോചനയ്ക്കു ക്ഷണിച്ചു. "ഹംഗറിയിൽനിന്നു സോവിയററ്സേനകളെ മുഴുവനും പിൻവലിക്കാമെന്നും, ഹംഗറിക്കു പരിപൂർണ്ണ സ്വാതന്ത്ര്യം നൽകാമെന്നും അവർ വാഗ്ദാനംചെയ്തു. ജനറൽ മലേഞ്ഞർ ആഹ്ളാദഭരിതനായി. സന്ധിക്കു ഒപ്പുവയ്ക്കുന്നതിനു് പിന്നീടു വരണമെന്നുപറഞ്ഞു അദ്ദേഹത്തെ അവർ തിരിച്ചയച്ചു. ഹംഗേറിയൻജനതയോടു അദ്ദേ

ഹം സദ്വാത്ത അറിയിച്ചു. എതിർപ്പുകൾ അവസാനിച്ചു. പിന്നീടു സന്ധിയിൽ ഒപ്പുവയ്ക്കാനായി സോവ്യററ് അധികൃതരുടെ ആസ്ഥാനത്തു് ജനറൽ മലേഞ്ഞർ എത്തി. തൽക്ഷണം റഷ്യാക്കാർ അദ്ദേഹത്തെ അറസ്റ്റു് ചെയ്യുകയാണുണ്ടായതു്. അവർ അദ്ദേഹത്തെ സൈബീരിയായിലേക്കു നാടുകടത്തി.

മലേഞ്ഞരുടെ അന്തർധാനം ഹംഗേറിയൻ ജനതയെ ഭഗ്നാശയരാക്കി. അവർ നേതാവും, സൈന്യാധിപനും, ആയുധങ്ങളുമില്ലാതെ പിന്നെയും റഷ്യാക്കാരുടെനേരെ യുദ്ധത്തിനിറങ്ങി– ലോകചരിത്രത്തിൽ ധീരോദാത്തതയ്ക്കും, സഹനത്തിനും, ത്യാഗത്തിനും റിക്കാഡ്സൃഷ്ടിച്ച ആ ഹംഗേറിയൻയുവാക്കൾ പിന്നീടു് അവരുടെ വീടുകളിലേക്കു് മടങ്ങിയില്ല. ദേശാഭിമാനത്തിന്റെമുമ്പിൽ ഹംഗറിക്കാർ അവരുടെ കമ്മ്യൂണിസത്തെ വലിച്ചെറിഞ്ഞു് വിദേശഭീകരക്കെതിരായി പടവെട്ടിമരിച്ചു.

സോവ്യററ് സൈന്യവ്യൂഹങ്ങൾക്കെതിരായി പ്രയോഗിക്കാൻ ഹംഗറിക്കു കുറെ നാടൻ ഗാസോലിൻ ബോംബുകൾ മാത്രമാണുണ്ടായിരുന്നതു്. ഞായറാഴ്ചമുഴുവനും, നഗരത്തിൽ റഷ്യാക്കാർ പീരങ്കിയുണ്ടകൾ ചിതറിച്ചു.പിന്നീടു എതിരാളികളെ ഓരോ സ്ഥലത്തുവച്ചു് നശിപ്പിക്കാനാണു് അവർ തുടങ്ങിയതു്.

ആയത്നത്തിൽ റഷ്യാക്കാർക്കു ഒരു തെററുപററി. നഗരവാസികൾ വീടിനുള്ളിൽ തന്നെകഴിച്ചുകൂട്ടി. അങ്ങിങ്ങായി ധീരരായ യുവജനങ്ങൾ അവരാലാവതു് ചെയ്തു കൊണ്ടേയിരുന്നു. റഷ്യൻ ടാങ്കുകൾ ഒരു തെരുവിൽ പ്രവേശിച്ചാൽ അവർ വീഥിയുടെ ഇരുവശങ്ങളും കല്ലുകളും, മരങ്ങളും കൊണ്ടു തടയും. എന്നിട്ടു ഗാസോലിൻ ബോംബുകൾ എറിഞ്ഞു അവയെ നശിപ്പിക്കും.

ബുഡായിലെ മോറീസ്സ്ക്വയറിൽ ഒരു കോളെജ് വിദ്യാർത്ഥിയാണു് സമരത്തിനു് നേതൃത്വം വഹിച്ചതു്. അഞ്ചുകാറുകൾ നശിപ്പിക്കാനും 60 റഷ്യാക്കാരെ വധിക്കാനും അവനു സാധിച്ചു. ഹംഗേറിയൻഭടന്മാർ ഈ യോദ്ധാക്കൾക്കു്

ആയുധങ്ങൾ നൽകിക്കൊണ്ടിരുന്നു.

7 ടാങ്കുകൾ മോറീസ് സ്ക്വയറിൽവച്ചു നശിപ്പിക്കപ്പെട്ടപ്പോൾ ഗെല്ലർട്ട് ഹില്ലിൽനിന്ന് പുതിയ റഷ്യൻടാങ്കുകൾ പ്രതികാരത്തിനായി വന്നെത്തി.

ഗീഗർ സുന്ദരനായ ഒരു യുവാവാണ്. 22 വയസ്സ് പ്രായം. ആ റഷ്യൻടാങ്കുകൾ വന്നപ്പോൾ അവൻ ഡ്യൂട്ടിയിലായിരുന്നു. "അവർ ജയിച്ചില്ല" ഗീഗർ പറയുകയാണ്, "ഞങ്ങൾ അതെങ്ങനെ സാധിച്ചു എന്നു വിവരിക്കുക വിഷമമാണ്; യുദ്ധത്തിൽ ഞങ്ങൾ ഒരു ടാങ്കിനെ കൊന്നു; മററുള്ളവയെ തിരിച്ചോടിക്കുകയും ചെയ്തു."

അതു യുദ്ധത്തിന്റെ ആദ്യഘട്ടമായിരുന്നു: രണ്ടാംഘട്ടം കുറെക്കൂടെ ഭയാനകവും നിർണ്ണായകവും ആയിരിക്കുമെന്ന് അവർക്ക് അറിയാമായിരുന്നു. ഗീഗറും അവന്റെ ആളുകളും മോറീസ് സ്ക്വയറിൽ സമരത്തിനു തയാറായിത്തന്നെ നിലയുറപ്പിച്ചു.

ഗല്ലാർട്ട് ഹില്ലിൽ നിന്ന് പൈശാചികങ്ങളായ പീരങ്കിയുണ്ടകൾ നാലുപാടും ചീറിക്കൊണ്ടേയിരുന്നു. പിന്നീടു പ്രവൃദ്ധമായ ശക്തിയോടും, ഉഗ്രമായ പ്രതീകാരാവേശത്തോടും കൂടി അവർ വന്നു; റഷ്യൻ ടാങ്കുകൾ. രണ്ടു മണിക്കൂർ നേരത്തേക്കു ആ സമരം നീണ്ടു. മോറീസ് സ്ക്വയറിലെ കെട്ടിടങ്ങളെല്ലാം തകർന്നു. അങ്ങനെ ആ സ്ക്വയർ അവരുടെ പിടിയിൽ അമർന്നു.

ഗീഗറും അവന്റെ ആൾക്കാരും കാസിൽഹില്ലിലേക്കു പോയി (അരമനക്കുന്ന്). അതു ഹെല്ലർട്ട് ഹില്ലിന്റെ വടക്കാണ്. മിക്കതെരുവുകളും മിക്കവാറും കിഴക്കോട്ടുക്കായിട്ടാണ് ആ കുന്നിന്റെ മുകളിൽ എത്തിച്ചേരുന്നതു്. കാസിൽ ഹില്ലിന്റെ പ്രതിരോധത്തിൽ ഏർപ്പെട്ടവരിൽ അധികം പേരും കോളേജ് വിദ്യാത്ഥികളായിരുന്നു. അവരുടെ കൂട്ടത്തിൽ യുദ്ധമുറകൾ അറിയാവുന്ന ഏതാനും പേരുണ്ടായിരുന്നു. മോറീസ് സ്ക്വയർ സമരത്തിൽ നിന്ന് ഇതു വ്യത്യസ്തമായിരുന്നു. കാരണം ധാരാളം പെൺകുട്ടികൾ ഇതിൽ പങ്കെടുത്തു. അവർ ധീരധീരം പടവെട്ടി.

കാസിൽ ഹില്ലിൻെറ പ്രതിരോധത്തിൽ ഏർപ്പെട്ടിരിക്കുന്നതു ഏതോ വലിയ ഒരു സമരശക്തിയാണെന്നു് റഷ്യാക്കാർ കരുതി. ഒരുപിടി യുവതികളും യുവാക്കന്മാരും മാത്രമാണു് ആ യുദ്ധവ്യൂഹം എന്നു് അവർക്കു് സങ്കല്പിക്കാൻപോലും കഴിഞ്ഞില്ല. അതുകൊണ്ടു് ഒരു മഹായുദ്ധത്തിനായിട്ടാണു് റഷ്യാക്കാർ കോപ്പുകൂട്ടിയതു്. ഹെല്ലാർട്ടു് ഹില്ലിൽ നിന്നു് അവർ കാസിൽ ഹില്ലിലേക്കു നിഷ്ക്കരുണം ഷെല്ലുകൾ വർഷിച്ചു; അതിൻെറ പിന്നാലെ യന്ത്രത്തോക്കുധാരികളായ കാലാൾ പട്ടാളത്തെയും.

ഷെൽവർഷം അവസാനിച്ചപ്പോൾ ആൺകുട്ടികളും പെൺകുട്ടികളും അവരുടെ ഒളിസ്ഥലങ്ങളിൽ നിന്നു് മാന്ത്രികശക്തിയാലെന്ന പോലെ പ്രത്യക്ഷപ്പെട്ടു. അവരുടെ കൂട്ടത്തിൽ ഇംറിഗീഗറും ഉണ്ടായിരുന്നു. പ്രതിരോധചരിത്രത്തിൽ സുവർണ്ണലിപികളിൽ രേഖപ്പെടുത്തേണ്ടുന്ന ആ സംഭവത്തെപ്പററി ഗീഗർ പറയുന്നു. "ഒരൊററ പ്രശ്നമേ ഞങ്ങൾക്കുണ്ടായിരുന്നുള്ളു; ടാങ്കുകളെ നശിപ്പിക്കേണ്ടതെങ്ങനെയെന്നു്." അതിനു മൂന്നു അടവുകളാണു് ഞങ്ങൾ പ്രയോഗിച്ചതു്. റോഡുകൾ മിനുസമുള്ളവയായിരുന്നു. റോഡുകളിൽ സോപ്പുവെള്ളം പുരട്ടുക; ആ ജോലി പെൺകുട്ടികൾ നിർവഹിച്ചു. ടാങ്കുകളുടെ ചക്രങ്ങൾ വഴുവഴുപ്പുള്ള റോഡിൽ കയറുമ്പോൾ തീർച്ചയായും തെന്നി മറിയും. ആ തക്കത്തിനു അടുത്തെത്തി അതിനെ നശിപ്പിക്കുക.

രണ്ടാമത്തെ വിദ്യ ഒരു ടാങ്കു് വരുന്ന വഴി പെട്ടെന്നു് നില്ക്കത്തക്കവിധം എന്തെങ്കിലും അടവു പ്രയോഗിക്കുക. ചാരനിറമുള്ള കുട്ടവൻ പിഞ്ഞാണങ്ങൾ ചില മർമ്മസ്ഥാനങ്ങളിൽ കമഴ്ത്തി വയ്ക്കുക. ഒററനോട്ടത്തിനു് അതു എന്തോ സ്ഫോടനവസ്തുവാണെന്നു് ശത്രുക്കൾ തെററിദ്ധരിക്കും. അവർ പെട്ടെന്നു് നിന്നു പുറകോട്ടു പോകാൻ ആലോചിക്കും. അതുതന്നെ പററിയ അവസരം. കുറെ കുട്ടികൾ ചരടിൽ കൈബോംബുകൾ കെട്ടിക്കൊണ്ടു് റോഡിൻെറ ഇരുവശത്തും ഒളിച്ചിരിക്കും. ടാങ്കുകൾ പെട്ടെന്നു് നില്ക്കുമ്പോൾ അവയെ പ്രയോഗിക്കുക.

മൂന്നാമത്തെ അടവു് റഷ്യൻ ടാങ്കുകളെ ഏതെങ്കിലുംതര

ത്തിൽ ആകൎഷിച്ചു തെരുവിന്റെ ദുൎഘടമായ ഒരു വളവി ൽ എത്തിക്കുക. അതിനു് പെൺകുട്ടികൾ പ്രയോഗിച്ച അടവു് അത്ഭുതാവഹമായിരുന്നു. വാതുക്കൽ അവർ ചൂലുകൾ ചാരിനിൎത്തും. ദൂരെനിന്നു നോക്കിയാൽ അവ തോക്കുകളാണെന്നു ശത്രുക്കൾ സങ്കല്പിക്കും. അവർ ലക്ഷ്യത്തിലേക്കു പാഞ്ഞെത്തും. അങ്ങനെ കുടുക്കിൽ വീഴും. പിന്നീടു അവരെ നശിപ്പിക്കാൻ വിഷമമില്ല.

പക്ഷെ റഷ്യാക്കാരും കരുതിക്കൂട്ടിത്തന്നെയാണു് വന്നതു്. ഏതെങ്കിലും ഹംഗറിക്കാരനെ എവിടെയെങ്കിലും കണ്ടാൽ ഉടനെ വെടിവച്ചു കൊന്നുകൊള്ളാനാണു് റഷ്യൻ പട്ടാളക്കാൎക്കു ലഭിച്ച ഉത്തരവു്. കാസിൽഹില്ലിലെ യുവയോദ്ധാക്കൾക്കു അതു അറിയാമായിരുന്നുതാനും. ഒരു ടാങ്കിനെ വധിക്കാൻ അവൎക്കു പല ഉപായങ്ങളും ഉണ്ടായിരുന്നു. പാറക്കല്ലുകൾ പാകിയ റോഡിൽ കുഴിയുള്ള സ്ഥലത്തു ഒരു മെക്കാനിക്കു് എന്തുചെയ്യുന്നോ. അതിൽ അവർ ഗാസോലിൻ ഒഴിച്ചു നിറച്ചു. ടാങ്കു അടുത്തെത്തുന്ന മുഹൂൎത്തത്തിൽ അതിലേക്കു അയാൾ ഒരു കൈബോംബു എറിയും. ആ അഗ്നി പ്രളയത്തിൽ മുങ്ങി ടാങ്കു നശിക്കും

ധീരനായ മറ്റൊരാൾ കറൻറുള്ള ഒരു എലട്രിക് കമ്പി ടാങ്കിൽ ഘടിപ്പിച്ചു് അതിലുണ്ടായിരുന്ന റഷ്യൻ യോദ്ധാക്കളെ ക്ഷണനേരം കൊണ്ടു ചാമ്പലാക്കി.

പറഞ്ഞാൽ വിശ്വസിക്കുകയില്ല; പക്ഷെ അതു സത്യമാണു്: അനേകം ടാങ്കുകളെ നിരായുധരായ ഏതാനും ആൺകുട്ടികളും പെൺകുട്ടികളും ചേൎന്നു നിശ്ശേഷം നശിപ്പിച്ചു.

"മരണത്തെ ഭയമില്ലാത്ത ഇമ്മാതിരി പെൺകുട്ടികൾ ഏതെങ്കിലും നാട്ടിൽ കാണുമോ എന്നു് ഞാൻ സംശയിക്കുന്നു. ആ യുവതികളിൽ പലരും കൊല്ലപ്പെട്ടു.

പന്ത്രണ്ടു വയസ്സുള്ള ഒരു ബാലൻ' അവന്റെ പേരെന്തെന്നു അറിയാൻ കഴിഞ്ഞിട്ടില്ല. സോവിയറ്റുകളുമായുള്ള അന്തിമസമരത്തിൽ അവൻ ഉണ്ടായിരുന്നു. കൈനിറയെ കൈബോംബും കൊണ്ടു ഒരു ടാങ്കുനിരയുടെനേരെ അവൻ പായുകയാണു്. ആളുകൾ അവനെ വിലക്കി. അവൻ കൂട്ടാക്കിയില്ല. ആ ഭീകര സത്വങ്ങളുടെ മുമ്പിലേക്കു അവൻ പാഞ്ഞു. അവൻ ബോംബുകൾ

പൊട്ടിച്ചു. ആ പൊട്ടിത്തെറിക്കലിൽ അവനും അന്തരിച്ചു.

അൽപനേരത്തേക്കു ടാങ്കുകൾ നില്ക്കുമ്പോൾ മുതിന്നവർക്കു അവയുടെ മേൽ ചാടി വീഴാമല്ലൊ എന്നതായിരുന്നു അവന്റെ കരുന്നു മനസ്സിലുണ്ടായിരുന്ന യുക്തി.

ഒടുവിൽ കാസിൽ ഹില്ലും റഷ്യാക്കാർ കൈവശമാക്കി. റഷ്യൻ കാലാൾപട ശേഷിച്ചിരുന്ന എതിരാളികളെ എല്ലാം സംഹരിക്കുകയും ചെയ്തു. എന്നിരിക്കിലും റഷ്യാക്കാരുടെ ഏററവും മെച്ചപ്പെട്ട ഇരുപതിൽപ്പരം ടാങ്കുകൾ ആ കാസിൽ ഹില്ലിന്റെ താഴെ തകന്നു കിടന്നിരുന്നു.

കാസിൽ ഹിൽ പിടിച്ചടക്കിയപ്പോൾ 30 – ഹംഗേറിയൻ യുവാക്കൾ കീഴടക്കത്തിന്റെ ചിഹ്നമായ വെള്ളക്കൊടിയും പിടിച്ചുകൊണ്ട് ചെന്നു. മൂന്നു ദിവസം അവർ തടങ്കലിൽ കിടക്കേണ്ടി വന്നു. മൂന്നാം ദിവസം അവരെ റഷ്യാക്കാർ നിരയായി നിത്തിയിട്ടു ഒരു യന്ത്രത്തോക്കിനു ഊണാക്കി.

ബുഡാപെസ്റ്റിലെ വീടുകൾ, എവിടെ നിന്നെങ്കിലും ഒരു വെടിയുടെ ശബ്ദം കേട്ടാൽ ആ ഭാഗത്തെ വീടുകൾ മുഴുവനും തകത്തേക്കാനാണ് റഷ്യാക്കാർക്കു അവരുടെ മേധാവികൾ നൽകിയിരുന്ന നിർദ്ദേശം. ആ ചട്ടം ഏററവും പൈശാചികമായി തന്നെ അനുസരിക്കപ്പെട്ടു. അങ്ങനെ അനേകം വീടുകൾ നശിച്ചു; അനേകായിരം ഹംഗറിക്കാർ അവയിൽ ജീവനോടെ സംസ്കരിക്കപ്പെട്ടു.

തങ്ങളോട്ടു സഹകരിക്കാത്തവരോ, തങ്ങളോടു അനുഭാവമില്ലാത്തവരോ ആയ ജനങ്ങളോടാണ് റഷ്യാക്കാർ ഈ ക്രൂരത പ്രവത്തിച്ചിരുന്നെങ്കിൽ അതു മനസ്സിലാക്കാമായിരുന്നു. ഹംഗേറിയന്മാർ "റഷ്യാ വിരുദ്ധരോ" പ്രതിവിപ്ലവകാരികളോ ആയിരുന്നില്ല. കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിൽ കമ്മ്യൂണിസ്റ്റുകളോടു ഏററവും കൂടുതൽ സഹകരിച്ച ഒരു ജനതയെ ആണ് റഷ്യാക്കാർ കൊന്നൊടുക്കിയതു്.

റഷ്യൻ ടാങ്കു പട്ടാളം മനുഷ്യത്വത്തിന്റെ കണികപോലും പ്രകടമാക്കിയില്ല. തെരുവുകളിൽ കണ്ട കുഞ്ഞുങ്ങളെയും സ്ത്രീകളെയും അവർ പ്രകോപനഹേതു കൂടാതെതന്നെ കൂട്ടത്തോടെ

വെടിവച്ചുകൊന്നു. ആംബുലൻസ് ജോലിക്കാരും റെഡ്ക്രോസ് പ്രവർത്തകരും അവരുടെ കാട്ടാളത്വത്തിന് വിധേയരായി. മുറിവേററവരെ ശുശ്രൂഷിക്കാൻ എത്തിയ കന്യാസ്ത്രീകളെ അവർ യന്ത്രത്തോക്കിനു ഇരയാക്കി. ഹംഗറിക്കാരായ ഡോക്ടർമാരെപ്പോലും അവർ തടസ്സപ്പെടുത്തി. എന്നുവേണ്ട ആശുപത്രികളും, ആതുരാലയങ്ങളും അവർ നശിപ്പിച്ചു. ഭക്ഷ്യസംഭരണശാലകളെ അവർ കൊള്ളയടിച്ചു. സ്വർണ്ണാഭരണശാലകളും, വാച്ചുഡിപ്പോകളും, അവർ കൈവശപ്പെടുത്തി. നഗരം കീഴടങ്ങിക്കഴിഞ്ഞിട്ടും അവരുടെ പ്രതികാരാഗ്നി ശമിച്ചില്ല. അവരുടേതു ഒരു സംഹാര താണ്ഡവമായിരുന്നു.

7345

അവസാനത്തെ ഔട്ട്പോസ്റ്റായി ഉല്ലോയിത്തെരുവിലെ കിലിയൻ ബാരക്സ്മാത്രം പിന്നെയും എതിർത്തുകൊണ്ടുനിന്നു. ആ കെട്ടിടത്തിന്റെ പകുതിയും റഷ്യാക്കാർ വെടിവച്ചുതകർത്തു. ശേഷിച്ചഭാഗവും ആടിഉലഞ്ഞുവീഴാറായി നിലകൊണ്ടു. എന്നിട്ടും കീഴടങ്ങാതെ കറെ ഹംഗേറിയൻ യോദ്ധാക്കൾ അതിനുള്ളിൽ നിലകൊണ്ടു. അവർക്ക് ആയുധങ്ങൾ വിരളമായിരുന്നു. ഭക്ഷണ സാധനങ്ങൾതീർന്നു. വെള്ളംപോലും കിട്ടാതായി. എന്നിട്ടും അവർ എതിർത്തുകൊണ്ടുനിന്നു.

റഷ്യൻടാങ്കുകൾ ആ കെട്ടിടത്തെ സമീപിച്ചു. അവയിൽ നിന്നു വാണങ്ങളും, ബോംബുകളും പീരങ്കിയുണ്ടകളും, വർഷിക്കപ്പെട്ടു. കെട്ടിടം വീഴാറായി. അതുകൊണ്ട് അതിനുള്ളിലുണ്ടായിരുന്ന ഏതാനും ഹംഗേറിയൻ ഉദ്യോഗസ്ഥന്മാർ റഷ്യാക്കാർക്ക് കീഴടങ്ങാനായി പുറത്തേക്കിറങ്ങി. മററു ഭടന്മാർക്കു അതു സഹിക്കാൻ കഴിഞ്ഞില്ല. ബാരക്സിൽ അവശേഷിച്ചിരുന്ന ഭടന്മാർതന്നെ അവരെ വെടിവച്ചു കൊന്നു.

യുദ്ധം തുടർന്നു. മൂന്നുദിവസത്തേക്കു ആ യുദ്ധം തുടർന്നു. ഒടുവിൽ യാതൊരു ഗത്യന്തരവുമില്ലെന്നു വന്നപ്പോൾ ബാരക്സിലെ യോദ്ധാക്കൾ റഷ്യാക്കാർ കാണാതെ പിരിഞ്ഞുപോയി. നാലാം ദിവസം റഷ്യാക്കാർ ബാരക്സിലെ നഷ്ടാശിഷ്ടങ്ങളിൽ പ്രവേശിച്ചു.

ബുഡാപ്പെസ്റ്റിനു തെക്കു, ഡാന്യൂബ് നദിയിൽ

30– മൈൽ നീളമുള്ള ഒരു ദ്വീപുണ്ട് – ഷെപ്പേൽ. ഫലസമൃദ്ധവും, വമ്പിച്ച വ്യവസായങ്ങളുടെ കേന്ദ്രവും, കിഴക്കേയൂറോപ്പിലെ കമ്മ്യൂണിസ്റ്റുകളുടെ മുഖ്യകേന്ദ്രവും ആണ് ഷെപ്പേൽ. ഈ ദ്വീപിൽനിന്നാണ് കമ്മ്യൂണിസ്റ്റുകൾ ഹംഗറിയെ പിടിച്ചടക്കിയതു്. "ഷെപ്പേൽ ആണ് ഹംഗറി, ഹംഗറിയാണ് ഷെപ്പേൽ" കമ്മ്യൂണിസ്റ്റു മൈതാന പ്രസംഗകർ സാധാരണ പറയാറുള്ള ഒരു ചൊല്ലാണതു്. ഷെപ്പേലിലെ തൊഴിലാളികളാണ് കമ്മ്യൂണിസ്റ്റ് ഹംഗറിയുടെ ജീവനാഡികൾ. ഒരു ഹംഗേറിയൻ കമ്മ്യൂണിസ്റ്റ് ആചാര്യൻ ഒരിക്കൽ പറയുകയുണ്ടായി, "ഷെപ്പേലിലെ കമ്മ്യൂണിസ്റ്റുകൾ കമ്മ്യൂണിസത്തെ എതിർത്താൽ അതു് വത്തിക്കാനിലെ കർദ്ദിനാളന്മാർ പോപ്പിനെ എതിർക്കുന്നതു പോലെ ആയിരിക്കും" എന്നു്.

പക്ഷെ ആ ആചാര്യന്റെ പ്രവചനം ശരിയായിരുന്നില്ല. കമ്മ്യൂണിസത്തെ ഏററവും വീറോടെ എതിർത്തവർ ഷെപ്പേലിലെ വൻകിട വ്യവസായശാലകളിലെ തൊഴിലാളികളായിരുന്നു. ഷെപ്പേലിലെ തൊഴിലാളികളുടെ ധീരോദാത്തതയെപ്പററി മറെറാരദ്ധ്യായത്തിൽ പ്രതിപാദിക്കുന്നതാണ്.

കമ്മ്യൂണിസത്തിനെതിരായുള്ള ഹംഗേറിയൻ ദേശീയ വിപ്ലവത്തിനു് പ്രചോദനം നൽകിയതു് ഹംഗേറിയൻ സാഹിത്യകാരന്മാരും, തത്വചിന്തകരുമായിരുന്നു. അതിനെ ഊതിക്കത്തിച്ചതു് ഹംഗറിയിലെ വിദ്യാർത്ഥികളായിരുന്നു. നിരായുധരായി റഷ്യൻ ടാങ്കുകളോടു മല്ലിട്ടതു യുവതികളും യുവാക്കന്മാരും ആയിരുന്നു. പക്ഷെ ആ സമരത്തിനു് ഉശിരും ഉണർവ്വും നൽകിയതു് ഷെപ്പേലിലെ തൊഴിലാളികളായിരുന്നു. ആ കർമ്മധീരന്മാർ കമ്മ്യൂണിസത്തെ വീറോടെ ചെറുത്തു; അവരുടെ എതിർപ്പു സോവ്യററ് റഷ്യയേയും, ലോകത്തെ പൊതുവെയും അമ്പരപ്പിച്ച ഒരു സംഭവമായിരുന്നു.

കമ്മ്യൂണിസത്തിന്റെ രക്ഷകരെന്നു കരുതപ്പെട്ടിരുന്ന ഷെപ്പേലിലെ ജനങ്ങൾ കമ്മ്യൂണിസത്തിനു നൽകിയ തിരിച്ചടി ചരിത്രത്തിന്റെ പേജുകളിൽ എന്നെന്നും നിലനില്ക്കും.

ഗെല്ലർട്ട്ഹില്ലിൽ നിന്നു് റഷ്യാക്കാർ അനേകം ടൺ വെ

ടിയുണ്ടകൾ ഷെപ്പേലിലേയ്ക്കു വർഷിച്ചു. പക്ഷെ കോളേജുവിദ്യാർത്ഥികളായിരുന്നില്ല ഷെപ്പേലിലെ യോദ്ധാക്കൾ.

ഒടുവിൽ ആ ദ്വീപിലേക്കു ടാങ്കുകളെ അയയ്ക്കാതെ റഷ്യാക്കാർക്കു ഗത്യന്തരമില്ലെന്നായി. റഷ്യാക്കാരുടെ പ്രതികാരം ഇവിടെ കുറെക്കൂടി ശക്തിമത്തായിരുന്നു. കാരണം അടിയുറച്ച കമ്മ്യൂണിസ്ററുകളാണ് അവരോടു എതിർക്കുന്നതു്. അവരതു എങ്ങനെ സഹിക്കും.

ടാങ്കുകളുടെ നേരെ തൊഴിലാളികൾ ഗാസോലിൻ പൈപ്പ് ചെയ്തിട്ട് കൈബോംബുകൾ എറിഞ്ഞു സ്ഫോടനമുണ്ടാക്കി. റഷ്യാക്കാരിൽ നിന്നും പിടിച്ചെടുത്ത ഒരു വിമാന സംഹാരത്തോക്കുപയോഗിച്ചു് അവർ ഒരു റഷ്യൻ ജററു വിമാനത്തെ വെടിവച്ചു വീഴ്ത്തി.

മൃഗീയമായ ആ യുദ്ധത്തെ ഇംറിഗീഗർ ഇങ്ങനെ വർണ്ണിക്കുന്നു. "ഒരു വീപ്പയിൽനിന്നു ഞാൻ ഗാസോലിൻ ബോംബുകൾ നിറക്കുകയായിരുന്നു. കർത്താവെ, ഇതാരു്? അതെ വീപ്പയിൽ അന്നു് വേറൊരാൾ ഗാസോലിൻ ബോംബുണ്ടാക്കുന്നു. അവൻ ഒരു പുതിയ റഷ്യൻ ഭടനാണെന്നു് ഞാൻ വിചാരിച്ചു. അവൻ ആരായിരുന്നെന്നൊ? ഒരു ഉത്തരകൊറിയൻ.കൊറിയൻ യുദ്ധത്തിനു ശേഷം, തിരഞ്ഞെടുക്കപ്പെട്ട കുറെ ഉത്തര കൊറിയൻ കമ്മ്യൂണിസ്റ്റുകളെ' ഫാക്റററി പ്രവർത്തനപരിശീലനത്തിനായി ചൈനാക്കാർ ഇവിടേക്കു അയച്ചിരുന്നു. അവരെല്ലാംതന്നെ കമ്മ്യൂണിസത്തിനെതിരായി ഞങ്ങളുടെ പക്ഷത്തുനിന്നു് ആത്മാർത്ഥമായി പൊരുതി"

മറെറാരനുഭവം. വർദ്ധമാനമായി വരുന്ന കൊടുങ്കാററിനെ ചെറുക്കാൻ വെറും ഞാങ്കണകൾ എന്നപോലെ ഷെപ്പേലിലെ ദേശാഭിമാനികളായ തൊഴിലാളികൾ കൊണ്ടുപിടിച്ചുയർത്തിക്കുമ്പോൾ 18–വയസ്സ്‌വീതം പ്രായംതോന്നിക്കുന്ന രണ്ടുകുട്ടികൾ ഗീഗറിൻെറ അടുത്തെത്തി. "അവക്കു ഹംഗേറിയൻ ഭാഷ നല്ല വശമില്ലായിരുന്നു. അവരെന്താണു പറയുന്നതെന്നുപോലും മനസ്സിലാക്കാൻ വിഷമമായിരുന്നു. അവർക്കെന്നോടു അടിയന്തിരമായി ഒരു കാര്യം പറയാനുണ്ടു്. അവരുടെ വീടുകളിലക്കു് ഓരോ എഴുത്തു പോസ്റ്റു് ചെയ്യണം. എഴുത്തുകൾ എഴു

തികൊണ്ടു വന്നിട്ടുണ്ട്. ഏതു ഭാഷയിലാണ് ആ എഴുത്തുകൾ എഴുതിയിരുന്നതെന്നോ? ഗ്രീക്കിൽ. അങ്ങനെ പല ഗ്രീക്കു യുവാക്കളും ഷെപ്പേലിലെ ഫാക്ററികളിൽ പണി പരിശീലിക്കുന്നുണ്ട്. ഗ്രീസിലെ ആഭ്യന്തരയുദ്ധകാലത്തു് കമ്മ്യൂണിസ്റ്റുകൾ തട്ടിക്കൊണ്ടു പോന്നവരാണ് ആ കുട്ടികൾ. അവരെ അവർ ഉത്തമ കമ്മ്യൂണിസ്റ്റുകളാക്കി വളർത്തിക്കൊണ്ടുവരികയാണ്. അവക്കാവശ്യമുള്ളതെല്ലാം കമ്മ്യൂണിസ്റ്റ് പാർട്ടിക്കാർ നൽകിപ്പോരുന്നു... പക്ഷെ അവസരം വന്നപ്പോൾ അവർ കമ്മ്യൂണിസ്റ്റുകൾക്കെതിരായി യുദ്ധം ചെയ്തു."

എട്ടുദിവസം ഷെപ്പേലിലെ ഉപരോധം നീണ്ടുനിന്നു. സോവ്യററു് ഭടന്മാർ ഒടുവിൽ ഷെപ്പേൽ കൈവശപ്പെടുത്തി. അപ്പോഴേക്കു പ്രതിരോധാക്കൾ അപ്രത്യക്ഷരായി... ഷെപ്പേലിലെ പച്ചവിരിച്ച വയലുകളിലേക്കും, ചിലർ നദി നീന്തി മറുകരകളിലേക്കും.

അങ്ങനെ ബുഡാപ്പെസ്ററ് യുദ്ധം കലാശിച്ചു. വിജഗീഷുക്കളായ റഷ്യാക്കാരുടെ ടാങ്കുകൾ നഗരവീഥികളിലൂടെ ജൈത്രയാത്ര നടത്തി. ആരും അവരെ എതിർക്കാനുണ്ടായില്ല. ഏതാനും ദിവസങ്ങൾ കൂടി കഴിഞ്ഞപ്പോൾ സോവ്യററു് കാലാൾപടയുടെ സംപൂർണ്ണനിയന്ത്രണത്തിലായി ബുഡാപ്പെസ്ററ്.

അവരുടെ ആഗമനത്തെത്തുടൎന്നു് അമ്പരിപ്പിക്കുന്ന കഥകൾ യൂറോപ്പിലെല്ലാം പ്രചരിക്കുകയായി. ബുഡാപെസ്ററ് വീഥികളിലൂടെ പരേഡ് നടത്തിയ പടയാളികൾ മംഗോളുകളും, മധ്യേഷ്യാക്കാരും ആയിരുന്നു. അവർ കേവലം മൃഗതുല്യരായിരുന്നു. അവർ നടത്തിയ കൊലപാതകങ്ങൾ അവിശ്വസനീയമാം വിധം അത്രകണ്ടു് പൈശാചികങ്ങളായിരുന്നു.

ബുഡാപ്പെസ്ററിനെ നശിപ്പിക്കാൻ റഷ്യൻ അധികാരികൾ എന്തിനാണ് ഈ കിരാതരെ നിയോഗിച്ചതു്? കാരണം, വാർസോ ഉടമ്പടിപ്രകാരം, ഹംഗറിയിൽ പാർപ്പിച്ചിരുന്ന റഷ്യൻ പടയാളികൾ കുറെക്കാലം കൊണ്ടു മനുഷ്യത്വമുള്ളവരായി തീൎന്നു; നിരപരാധികളായ ഹംഗറിക്കാരെ വെടിവെച്ചു കൊല്ലാൻ അവരുടെ മനസ്സാക്ഷി മടിച്ചു. പല ഉദാഹരണങ്ങളും ഉണ്ടു്. പാർലമെൻററ് സ്കഡയാറിൽ വച്ചു് രഹസ്യപ്പോലീസു

കാരെ വെടിവച്ച ഹംഗറിക്കാരുടെ പക്ഷത്തായിരുന്നു റഷ്യൻ ഭടന്മാർ. ബുഡാപ്പെസ്റ്റിനു് 5ദിവസത്തെ സ്വാതന്ത്ര്യം നൽകപ്പെട്ടതു് റഷ്യൻ ഭടന്മാരെ മാററിയിട്ട്, മംഗോളുകളെ തൽസ്ഥാനത്തു് പ്രതിഷ്ഠിക്കുന്നതിനുവേണ്ടി ആയിരുന്നു. ഹംഗറിയിലെ സ്വാതന്ത്ര്യയോദ്ധാക്കളുടെ പക്ഷം പിടിച്ച റഷ്യൻ ഭടന്മാരെ വെടിവച്ചു കൊന്നെന്നും, സൈബീരിയായിലേയ്ക്കു നാടുകടത്തിയെന്നും, സ്ഥിരീകൃതങ്ങളല്ലാത്ത റിപ്പോർട്ടുകളുണ്ട്. ഏതായാലും അസ്സൽ റഷ്യൻ ഭടന്മാർ ഹംഗറിയിൽ നിന്നു പൊടുന്നനെ അപ്രത്യക്ഷരായി എന്നതു വാസ്തവമാണു്.

ഹംഗറിക്കാരെ കശാപ്പുചെയ്യുന്നതിനു് മംഗോളുകളെ നിയോഗിച്ചതിനു് കാരണമുണ്ടു്. രണ്ടാം ലോകമഹായുദ്ധത്തിൽ മധ്യയേഷ്യയിലെ പല റിപ്പബ്ലിക്കുകളും റഷ്യൻ പക്ഷത്തു ചേർന്നു. വിസ്തൃതങ്ങളായ പുൽമേടുകളിലെ ആ വ്യാഘ്രമനുഷ്യർക്കു കൊലപാതകം ഒരു വിനോദമാണു്. റഷ്യാക്കാർ അവരുടെ പരമശത്രുക്കളാണു്. യുദ്ധം കഴിഞ്ഞു. അവർ റഷ്യയുടെ പിടിയിലായി. യൂറോപ്പിലെ ജനങ്ങൾ തങ്ങളുടെ സ്വന്തം വർഗ്ഗത്തിൽപ്പെട്ടവരായതുകൊണ്ടു് അവരെ വെടിവച്ചു കൊല്ലാൻ റഷ്യാക്കാർ മടിക്കും. ബൾഗേറിയായിലൊ, റുമേനിയായിലൊ, ചെക്കോസ്ലോവാക്യായിലൊ, ഇതുപോലെ വിപ്ലവമുണ്ടായാൽ റഷ്യാക്കാർ ഇനി സാക്ഷാൽ റഷ്യൻ ഭടന്മാരെ നിയോഗിക്കുകയില്ല. ഏഷ്യൻ ജനതകളെ കശാപ്പുചെയ്യാൻ റഷ്യാക്കാർക്കു മടി ഉണ്ടാവില്ല.

ഈ വിപ്ലവ കാലത്തു് ഹംഗേറിയൻ പട്ടാളത്തിനു് എന്തു പററി. ആ പട്ടാളം പൂർണ്ണമായും റഷ്യൻ മേധാവികളുടെ നിയന്ത്രണത്തിലായിരുന്നു. ആയുധങ്ങളെല്ലാം റഷ്യാക്കാരുടെ കസ്റ്റഡിയിലായിരുന്നു. ഹംഗേറിയൻ സൈനികനേതാവായ ജനറൽ മലേഞ്ഞർ തടങ്കലിലായപ്പോൾ ഹംഗേറിയൻ ഭടന്മാർ അസ്തുവീര്യരായി. റഷ്യൻ പ്രതികാരത്തെ അവർ ഭയപ്പെട്ടു. നവംബർ 3–ാം തീയതി പല ഹംഗേറിയൻ പട്ടാള യൂണിററുകളെയും റഷ്യാക്കാർ ഹംഗറിയിൽ നിന്നു് മാററിക്കളഞ്ഞു.

ഉപഗ്രഹരാജ്യങ്ങളിലെ ഭടന്മാർ റഷ്യാക്കാർക്കു എപ്പോഴും ഒരു പേടി സ്വപ്നമാണു്. എപ്പോഴാണു് അവർ തങ്ങൾക്കെതിരായി പായുന്നതെന്നു് നിശ്ചയമില്ല. അതുകൊണ്ടു് ഉപഗ്രഹ

രാജ്യങ്ങളിലെ ഭടന്മാരെ, വലിയ ആയുധങ്ങളൊന്നും റഷ്യാക്കാർ വിശ്വസിച്ചു ഏൽപ്പിക്കാറില്ല.

സോവ്യററ് റഷ്യാ യഥാർത്ഥത്തിൽ ഭയപ്പെടുന്നതു് അമേരിക്കയേയോ മററു സ്വതന്ത്രരാഷ്ട്രങ്ങളെയോ അല്ല. അവർ വരിഞ്ഞുകെട്ടിനിർത്തിയിരിക്കുന്ന കിഴക്കെ യൂറോപ്പിലെ ഉപഗ്രഹരാജ്യങ്ങളെയാണ് അവർ ഭയപ്പെടുന്നതു്. ഒരവസരം ലഭിച്ചാൽ ആ ഉപഗ്രഹങ്ങൾ റഷ്യക്കെതിരായി തിരിയുമെന്ന് നല്ല നിശ്ചയമുണ്ട്. അതുകൊണ്ടായിരിക്കണം റഷ്യാക്കാർ ഒരു ആഗോളയുദ്ധത്തെ ഭയപ്പെടുന്നതു്.

ബുഡാപ്പെസ്ററിലെ വിജയം നിശ്ചയമായി എന്നറിഞ്ഞപ്പോൾ റഷ്യാക്കാർ ലോകവ്യാപകമായ ഒരു പ്രചരണത്തിനാണ് ഒരുമ്പെട്ടതു്. അതായതു ഹംഗറിയിലെ വിപ്ലവത്തിനു പ്രേരണ നൽകിയതു, അമേരിക്കൻ ഇംപീരിയലിസ്ററുകളും, പഴയ ഹോർത്തിഫാസിസ്റ്റുകളും, ജർമ്മനിയിൽനിന്ന് അഭയാർത്ഥികളും, കർദ്ദിനാൾ മിൻസെന്തിയും, പിന്തിരിപ്പന്മാരും, തൊഴിലാളിവർഗ്ഗത്തിൻെറ ശത്രുക്കളും ആണെന്ന്. ഈ പച്ചക്കള്ളങ്ങൾ റഷ്യാക്കാർ ആവർത്തിച്ചാവർത്തിച്ചു് ലോകമെങ്ങും പ്രചരിപ്പിച്ചു. ആരെങ്കിലും കമ്യൂണിസത്തെ എതിർത്താൽ അവർ പിന്തിരിപ്പന്മാരും മൂരാച്ചികളുമാണ് കമ്യൂണിസ്റ്റ്നിഘണ്ടുവിൽ.

ഞാൻ ഓർക്കുന്നു, സമരകാലത്തു് വിപ്ലവകാരികൾ രാഷ്ട്രീയത്തടവുകാരോടും, ഉയന്ന കുടുംബങ്ങളിലെ ആളുകളോടും പറഞ്ഞു "നിങ്ങളുടെ സഹായത്തെ ഞങ്ങൾ വിലമതിക്കുന്നു; എന്നിരിക്കലും ഈ സമരത്തിൽ നിങ്ങൾ പങ്കുകൊള്ളണ്ടാ; ഹംഗറിയിലെ കമ്യൂണിസ്റ്റുകളും തൊഴിലാളികളും, വിദ്യാർത്ഥികളും മാത്രമാണ് ഈ സമരം നടത്തുന്നതു്; കാരണം ഫാസിസ്റ്റുകളും പിന്തിരിപ്പന്മാരും ആണ് ഈ സമരം നയിച്ചതെന്നു് പിന്നീട് സോവ്യററ്കാർ പ്രചരണം നടത്താൻ ഇട നൽകരുതു്."

ബുഡാപ്പെസ്റ്റിൽ ഒരു വലിയ ഭിത്തിപ്പരസ്യം ഒട്ടിച്ചിരിക്കുന്നതു കാണപ്പെട്ടു "90 ലക്ഷം ഫസിസ്റ്റുകളും, മുൻ ബാങ്കറന്മാരും, കർദ്ദിനാളന്മാരും ഈ രാജ്യത്തു് ഒളിച്ചിരിപ്പുണ്ടായി

രുന്നു.! മുതലാളിമാരുടെ താവളമായ ഷെല്ലേലായിരുന്നു അവരുടെ സങ്കേതം! ഒടുവിൽ 6– കമ്യൂണിസ്റ്റുംകളുണ്ടായി രാജ്യത്തെ രക്ഷിക്കാനും ഒരു ഗവൺമെൻറുണ്ടാക്കാനും! എന്തൊരു ഭാഗ്യം!!"

നെപ്ഷാബാദ്സാഗ് (ജനസ്വാതന്ത്ര്യം) എന്ന കമ്യൂണിസ്റ്റ് ദിനപ്പത്രം വില്ക്കുന്ന കുട്ടികൾ തെരുവുനീളെ വിളിച്ചുപറഞ്ഞു "ഇന്നത്തെ ഏററവും പുതിയ നുണകൾ– ഒററപ്രതി അര ഫോറിൻറ് മാത്രം. . . പത്രം വേണോ?. . . പത്രം"

സമരകാലത്തു് ഹാൻഡ് പ്രസിൽ "സത്യം" എന്നൊരു ലഘുപത്രം വിപ്ലവകാരികൾ പ്രചരിപ്പിച്ചിരുന്നു. ബ്രിട്ടീഷ് അമേരിക്കൻ റേഡിയോവാർത്തകളുടെ സംഗ്രഹങ്ങളും അതിൽ ഉൾപ്പെടുത്തിയിരുന്നു. ആ പത്രം വിററ പല കുട്ടികളും കൊല്ലപ്പെട്ടു. സത്യത്തിൻെറ ആ കൊച്ചുവേദസാക്ഷികളുടെ സ്മരണയെ നമുക്കു നമോവാകം ചെയ്യുക.

ഷാബാദ്നേപ് പത്രത്തിൻെറ മന്ദിരത്തിൽ ജോസഫ് ബൂളിവാർഡ് എന്നൊരു പത്രറിപ്പോർട്ടർ അവൻെറ മുറിയിൽ സമരവാർത്തകൾ ടെലിടൈപ്പ്യന്ത്രത്തിലൂടെ ബാഹ്യലോകത്തെ അറിയിച്ചുകൊണ്ടിരുന്നു. ഹംഗറിയൻ പ്രസ്ഏജൻസിയുടെ വകയായി 178 മൈൽനീളമുള്ള വയർലൈൻവഴി വിയന്നായിലെ അസോഷ്യേററഡ്പ്രസിൻെറ ഓഫീസിലേക്കു് അവൻ ടെലിടൈപ് ചെയ്ത വാർത്തകൾ ക്ഷണനേരംകൊണ്ടു് ലോകത്തിലുള്ള പത്രങ്ങളിലെല്ലാം എത്തി. അവൻ അയച്ചവാർത്തകൾ പരിചയമില്ലാത്ത വായനക്കാർ ചുരുക്കമായിരിക്കും. ആ വാർത്താശകലങ്ങളിൽ ചിലതു താഴെ ഉദ്ധരിക്കാം.

"ഈ നിമിഷത്തിൽ ഇവിടെല്ലാം നിതാന്തമൂകമാണു്. ഇതു ഒരു പക്ഷെ കൊടുങ്കാററിനു മുമ്പുള്ള ശാന്തതയാവാം"

ഞങ്ങൾക്കു ആയുധങ്ങൾ ഇല്ലെന്നുതന്നെ പറയാം. ഏതാനും ലഘുയന്ത്രത്തോക്കുകളും, റഷ്യൻനിർമ്മിതങ്ങളായ കുറെ നീണ്ട റൈഫിളുകളും, കുറച്ചു് കാർബൈനുകളും മാത്രം. വലിയ തോക്കുകളൊന്നുമില്ല"

ടാങ്കുകളിലേക്കു ജനങ്ങൾ ചാടിക്കയറുകയാണു്; അവർ ഉള്ളിലേക്കു കൈബോംബുകൾ എറിയുകയും, ടാങ്കഡ്രൈവറുടെ കി

ളിവാതൽ അടക്കുകയും ചെയ്യുന്നു. ഹംഗേറിയൻ ജനതയ്ക്ക് മരണത്തെ തെല്ലും ഭയമില്ല. പക്ഷെ ഞങ്ങൾക്കു അധികം പിടിച്ചു നിൽക്കാൻകഴിയുകയില്ല എന്നതാണ് ദാരുണമായ പരമാർത്ഥം"

"തെരുവിൽനിന്ന് ഇപ്പോൾ ഒരാൾവന്നു. തെരുവുകളെല്ലാം വിജനങ്ങളായിരിക്കുന്നു എന്നും ആളുകൾ ഒളിച്ചിരിക്കുകയാണെന്നും അയാൾ പറയുന്നു. വാതലിൻെറ മറവിൽ അവർ തക്ക മുഹൂർത്തത്തിനുവേണ്ടി കാത്തുനില്ക്കുകയാണത്രെ.

"ഒരു ഹംഗേറിയൻ യോദ്ധാവിനൊടു അവൻെറ അമ്മ പറഞ്ഞു; നീ വലിയ ധീരനാകാൻ പോകണ്ടാ; എങ്കിലും ഭീരുവാകയുമരുതു്""

"ഇതാ ടാങ്കുകൾ അടുത്തടുത്തുവരുന്നു; ഞങ്ങളുടെ പട്ടാളയൂണിററിനു് വെടിക്കോപ്പുകളും പോഷകഭടന്മാരും ലഭിച്ചുകൊണ്ടിരിക്കുന്നു എന്നു് ഇപ്പോൾ ഒരു ടെലഫോൺ റിപ്പോർട്ട് കിട്ടി. പക്ഷെ അതുകൊണ്ടൊന്നും മതിയാവില്ല. വെറും കൈകൊണ്ടു് എത്രനേരം ഞങ്ങൾക്കു റഷ്യൻടാങ്കുകളെ എതിർക്കാൻ കഴിയും? ഐക്യരാഷ്ട്രസംഘടന എന്തുചെയ്യുകൊണ്ടിരിക്കയാണ്? ഞങ്ങൾക്കൊരു ചെറിയ പ്രോത്സാഹനം എങ്കിലും തരുക."

അവസാനത്തെത്തുള്ളി രക്തം വരെ ഞങ്ങൾ ചിന്തും. ഞങ്ങൾക്കു വേണ്ടുവോളം ആയുധങ്ങൾ ഗവമ്മെണ്ടു തന്നിരുന്നെങ്കിൽ. താഴെ സമരസന്നദ്ധരായി കുറെ ആളുകൾ നില്പുണ്ടു്; അവക്കു ആകെയുള്ള ആയുധം കൈബോംബു മാത്രമാണ്""

"ഞാൻ വെടിവയ്ക്കാനായി അടുത്ത ജനൽക്കലേക്കു ചെല്ലട്ടെ; പെട്ടെന്നു തിരിച്ചുവരാം; താമസിച്ചാൽ എന്നെ ഒന്നുവിളിച്ചേക്കണെം."

കർളിനാൾ മിൻസെന്തി ബുഡാപ്പെസ്ററിലെ യാങ്കെക്കംനാസിയിൽ അഭയം പ്രാപിച്ചിരിക്കുന്നു എന്നുള്ള ഒരു വാഷിംഗ്ടൺ റിപ്പോർട്ടു് വിയന്നായിലെ അസോഷ്യേറെറഡ് പ്രസ്കാർ അറിയിച്ചപ്പോൾ ജോസഫ് ബൂളിവാർഡ് ചോദിച്ചു "അത്രയുമേ സാധിച്ചുള്ളോ?"

"ഒരു റഷ്യൻ വിമാനം യന്ത്രത്തോക്കിൽ നിന്നു വെടിപൊട്ടിച്ചു. എങ്ങോട്ടാണെന്നറിഞ്ഞില്ല. ശബ്ദം കേട്ടതെയുള്ളു.

"പാർലമെൻറ് മന്ദിരത്തിൻെറ പരിസരങ്ങൾ ഷ്വേൻ ടാങ്കുകളെക്കൊണ്ടു നിറഞ്ഞിരിക്കുന്നു. എന്തിനാണോ ആവോ? അതൊരു നല്ല ലക്ഷണമല്ലെന്നതു തീർച്ച. മുകളിൽ വിമാനങ്ങൾ പറക്കുന്നു. എണ്ണാൻ പാടില്ല; അത്രയേറെയുണ്ട്. നിരനിരയായി ടാങ്കുകൾ വരുന്നു, പിന്നെയും ടാങ്കുകൾ..."

ഇതാ ഞങ്ങളുടെ കെട്ടിടത്തിലേക്കു അവർ വെടിവച്ചു. ആരും മരിച്ചില്ലെന്നു തോന്നുന്നു. ഹൊ! കണ്ണുകറോരം ഈ ടാങ്കുകളുടെ ഭീകരമായ ഇരമ്പൽ. ഒന്നും കേൾക്കാൻ പാടില്ല.

"ഒരു ശ്രുതികേൾക്കുന്നു; ഒന്നു രണ്ടു മണിക്കൂറിനുള്ളിൽ അമേരിക്കൻ പട്ടാളങ്ങൾ ഞങ്ങളുടെ സഹായത്തിനെത്തുമെന്നു്."

"ഇതാ തൊട്ടടുത്തൊരു വെടിയുണ്ട പൊട്ടി. ഞങ്ങളുടെ അടുത്തു്. നഗരമദ്ധ്യത്തിലുള്ള നാഷനൽ തീയെററിനു നേരെ ഭയങ്കരമായ വെടിവയ്പു നടക്കുന്നു.

"ഹംഗറിയുടെ കാര്യത്തിൽ ബാഹ്യലോകത്തിൻെറ നടപടി എന്തെന്നു് ഞങ്ങളെ ദയവുചെയ്തു് അറിയിക്കുക. അതു കിട്ടിയാലുടൻ ഞങ്ങൾ വായിച്ചിട്ടു് കത്തിച്ചു കളഞ്ഞേക്കാം.

ഈ കെട്ടിടത്തിൽ 15 ചെറുപ്പക്കാരും 40 മുതിന്ന ആളുകളും ഉണ്ടു്. എല്ലാം ഞങ്ങളുടെ ആളുകൾ തന്നെ. ഞങ്ങൾ ശക്തരാണു്; ഒരു ചെറിയ രാജ്യമാണെങ്കിലും. യുദ്ധം കഴിഞ്ഞിട്ടു ഞങ്ങളുടെ ദുർഭഗരാജ്യത്തെ വീണ്ടും പണുതുയർത്തും."

അന്നു രാവിലെ 9. 30നു് സാബാദ് കെട്ടിടത്തിൽ നിന്നുള്ള ആ വാർത്താവിക്ഷേപണം പെട്ടെന്നു നിലച്ചു. അവസാനത്തെ സന്ദേശം ഇതായിരുന്നു. "ഇവിടെ കിലിയൻ ബാരക്കിൽ അതിഭയരങ്കമായ വെടിവയ്പു നടക്കുകയാണു്..." ആ ലേഖകൻ ടെലിടൈപ്റൈട്ടർ മിഷനിൽനിന്നു് പോകും മുമ്പെ, ഇംഗ്ലണ്ടിൽ അഭയം തേടിയ ഒരു ബന്ധുവിനായി ഇങ്ങനെ ഒരു സന്ദേശം കൂടിഅയച്ചു. "പൊന്നമ്മകൾ! ഞങ്ങൾ സുരക്ഷിതരാണു്; ഞങ്ങൾ യുദ്ധം ചെയ്തുകൊണ്ടേയിരിക്കുന്നു. സമയം രാവിലെ 9.20; നവംബർ 4.

ബുഡാപ്പെസ്റ്റിൻെറ സംഹാരം അവസാനിച്ചപ്പോൾ ആ ദുരന്തകഥയുടെ റിപ്പോർട്ടുകൾ സ്വാതന്ത്ര്യയോദ്ധാക്കൾ ലോകത്തെ

അറിയിച്ചു. അവർ പറഞ്ഞ കണക്കുകൾ അതേപടി വിശ്വസിക്കാൻ വിഷമമാണെങ്കിലും യാഥാർത്ഥ്യം അതിനോടു ഏകദേശം അടുത്താണെന്നു് വിചാരിക്കാൻ ന്യായമുണ്ടു്. ഒരുലക്ഷത്തിനാല്പതിനായിരം റഷ്യൻ ഭടന്മാർ ബുഡാപ്പെസ്റ്റിലെ വീഥികളിൽ പ്രകടനംനടത്തി. നാലായിരത്തിൽപരം ടാങ്കുകളും മററു സായുധവാഹനങ്ങളും അവരുടെകൂടെത്തന്നെ ഉണ്ടായിരുന്നു. അവർ എണ്ണായിരത്തോളം വീടുകൾ നശിപ്പിച്ചു. മുപ്പതിനായിരം ഹംഗേറിയന്മാർ വധിക്കപ്പെട്ടു. അതിൽ കൂടുതൽ ആളുകൾക്കു് ക്ഷതമേററു. തകൎന്നകെട്ടിടങ്ങളിൽ ജീവനോടെ ഇരിക്കപ്പെട്ടവരുടെ സംഖ്യ പതിനായിരത്തിൽ കുറയുകയില്ല. ആകെക്കൂടെ എൺപതിനായിരം ഹംഗേറിയന്മാർ വധിക്കപ്പെട്ടു എന്നു ഹംഗറിക്കാർതന്നെ നിർബന്ധപൂർവ്വം പറയുന്നു. എണ്ണായിരത്തിൽക്കൂടുതൽ റഷ്യാക്കാർ വധിക്കപ്പെട്ടു. 320 ടാങ്കുകൾ നശിപ്പിക്കപ്പെട്ടു.

സൌഹൃദത്തിൻെറയും സമാധാനത്തിൻെറയും സന്ദേശം വിളംബരം ചെയ്തുകൊണ്ടിരിക്കുന്ന റഷ്യാക്കാർ ഒരു പാവപ്പെട്ട നഗരത്തോടുചെയ്ത കരളലിയിക്കുന്ന കഥയാണിതു്. അവർ പറഞ്ഞു "ശത്രുക്കളായിട്ടല്ല, ജനങ്ങളുടെ സുഹൃത്തുക്കളായിട്ടാണു് ഞങ്ങൾ ഹംഗറിയിൽ ഇടപെട്ടതു്. ഫസിസ്റ്റുകളുടെയും, പിന്തിരിപ്പന്മാരുടെയും പ്രതിവിപ്ലവത്തെയാണു് ഞങ്ങൾ അടിച്ചമർത്തിയതു്"

തൊഴിലാളികളും, ബുദ്ധിജീവികളും, വിദ്യാർത്ഥികളും, യുവതികളും, ജന്മനാടിനുവേണ്ടി ജീവാഹുതിചെയ്യുമ്പോൾ, ഒരു സോവ്യററ് ബന്ധു ഇങ്ങനെ വിശദീകരിച്ചു "ഭീകരരായ ഫസിസ്റ്റ് മൃഗങ്ങൾ മുതലാളിത്തത്തെ തിരിയെ വാഴിക്കുവാൻ ശ്രമംനടത്തി. അവരെ തകൎക്കാനുള്ള കരുത്തു് ഹംഗേറിയൻ ജനതയ്ക്കുണ്ടായി. സോവ്യററ് നാടിൻെറ നേതൃത്വത്തിൽ ലോകമെങ്ങുമുള്ള സോഷ്യലിസ്ററ് ചേരിയുടെ ഐക്യത്തിനു് പ്രത്യേക ശക്തിയുണ്ടു്. സോവ്യററ് യൂണിയൻെറ സഹായത്തോടുകൂടി സോഷ്യലിസം കെട്ടിപ്പടുക്കുന്നതിനു് സർഗ്ഗാത്മകമായ ജോലിയിൽ ഹംഗറി വീണ്ടും ഏർപ്പെടുന്നതാണു്. വിപ്ലവവിരുദ്ധ ശക്തികളുടെ മേൽ പെട്ടെന്നുണ്ടായ ഈ നേട്ടം തെളിയിക്കുന്നതു് മഹാഭൂരിപക്ഷം ജനങ്ങളും ആ വിരുദ്ധ ശക്തികൾക്കെതിരായിരുന്നു എന്നു് വ്യക്തമാക്കുന്നു."

എന്നാൽ ഹംഗറിയുടെ ദുരന്തരത്തെപ്പററി, കറെക്കൂടെ സ ത്യസന്ധമായ ഒരു വിവരം ഒരജ്ഞാത റേഡിയോ പ്രക്ഷേപ ണം ചെയ്തു. "പരിഷ്ക്കൃത ലോകത്തിലെ ജനങ്ങളെ! 1000 കൊല്ലത്തെ പഴക്കമുള്ള വീരഹംഗറിയുടെ അവസാനത്തെ ദീപ നാളവും കെടാറായി. ഞങ്ങളുടെ കലുഷിതഹൃദയങ്ങളെ സോ വ്യററ് പട്ടാളം ഞെരിക്കുന്നു. ഹംഗറിയുടെ മണ്ണിൽ സോവ്യററ് ടാങ്കുകൾ അലറുന്നു. ഞങ്ങളുടെ സ്ത്രീകൾ, അമ്മമാരും, പുത്രി മാരും, ഭയവിഹ്വലരായി കഴിയുന്നു. 1945-ൽ റഷ്യൻ പട്ടാ ളം വന്നുകയറിയതിൻെറ ഭീകരങ്ങളായ സ്മരണകൾ ഇന്നും അ വരെ ഭയപ്പെടുത്തുന്നു. ഞങ്ങളെ രക്ഷിക്കുക... ഞങ്ങളെ രക്ഷി ക്കുക..."

"ലോകത്തിലെ ജനങ്ങളെ!, ഞങ്ങളുടെ നിലവിളി നിങ്ങ ൾ കേൾക്കുന്നില്ലേ? ഞങ്ങളെ സഹായിക്കണെ! ഉപദേശം കൊ ണ്ടല്ല; വാക്കുകൾ കൊണ്ടുമല്ല; പ്രവൃത്തികൊണ്ട്, പട്ടാളങ്ങളെ ക്കൊണ്ട്, ആയുധങ്ങളെക്കൊണ്ട്. ബോൾഷേവിസത്തിൻെറ പൈശാചികമായ ഈ ആക്രമണം നിലനില്ക്കുകയില്ലെന്ന് ദ യവുചെയ്ത് ഓർക്കണമേ. അവരുടെ അടുത്ത ഇര നിങ്ങളായി രിക്കും. ഞങ്ങളെ രക്ഷിക്കുക.... ഞങ്ങളെ രക്ഷിക്കുക...."

"മദ്ധ്യ ഏഷ്യയിലെ കിരാതന്മാരിൽ നിന്ന് ഞങ്ങൾ ഒരു കാലത്തു രക്ഷിച്ച യൂറോപ്പിലെ ജനങ്ങളെ, നിങ്ങൾ കേൾക്കു ന്നില്ലേ, ഹംഗറിയുടെ മണിമുഴക്കം?

"പരിഷ്ക്കൃത ലോകത്തിലെ ജനങ്ങളെ! സ്വാതന്ത്ര്യത്തി ൻെറയും, ഐക്യത്തിൻെറയും നാമത്തിൽ ഞങ്ങൾ നിങ്ങളുടെ സഹായം അപേക്ഷിക്കുന്നു. ഞങ്ങളുടെ നൗക ഇതാ താഴുന്നു; വിള ക്കുകൾ അണയുന്നു; നിഴലുകൾ നിമിഷം തോറും ഇരുളുന്നു. ഞ ങ്ങളുടെ ദീനരോദനം ശ്രവിക്കണെ! ഉടനെ വേണം. ഒട്ടും താ മസിക്കരുതെ! നിങ്ങളുടെ സ്നേഹമുള്ള കൈകൾ ഞങ്ങളുടെ നേ രെ നീട്ടുക.

"ലോകത്തിലെ ജനങ്ങളെ, ഞങ്ങളെ സഹായിക്കുക..

"രക്ഷിക്കണെ, രക്ഷിക്കണെ, രക്ഷിക്കണെ."

നിശ്ശബ്ദത.

---

## 6. എവിയോക്കാരൻ

സ്വാതന്ത്ര്യത്തിൻേറതായ ആ അഞ്ചുദിവസം. സ്വാതന്ത്ര്യയോദ്ധാക്കൾക്കു ഒരമളിപററി. രക്തരൂക്ഷിതമായ ആ വിപ്ലവത്തിലെ പല സംഭവങ്ങളുടേയും ഫോട്ടോകൾ അവർ എടുത്തിരുന്നു. അതു ലോകമെങ്ങും പ്രചരിപ്പിക്കുന്നതിനു അവർ ശ്രമിച്ചു. അതിനുമുമ്പ് സോവ്യററ്കാർ അവയെ പിടിച്ചെടുത്തു. പിന്തിരിപ്പൻശക്തികൾ അദ്ധ്വാനിക്കുന്ന ജനവിഭാഗത്തോടു ചെയ്യു കടുംകൈകളുടെ ചിത്രീകരണം എന്ന പേരുനൽകി അവർ അവരുടേതാക്കി ലോകത്തു പ്രചരിപ്പിച്ചു! പക്ഷെ ആ ഫോട്ടോകളുടെ പിന്നിലുള്ള ചരിത്രം എന്തെന്ന് സോവ്യററ്കമ്മ്യൂണിസ്റ്റുകൾ ലോകത്തെ അറിയിച്ചില്ല.

ഈ അവസരത്തിൽ സോവ്യററ് കിരാതവാഴ്ചക്കു കൂട്ടുനിൽക്കുന്ന എവിയോ (സ്പെഷ്യൽ പോലീസ്) ക്കാരുടെ ചരിത്രം കൂടി ഞാൻ കുറിച്ചുകൊള്ളട്ടെ. എങ്കിലേ ഈ കഥ പൂർത്തിയാകൂ.

തിബോർ ഡോണാത്ത് ഒരു നാടൻ പയ്യനാണ്. ജനനം 1925 – ൽ. കണ്ടാൽ വക്കത്തില്ലാത്ത ഒരു ബാലൻ. പൊക്കം കുറഞ്ഞ ഒരു വികൃതൻ. പ്രായപൂർത്തിയായിട്ടും അവനൊരു ജോലിയും ലഭിച്ചില്ല. ഒരു പെണ്ണും അവനെ സ്നേഹിച്ചില്ല.

ഒടുവിൽ അവൻ കമ്മ്യൂണിസ്റ്റ്പാർട്ടിയിൽ ചേർന്നു. പാർട്ടിനേതാക്കളെ പ്രീണിപ്പിക്കാൻ അവൻ ചാരവൃത്തി അനുഷ്ഠിക്കുകയും, കമ്മ്യൂണിസ്റ്റ്വിരുദ്ധചിന്താഗതിയുള്ളവരെപ്പററിയുള്ള വിവരങ്ങൾ പാർട്ടിക്കാരെ അറിയിക്കുകയും ചെയ്തുകൊണ്ടിരുന്നു. അങ്ങനെ അവൻ പാർട്ടിയിലെ ഒരു ചെല്ലപ്പിള്ളയായിത്തീർന്നു; എന്നുതന്നെയല്ല സാമ്പത്തികമായി അവൻെറ നില അല്പമൊന്നു മെച്ചപ്പെടുകയും ചെയ്തു. പാർട്ടിയോടുള്ള അവൻെറ കൂറു അസന്ദിഗ്ദ്ധമായപ്പോൾ മേലാക്കൾ അവനെ സ്പെഷ്യൽപോലീസ്സേനയിലേക്കു റിക്രൂട്ട് ചെയ്തു. മദ്ധ്യഹംഗറി

യിലെ ഒരു പരിശീലനക്യാമ്പിലേക്കു അവൻ അയയ്ക്കപ്പെട്ടു. "പ്രക്ഷോഭണം ഇല്ലാതാക്കാനുള്ള മാർഗ്ഗം വെടിവയ്പാണെന്ന്" അവൻെറ കമാണ്ടർ അവനെ പഠിപ്പിച്ചു." നമുക്ക് എല്ലായിടത്തും ശത്രുക്കളുണ്ട്; അകത്തും പുറത്തും. നിങ്ങളിലാണ് ഹംഗറിയുടെ പ്രതിരോധശക്തി നിലകൊള്ളുന്നതു്. നിങ്ങളാണ് യഥാർത്ഥ ദേശീയധീരന്മാർ. രാവും പകലും നിങ്ങൾ സൂക്ഷ്മതയുള്ളവരായിരിക്കു. പല ഏററുമുട്ടലുകളിലും നിങ്ങൾ ഉൾപ്പെടേണ്ടിവരും. നിങ്ങളുടെ പ്രഥമവും പ്രധാനവുമായ കത്തവ്യം ഹംഗറിയുടെ അതിത്തികളെ സംരക്ഷിക്കുക എന്നതാണ്. നിങ്ങൾ അക്ഷരാർത്ഥത്തിൽ അതിത്തികളിലെ കോട്ടകളാകണം. ശത്രുക്കൾ ഹംഗറിയിലേക്കു കടക്കാൻ ഒരിക്കലും അനുവദിക്കരുതു്.

അങ്ങനെ തിബോർ ഡോണാത്തിനു് അവർ കശനമായ പരിശീലനം നൽകി. ട്രെയിനിംഗ് പൂത്തിയായപ്പോൾ ഡോണാത്തിനെ അതിത്തിക്കാവലിനു് അയച്ചു. യൂഗോസ്ലാവ്യായോടു തൊട്ടുകിടക്കുന്ന ഹംഗറിയുടെ അതിത്തിയിലേക്കാണ് അവൻ നിയോഗിക്കപ്പെട്ടതു്. ടിറെറായുടെ നാട്ടിൽനിന്നു് കൊള്ളക്കാരും അക്രമികളും ഹംഗറിയിൽ കടക്കുമെന്നായിരുന്നു അവൻെറ പ്രതീക്ഷ. പക്ഷെ അതിനു് നേരെ വിപരീമായ ഒരനുഭവമാണ് അവനുണ്ടായതു്. കൂട്ടംകൂട്ടമായി ഹംഗറിക്കാർ യൂഗോസ്ലാവ്യായിലേക്കു പ്രാണരക്ഷാത്ഥം പലായനം ചെയ്യുന്നു.

"ഇതിനൊരു അറുതിവരുത്തിയേതീരൂ" ഡോണാത്തിൻെറ കമാണ്ടർ പറഞ്ഞു.

ഒളിച്ചോടുന്നവരെന്നു സംശയിക്കപ്പെട്ട പലരെയും അതിത്തിഭാഗത്തുവച്ചു ഏവിയോക്കാർ വെടിവച്ചുകൊന്നു. ആ വാത്ത പ്രചരിച്ചതോടുകൂടി ആ ഭാഗത്തു അഭയാത്ഥിപ്രവാഹം കുറഞ്ഞു.

അതിത്തിയിൽ 30-വാര വീതിയിൽ നിലം ഉഴുതു് നിരത്തിയിട്ടു. നിലത്തു കാൽപാടുകൾ പതിയുമെന്നതായിരുന്നു അതിൻെറ ഉദ്ദേശ്യം. മറികടക്കാൻ സൗകര്യമുള്ള സ്ഥാനങ്ങളിലെല്ലാം മുള്ളുവേലികൾ കെട്ടി ഭദ്രമാക്കി.

ഉഴുതിട്ടിരുന്ന മണ്ണിൽ തിബോർഡോണാത്ത് മൈനുകൾ നിക്ഷേപിച്ചു. മൈനിൽ തൊട്ടാൽ പൊട്ടിത്തെറിക്കും.

മർമ്മസ്ഥാനങ്ങളിൽ തടികൊണ്ടു വീക്ഷാഗോപുരങ്ങൾ ഉയർത്തി. അവയിലെല്ലാം ശക്തിയേറിയ യന്ത്രത്തോക്കുകൾ സ്ഥാപിച്ചു.

ഈ കരുതലുകൾ എല്ലാം ഉണ്ടായിരുന്നിട്ടും അതിലേ പല ഹംഗറിക്കാരും അപ്പുറംകടന്നു. സ്പെഷ്യൽപോലീസ് കമാണ്ടറിനെ അതു ശുണ്ഠിപിടിപ്പിച്ചു. ഒരു പ്രമുഖ ഉദ്യോഗസ്ഥൻ അതിർത്തി പരിശോധിച്ചപ്പോൾ ഒരു രഹസ്യം കണ്ടുപിടിച്ചു. "ഈ ജനദ്രോഹികൾ മനുഷ്യത്വമില്ലാത്തവരാണ്" അയാൾ പറഞ്ഞു, "അവർ പൂച്ചകളെ പിടിച്ച് ചാക്കിലാക്കി അതിർത്തിയിൽ ഉഴുതിട്ടിരിക്കുന്ന നിലത്തിന്റെ വക്കത്തുകൊണ്ടുവന്നു തുറന്നുവിടും. അവററകൾ മൈനുകളിൽ തൊട്ടു പൊട്ടിത്തെറിക്കും. അതു കഴിഞ്ഞുഅവർ കടന്നുപൊയ്ക്കളയുകയുംചെയ്യുന്നു. ഇതു നിർത്തണം"

ഒരുത്തരവു വായിക്കപ്പെട്ടു." പൂച്ചകരയുന്നതുകേട്ടാൽ യന്ത്രത്തോക്കുപയോഗിച്ച് ആ ഭാഗം തകർത്തേക്കുക." ഈ തന്ത്രം പലപ്പോഴും ഫലപ്രദമായിരുന്നു. അനേകം അഭയാർത്ഥികൾ അങ്ങനെ കൊല്ലപ്പെട്ടു. മുറിവേററവരെ നായാടിപ്പിടിക്കുന്നതു ഡോണാത്തിനു് ഒരു വിനോദമായിരുന്നു "ആരും എന്താണ് ഹംഗറിയിലേക്കു കടക്കാത്തതു്? എല്ലാവരും പുറത്തേക്കുതന്നെ" അവൻ തന്നെത്താൻചോദിച്ചു. കുററംചെയ്ത ഒരു മനുഷ്യനെ ശിക്ഷിക്കുന്നതിൽ തെററില്ല എന്നു് ഡോണാത്തു് വിശ്വസിക്കുന്നു. പക്ഷെ ഒളിച്ചോടിപ്പോകുന്നവരിൽ പലരും സ്ത്രീകളാണ്. അവരെ എങ്ങനെയാണ് വെടിവച്ചുകൊല്ലുക.

കുറെമാസം മുമ്പ് വെടിവച്ചുവീഴ്ത്തപ്പെട്ട ഒരു ഭർത്താവിന്റെയും ഭാര്യയുടെയും കാര്യം ഡോണാത്തു് ഓർക്കുന്നു. അവരെ മറക്കുക സാധ്യമല്ല. കാരണം, അവന്റെ ജന്മഗ്രാമത്തിലുള്ള സാധാരണ കർഷകരേപ്പോലെ ആയിരുന്നു അവരും. അവന്റെ അമ്മയേക്കാൾ ഏതാനും വർഷത്തെ പ്രായക്കുറവെയുള്ളു ആ സ്ത്രീക്ക്. മൈൻ വയലിൽനിന്നു അവരുടെ മൃതദേഹങ്ങൾ വലിച്ചുമാററപ്പെട്ടശേഷം അവൻ ചിന്തിച്ചു. ആ പാവങ്ങൾ ഗവണ്മെന്റിനെതിരായി എന്തു പാതകമായിരിക്കുമോ ചെയ്തതു്; കമ്മ്യൂ

ണിസത്തിൽനിന്നു രക്ഷപെടാൻ വേണ്ടിമാത്രം ഒളിച്ചോടിയ താണെന്നു് അവനു വിചാരിക്കാൻകഴിഞ്ഞില്ല. ആരെങ്കിലും ഹംഗറിയെ ഉപേക്ഷിക്കുകയെന്നതു അവനു് മനസ്സിലാവാത്ത കാര്യമാണു്.

"ഗ്രീഷ്മാരംഭത്തിൽ വയലുകൾ എത്രയോ സുന്ദരങ്ങളാണു്" അവൻ ചിന്തിച്ചു" ബുഡാപെസ്റ്റാണെങ്കിൽ ആനന്ദകരമായ നഗരം; പ്രൗഢമായി ഒഴുകുന്ന ഡാന്യൂബും; ഒന്നാംതരം ഭക്ഷണശാലകളും, ജനങ്ങളും.

തണുപ്പുള്ളരാത്രിയിൽ തന്റെ ജന്മനാടിന്റെ നക്ഷത്രങ്ങൾ മുകളിൽ തിളങ്ങിത്തിളങ്ങി നിൽക്കെ, അവൻ ഓർക്കും "എനിക്കു എന്തു ഉദ്യോഗമായിരിക്കുമോ ലഭിക്കാൻ പോകുന്നതു്? എന്റെ സേവനരേഖകൾ തൃപ്തികരങ്ങളാണു്: ക്യാപ്റ്റൻ അങ്ങനെയാണു് പറഞ്ഞതു്; മററുള്ളവരും പറഞ്ഞു." ഒരു ബസ് ഡ്റൈവർ ആയാൽ അതാണു് അവന്റെ ഏററവും വലിയ അഭിലാഷം. ആളുകളെ കയററിക്കൊണ്ടു നഗരവീഥികളിലൂടെ അവനങ്ങനെ ബസ് ഓടിച്ചുകൊണ്ടുപോകും. എല്ലാവരും എന്നെ കാണും; കാണട്ടെ."

അതിർത്തിയിലെ വയലിന്റെ നേരെ ഡോണാത്തിന്റെ നാസ്സുൾ കരസ്സുന്നു. ഓ കരസ്സട്ടെ; വെറുതെ കരസ്സുകയാവും "ഈകശാപ്പു പണിയിൽനിന്നു് രക്ഷപെട്ടാൽ മതിയായിരുന്നു അവൻ വിചാരിക്കയാണു്, "ഞാൻ വിശ്വസ്തനും സമർത്ഥനും ആണെന്നു തെളിയിച്ചുകഴിഞ്ഞു...ഇനി എനിക്കൊരു ബസ് ഡ്റൈവറാകണം...

പക്ഷെ ബസ്ഡ്റൈവറായിട്ടല്ല അവനു് ഉദ്യോഗത്തിൽ പ്രമോഷൻലഭിച്ചതു്. ബുഡാഭാഗത്തു ഫോ തെരുവിലുള്ള ഏവിയോക്കാരുടെ ആസ്ഥാനത്തേയ്ക്കാണു് അവനു സ്ഥലംമാററം കിട്ടിയതു്. അഞ്ചുനിലകളുള്ള ഒരു ഉക്കൻകെട്ടിടം. അതിന്റെ താഴത്തെ രണ്ടുനിലകളിലാണു് "രാജ്യദ്രോഹി"കളെ തടങ്കൽപ്പുള്ളികളായി പാർപ്പിച്ചിരിക്കുന്നതു്.

"വിദഗ്ദ്ധന്മാർ വരുന്നതുവരെ നീ ഇവരെ തയാറാക്കുക" എന്നതായിരുന്നു മേലുദ്യോഗസ്ഥന്റെ ആജ്ഞ. തടങ്കൽപുള്ളികളെ നിർബന്ധിച്ചു കുററം സമ്മതിപ്പിക്കുന്നതിൽ ആ വിദഗ്

ഷക്കുള്ള സാമർത്ഥ്യം ഡോണാത്തിനെ അത്ഭുതപ്പെടുത്തി.

പിന്നെയും അവനു നിരാശയുണ്ടായി. കാരണം തടവുകാരോടു ചോദ്യം ചോദിക്കുന്ന ജോലി അവനെ ഏല്പിച്ചില്ല. "ഒരു യഥാർത്ഥ ശത്രുവിനെ യുക്തിവാദം ചെയ്തു തോൽപിക്കാൻ നിന്നെക്കൊണ്ടു പററുകയില്ല" ഇതായിരുന്നു മേലാവിൻെറ അഭിപ്രായം.

തടവുകാരെ സ്വീകരിക്കുക. കുററസമ്മതത്തിനു് അവരെ തയ്യാറാക്കുക. ഇതായിരുന്നു ഡോണാത്തിൻെറ ജോലി. പുതുതായി വന്നുചേരുന്ന തടവുകാരനോടു അവൻ പറയും "ഒരു വക്കീലും നിനക്കുവേണ്ടി വാദിക്കാനുണ്ടാവില്ല. നിൻെറ കുടുംബക്കാർ അറിയുകയില്ല. അറിഞ്ഞാൽ തന്നെയും നിന്നെ രക്ഷിക്കാൻ ലോകത്തിൽ ആൎക്കും സാധ്യമല്ല. നിന്നെ തല്ലിക്കൊന്നാലും ആരും അറിയാൻ പോകുന്നില്ല. അറിഞ്ഞാലും ഫലമില്ലതാനും. നിൻെറ നിലവിളി കേൾക്കാൻ ആരും ഉണ്ടാവില്ല. ഒരു കാര്യമേ നിന്നോടു് ഞാൻ ആവശ്യപ്പെടുന്നുള്ളു. വിവരം തരുക. എല്ലാം തുറന്നു പറഞ്ഞേക്കുക. നിന്നോടു ചോദ്യം ചോദിക്കാൻ ഇൻസ്പെക്ററർ വരുന്നുണ്ടു്."

തടവുകാരെ നാനാ പ്രകാരേണയും പീഡിപ്പിക്കുന്നതിൽ ഡോണാത്ത് അദ്വിതീയനായിരുന്നു.

മാനുഷിക ചിന്തയ്ക്കു അതീതങ്ങളായ പീഡനങ്ങളാണു് ആ തടങ്കൽ പുള്ളികൾ അനുഭവിച്ചതു്. പട്ടിണിക്കിടുക, മലമൂത്ര വിസർജ്ജനത്തിനുള്ള പാത്രങ്ങളിൽ തന്നെ ഭക്ഷണം കഴിക്കുക, മൂന്നും നാലും ദിവസം ഒരു പോള കണ്ണടയ്ക്കാൻ പോലും അനുവദിക്കാതിരിക്കുക, മണിക്കൂറുകൾ തുടർച്ചയായി ഒററക്കാലിൽ നിറുത്തുക, എല്ലുകൾ ഒടിയുന്നതുവരെ ബൂട്സിട്ടു ചവിട്ടുക, ഭയങ്കര ശക്തിയുള്ള എലക്ട്രിക് ദീപങ്ങളുടെ മുമ്പിൽ ദീർഘനേരം നിറുത്തുക, അങ്ങനെ അങ്ങനെ എണ്ണിയാൽ ഒടുങ്ങാത്ത നരക യാതനകൾക്കു് തടവുകാർ വിധേയരാക്കപ്പെട്ടു. മർദ്ദകർക്കു ആവശ്യമുള്ള കാര്യങ്ങൾ നേരായാലും നുണയായാലും അവരെ കൊണ്ടു പറയിക്കുക. അതു രേഖകളാക്കി പ്രചരണത്തിനും, മററുള്ളവരെ വേട്ടയാടിപ്പിടിക്കുന്നതിനും പ്രയോജനപ്പെടുത്തുക.

ഏററവും വലിയ പീഢനത്തിൻെറ ദിവസം ഞായറാഴ്ചയാണ്. തടവുകാരുടെ ഓമ്മകളിൽ പാവനങ്ങളായ സ്മരണകളെ ഉദ്ദീപിപ്പിക്കുന്ന ആ വിശുദ്ധ ദിവസം തന്നെ അവരുടെ കൊടിയ യാതനകളുടെ ദിവസമാക്കാൻ ഏവിയോക്കാർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

അന്നൊരു പ്രത്യേകതയുണ്ട്. തടവുകാരെ പീഢിപ്പിക്കുന്നതു മുഖ്യമായും പെൺ ഏവിയോക്കാർ ആയിരിക്കും. അവർ, ആ പെൺ പിശാചുക്കൾ, തടവുകാരെ പരിപൂർണ്ണ നഗ്നരാക്കും. പെണ്ണുങ്ങളുടെ കയ്യിൽ, പിച്ചാത്തികൾ, മൊട്ടുസൂചികൾ, ഹയാർ പിന്നുകൾ, സിഗററുലൈററുകൾ മുതലായ ഉപകരണങ്ങൾ ഉണ്ടായിരിക്കും. പുരുഷന്മാരായ ഏവിയോക്കാർ ചെയ്യാൻ മടിക്കുന്ന ഏററവും നികൃഷ്ടവും ബീഭത്സവുമായ പീഢനങ്ങൾക്ക് അവർ തടവുകാരെ വിധേയരാക്കും. അവരുടെ പ്രവത്തനങ്ങൾ രേഖപ്പെടുത്താൻ പോലും നിവൃത്തിയില്ലാത്തവിധം അത്രകണ്ടു നീചങ്ങളായിരുന്നു.

"അയ്യോ— ഈ വൃത്തികേടു നിത്തണം." ഒരു ദിവസം ഡോണാത്ത് പറഞ്ഞുപോയി. അവനു പോലും ആ കാഴ്ചകൾ സഹിക്കാൻ കഴിഞ്ഞില്ല. പക്ഷെ ഡോണാത്ത് അങ്ങനെ പറയാൻ പാടില്ലാത്തവനാണ്. ഡോണാത്ത് പറഞ്ഞ വാക്കുകൾ ഒരു ചാരൻ വീഴാതെ കെട്ടാതെ, മേലധികാരിയെ അറിയിച്ചു. മേലധികാരി ഡോണാത്തിനെ വിളിച്ചു.

"വനിതാപോലീസിനെതിരായി നീ എന്താണ് പറഞ്ഞതു്...."

"ഞാനിത്രയുമേ പറഞ്ഞൊള്ളൂ. അതായതു്..."

"ഫ! കള്ളറാസ്കൽ" മേലാവു് അലറി. അയാൾ അവൻെറ മുഖത്തേക്കു് ഒരു റിപ്പോർട്ടു് എറിഞ്ഞു "ഇതെന്തെടാ?"

ഞായറാഴ്ച വനിതാ ഏവിയോക്കാർ ചെയ്യുന്ന ശ്രമത്തിൻെറ ഫലമായിട്ടാണ് രാജ്യദ്രോഹികൾ കുററസമ്മതം നടത്തുന്നതു് എന്നായിരുന്നു ആ റിപ്പോർട്ടു്.

"നീ സക്കാരിൻെറ ശത്രുവാണൊ?"

"അല്ല" തീബോർ യാചിച്ചു. "ഞാനിന്നോളം വിശ്വസ്തനായിട്ടാണ് ഗവമ്മെണ്ടിനെ സേവിച്ചതു്. എൻെറ റിക്കാർഡുകൾ അതിനു തെളിവാണ്."

"അതുകൊണ്ടു നിന്നെ ഞാനിപ്പോൾ ഡിസ്സ്മിസ് ചെയ്യുന്നില്ല" മേലാവു പറഞ്ഞു "നീ കുറെക്കൂടെ പഠിക്കുവാനുണ്ട്. നിന്നെ ഞാൻ റെസ്കിലേക്കു അയയ്ക്കുന്നു."

തന്നെ ഒററികൊടുത്തവൻ ആരായിരുന്നാലും അവൻെറ കുടൽ എടുക്കുമെന്ന ദൃഢശപഥത്തോടു കൂടിയാണ് റെസ്കിലേക്ക് ഡോണാത്ത് യാത്ര ചെയ്തതു്.

ഹംഗറിയിലെ ഏററവും ഭീകരമായ മർദ്ദന ക്യാമ്പായിരുന്നു റെസ്ക്. കമ്മ്യൂണിസ്റ്റ് പൈശാചികത്വത്തിൻെറ പരകോടി ആയിരുന്നു റെസ്ക്. ആ നരകത്തിൽ ഏതാനും വർഷങ്ങൾ കഴിച്ചുകൂട്ടിയ ഫെറേൻ ഗാബോർ എന്ന 35-വയസ്സുകാരനായ ഹതഭാഗ്യനെ ഞാൻ വിയെന്നായിൽ വെച്ചു കണ്ടു. അയാളുടെ വാക്കുകൾ തന്നെ ഇവിടെ ഉദ്ധരിക്കാം.

"ബുഡാപ്പെസ്റ്റിനു് വടക്കു കിഴക്കായുള്ള റെസ്ക് ഗ്രാമത്തിൽ നിന്ന് ഏതാനും കിലോമീററുകൾക്കു അപ്പുറത്തായി ആ കാരാഗൃഹം സ്ഥിതിചെയ്യുന്നു. അതിൻെറ പ്രധാന കവാടത്തിൽ കൂടി ഞാൻ അകത്തു കയറിയ ആ നിമിഷം ഞാനൊരിക്കലും മറക്കുകയില്ല. മൂന്നു കൊല്ലം ഞാൻ അവിടേയ്ക്കു ശിക്ഷിക്കപ്പെട്ടിരുന്നു. എനിക്കു അവർ ഒരു കാക്കി ഡ്രസ്സ് തന്നു.

ഏകദേശം 1000 വാര നീളം അതിനൊടടുത്ത വീതിയും ഉള്ള ഒരു സ്ഥലം മൂന്നുനിരയായി മുള്ളുകമ്പിവേലികൾകൊണ്ടു ചുററപ്പെട്ടിരുന്നു. ആ മുള്ളുകമ്പികളിൽ എലക്ട്രിസിററിവ്യാപിപ്പിച്ചിരുന്നു.

അവിടത്തെ ഭക്ഷണം തീരെ അപര്യാപ്തമായിരുന്നു. തടവുകാർ മരിച്ചാൽ അവർക്കൊരു ചുക്കുമില്ല. ഒരു കൊല്ലംകൊണ്ടു ശരാശരി 70റാത്തൽ തൂക്കം ഓരോതടവുകാരനും കുറഞ്ഞു.

രാവിലെ 4. 30-മുതൽ രാത്രിയാകുന്നവരെ ഞങ്ങൾ മണ്ണു ചുമക്കണം. നിശ്ചിത അളവു ചുമക്കാത്ത തടവുകാരനെ ഒരു ഇരുട്ടറയിൽ അടയ്ക്കും. ഞങ്ങളുടെ ഇടയിൽതന്നെ ചാരന്മാർ ഉ

ണ്ടായിരുന്നു. ആരെങ്കിലും എന്തെങ്കിലും പറഞ്ഞാൽ അതു അതേപടി ഏവിയോ അധികൃതരെ അറിയിക്കും ആ ചാരന്മാർ.

ദിവസങ്ങളും മാസങ്ങളും അങ്ങനെ പുതിയപുതിയ യാതനകൾക്കു സാക്ഷിനിന്നുകൊണ്ടു കടന്നുപോയി.

പലരും മരിച്ചു. ഒരു രാത്രിയിൽ തീബോർ ഡോണാത്ത് എന്ന ഭയങ്കരനായ ഏവിയോ ഞങ്ങളെ വെള്ളക്കുതിര കളിപ്പിച്ചു. ഞങ്ങളുടെ കാലിനടിയിൽ ഒരു ചൂലുവച്ചിട്ടു ഞങ്ങളെ മുട്ടുകുത്തിനിർത്തും. രണ്ടുകൈകളും നിലത്തൂന്നിക്കൊണ്ടു ഞങ്ങൾ ചാടണം. അല്ലെങ്കിൽ അയാൾ ബൂട്ട്സിട്ടു തൊഴിക്കും. ആ തൊഴികളുടെ ഫലമായി രണ്ടുമൂന്നുപേർ മരിച്ചു. തടവുകാർ മരിച്ചുവീഴുന്നതുകണ്ടു ആ ഘാതകർ പൊട്ടിച്ചിരിക്കും.

കാരാഗൃഹത്തിനകത്തൊരു കാരാഗൃഹം ഉണ്ട്. കുറക്കാരായ തടവുകാർക്കുള്ളതാണ് ആ അന്തർഗൃഹം. അതിനുള്ളിൽ 250 പേർ അടയ്ക്കപ്പെട്ടിരുന്നു. ലൈംഗികാവയവങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള പീഢനമുറകളാണ് അവിടെ നടക്കുന്നത്. എപ്പോഴും ഭീകരങ്ങളായ കൂട്ടനിലവിളികൾകൊണ്ട് ആ കാരാഗൃഹം മുഖരിതമായിരിക്കും. ഈ കാരാഗൃഹത്തിലെ ഏററവും ക്രൂരനായ ഏവിയോ ഡോണാത്ത് ആയിരുന്നു. ക്രൂരകർമ്മങ്ങളിൽ അയാൾ റിക്കാർഡ് സൃഷ്ടിച്ചു. അങ്ങനെ ബുഡാപ്പെസ്റ്റിൽ ഉന്നതമായ ഒരുദ്യോഗം തനിക്കു കിട്ടുമെന്ന് അവൻ പൂർണ്ണമായും വിശ്വസിച്ചിരുന്നു.

1956– ലെ വസന്തത്തിൽ ഡോണാത്തിന്റെ ശിക്ഷണകാലാവധി അവസാനിച്ചു. അവനെ ബുഡാപ്പെസ്റ്റിലേയ്ക്കു നിയോഗിച്ചു. അവൻ ആശിച്ചിരുന്ന ഓഫീസ്ജോലിയല്ല അവിടെ അവനു ലഭിച്ചതു്. "നഗരത്തിലെന്തോ കുഴപ്പങ്ങൾ നടക്കുന്നു" മേലധികാരി അവനോടുപറഞ്ഞു "നാം ഏവിയോക്കാർ, കമ്മ്യൂണിസത്തിന്റെ പാലകർ, ജാഗ്രതയായിരിക്കണം."

ഒക്ടോബർ 23–ാംതീയതി ഒരു കീഴുദ്യോഗസ്ഥൻ ഡോണാത്തിനെ അറിയിച്ചു. "അവർ റേഡിയൊ സ്റ്റേഷനിലേക്കു വെടിവയ്ക്കുന്നു "എന്തോ വലിയ വിപ്ലവമാണ്. നമ്മുടെ പത്രമാഫീസ് തകർത്തു." ഡോണാത്തിനു് അതു വിശ്വസിക്കാൻ കഴിഞ്ഞില്ല. ഹംഗറി തകർന്നുവീഴാൻ പോവുകയാണെന്ന് അവനു

തോന്നി.

"ഏതാനും നിമിഷങ്ങൾ കഴിഞ്ഞ് ഒരു വാർത്തകൂടി" അവർ ഏവിയോക്കാരെ പേപ്പട്ടികളെപ്പോലെ തല്ലികൊല്ലുന്നു"

"എന്തിനു്?" ഡോണാത്ത് ചോദിച്ചു.

പെട്ടെന്ന് ഒരുദ്യോഗസ്ഥൻ വന്നു ഇങ്ങനെ ആജ്ഞ നൽകി "നഗരം മുഴുവനും ഇളകിവശായിരിക്കുന്നു. സംശയമുള്ള ആരെ കണ്ടാലും വെടിവച്ചേക്കുക: വരൂ."

അവർ പാർലമെൻറ്സ്കയാറിലേക്കു പാഞ്ഞു. കാഴ്ചിക വകുപ്പുകെട്ടിടത്തിൻെറ മുകളിൽ അവർ സ്ഥലം പിടിച്ചു.

"അതാ ടാങ്കുകൾകണ്ടോ?" ഒരാൾ മന്ത്രിച്ചു. ഡോണാത്ത് താഴേക്ക് നോക്കി. ഭീമാകാരങ്ങളായ റഷ്യൻ ടാങ്കുകൾ അടുക്കുന്നു. അപ്പോഴെല്ലാം സുപ്രീംകോടതി കെട്ടിടത്തിലുണ്ടായിരുന്ന ഏവിയോക്കാർ താഴത്തെ ജനങ്ങളുടെ നേരെ വെടിവയ്ക്കുന്നതു ഡോണാത്ത് കണ്ടു "നമുക്കും വെടിവയ്ക്കുക" അവൻ അനുയായികൾക്കു ഉത്തരവുനൽകി.

പക്ഷെ റഷ്യൻടാങ്കുകൾ ഡോണാത്ത് നില്ക്കുന്ന കെട്ടിടത്തിലേക്കു വെടിവച്ചുതുടങ്ങിയപ്പോൾ അവൻ അമ്പരന്നു. "ഇതെന്തൊരു കൂത്ത്?" അവൻ സ്വയം മന്ത്രിച്ചു. തൻെറ അടുത്തുണ്ടായിരുന്ന ഏവിയോക്കാർ തോക്കുകൾ ഉപേക്ഷിച്ചിട്ടു പലായനം ചെയ്തു. പക്ഷെ ഡോണാത്ത് മാറിയില്ല. അവൻ പിന്നെയും ജനങ്ങളെ വെടിവച്ചുകൊന്നുകൊണ്ടിരുന്നു.

അവൻ നിന്ന കെട്ടിടത്തിൻെറ ഒരു ഭാഗം റഷ്യൻവെടിയുണ്ടകളേററു നിലംപതിച്ചപ്പോൾ അവനും തോക്കു ഉപേക്ഷിച്ചിട്ടു പ്രാണരക്ഷാർത്ഥം ഓടി. അവൻ ആരും കാണാതെ അവൻെറ ഏവിയോവേഷം അഴിച്ചു ദൂരെയെറിഞ്ഞു. കേവലം സിവിലിയൻ വേഷത്തിൽ അവൻ താഴെയെത്തി. അവിടെല്ലാം മൃതശരീരങ്ങൾ കുന്നുകൂടി കിടക്കുന്നു.

"താനെന്തെടോ ഇവിടെ നില്ക്കുന്നതു്?" ഒരു കമ്മ്യൂണിസ്റ്റ് ഉദ്യോഗസ്ഥൻ ഡോണാത്തിനോടു ചോദിച്ചു.

"റഷ്യക്കാർ ഞങ്ങളുടെ നേരെ വെടിവച്ചു" ഡോണാ

ത്ത് പറഞ്ഞു.

"എന്താ ചെയ്യ. എല്ലാവരും നമ്മുടെനേരെയാണ് വെടിവയ്ക്കുന്നത്" ആ ഉദ്യോഗസ്ഥൻ പറഞ്ഞു. നമ്മുടെ സ്വന്തം പോലീസുകാരും, നമ്മുടെ സ്വന്തം പട്ടാളക്കാരും, നമ്മുടെ സ്വന്തം ജനങ്ങളും"

"എന്താ കാര്യം?"

"നശിച്ച എവിയോക്കാരാണ് ഇതിനെല്ലാം കാരണം. പോകൂ, എന്റെ കൺവെട്ടത്തുനിന്നു"

ആരും ആരും ആജ്ഞാപിച്ചിട്ടു കേൾക്കുന്നില്ല. ഇതെന്തൊരു കാലം!

ഏതായാലും ഭയവിഹ്വലരായ എവിയോക്കാർ ഒരു അറയിൽ അഭയം തേടി. അവിടെ അവർ ഏതാനും സ്വാതന്ത്ര്യയോദ്ധാക്കളെ— സ്ത്രീകളെയും കുഞ്ഞുങ്ങളെയും ഉൾപ്പെടെ— അടച്ചിട്ടിട്ടുണ്ടായിരുന്നു. ഡോണാത്തും അതിനുള്ളിൽ ഒളിച്ചു. ഒടുവിൽ ഹോസ്പൈപ്പിലൂടെ അറയിലേക്കു വെള്ളം ചീററിത്തുടങ്ങി. ഡോണാത്ത് ഒരു പ്രകാരത്തിൽ രക്ഷപെട്ടു. അതിൽ മുങ്ങിച്ചാകുമെന്നായപ്പോൾ ഏതാനും എവിയോക്കാർ പുറത്തേക്കുവന്നു കീഴടങ്ങി. തടവുകാരെക്കൂടെ മോചിപ്പിക്കാൻ വേണ്ടി ജനങ്ങൾ കാത്തുനിന്നു. ഒടുവിൽ അറതുറന്ന് അതിലുണ്ടായിരുന്ന മനുഷ്യക്കോലങ്ങൾ പുറത്തുവന്നു. അതുകണ്ടപ്പോൾ കാണികൾക്കു സഹിക്കാൻ കഴിഞ്ഞില്ല. എവിയോക്കാരുടെമേൽ ജനങ്ങൾ ചാടിവീണു. അവരെ ശദകൾക്ക് അടിച്ചുകൊന്നു. അവരുടെ മൃതദേഹങ്ങൾ റിപ്പബ്ലിക്ക്സ്ക്വയറിൽ കുന്നുകൂടിക്കിടന്നു. അവരെ മറവുചെയ്യാൻപോലും ആരും ഒരുമ്പെട്ടില്ല. ഒടുവിൽ നാററംവെച്ചുതുടങ്ങിയപ്പോൾ ആ ശവങ്ങളെ ജനങ്ങൾ കുഴിച്ചിട്ടു. രണ്ടു ശവങ്ങൾമാത്രം അവിടെത്തന്നെ കിടന്നു. അവരുടെ പോക്കററുകളിൽനിന്ന് ചില രേഖകൾ കണ്ടെടുത്തു. അവർ അതുനിവർത്ത് ആ മൃതദേഹങ്ങളിൽ എല്ലാവരും കാണത്തക്കവിധം കുത്തിവച്ചു. ഒരാൾക്കു പ്രതിമാസം 18000 ഫോറിൻറ് ശമ്പളത്തിലും, മറെറയാൾക്ക് 10000 ഫോറിൻറ് ശമ്പളത്തിലും ഉദ്യോഗക്കയററങ്ങൾ നൽകിക്കൊണ്ടുള്ള അധികൃതരേഖകളായിരുന്നു അവ.

ഷെപ്പേലിലെ ഏറ്റവും സമത്ഥനായ തൊഴിലാളിക്ക ഏറ്റവും കൂടുതൽ കിട്ടുന്ന ശമ്പളം പ്രതിമാസം 800 ഫോറിൻറാണു്. ആ രേഖകൾ കണ്ടപ്പോൾ തൊഴിലാളികൾ അന്ധാളിച്ചുപോയി.

"സൈക്കിളുകളും, അപ്പവും, യന്ത്രങ്ങളും, ഉണ്ടാക്കുന്ന ഞങ്ങൾക്കു് അദ്ധ്വപ്പട്ടിണി. ഈ മനുഷ്യപ്പിശാചുക്കൾക്ക കൊടുക്കുന്ന ശമ്പളം." അവർ അമഷം പ്രകടിപ്പിച്ചു.

ഏവിയോക്കാരുടെ ഭീകരതയെപ്പറ്റി ഞാനെഴുതിയതു് ഒരു അമേരിക്കൻ പത്രലേഖകനെ കാണിച്ചപ്പോൾ അദ്ദേഹം പറഞ്ഞു. "വിപ്ലവസമയത്തു് ഞാൻ ബുഡാപ്പെസ്റ്റിൽ ഉണ്ടായിരുന്നു. പ്രതികാരപരമായ വധങ്ങളെ ഞാൻ വെറുക്കുന്നു. എന്നിരിക്കിലും, ഹംഗറിയിലെ 30,000 ഏവിയോക്കാരെയും കൊന്നിരുന്നെങ്കിൽ ലോകത്തിലെ വായു കുറെക്കൂടെ ശുദ്ധമാകുമായിരുന്നു എന്നാണു് എൻെറ വിശ്വാസം."

കമ്മ്യൂണിസത്തെ നിലനിത്തുന്ന ഈ മനുഷ്യപ്പിശാചുക്കളാണു്—ഏവിയോക്കാർ— അവർ റഷ്യയിലും, റുമേനിയായിലും, ചൈനായിലും, ഉത്തരകൊറിയായിലും ഉണ്ടു്. എന്തുകൊണ്ടാണു് ഈ കിരാതന്മാരെ കമ്മ്യൂണിസം ആശ്രയിക്കുന്നതു്? കാരണം നീതിയിലും, ജനാധിപത്യത്തിലും, മാനുഷിക മൂല്യങ്ങളിലും, കമ്മ്യൂണിസ്റ്റു് പ്രത്യയ ശാസ്ത്രം വിശ്വസിക്കുന്നില്ല. അവർ തൊഴിലാളികളെ മധുരവാഗ്ദാനങ്ങൾകൊണ്ടു മയക്കും. അതു വിശ്വസിച്ചു് തൊഴിലാളികൾ വിപ്ലവത്തിനു് മുൻകൈ എടുക്കും. വിപ്ലവം ജയിച്ചുകഴിഞ്ഞാൽ തൊഴിലാളികളുടെ വായ് മൂടികെട്ടും. മിണ്ടിപ്പോയാൽ അവൻ പിന്തിരിപ്പനും, സാമ്രാജ്യവാദിയും, ഫസിസ്റ്റും ആയി.

ഒരു ഞായറാഴ്ച ഉച്ചതിരിഞ്ഞസമയം, വിയന്നായിൽവച്ചു് ഹംഗറിയിലെ ടാററാബാനിയാ കൽക്കരി ഖനിയിൽ ജോലി ചെയ്തിരുന്ന ഒരു തൊഴിലാളിയോടു ഞാൻ ചോദിച്ചു.

"എങ്ങനെയിരുന്നു നിങ്ങളുടെ ജയിൽ ജീവിതം."

"33 ദിവസം അവർ എന്നെ കാരാഗൃഹത്തിലടച്ചു. അവർ എന്നെ വിട്ടയച്ചപ്പോൾ എനിക്ക നടക്കാൻപോലും നിവൃത്തി

യില്ലായിരുന്നു''

"അവരുടെ പെരുമാററം നികൃഷ്ടമാണല്ലേ?"

"ഒന്നും പറയാതിരിക്കയാണുഭേദം''

''എന്തിനാണു് നിങ്ങളെ അറസ്റ്റു് ചെയ്തതു്?''

''ഞാനൊരു അമേരിക്കൻസൂട്ടു് ധരിച്ചുകൊണ്ടുനടന്നതിനു്''

''നിങ്ങൾ അമേരിക്കയിൽ പോയിട്ടുണ്ടോ?''

''ഇല്ല, രണ്ടാംലോകമഹായുദ്ധകാലത്തു് ജർമ്മൻകാർ എന്നെ തടവുകാരനായിപിടിച്ചു. നിർബന്ധിതജോലി ചെയ്യിച്ചു. ഒടുവിൽ അമേരിക്കർവന്നു് എന്നെ മോചിപ്പിച്ചു. അവർ അന്നു എനിക്കു് തന്ന സൂട്ടായിരുന്നു അതു്. "അമേരിക്കൻ സൂട്ടു് ധരിച്ചതുകൊണ്ടു് ഞാനൊരു അമേരിക്കൻ ചാരനാണെന്നു് എവിയോക്കാർ തീരുമാനിച്ചു''

അതിർത്തിയിൽവച്ചു് ഞാൻ മദ്ധ്യ വയസ്സയായ ഒരു ഹംഗേറിയൻ അഭയാർത്ഥിയെ കണ്ടു. അയാളുടെ വലത്തുകൈയ് ഒടിഞ്ഞതായിരുന്നു.

''ഈ കൈയ്ക്കു് എന്തുപററി?'' ഞാൻ ചോദിച്ചു.

''എവിയോക്കാർ തല്ലി ഒടിച്ചതാണു്'' യാതൊരു വികാരക്ഷോഭവും കൂടാതെ അയാൾ പറഞ്ഞു.

"എന്തിനു്?''

''കഷ്ടം എന്റെ ഒരു പരിചയക്കാരി പെണ്ണു് അതിർത്തി കടന്നു് ഒളിച്ചോടിപോയതിനു്''

'നിങ്ങള സഹായിച്ചോ?''

''അവൾ പോയതു ഞാൻ അറിഞ്ഞതേയില്ല. എനിക്കറിയാം എന്ന സംശയത്തിന്റെ പേരിലാണു് അവരെന്നെ അറസ്റ്റു് ചെയ്തതു്''

''എനിക്കറിഞ്ഞുകൂടായെന്നുപറഞ്ഞതിനു് അവർ എന്നെ പല പ്രകാരത്തിൽ ദേഹോപദ്രവമേല്പിച്ചു"

ആ സ്ത്രീയുടെപേരു് മിസ്സിസ് മാറോത്തി എന്നാണു്. ഈ പുസ്തകത്തിൽ വിവരിച്ചിരിക്കുന്ന ആളുകളിൽ പലരുടേയും പേർ കൃത്രിമങ്ങളാണു്. അവരുടെ ഇഷ്ടപ്രകാരമുള്ള പേരുകൾ തന്നെയാണു് ഞാൻസ്വീകരിച്ചിട്ടുള്ളതു്. അവരുടെ യഥാർത്ഥമായ പേരുകൾ വെളിപ്പെട്ടാൽ അതിന്റെപേരിൽ ഹംഗേറിയിൽ

അവശേഷിക്കുന്ന അവരുടെ ബന്ധുമിത്രാദികളെ കമ്മ്യൂണിസ്റ്റുകൾ പീഡിപ്പിക്കും.

എന്തുപേരാണ് പുസ്തകത്തിൽ സ്വീകരിക്കേണ്ടതെന്ന് ഞാൻ മിസ്സിസ് മാറോത്തിയോടു ചോദിച്ചു.

"എൻെറ പേരുതന്നെ എഴുതിക്കോളൂ" അവർ ധൈര്യപൂർവ്വം പറഞ്ഞു" മിസ്സിസ് മറിയാ മാറോത്തി. അവരെന്നെ കന്നക്കിലേറെ പീഡിപ്പിച്ചു. അവർ അറിയട്ടെ ഞാൻ പ്രതികാരം ചെയ്യുന്നുഎന്ന്. സ്വതന്ത്ര ലോകത്തിലായിരിക്കുന്ന ഞാൻ അവരെ പുച്ഛരിക്കുന്നു എന്നു്."

കുറെനേരത്തെ മൗനത്തിനുശേഷം അവർ പറഞ്ഞു "ഞങ്ങളുടെ പുറത്തുചാടിയതു ആരെന്നറിയാമൊ?"

"ഞാനെങ്ങനെ അറിയും; അറിയാൻ ആശയുണ്ടു്"

ഇംറിഹോർവാത്ത് (ജൂനിയർ)"

ഞാൻ അത്ഭുതസ്തബ്ധനായിപ്പോയി. ഇംറിഹോർവാത്തിൻെറ (സീനിയർ) പേരു് ഹംഗേറിയൻ ജനത ഏററവും വെറുത്തിരുന്ന ഒന്നാണു്. അയാളുടെ മകൻ രക്ഷപെട്ടുഎന്ന്! അതെങ്ങനെ വിശ്വസിക്കും.

ന്യൂയോക്കുനഗരത്തിൻെറ ഐക്യരാഷ്ട്ര പൊതുസമ്മേളനത്തിൻറന്ന് ഹോർവാത്ത പറഞ്ഞു "ഹംഗറിയിലേക്കു മടങ്ങിവരാൻ റഷ്യാക്കാർക്കു അവകാശമുണ്ടു്. എല്ലാ നല്ല ഹംഗറിക്കാരും അവരെ സ്വാഗതംചെയ്യുന്നു. ഫസീസ്റ്റു യുദ്ധക്കൊതിയന്മാർ ഇളക്കിവിട്ടതാണു് ഹംഗറിയിലെ കലാപം!"

ഈ ഹോർവാത്തിനെ തക്കത്തിനു കിട്ടിയിരുന്നുവെങ്കിൽ കൊന്നുകളഞ്ഞേനെ എന്നു പല ഹംഗേറിയൻ അഭയാൎത്ഥികളും എന്നോടു പറഞ്ഞു.

"ആ ദുഷ്ടൻെറ മകനും അഭയാർത്ഥിയാണെന്നൊ?" ഞാൻ ജിജ്ഞാസാപൂർവ്വം ചോദിച്ചു.

"അതെ" മിസ്സിസ് മാറോത്തി ഉറപ്പിച്ചുപറഞ്ഞു. "യുണൈറഡ് നേഷൻസിൽവച്ചു് തൻെറ പിതാവു് ചെയ്ത പ്രസ്താവനയെപ്പററി കേട്ടയുടനെ അവൻ തീരുമാനിച്ചു ഹംഗറിയിൽ അവനു ജീവിക്കുവാൻ പാറുകയില്ലെന്നു്. ഞാനൊരു ര

ഹസ്യം പറയാം. അവൻ ബുഡാപ്പെസ്റ്റിൽനിന്നു പുറപ്പെട്ടിരിക്കുകയാണ്. നാളെ ഞങ്ങളുടെ കൂടെയെത്തും."

പക്ഷേ ദിവസങ്ങൾ കഴിഞ്ഞു. ഇംറിഹോർവാത്തി(ജൂനിയർ)നെ കണ്ടില്ല. ഹംഗേറിയൻ അധികൃതർ അവനെ വിട്ടയയ്ക്കാൻ ഇടയില്ല. ഞാൻ അഭയാർത്ഥികളുടെ ഇടയിലെല്ലാം തിരക്കി. അവനെ കണ്ടില്ല. ന്യൂയോർക്കിലെത്തി. പത്രങ്ങളെല്ലാം നോക്കി. അവൻ അമേരിക്കയിൽ എത്തിയെങ്കിൽ തീർച്ചയായും പത്രങ്ങളെല്ലാം വലിയ തലക്കെട്ടുകൊടുത്ത് ആ വാർത്ത പ്രസിദ്ധപ്പെടുത്തും. പക്ഷേ അങ്ങനെയൊരുവാർത്ത കണ്ടില്ല. മിസ്സിസ് മാറോത്തി കള്ളം പറഞ്ഞതായിരിക്കണം.

അങ്ങനെയിരിക്കെ, ഒരു ദിവസം, ഞാനീപുസ്തകത്തിന്റെ മിനുക്കുപണി ചെയ്തുകൊണ്ടിരിക്കെ, ഒരു വാർത്തയുണ്ടായി. ഇംറിഹോർവാത്ത് (ജൂനിയർ) പാശ്ചാത്യ നാട്ടിലേക്കു രക്ഷപെട്ടു എന്ന്. "...ഞാൻ എന്റെ പിതാവിനോട് ലാസ്ലോരാജ്കിന്റെ (1949ൽ സ്റ്റാലിന്റെ ഉത്തരവനുസരിച്ച് വധിക്കപ്പെട്ട ഹംഗറിയിലെ ദേശീയ കമ്മ്യൂണിസ്റ്റ് നേതാവ്) കാര്യം ചോദിച്ചപ്പോഴാണ് എന്റെ അമർഷം മൂർദ്ധന്യത്തിലെത്തിയത്. അനേകം നിർദ്ദോഷികൾ വെറുതെ കൊല്ലപ്പെടുന്നു എന്ന് ഞാൻ എന്റെ അച്ഛനോടു പറഞ്ഞു. അദ്ദേഹം പറയുകയാണ്" പാർട്ടിക്കുള്ളിൽ ഒരു ദ്രോഹി ഉണ്ടായിരിക്കുന്നതിനേക്കാൾ ആയിരം നിർദ്ദോഷികൾ വധിക്കപ്പെടുന്നതാണു നന്ന്"

യൂറോപ്പിലും അമേരിക്കയിലും പ്രഖ്യാതനായ ഒരു ഹംഗേറിയൻ കളിക്കാരന്റെ കഥകൂടെ പറയാം. ആ ലോകചാമ്പ്യനെ ഓസ്ട്രിയായുടെ അതിർത്തിയിൽ അഭയാർത്ഥികളുടെ കൂടെ കണ്ടു.

"സാധാരണക്കാരെക്കാൾ കവിഞ്ഞ എല്ലാ ജീവിതസൗകര്യങ്ങൾ ഞങ്ങൾക്കു അധികൃതർ നൽകിയിരുന്നു "അവൻ പറഞ്ഞു" ഒരു കളിക്കാരൻ മറ്റുദേശങ്ങളിൽ, ഉദാഹരണമായി ഇംഗ്ലണ്ടിലൊ, ഫ്രാൻസിലോ കളിക്കു പോകുമ്പോൾ, ടീമിൽനിന്നു വിട്ടുപോവുകയോ ഹംഗറിയിലേക്കു മടങ്ങി വരാതിരിക്കയൊ ചെയ്താൽ, അവന്റെ കുടുംബത്തെ മുഴുവനും അറസ്റ്റ് ചെയ്ത് ജയിലിൽ അടയ്ക്കും, എന്നൊരു ഖരാറിൽ ഓരോ കളി

ക്കാരനും ഒപ്പുവയ്ക്കണം”

“കുടുംബം ഇല്ലെങ്കിലോ?” ഞാൻ ചോദിച്ചു.

“എങ്കിൽ സ്നേഹിതന്മാർ”

“നിങ്ങൾ ഒപ്പുവച്ചോ?”

“ഒപ്പ്, അതല്ലാതെ വേറെ മാർഗ്ഗമില്ല”

കളിക്കാരെ കമ്മ്യൂണിസ്റ്റ് പ്രചാരകരായിട്ടാണൊ അധികൃതർ ഉദ്ദേശിക്കുന്നതു്?”

“തീർച്ചയായും, ഞങ്ങൾ ഫ്രാൻസിനെ തോൽപിച്ചാൽ അതിന്റേതായ വിജയാഹ്ലാദം ഞങ്ങൾക്കുണ്ട്. എവിയോക്കാരുടെ ആഹ്ളാദം ഞങ്ങൾ കമ്മ്യൂണിസ്റ്റുംവിരുദ്ധരെ തോൽപിച്ചു എന്നതാണ്”

“ടീമിന്റേക്കൂടെ എവിയോ ഉണ്ടായിരിക്കുമോ?”

“എല്ലാ ടീമിന്റേക്കൂടെയും ഉണ്ടായിരിക്കും”

“ഇനിയും കളികൾക്കു പോകുമോ”?

“രണ്ടുവെടിയുണ്ടകൾ പുറത്തു് ഏററിട്ടുണ്ട്”

“എവിയോക്കാർ വെടിവച്ചതാണൊ?”

“അതെ”

പര്യടനവേളയിലൊ, ഹംഗറിയിൽ വച്ചുതന്നെയോ?

“ഇംഗ്ലണ്ടിലും ഫ്രാൻസിലും പലപ്രാവശ്യംപോയി കളിച്ചുകഴിഞ്ഞപ്പോൾ” ഞാൻ പറഞ്ഞു ഹംഗറി ഗുരുതരമെന്ന് ഞാൻ മടങ്ങിവരുന്നില്ല എന്ന്. അതിർത്തിയിൽ വച്ച് അവർ എന്നെ വെടിവച്ചു; അവൻ ഷർട്ടൂരി കാണിച്ചു. ചുമലിൽ രണ്ടു ദ്വാരങ്ങൾ.

“തുമ്പാകൊണ്ടാണൊ ശസ്ത്രക്രിയ നടത്തിയതു്?” ഞാൻ ചോദിച്ചു.

അകത്തുവച്ചു് പൊട്ടുന്ന ഡംഡം വെടിയുണ്ടകളായിരുന്നു.

മൂന്നുകൊല്ലം അവൻ തടങ്കൽ പാളയത്തിൽ അടിമപ്പണി ചെയ്തു. നീണ്ട നരകയാതനകളുടെ ഒരു തീച്ചൂളയായിരുന്നു ആ മൂന്നുവർഷം.

എവിയൊ ഭീകരത ഹംഗറി അനുഭവിച്ചിട്ടുള്ള മുൻഭീകരതകളുടെ ഒരു പൂർത്തീകരണം മാത്രമായിരുന്നു. 1526-ൽ തുർക്കി സുൽത്താൻ ഹംഗറിയെ കീഴടക്കി ഭരിച്ചകാലം ഭീകരമായിരുന്നു. പിന്നീടു 1919-ൽ അഡ്മിറൽ ഹോർത്തി ഒരു സോ

ച്ഛാധിപതിയുടെ മർദ്ദനത്തിനു വിധേയമായി. പിന്നീട് ഹംഗറിക്കു നേരിട്ടതു നാസിഭരണമായിരുന്നു. പക്ഷെ അതെല്ലാം ഏവിയോഭീകരതയുടെ മുമ്പിൽ നിഷ്പ്രഭങ്ങളായിപ്പോകുന്നു.

ഏവിയോക്കാരൻ എന്നു വച്ചാൽ മനുഷ്യമൃഗം എന്നു കണക്കാക്കിയാൽ മതി. അവരിൽനിന്ന് മാനുഷികവികാരങ്ങളെ നിർമ്മാർജ്ജനം ചെയ്യുന്നതിനും, മൃഗതുല്യരാക്കുന്നതിനും മതിയായ ഒരു നീണ്ട പരിശീലനമാണ് സോവ്യററ് മേധാവികൾ അവർക്കുനൽകുന്നതു്. അക്ഷരജ്ഞാനമില്ലാത്ത റൗഡികളായിരുന്നു അവരിൽ ഭൂരിപക്ഷവും. അവരിൽ അധികം പേർക്കും കമ്മ്യൂണിസം എന്നുവച്ചാൽ എന്തെന്നുപോലും അറിഞ്ഞുകൂടാ. ജപ്പാനൊ, അമേരിക്കയൊ, ഇന്ത്യയൊ കമ്മ്യൂണിസ്റ്റാധിപത്യത്തിൽ ആയാൽ ഇതുതന്നെ ആയിരിക്കും അനുഭവം.

1956-ലെ വിപ്ലവത്തിനുശേഷം ഏവിയോക്കാരുടെ പേരു് ഒന്നുപുതുക്കി. അവരിപ്പോൾ "ആർ" പട്ടാളം എന്നാണറിയപ്പെടുന്നതു്.

നമ്മുടെ തീബോർ ഡോണാത്തിന് എന്തു സംഭവിച്ചു? അവനിപ്പോൾ ആർ പട്ടാളത്തിലെ ഒരു ഉദ്യോഗസ്ഥനാണ്.

---

# 7 ഷെപ്പേൽ കാരൻ

ഹംഗറിയിലെ ഏററവും വലിയ വ്യവസായകേന്ദ്രവും, ഹംഗേറിയൻ കമ്മ്യൂണിസ്റ്റുപാർട്ടിയുടെ നെടും കോട്ടയും ആയിരുന്നു, ബുഡാപ്പെസ്റ്റ്‌ വിപ്ലവത്തിനുമുമ്പ്‌, ഷെപ്പേൽ. ചെമന്ന ഷെപ്പേൽ എന്ന പേരിലാണ്‌ അതറിയപ്പെട്ടുന്നതു്.

ഷെപ്പേലിൻെറ വ്യവസായത്തൊഴിലാളികളിൽ ഏററവും അടിയുറച്ച മാർക്സിസ്റ്റ്‌ ആയിരുന്നു ജിയോർജി ഷാബൊ. 35-വയസ്സുള്ള പുരുഷനും അതീവ സമർത്ഥനും ആയ ഒരു തൊഴിലാളി.

അവൻെറ മാതാപിതാക്കളും തൊഴിലാളികളായിരുന്നു. കമ്മ്യൂണിസ്റ്റ്‌ പ്രത്യയശാസ്ത്രം അവനെ ഹഠാദാകർഷിച്ചു. പതിനേഴാമത്തെ വയസ്സിൽ അവൻ ഷെപ്പേലിൽ ജോലി ആരംഭിച്ചു. 1940-ൽ ആണ്‌ അവൻ പാർട്ടിമെംബറായതു്.

"അവർ പറഞ്ഞു" "ഞങ്ങൾ ഭരിക്കുമ്പോൾ നീയൊരടിമയെപ്പോലെ ജോലിചെയ്യേണ്ടിവരില്ല" ആ വാചകം എനിക്കു പ്രിയംകരമായിത്തോന്നി. ഷെപ്പേലിലെ അന്നത്തെ ജീവിതം വിഷമപൂർണ്ണമായിരുന്നുതാനും. "നമ്മുടെ ഭരണമായാൽ, ഈ വ്യവസായങ്ങളുടെ ഉടമസ്ഥർ നിങ്ങളായിരിക്കും—തൊഴിലാളികൾ" എൻെറ കമ്മ്യൂണിസ്റ്റ്‌ആചാര്യന്മാർ പറഞ്ഞു.

റക്കോഷിമേററൻ വക്ക്സിൽ അവൻ പണിയെടുക്കുമ്പോഴൊക്കെയും ആ വാചകങ്ങൾ അവൻെറ കാതുകളിൽ മുഴങ്ങിക്കൊണ്ടേയിരുന്നു. ഐശ്വര്യപൂർണ്ണമായ ആ നല്ല നാളെയ്ക്കുവേണ്ടി അവൻ കാത്തിരുന്നു.

1945-ൽ, അന്നു ജിയോർജിക്കു 24 വയസ്സ്‌ പ്രായമുണ്ട്‌. കമ്മ്യൂണിസ്ററുകൾ ഒരു വമ്പിച്ച പ്രചരണം നടത്തി. അധ്വാനിക്കുന്ന ജനവിഭാഗത്തിൻേറതായ കമ്മ്യൂണിസ്റ്റ്‌പാർട്ടി

ഹംഗറിയിൽ അധികാരത്തിലായാലുടൻ, തൊഴിലാളികൾക്കു നൽകപ്പെട്ടിരിക്കുന്ന വാഗ്ദാനങ്ങളെല്ലാം നിറവേററും എന്നു് ആരും വ്യാമോഹിക്കരുതു്. കാരണം യുദ്ധത്തിൻെറ കെടുതികൾ മൂലം ഹംഗറി തകർന്നു താറുമാറായിക്കിടക്കുകയാണു്. ഹംഗറിയെ ഉദ്ധരിക്കുക എന്നതാണു് പാർട്ടിയുടെ പ്രഥമകർത്തവ്യം. അതിനു കുറെക്കൊല്ലത്തെ റഷ്യാക്കാരുടെ സഹായം നമുക്കാവശ്യമുണ്ടു്; കാരണം കമ്മ്യൂണിസം എന്തെന്നു് റഷ്യാക്കാർക്കു് അറിയാം; നമുക്കു ശരിക്കറിഞ്ഞുകൂടാ.

ജർമ്മൻകാരിൽ നിന്നു ഹംഗറിയെ മോചിപ്പിക്കുന്ന യത്നത്തിൽ റഷ്യൻവിമാനങ്ങളും പീരങ്കികളും ഹംഗറിയിൽ വരുത്തിവച്ച നഷ്ടങ്ങൾ ചില്ലറയൊന്നും ആയിരുന്നില്ല. പക്ഷെ അതൊരു നഷ്ടമായി ജിയോർജിഷാബോയ്ക്കു ചിന്തിക്കാൻപോലും സാദ്ധ്യമായിരുന്നില്ല. ബൂർഷ്വാസികളും പിന്തിരിപ്പന്മാരും ഹംഗറിയെ തിരിയെപ്പിടിക്കാൻ അനുവദിച്ചുകൂടാ. അതിനു തൊഴിലാളികൾ കുറെ ത്യാഗം സഹിച്ചേ പററൂ. ജോലിസമയം വർദ്ധിപ്പിക്കുകയും കൂലികുറയ്ക്കുകയും ചെയ്തു. ജിയോർജിക്കു അതിലൊന്നും പരാതിയുണ്ടായില്ല. കാരണം അവർ ഒരു നല്ല നാളെയെ കെട്ടിപ്പടുക്കുകയല്ലെ.

"ഞാൻ എൻെറ ജോലി ഇഷ്ടപ്പെട്ടു. ഞാനതിൽ വിദഗ്ദ്ധനായിരുന്നു. പക്ഷെ ഞാൻ കല്യാണം കഴിച്ചപ്പോഴാണു് എനിക്കു ബോദ്ധ്യമായതു്, എനിക്കു ലഭിക്കുന്ന കൂലി തീരെ അപര്യാപ്തമാണെന്നു്. കമ്മ്യൂണിസ്റ്റു്ഭരണം വന്നാൽ ബാലട്ടോൺതടാകത്തിൻെറ തീരത്തു് ഉല്ലസിക്കാൻ തൊഴിലാളികൾക്കു വിശ്രമാവധി നൽകുമെന്നു് വാഗ്ദാനം ചെയ്തിരുന്നതാണു്. ഞാൻ അവധി ചോദിച്ചു. എൻെറ ജോലി അപരിത്യാജ്യമായതുകൊണ്ടു് അന്നവധി തരാൻ തല്ക്കാലം സാദ്ധ്യമല്ലെന്നായിരുന്നു മാനേജരുടെ മറുപടി. എന്നാൽ മാനേജർമാക്കും, പാർട്ടിപ്രമാണികൾക്കും, ഏവിയോക്കാക്കും ബാലട്ടോൺ തടാകത്തിൽ ഉല്ലസിക്കാൻ പോകാം; അവർക്കുമാത്രം നല്ല ഭക്ഷണങ്ങളും, നല്ല വസ്ത്രങ്ങളും, നല്ല വീടുകളും ആവാം. തൊഴിലാളികൾ മാത്രം പിന്നെയും നല്ല നാളെയ്ക്കുവേണ്ടി വിയർപ്പു ചിന്തണം. എൻെറ ഉള്ളിൽ ഈ വിചാരം കിടന്നുതിളച്ചു. എന്നിട്ടും ഞാ

ൻ അതു് ആരോടും പറഞ്ഞില്ല. കാരണം എനിക്കു ഏവിയോക്കാരെ അത്രകണ്ടു ഭയമായിരുന്നു. ഞാൻ ജോലിചെയ്തിരുന്ന റാക്കോസി സൈക്കിൾവർക്ക്സിൽനിന്നു് എന്റെ ഒരു സ്നേഹിതൻ രാജ്യരായ്മാനം ആസ്ട്രീയായിലേക്കു് കടന്നുകളഞ്ഞു, ആരോടും ഒന്നും മിണ്ടാതെ. ഏവിയോക്കാർ എന്നെ സംശയിച്ചു പിടികൂടി. രണ്ടു ദിവസം അവർ എന്നെ കാരാഗൃഹത്തിലിട്ടു പ്രഹരിച്ചു. ഭയങ്കരങ്ങളായിരുന്നു ആ രണ്ടു ദിവസങ്ങൾ. ഒടുവിൽ അവർക്കു് ബോധ്യമായി ഞാൻ ആ കാര്യത്തിൽ മനസ്സറിഞ്ഞിട്ടില്ലെന്നു്. അവർ എന്നെ വിട്ടയച്ചു.

പക്ഷെ പതുക്കെപ്പതുക്കെ എനിക്കു ബോധ്യമായി ഒരു കമ്മ്യൂണിസ്റ്റ് പാർട്ടി മെമ്പറായിരുന്നിട്ടും എന്റെ ജോലിക്കുകുറവൊന്നും ഉണ്ടായില്ല, കൂടിയേ ഉള്ളു. ശമ്പളം കൂട്ടികിട്ടിയില്ല. ബാലട്ടോൺ തടാകത്തിൽ ഉല്ലസിക്കാൻ അനുവദിച്ചില്ല. അതും പോരാഞ്ഞു് കമ്മ്യൂണിസ്റ്റ് നേതാക്കൾ 'കമ്മ്യൂണിസത്തിന്റെ മാഹാത്മ്യങ്ങളെ പ്രകീർത്തിക്കുന്ന ലാത്തിയടികൾ രാത്രികാലങ്ങളിൽ ഉറക്കമിളച്ചിരുന്നു കേൾക്കണം. അതു നിർബന്ധമാണു്. പിന്നെ പ്രതിഷേധ മീററിംഗുകളിൽ പങ്കെടുക്കണം. റോസൻബർഗ് വിചാരണയെ പ്രതിഷേധിക്കണം; പാരീസിലെ തൊഴിലാളികൾക്കുവേണ്ടി ശബ്ദമുയർത്തണം; അമേരിക്കൻ സാമ്രാജ്യവാദികളുടെ ക്രൂരതകളെ പ്രതിഷേധിക്കണം; റോയൽ യുദ്ധത്തിനു ഒരു മാസത്തെ ശമ്പളം സംഭാവന ചെയ്യണം.

ഇതെല്ലാം കഴിഞ്ഞു് രണ്ടും മൂന്നും ആഴ്ച കൂടുമ്പോഴാണു് കുടുംബത്തെ കാണാൻ എനിക്കു സാധിക്കുന്നതു്. കണ്ടാലൊ അവർക്കെന്തെങ്കിലും കൊടുക്കാൻ എന്റെ കയ്യിൽ വല്ലതു മുണ്ടോ. മാസം 1000 ഫോറിന്റ് കിട്ടും ശമ്പളം. അതു നല്ല ഒരു സൂട്ടിനു് തികയുകയില്ല. പിന്നെ ഭാര്യയ്ക്കും കുഞ്ഞുങ്ങൾക്കും എന്തു കൊടുക്കാനാണു്.

ഇങ്ങനെ കുറെ ആയപ്പോൾ എന്റെ കുടുംബത്തിൽ പിറുപിറുപ്പുണ്ടായി.

"എന്താ ഇങ്ങനെ"? എന്റെ ഭാര്യ എന്നോടു ചോദിക്കയായി "നിങ്ങളൊരു നല്ല കമ്മ്യൂണിസ്റ്റാണല്ലൊ. പാർട്ടി മീററിംഗിനും ജാഥയ്ക്കും ഒക്കെ പോകുന്നുണ്ടു്. പിന്നെന്താ വീട്ടിലേക്കു വേണ്ടുന്ന സാമാനങ്ങൾ വാങ്ങാഞ്ഞതു്?"

"സാമാനങ്ങൾ വാങ്ങാം." ജിയോർജി പറഞ്ഞു, "ഏതു കടയിൽ നിന്നാണെ വാങ്ങാൻ പാറാത്തതു്? പക്ഷെ കാശു വേണം."

"നല്ല കടകളിലാണു് സാമാനങ്ങൾക്കു് വിലക്കുറവു്"

"പെസ്ററിലെ ഏതു കടയിലും പോകാം."

"ഈ ഷെപ്പേലിൽ എന്താ പോയാൽ?" ഷെപ്പേലിലെ മൂന്നു കടകളിൽ മാത്രം അവർക്കു പോകാൻ പാടില്ല. ഏററവും വലിയ കട. അതു റഷ്യാക്കാർക്കു മാത്രം സാമാനങ്ങൾ വാങ്ങാനുള്ളതാണു്. അവിടെ മററുകടകളെ അപേക്ഷിച്ചു് സാമാനങ്ങൾക്കെല്ലാം 25% വില കറവാണു്. രണ്ടാമത്തെ കടയും ഏകദേശം അതുപോലെ തന്നെ മെച്ചപ്പെട്ടതാണു്. അവിടെ ഉദ്യോഗസ്ഥന്മാർക്കും എവിയോക്കാർക്കും മാത്രമെ സാമാനങ്ങൾ കൊടുക്കുകയുള്ളു. മൂന്നാമത്തെ, കമ്മ്യൂണിസ്ററു പാർട്ടിയിലെ പ്രധാനികൾക്കുള്ളതാണു്.

"അതെന്താ ഇങ്ങനെ വേർകൃത്യം?" അവൾ ചോദിച്ചു.

"എല്ലാകാര്യത്തിലും ഇങ്ങനെ തന്നെ" ജിയോർജി പറഞ്ഞു.

"നിങ്ങൾ പറഞ്ഞല്ലൊ കമ്മ്യൂണിസം വന്നാൽ പിന്നെ എല്ലാം സമമാണെന്നു്"

"അതിനു കുറെക്കാലം പിടിക്കുമായിരിക്കും."

പിന്നെയും അവൻ നല്ല നാളയെ പ്രതീക്ഷിക്കുകയാണു്. കാരണം അവൻ കമ്മ്യൂണിസത്തിൽ ആത്മാർത്ഥമായി വിശ്വസിക്കുന്നു.

എങ്കിലും അന്നു രാത്രിയിൽ കുടുംബത്തിൻേറതായ നിശ്ശബ്ദതയിൽ അവൻ ഭാര്യയോടു പറഞ്ഞു. "പണ്ടത്തേതിനെക്കാൾ കഷ്ടം. നമ്മുടെ ഭരണം വരുമ്പോൾ എല്ലാം കുശാലാണെന്നു് ഞാൻ സ്വപ്നം കണ്ടിരുന്നു. ഇപ്പോൾ പണവുമില്ല; ഉണ്ടെങ്കിൽ തന്നെ പാർട്ടി മുതലാളിമാരുടെ കടകളിൽ നിന്നു് സാമാനങ്ങൾ വാങ്ങാൻ പോലും വയ്യെന്നായി."

കമ്മ്യൂണിസത്തിനുവേണ്ടി ജീവാർപ്പണം ചെയ്യിരുന്ന ജിയോർജിയെപ്പോലുള്ള യുവാക്കൾ കമ്മ്യൂണിസത്തിനെതിരായി ആയുധം എടുത്തതു് അവർ പിന്തിരിപ്പന്മാരും മൂരാച്ചികളും

ആയിരുന്നിട്ടല്ല.

"ബുഡാപ്പെസ്റ്റിലെ സുന്ദരമായ ഒരു സായാഹ്നം." ജിയോർജി ഓർക്കുകയാണ്. "ഷോറിഷിലോവിലെ സ്റ്റേഡിയത്തിലേക്കു ഞാൻ നടന്നു. അവിടെ വലിയ ഒരു ഫുട്ബോൾ ടൂർണമെൻറ് നടക്കുന്നു. ഹംഗറിക്കാർ പാരമ്പര്യമായിത്തന്നെ കളികളിൽ വിരുതരും ആസക്തിയുള്ളവരുമാണ്. അനേകം ലോകചാമ്പ്യന്മാർ ഉണ്ടായ നാടാണത്.

"വിയെന്നായിൽ നിന്ന് ഹംഗറിക്കാരുമായി മത്സരിക്കുന്നതിനു് ഒരു ചാമ്പ്യൻഷിപ്പ് ടീം വന്നിട്ടുണ്ട്. കിഴക്കെ ആസ്ട്രിയാക്കാരായ കുറെ സന്ദർശകരുടെ പിറകിൽ ഞാൻ സ്ഥാനം പിടിച്ചു.

"വിയെന്നായിൽ നിന്നു വന്നവരാണെങ്കിൽ പിന്നെ നിങ്ങളെന്താ സീററുകളിൽ ഇരിക്കാത്തതു്?" ഞാൻ അവരോടു ചോദിച്ചു.

"ഞങ്ങൾ തൊഴിലാളികളാണ്" അവർ പറഞ്ഞു.

എനിക്കതിശയംതോന്നി. കൊഴുത്തു തടിച്ച അരോഗദൃഢഗാത്രന്മാർ. വിലയേറിയ സൂട്ടുകളാണ് അവർ ധരിച്ചിരിക്കുന്നതു്. ഞാൻ ചിന്തിച്ചു. ബുഡാപ്പെസ്റ്റ്വരെ യാത്രചെയ്യാൻ അവർക്കു എവിടെ കിട്ടി പണം? അവരെ പോലീസുകാർ കണ്ടില്ലേ? അവരുടെ ടീം തോൽക്കുന്ന ലക്ഷണം കണ്ടിട്ടും അവരെന്താണ് പൊട്ടിച്ചിരിക്കുന്നതു്.

പിറേറന്ന് ഞാൻ സൈക്കിൾ വർക്ക്സിൽ ജോലിചെയ്തുകൊണ്ടിരുന്നപ്പോഴും ചോദ്യങ്ങൾ പിന്നെയും എൻെറ മനസ്സിൽ പൊന്തിവന്നു. ഈ സൈക്കിളുകളൊക്കെ എങ്ങോട്ടാണ് കൊണ്ടുപോകുന്നതു്? റഷ്യയിലേക്ക്? മുതലാളിവ്യവസ്ഥിതിയിൽ ആയിരുന്നില്ലേ എനിക്കുകൂടുതൽ പണം കിട്ടിയിരുന്നതു്? സാമാനങ്ങളുടെ വിലയെന്താണ് ഇങ്ങനെ കൂടിയതു്? അതുപോകട്ടെ; ഈ റഷ്യാക്കാർ എന്തിനാണ് ഇനിയും ഇവിടെ തങ്ങുന്നതു്? അവരുടെ പോലീസ് ജോലി കഴിഞ്ഞല്ലൊ. ഹോ! അന്നു ഞാൻ സ്വതന്ത്രനായിരുന്നു. ഇന്നൊ? ഇന്നെനിക്കു ചിരിക്കാൻ വയ്യ; ഉറക്കെ ചിന്തിക്കാൻപോലും പാടില്ല. ഞാനിന്ന് സത്യമായും അടിമയാണ്."

അങ്ങനെ ആ ഫുട്ബോൾ ടൂർണമെൻറാണ് ജിയോർ

ജിയെ വിപ്ലവകാരിയാക്കിയതു്. അവൻ പാർട്ടിമീററിംഗിനു പോകാതെയായി. ജാഥായിൽ പങ്കെടുക്കാൻ അവൻ വിസമ്മതിച്ചു. അവൻ അവൻെറ കുടുംബാംഗങ്ങളോടു പറഞ്ഞു ഹംഗറി മുഴുവനും വലിയ ഒരു കെണിയിൽ അകപ്പെട്ടിരിക്കുന്നു എന്നു്. ഈ നശിച്ച ഭരണകൂടത്തെ വെറുക്കാൻ അവൻെറ മക്കളോടു പറഞ്ഞു.

അങ്ങനെയിരിക്കെ ആണു് അവൻ കേട്ടതു് ഒക്ടോബർ 22-ാംതീയതി ബുഡാപ്പെസ്റ്റിലെ വിദ്യാർത്ഥികൾ ഗവമ്മെണ്ടിനെതിരായി ഒരു വലിയ പ്രകടനം നടത്തുന്നു എന്നു്. അവൻ അതിൽ ആഹ്ളാദിച്ചു.

പിന്നത്തെ സമരങ്ങളിൽ അവൻ പ്രതികാരപൂർവ്വം റഷ്യാക്കാരോടു പടവെട്ടി. ഷെപ്പേലിലെ അന്തിമസമരത്തിൽ ജിയോർജിയും കൂട്ടരും ജയിച്ചില്ല. അവർ ഒടുവിൽ സമരത്തിൽനിന്നു രക്ഷപെട്ടു.

അങ്ങനെ കമ്മ്യൂണിസംതന്നെ നിരാകരിച്ചു. കമ്മ്യൂണിസ്റ്റുകളുടെ പ്രചരണ തന്ത്രങ്ങളൊന്നും അവിടെ വിലപ്പോയില്ല. ഷെപ്പേലിലെ 15,000 തൊഴിലാളി കമ്മ്യൂണിസ്റ്റുകളിൽ 40 പേർ മാത്രം റഷ്യാക്കാരുടെ പക്ഷത്തു നില്ക്കാനുണ്ടായി.

എന്നിട്ടും സോവ്യററ് റഷ്യാ യൂറോപ്പിലെ തൊഴിലാളികളോടായി പറഞ്ഞു" സഖാക്കളെ, ഹംഗേറിയൻ ജനതയുടെ താൽപര്യത്തെയും, യൂറോപ്പിലെ സമാധാനത്തെയും പാലിക്കുന്നതിനു്, പ്രതിവിപ്ലവത്തെ അടിച്ചമർത്തുവാൻ, ഹംഗേറിയൻ ഗവമ്മെണ്ടിൻെറ അപേക്ഷയനുസരിച്ചു് സോവ്യററ് പട്ടാളങ്ങൾ സഹായിക്കുവാൻ വന്നു എന്ന പരമാർത്ഥം നിങ്ങൾക്കറിയാം. സോവ്യററ് പട്ടാളം തക്കസമയത്തു വന്നുചേർന്നില്ലായിരുന്നുവെങ്കിൽ കൂടുതൽ രക്തച്ചൊരിച്ചിലും, തൊഴിലാളിവിഭാഗത്തിനു കൂടുതൽ കഷ്ടപ്പാടുകളും ഉണ്ടാകുമായിരുന്നു. അനീതിപരമായ യാതൊന്നിനും സോവ്യററ് പട്ടാളം ഒരിക്കലും കൂട്ടുനിന്നിട്ടില്ല എന്ന വസ്തുത നിങ്ങളുടെ ശ്രദ്ധയിൽ പെടുത്താൻ സോവ്യററ് ട്രയ്ഡ് യൂണിയനുകൾ ആഗ്രഹിക്കുന്നു."

ഇമ്മാതിരി പച്ചക്കള്ളങ്ങൾ കേട്ടുകേട്ടു ഹംഗറിയിലെ തൊഴിലാളിവർഗ്ഗം സഹികെട്ടു. ഹംഗറിയിലെ സകല കുഴപ്പ

ങ്ങൾക്കും കാരണക്കാർ ജന്മികളും മുതലാളിമാരും ആണെന്ന് സോവ്യററ് പ്രചാരകർ ആവത്തിച്ചാവത്തിച്ചു പറഞ്ഞുകൊണ്ടേയിരുന്നു. ഈ അസംബന്ധം ജിയോർജിക്കും അവൻെറ സഖാക്കൾക്കും സഹിക്കാൻ കഴിഞ്ഞില്ല. അവർ ഷെപ്പേലിലെ ഒരു മതിലിന്മേൽ ഇങ്ങനെ വലിയ അക്ഷരങ്ങളിൽ എഴുതിവച്ചു. "റക്കോസിമെറാൽവക്ക്സിനുചുററും, അനേകം ഭൃത്യജനങ്ങളോടൊത്തു കൊട്ടാരങ്ങളിൽ പാക്കുന്ന ഷെപ്പേലിലെ 40,000 ജന്മികൾ ഗവമ്മെൺടിനെ എതിക്കുന്നു!"

റഷ്യാക്കാർ ഷെപ്പേൽ തകക്കുകയും; ജനകീയവിപ്ലവത്തെ അടിച്ചമത്തുകയും ചെയ്തു എങ്കിലും ഷെപ്പേലിലെ തൊഴിലാളികൾ പ്രതിഷേധസൂചകമായി പണിമുടക്കി. ആ പണിമുടക്കിനു മുൻകൈയ് എടുത്തതു ജിയോർജി ഷാബോ ആയിരുന്നു.

നവംബർ 22–ാം തീയതി സായാഹ്നത്തിൽ ജിയോർജി അവൻെറ വീട്ടിലെത്തി.

വിഷാദമൂകയായ അവൻെറ ഭാര്യ പറഞ്ഞു "ജിയോർജീ, റഷ്യാക്കാർ നമ്മുടെ ആളുകളെ നാടുകടത്തുന്നെന്നു് കേട്ടല്ലൊ"

"നമ്മളെയും എന്നെങ്കിലും അവർ നാടുകടത്തും"

കുറെനേരത്തെ മൗനത്തിനുശേഷം അവൾ പറഞ്ഞു. "ജിയോർജി, ഓസ്ട്രേലിയായിൽ ആളുകളെ സ്വീകരിക്കുന്നു എന്നു് ബീബിസി പ്രക്ഷേപണം ചെയ്യുന്നതുകേട്ടു. അമേരിക്കയും അഭയാത്ഥികളെ സ്വീകരിക്കുന്നുണ്ടു്.

"ഏയ്, ഞാൻ അമേരിക്കയെ ഇഷ്ടപ്പെടുന്നില്ല."

മിസ്സിസ് ഷാബോ പൊട്ടിക്കരഞ്ഞു. അവൾ ഒരു കിറുക്കിയെപ്പോലെ നിലവിളിച്ചു "വയ്യ! എനിക്കു വയ്യ... എനിക്കു വയ്യ ഇനി ഇവിടെ ജീവിക്കാൻ .. ജിയോർജി! എൻെറ പ്രിയപ്പെട്ട ജിയോർജീ! പോലീസ്കാർ വന്നു നമ്മളെ അറസ്റ്റുചെയ്തുകൊണ്ടുപോകും .."

ജിയോർജി ഒന്നും പറഞ്ഞില്ല. അപ്പോൾ ഒരു കുട്ടി അവരുടെ അടുത്തെത്തി. അവനെ തലോടിക്കൊണ്ടു് അവൾ പറഞ്ഞു "മോനെ, നിങ്ങളൊക്കെ നല്ല ഉടുപ്പുകളിട്ടു ഒരുങ്ങിക്കൊ··· നമുക്കു പോകാം .. ഇവിടുന്നു് ..

ഭാര്യയുടെ വാക്കുകളെ എതിക്കാൻ ജിയോർജിക്കു ധൈ

ഴ്യമുണ്ടായില്ല. ഹംഗറിയിൽ നിന്നു് പോവുകയൊ. അവൻെറ പ്രിയപ്പെട്ട ജന്മനാട്ടിൽ നിന്നു്. ഏതൊരു നാടിനു വേണ്ടി അവൻ മുതലാളിത്തത്തിനു എതിരായി പട വെട്ടി, ആക്കുവേണ്ടി അവൻ നാസികളോടു യുദ്ധം ചെയ്തു, എന്തിനുവേണ്ടി അവൻ റഷ്യാക്കാരെ എതിർത്തു... ആ ഹംഗറിയെ ഉപേക്ഷിച്ചിട്ടു പോവുകയൊ? അവൻെറ ചിന്തകൾ നേരെ നില്ക്കുന്നില്ല. അവൻ പുറത്തേയ്ക്കിറങ്ങി അലക്ഷ്യമായി നടന്നു. തണുപ്പുള്ള രാത്രി ആയിരുന്നിട്ടും അവൻെറ ഉള്ളിൽ തീ കത്തിക്കൊണ്ടിരുന്നു. അവൻെറ ഫാക്ടറിയുടെ എടുപ്പുകൾ. ഒരു കാർ വരുന്നു. അതിൻെറ ഭീകരമായ വെളിച്ചം. പോലീസുകാർക്കും പാർട്ടി മേധാവികൾക്കും മാത്രമെ വാഹനങ്ങൾ അനുവദിക്കപ്പെട്ടിരുന്നുള്ളു. നഗരത്തിൽ റോന്തു ചുററുന്ന പോലീസ് വാഹനമാണതു്. അതിൻെറ വെളിച്ചത്തിൽ നിന്നു് അവൻ ഒഴിഞ്ഞു നിന്നു. അവനു് ഭയം തോന്നി.

"നിരാശയുടെതായ ലോകം. അവൻ ചിന്തിച്ചു. "അവൻെറ മോഹനങ്ങളായ കിനാവുകളെല്ലാം തകർന്നു. കുട്ടിക്കാലം മുതൽ വലിയ വാഗ്ദാനങ്ങളെ മാത്രം ആശ്രയിച്ചു അവൻ ഇന്നോളം ജീവിച്ചു. ആ വാഗ്ദാനങ്ങൾ ജലരേഖകളായിരുന്നു. മൂടുപടം ധരിച്ച വഞ്ചനകളായിരുന്നു. ഭാവി തികച്ചും ഇരുളടഞ്ഞു കിടക്കുന്നു. സൈബീരിയായെ എനിക്കു പേടിയില്ല. അതു ജയിലാണെന്നെങ്കിലും അവർ സമ്മതിക്കുന്നുണ്ടല്ലോ. അതിനെക്കാൾ ഭയങ്കരമായ ഒരു ജയിലല്ലെ ഹംഗറി? എൻെറ ഭാര്യയുടെ ജീനരോദനം എൻെറ കാതുകളിൽ മുഴങ്ങിക്കൊണ്ടേയിരുന്നു. ഞാൻ ഒടുവിൽ തന്നെത്താൻ മന്ത്രിച്ചു. "കാനഡായിലൊ ഓസ്ട്രേലിയായിലൊ ഇതിലും മെച്ചമാണു് ജീവിതമെങ്കിൽ ഞാൻ പോകാം."

ഇരുളിൻെറ മറപിടിച്ചു് അവൻ വീട്ടിൽ തിരിച്ചെത്തി.

"നമുക്കു പോകാം" ഭാര്യയോടു പറഞ്ഞു.

അങ്ങനെ ജിയോർജിഷാബോയും കുടുംബവും ഹംഗറിയെ ഉപേക്ഷിച്ചു. അവർ ഷെപ്പേലിൽ നിന്നു് അക്കരെയെത്തി; പെസ്റ്റിൽ നിന്നു പാലം കടന്നു് ബുഡായിലെത്തി. നിത്യസുന്ദരമായ പെസ്റ്റിലേക്കു അവർ തിരിഞ്ഞു നോക്കിയില്ല: അവനു് അറിയാമായിരുന്നു അതു നശിപ്പിക്കപ്പെട്ടുന്നു്.

# 8. പെറോഫിയുടെ ഒരു സുരങ്ങ്കവിത

ബുഡാപ്പെസ്റ്റിലെ തെരുവുകളിൽവച്ച് നശിപ്പിക്കപ്പെട്ട റഷ്യൻടാങ്കുകളിൽ 85–ശതമാനത്തിൻെറയും സംഹാരകർ 21 വയസ്സിനു താഴെയുള്ള യുവാക്കളായിരുന്നു.

അഞ്ചുവയസ്സ് മുതൽ കമ്മ്യൂണിസ്റ്റ് തത്വസംഹിതയാണ് ഒരു കുട്ടി പഠിക്കേണ്ടതു്; അതോടൊപ്പം അമേരിക്കയോടുള്ള വെറുപ്പും. അതുരണ്ടും നിർബന്ധിത വിഷയങ്ങളാണ്. പഠനത്തിൻെറ അന്ത്യം സൈനിക പരിശീലനമാണ്. "അമേരിക്കൻ അക്രമികളെ" തടയാനാണ് സൈനികപരിശീലനം. അങ്ങനെ അമേരിക്കയ്ക്കെതിരായി സന്തോഷപൂർവ്വം ജീവത്യാഗം ചെയ്യാനുള്ള മനഃസ്ഥിതിയാണ് യുവാക്കളിൽ ഉളവാകുന്നതു്.

ഓരോ ക്ലാസ് മുറിയിലും, മാർക്സ്, ലെനിൻ, സ്റ്റാലിൻ എന്നിവരുടെ ചിത്രങ്ങൾ ഉണ്ടായിരിക്കും. "പരിശുദ്ധ ത്രിത്വം" എന്ന് കുറച്ചു കുട്ടികൾ ആ പടങ്ങളെനോക്കി പരിഹസിച്ചിരിക്കുന്നു. അങ്ങനെയിരിക്കെ അതിൽനിന്നു് സ്റ്റാലിൻെറ പടംഎടുത്തുമാററപ്പെട്ടു. അതൊരു ചിന്താക്കുഴപ്പത്തിനിടനല്കി. ആ സ്ഥാനത്തു് മലങ്കോവിൻെറ മത്തങ്ങാത്തല കുറെക്കാലം കാണപ്പെട്ടു. പിന്നീടതു് വികൃതമായ ക്രൂഷ്ചേവിൻെറ ചിത്രത്തിനു വഴിമാറിക്കൊടുത്തു.

പാഠപ്പുസ്തകങ്ങളിലാണ് കമ്മ്യൂണിസ്റ്റും അവരുടെ ബുദ്ധിശക്തി മുഴുവൻ പ്രയോഗിക്കുന്നതു്; ഭൂമിശാസ്ത്രഗ്രന്ഥത്തിൽ ഭൂഗോളത്തിൻെറ മുക്കാൽപങ്ക് കമ്മ്യൂണിസ്റ്റ് രാജ്യങ്ങളാണ്. അമേരിക്ക മുതലായ ചെറിയരാജ്യങ്ങളെല്ലാം കൂടി 25 ശതമാനമേയുള്ളു.

ചരിത്രമാണ് അതിലും വിചിത്രം. രണ്ടാംലോകമഹായുദ്ധത്തെപ്പററിയുള്ള ചരിത്രത്തിൽ ഒരദ്ധ്യായത്തിൻെറ തലക്കെട്ട് ഇപ്രകാരമാണ്. "ആംഗ്ലോ–അമേരിക്കൻ സേനകളുടെ കാ

ലുമാററം". ജപ്പാനെ തോല്പിച്ചതും, ജർമ്മനിയെ തകർത്തതും, എന്നുവേണ്ടാ രണ്ടാം ലോകമഹായുദ്ധം ജയിപ്പിച്ചതു റഷ്യൻസേനകളാണ്. ആംഗ്ലോ–അമേരിക്കൻസേനകൾക്കു അതിലുള്ള പങ്കു വളരെ നിസ്സാരമാണ്.

ഇതാണ് പാഠപ്പുസ്തകങ്ങളുടെതരം. എല്ലാസ്ക്കൂളുകളിലും ഏവിയോക്കാർ ഉണ്ടാവും. ക്ലാസ്സിലെ ഓരോകുട്ടിയും ചാരവൃത്തി അനുഷ്ഠിക്കണം.

അധ്യാപകർ ഓരോകുട്ടിയേയും വിളിച്ചുചോദിക്കും "നിന്റെ അപ്പൻ സഖാവു സ്റ്റാലിന്റെ പടം വീട്ടിൽ വച്ചിട്ടുണ്ടോ?" "ഏതു റേഡിയോസ്റ്റേഷനിൽനിന്നുള്ള പ്രക്ഷേപണമാണ് നിന്റെ അമ്മ കൂടുതൽ ഇഷ്ടപ്പെടുന്നതു"?"

"നിന്റെ അമ്മ നിന്നെ രാത്രിയിൽ മതപരമായ മീററിംഗിനു കൊണ്ടുപോകാറുണ്ടോ?"

കുട്ടികളെ മതപഠനത്തിനു് നിർബന്ധിക്കുന്ന മാതാപിതാക്കളെ പ്രോസിക്യൂട്ട്ചെയ്യും. കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ഉററവക്കു മാത്രമെ ഉദ്യോഗമുള്ളു. കമ്മ്യൂണിസ്റ്റുകളെ മാത്രമേ കളികൾക്കു അയക്കുകയുള്ളു. കമ്മ്യൂണിസ്റ്റുകൾക്കുമാത്രമെ 'ഉന്നത വിദ്യാഭ്യാസം നൽകപ്പെടുകയുള്ളു.

വിദ്യാഭ്യാസത്തിന്റെ കാതലായ ലക്ഷ്യങ്ങൾ രണ്ടാണ്. റഷ്യയെ സ്നേഹിക്കുക; കമ്മ്യൂണിസത്തെ രക്ഷിക്കുക. ആദ്യത്തെ ലക്ഷ്യം ഹംഗറിയെ സംബന്ധിച്ചിടത്തോളം നൂറുശതമാനവും പരാജയമായിരുന്നു. കാരണം സ്വാതന്ത്ര്യത്തെ അങ്ങേയററം വിലമതിക്കുന്ന ഒരു ജനതയാണ് ഹംഗറിക്കാർ. അവരുടെ ചരിത്രംതന്നെ അതിനു സാക്ഷി.

യൂറാൽ പർവ്വതത്തിന്റെ താഴ്വരകളിൽനിന്ന് യൂറോപ്പിലെത്തിയ സഞ്ചാരജാതികളായിരുന്നു അവരുടെ പൂർവ്വികന്മാർ. 'ഏഷ്യയുടെയും യൂറോപ്പിന്റെയും ഒരു സങ്കീർണ്ണ പ്രതീകമാണവർ. സുന്ദര ഗാത്രരും, കായികവിനോദങ്ങളിൽ പ്രഗത്ഭരും, കലാപ്രേമികളും, ധീരചിത്തരും, സ്വരാജ്യസ്നേഹികളും, പരിശ്രമശാലികളും, കുടുംബസ്നേഹത്തിൽ അദ്വിതീയരുമായ ഒരു ജനത. ആർക്കും കീഴടങ്ങാത്ത പ്രകൃതിക്കാരായതുകൊണ്ട് അയൽ രാജ്യങ്ങൾ ഹംഗറിക്കാരോടു നീതികാണിച്ചിട്ടില്ല. ഹംഗറിക്കാരെ

പ്പററി ശരിയായ ചരിത്രസത്യങ്ങൾ ആരും എഴുതാറില്ല.

ഹംഗേറിയൻ ജനതയുടെ പ്രത്യേകമായ സ്വഭാവവിശേഷങ്ങൾ എനിക്കുബോധ്യമായതു് ആൻഡോവിലെ പാലത്തിൽ വച്ചാണു്.

നവംബർ മാസത്തിന്റെ അവസാനഘട്ടം. തണുപ്പുള്ള പകലുകളും, തണുപ്പേറിയ രാത്രികളും. പലകകൾ ഇളക്കിയ ആ കൊച്ചുപാലത്തിലേക്കു് അവർ നടക്കുകയാണു്, ചളുപ്പുനിലത്തിലൂടെ—ജാനോസ് ഹാദോക്കും, ഭാര്യ ഐറേനും രണ്ടുകുട്ടികളും—ഒമ്പതു വയസ്സുള്ള ഒരാൺകുട്ടിയും, 13—വയസ്സുള്ള ഒരു പെൺകുട്ടിയും. കുറെക്കൂടെ വേഗത്തിൽ അവർക്കു പ്രയാണം ചെയ്യാമായിരുന്നു ഐറേന്റെ സഹോദരൻ ജിയോർജി ലൂഫേ്ഷിൻ കൂടെ ഇല്ലായിരുന്നുവെങ്കിൽ. അയാൾക്കു തീരെ നടക്കാൻവയ്യാ. നടന്നാൽ വേച്ചു വേച്ചുവീണുപോകും.

"അളിയൻ കൂടെ വന്നേപററൂ"ജാനോസ് ന്യായവാദം ചെയ്തു.

"വേണ്ട നിങ്ങളു പൊയ്ക്കോളിൻ.'; രോഗിയായ ആ മനുഷ്യൻ പറഞ്ഞു "എനിക്കു തീരെ നടക്കാൻ മേലാ."

"ഏതായാലും അളിയനെ ഇവിടിട്ടിട്ടു് ഞങ്ങൾ പോവുകയില്ല."

അവർ അയാളെ താങ്ങിപ്പിടിച്ചും വലിച്ചിഴച്ചും ഒരു പ്രകാരത്തിൽ പാലം കടന്നു് സ്വാതന്ത്ര്യത്തിലെത്തി. അപ്പോഴേയ്ക്കും ജിയോർജി വീണുപോയി. അയാൾ മരിക്കുമെന്നു തോന്നി.

"നിങ്ങൾ എന്നെ ഇവിടിട്ടിട്ടു, പൊയ്ക്കോ." വിമ്മിഷ്ടപ്പെട്ടു അയാൾ വീണ്ടും അഭ്യർത്ഥിച്ചു.

"ഇല്ല, ജിയോർജി, ഞങ്ങൾ എടുത്തുകൊണ്ടു ആശുപത്രിയിലാക്കാം." ഹാദോക്കു പറഞ്ഞു. ഏതാനും ഓസ്ട്രിയാക്കാരുടെ സഹായത്തോടുകൂടി അവർ ആ മരണാസന്നനെ എടുത്തുകൊണ്ടു ആൻഡോവിലെ ഒരു ചെറിയ റെസ്റ്റോറണ്ടിൽ കൊണ്ടുചെന്നു ഒരു കോണിൽ കിടത്തി. ഒരമേരിക്കൻ കമ്പനി യൂറോപ്പിലെ പ്രതിനിധിയായ ഐർവിങ്ങ് ബ്രൌണിന്റെ ഭാര്യയായ മിസ്സിസ് ലില്ലി ബ്രൌണിനെ ഭാഗ്യവശാൽ അവിടെവച്ചു കണ്ടുമുട്ടി. വളരെ സ്വാധീനശേഷിയുള്ള ഒരു മഹിളാമണിയാണു്

ലില്ലി ബ്രൌൺ. അവളുടെ പിതാവു് ഒരു ഹംഗേറിയൻ ആയിരുന്നു. അയാൾ യുണൈറ്റഡ് സ്റ്റേറ്റിൽ കുടിയേറിപ്പാർത്ത ആളാണു്. അതുകൊണ്ടു് ലില്ലിക്കു് കുറേശ്ശെ ഹംഗേറിയൻ ഭാഷ അറിയാമായിരുന്നു.

അവൾ ഒരു കാർ ഏർപ്പാടുചെയ്തിട്ടു പറഞ്ഞു. "ഞാൻ നിങ്ങളെ ആശുപത്രിയിലേക്കു കൊണ്ടുപോകാം."

"എൻെറ കുടുംബമോ?" ക്ഷീണസ്വരത്തിൽ അയാൾ പറഞ്ഞു.

"ഇല്ല, കുടുംബത്തെ ആശുപത്രിയിലേക്കു കൊണ്ടുപോകുവാൻ പററുകയില്ല." ലില്ലി തീർത്തു പറഞ്ഞു.

"എന്നാൽ ഞാനില്ല."

"എടോ മനുഷ്യാ താൻ മരിക്കാൻ പോവുകയാണെന്നു്." ലില്ലിക്കു കോപമുണ്ടായി. "കുടുംബം ഇവിടെ നില്ക്കട്ടെ. തനിക്കെന്താ കിറുക്കുണ്ടോ?"

"അവരില്ലായിരുന്നെങ്കിൽ ഞാൻ നേരത്തെ മരിക്കുമായിരുന്നു." രോഗി പറഞ്ഞു. "ഞാൻ വരുന്നില്ല."

ലില്ലി കാറുകാരനോടു പറഞ്ഞു, അയാളെ എടുത്തു കാറിൽ കിടത്താൻ.

"ഞാൻ വരികയില്ല." ജിയോർജി ഉറപ്പിച്ചു പറഞ്ഞു.

"ശരി, എവിടെ തൻെറ കുടുംബം?"

"അതാ അവിടെ." അയാൾ വിരൽ ചൂണ്ടി.

ഹംഗേറിയൻ ജനതയുടെ കുടുംബസ്നേഹത്തിൻെറ ആഴം ലില്ലിക്കു ബോധ്യമായി. അവരെയെല്ലാവരെയും കാറിൽ കയററി അവൾ ആശുപത്രിയിലേക്കു കൊണ്ടുപോയി. പക്ഷെ ആശുപത്രിയിൽ രോഗിയെ അല്ലാതെ മററാരെയും പ്രവേശിപ്പിക്കയില്ലെന്നാണു് ചട്ടം. ആ ചട്ടം തൽക്കാലത്തേയ്ക്കു ലംഘിക്കാതെ തരമില്ലെന്നു് ലില്ലി നിർബന്ധിച്ചു. കാരണം മററുള്ളവരെക്കൂടാതെ ജിയോർജി ആശുപത്രിയിൽ പ്രവേശിക്കയില്ലെന്നു ശഠിച്ചു. അങ്ങനെ ആശുപത്രിയിൽ ചട്ടം ലംഘിക്കപ്പെട്ടു. ജിയോർജിയുടെ വയറിൻെറ വെടിയേററ കുടൽ മുറിഞ്ഞിരുന്നു. വിദഗ്ദ്ധമായ ശസ്ത്രക്രിയയും ചികിത്സയുംകൊണ്ടു് അയാൾ ക്രമേണ സുഖം പ്രാപിച്ചു.

ഏതാനും ദിവസം കഴിഞ്ഞു് മിസ്സിസ് ലില്ലി ബ്രൌൺ, അവളുടെ ചെലവിൽ, അവരെ വിയന്നായിൽ ഒരു വലിയ ഹോട്ടലിൽ പാർപ്പിച്ചു.

ഹംഗറിക്കാർ എങ്ങനെ കമ്യൂണിസം സഹിക്കുന്നു എന്നറിയാൻ കൗതുകികളായ കുറെ ലേഖകന്മാർ അവരെ സമീപിച്ചു.

ജാനോസ് ഹാദോക്കു് കലവറകൂടാതെ പറഞ്ഞു. ഹംഗറിയിൽ കമ്യൂണിസം വന്നനിമിഷം മുതൽ ഞങ്ങളുടെ കുടുംബം അതിനെ വെറുക്കുന്നു.'' അതിൽനിന്നു രക്ഷപെടാൻ ഞങ്ങൾ ഇതിനുമുമ്പു് മൂന്നുപ്രാവശ്യം ശ്രമിച്ചതാണു്. 1948-ൽ അന്നു ജോഹാൻ മുലകുടിക്കുന്ന പ്രായം. ഞങ്ങൾ യൂഗോസ്ലാവ്യയിലേയ്ക്കു രക്ഷപെടാൻ ശ്രമിച്ചു. ഞങ്ങളെ അവർ പിടികൂടി. പിന്നെ, 1949-ൽ, അന്നു ജോഹാൻ പിച്ചപ്പിച്ച നടക്കും, വീണ്ടും ഞങ്ങൾ ഒരു ശ്രമം നടത്തി. ഏവിയോക്കാർ ഞങ്ങളെ പിടിച്ചു ശിക്ഷിച്ചു. ഹംഗറിയിൽ വിപ്ലവം പൊട്ടിപ്പുറപ്പെട്ടപ്പോൾ ഞങ്ങൾ പ്രത്യാശിച്ചു, "ഈ വിപ്ലവം ജയിക്കും. ഹംഗറി അതിൻെറ അന്തസ്സു് തിരിച്ചെടുക്കും'' എന്നു്. പക്ഷേ റഷ്യാക്കാർ വീണ്ടും ഞങ്ങളെ തകർത്തു തുടങ്ങിയപ്പോൾ ഞങ്ങൾ പറഞ്ഞു "ഈ നശിച്ച ഏപ്പാടിൽ നിന്നു രക്ഷപെട്ടേ മതിയാവൂ എന്നു്. ആൻഡോവിലേക്കുള്ള വഴിയിൽ അധികവും ഞങ്ങൾ നടക്കുകയായിരുന്നു.''

"നിങ്ങളെപ്പോലെതന്നെയാണൊ കുട്ടികളും?'' ഒരാൾ ചോദിച്ചു.

മേൽച്ചുണ്ടിൽ ഒരു കൊച്ചു മറുകോടുകൂടി, ഗ്രെററാഗാർബോയെപ്പോലെ, സുന്ദരിയായ വേരായെ ആ ചോദ്യം ശുണ്ഠിപിടിപ്പിച്ചു. അഴകുള്ള തലമുടി ഇളകത്തക്കവിധം തല കുലുക്കിക്കൊണ്ടു് സ്പുടമായ സ്വരത്തിൽ അവൾ പറഞ്ഞു. "പള്ളിക്കൂടത്തിൽ വച്ചു റഷ്യൻ ഭാഷയും, റഷ്യൻ ചരിത്രവും, മഹത്തായ കമ്മ്യൂണിസ്റ്റു രാഷ്ട്രത്തെപ്പററിയും ഒക്കെയാണു് ഞങ്ങളെ പഠിപ്പിക്കുന്നതു്. ഉള്ളിൽ വെറുപ്പോടുകൂടി ഞങ്ങൾ ക്ലാസ്സിൽ അനങ്ങാതെയിരിക്കും. അദ്ധ്യാപകരോടു ഞങ്ങൾക്കു തീരെ ഇഷ്ടമില്ലായിരുന്നു'

13 വയസ്സുള്ള ഒരു ബാലികയുടെ വികാരാവേശം മുഖത്തു വളരെ പ്രകടമായിരുന്നു. റഷ്യയൊ ഹംഗറിയിലെ കമ്മ്യൂണി

സ്റ്റുംകളോ ആയിരംകൊല്ലം പണിപ്പെട്ടാലും അവരുടെ കള്ളത്തരങ്ങൾ ഞങ്ങൾ വിശ്വസിക്കയില്ല."

"അതൊക്കെ കള്ളങ്ങളാണെന്നു് എങ്ങനെ അറിയാം.?" മിസ്സിസ് ഹാദോക്കാണു് അതിനു് മറുപടി പറഞ്ഞതു്. "എന്നും രാത്രിയിൽ ഞാൻ കുഞ്ഞുങ്ങളെ മുകളിലത്തെ നിലയിൽ ഒരു മുറിയിൽ വാതിലുകൾ എല്ലാം അടച്ചുപൂട്ടിയിട്ടു്, ഹംഗറിയുടെ ചരിത്രവും കത്തോലിക്കാസഭയുടെ തത്വങ്ങളും കർദ്ദിനാൾ മിൻസെന്തിയുടെ ഉദ്ബോധനങ്ങളും പഠിപ്പിക്കമായിരുന്നു. അവരുടെ ഉള്ളിൽനിന്നു എന്നും കമ്മ്യൂണിസത്തിൻെറ മാലിന്യങ്ങളെ കഴുകിക്കളയുമായിരുന്നു."

"എല്ലാ കുടുംബങ്ങളിലും ഇങ്ങനെയാണൊ പതിവു്?"

മി. ഹാനോക്കു് പറഞ്ഞു. "അതെനിക്കറിഞ്ഞുകൂടാ. ഞങ്ങളുടെ കൂട്ടത്തിൽ ആരാണു് ഏവിയോ എന്നു് ഞങ്ങൾക്കാർക്കും ഒരു പിടിയുമില്ലായിരുന്നതുകൊണ്ടു്, ഒരു കുടുംബത്തിൻെറ രഹസ്യം, അയൽവീട്ടുകാർക്കു് അറിയാൻ കഴിഞ്ഞിരുന്നില്ല. എന്നിരിക്കിലും, മിക്കവാറും എല്ലാ കുടുംബങ്ങളും ഞങ്ങളുടേതുപോലെ തന്നെ ആണെന്നാണു് എൻെറ വിശ്വാസം"

"എങ്ങനെയാണു് ഈ ചരിത്രമൊക്കെ കുട്ടികളെ പഠിപ്പിച്ചതു്?"

മിസ്സിസ് ഹാനോക്കു് പറഞ്ഞു. "ഹംഗറിയുടെ യഥാർത്ഥചരിത്രങ്ങളടങ്ങുന്ന ഗ്രന്ഥങ്ങൾ നിരോധിക്കപ്പെട്ടിരിക്കയാണു്. എങ്കിലും, ഏററവും വലിയ ദേശാഭിമാനിയായ ലൂയി കോസ്സുത്തിൻെറയും മററും ചരിത്രങ്ങൾ രഹസ്യമായി ഞങ്ങളുടെയിടയിൽ കൈമാറപ്പെട്ടിരുന്നു. അതിലെ പ്രധാന ഭാഗങ്ങൾ ഹൃദിസ്ഥമാക്കാൻ ഞാൻ കുട്ടികളെ അഭ്യസിപ്പിച്ചിരുന്നു"

ഒരു ചോദ്യകർത്താവു് വേരായെ നോക്കിക്കൊണ്ടു് ചോദിച്ചു "കുട്ടിക്കറിയാമോ കോസ്സുത്തു് ആരായിരുന്നു എന്നു്?"

പെട്ടെന്നു് വേരാ ചാടിയെണീററു് അമ്മയുടെ പുറകിൽ നിന്നുകൊണ്ടു് ഒരു ഉജ്ജ്വലപ്രഭാഷണം നടത്തി. "ഹംഗേറിയിലെ ഏററവും ധീരോദാത്തനായ ദേശാഭിമാനി ആയിരുന്നു ലൂയി കോസ്സുത്തു്. കാരണം ഒരു രാഷ്ട്രത്തിനു സ്വാതന്ത്ര്യവും, ഒരു ജനതയ്ക്കു പ്രത്യാശയും നൽകുന്നതിനു അദ്ദേഹം യത്നിച്ചു."

അവളുടെ വാക്കുകളിൽ വികാരം അലതല്ലുന്നതുപോലെ തോന്നി.

"എന്നിട്ടു കോസ്സുത്തിൻെറ വിപ്ലവം ജയിച്ചോ?"

"ഇല്ല, പരാജയപ്പെട്ടു"

"എന്തു പരിഷ്ക്കാരമാണു് അദ്ദേഹം ഉദ്ദേശിച്ചതു്"

"സ്വാതന്ത്ര്യം, ഒരു നിയമനിർമ്മാണസഭ, നല്ല ന്യായാധിപന്മാർ, വലിയ ജന്മിത്വങ്ങളുടെ നിർമ്മാജ്ജനം"

"അദ്ദേഹം പരാജയപ്പെട്ടെങ്കിൽപ്പിന്നെ അദ്ദേഹത്തിൻെറ നേട്ടമെന്താണു്?"

"ഭാവിയിലേക്കുള്ള വഴി അദ്ദേഹം ഞങ്ങൾക്കു കാണിച്ചുതന്നു"

"എത്രനാൾ മുമ്പാണു് അദ്ദേഹം ജീവിച്ചിരുന്നതു്?"

"നൂറുകൊല്ലം മുമ്പു്"

ദുർഘടങ്ങളായ ആ ചോദ്യങ്ങൾക്കെല്ലാം അവൾ സാമർത്ഥ്യപൂർവ്വം മറുപടി നൽകി.

ഒടുവിൽ അവളുടെ പിതാവു പറഞ്ഞു "മതത്തെയൊ, സദാചാരത്തെയൊ പററി ചോദിച്ചു നോക്കൂ" അവൾ ഭംഗിയായി ഉത്തരം നൽകും. അവളുടെ അമ്മ ഒരു നല്ല അദ്ധ്യാപികയാണു്.

മാർച്ച് 15. ഹംഗറിയുടെ ദേശീയോത്സവദിവസമായിരുന്നു, കമ്മ്യൂണിസ്റ്റുകൾ അധികാരത്തിലെത്തുന്നതിനു മുമ്പു്. അന്നു് കുട്ടികളും പ്രായംചെന്നവരും വിശേഷവസ്ത്രങ്ങൾ ധരിക്കാറുണ്ടായിരുന്നു; ഉടുപ്പിൻെറ തോളുകളിൽ പ്രത്യേക ബാൻഡുകൾ ഘടിപ്പിച്ചു ജനങ്ങൾ ഉത്സവത്തിൽ പങ്കെടുക്കുമായിരുന്നു. പക്ഷെ ആ ഉത്സവം കമ്മ്യൂണിസ്ററുകൾ നിറുത്തലാക്കി. അതിനുപകരം ഹംഗറിക്കാർ ആഘോഷിക്കുന്നതു് ചെമ്പടയുടെ ദിവസവും, മെയ്ദിനവും മററുമാണു്.

1953 – മാർച്ച് 15–ാംനു–ഹാദോക്കു് ഒരു ധീരകൃത്യം ചെയ്തു. അവൻ തൻെറ 6– വയസ്സുള്ള ജോഹാനെ വിശേഷവസ്ത്രങ്ങൾഅണിയിക്കുകയും. ഉടുപ്പിൻെറ തോളുകളിൽ വലിയ ബാൻഡുകൾഘടിപ്പിക്കുകയും ചെയ്തു.

"അയ്യോ! ഇവനെ ഏവിയോക്കാർ കണ്ടാൽ" ഹാദോക്കിൻെറ സുഹൃത്തുക്കൾ അന്ധാളിച്ചു.

"അവനിന്നു് 6 – വയസ്സായി. അവനൊരു ഹംഗറിക്കാരനായി എന്നു ഓർക്കണം" എന്നായി ദേശാഭിമാനിയായ ആ പിതാവിൻെറ മറുപടി.

അഭിമാനപൂർവ്വം ജോഹാനെ അവൻ നഗരവീഥികളിലേക്കു വിട്ടു. കാണട്ടെ, എല്ലാവരും കാണട്ടെ എന്നായിരുന്നു, അവൻെറ ചിന്ത.

അവനെക്കണ്ട ആദ്യത്തെയാൾ പൊട്ടിക്കരഞ്ഞുപോയി. എന്തോ വേദനിപ്പിക്കുന്ന ഓർമ്മകൾ. രണ്ടാമതു് അവനെക്കണ്ടതു് ഒരു പോലീസ്കാരനാണു്.

"ഇന്നു നമ്മുടെ ദേശീയദിനമാണു്" ജോഹാൻ ഉത്തരം നൽകി "നിങ്ങൾക്കെന്തേ പുതിയവേഷം ഇല്ലാത്തതു്?"

"എൻെറ ഹൃദയത്തിലാണു് മോനെ, ആ ദേശീയവേഷം" പോലീസുകാരൻ നിരുദ്ധകണ്ഠനായി പറഞ്ഞു. അവൻ എന്തെങ്കിലും കുഴപ്പത്തിൽചാടും എന്നുഭയന്നു് ആ പോലീസുകാരൻ, അവനെ കൂട്ടിക്കൊണ്ടു വീട്ടിൽ എല്പിച്ചു.

അങ്ങനെ അന്നു ജോഹാൻ ഒരു ഹംഗേറിയനായി. വീടിൻെറ ഉള്ളറയിൽവച്ചു് അവൻെറ മാതാപിതാക്കൾ ഹംഗറിയുടെ ധീരഗാനങ്ങൾ പഠിപ്പിച്ചിരുന്നു. എങ്കിലും അതൊന്നും പരസ്യമായി പാടരുതെന്നു അവർ അവനു് താക്കീതു നൽകിയിരുന്നു. പക്ഷെ കഴിഞ്ഞകൊല്ലം, എട്ടാമത്തെവയസ്സിൽ കുട്ടികൾക്കുള്ള ഒരു പ്രസംഗമത്സരത്തിൽവച്ചു് അവൻ ഹംഗറിയുടെ ദേശഭക്തിദ്യോതകങ്ങളായ ചില കവിതകൾ ഉദ്ധരിച്ചു. അദ്ധ്യാപകർ അതുകേട്ടു കണ്ണീർ വാർത്തുപോയി. ഒരു പഴയ അദ്ധ്യാപകൻ അതുകേട്ടു അറിയാതെ ഹസ്തതാഡനംചെയ്തു. പക്ഷെ എവിയോക്കാർ ആ വിവരം അറിഞ്ഞു. ജോഹാനെ സ്ക്കൂളിൽനിന്നു് ഡിസ്മിസ്ചെയ്തു.

മിസ്സിസ് ഹാദോക്കു് പറഞ്ഞു. "കമ്മ്യൂണിസ്റ്റുകളായ വിദ്യാർത്ഥികൾക്കു എല്ലാ സൗകര്യങ്ങളും നൽകപ്പെട്ടിരുന്നു. അതുകൊണ്ടു രാത്രികാലങ്ങളിൽ ഞാൻ എൻെറ കുട്ടികളെ പഠിപ്പിച്ചു. ദൈവത്തിൽ ആശ്രയിക്കുക എന്ന പാഠമാണു് ഞാൻ മുഖ്യമായും അവരെ അഭ്യസിപ്പിച്ചതു്. കുടുംബഭദ്രതയെ ശി

ഫലമാക്കാൻ കമ്മ്യൂണിസ്റ്റുകൾ എത്രകണ്ടു ശ്രമിച്ചുവോ അത്രകണ്ടു വൈരാഗ്യത്തോടുകൂടി കുടുംബൈക്യത്തിന്റെ മാഹാത്മ്യം ഞാൻ അവരെ പഠിപ്പിച്ചു. വേരാ ആറാമത്തെ വയസ്സിൽ റഷ്യാക്കാരെ വെറുത്തു. 9–ാമത്തെ വയസ്സിൽ അവൾ അവരെ ശത്രുക്കളായി കണക്കാക്കി പത്താംവയസ്സിൽ കമ്മ്യൂണിസത്തിന്റെ ദൂഷ്യങ്ങളെന്തെന്ന് അവൾക്ക് മനസ്സിലായി. 13-ാം വയസ്സിൽ അവൾ ഒരുറച്ച ദേശഭക്തയാണ് അവൾക്കിപ്പോൾ എന്നെക്കാൾ അറിവുണ്ട്.

പള്ളിക്കൂടങ്ങളിൽ കൊച്ചുകുട്ടികൾ പഠിക്കുന്ന കള്ളത്തരങ്ങളെ തിരുത്താൻ മാതാപിതാക്കന്മാരും മടിച്ചു. കാരണം കമ്മ്യൂണിസത്തിനും റഷ്യക്കും എതിരായി എന്തെങ്കിലും പറഞ്ഞുപോയാൽ അതു് ആ കൊച്ചുകുട്ടികൾ വെളിപ്പെടുത്തും എന്ന ഭീതി. ഒടുവിൽ അവർ ധൈര്യപ്പെട്ടു. കുട്ടികൾ പഠിച്ചുകൊണ്ടു വരുന്ന കള്ളങ്ങളെ മാതാപിതാക്കന്മാർ അന്നന്നു് രഹസ്യമായി തിരുത്തികൊണ്ടിരുന്നു.

ബുഡാപ്പെസ്റ്റിലെ വിപ്ലവത്തെപ്പററി കേട്ട ഉടനെ ജോഹാനും വേരായും എന്തുചെയ്യുന്നു്. തൽക്ഷണം അവർ അവരുടെ കമ്യൂണിസ്റ്റ് പാഠപ്പുസ്തകങ്ങൾ പരസ്യമായി ചുട്ടെരിച്ചുകളഞ്ഞു. “ഇനി ഒരിക്കലും ഞങ്ങളിതു പഠിക്കയില്ല.” അവർ പറഞ്ഞു.

“വിപ്ലവത്തിലെ ഏററവും വലിയ ആവേശം ഉണ്ടായതു്” ഹാദോക്ക് പറഞ്ഞു “കൊച്ചു ജോഹാൻ നിർഭയം പെറോഫിയുടെ ആ കവിത ഉറക്കെച്ചൊല്ലിയപ്പോഴാണ്.”

“ആരാണീ പെറോഫി” ഒരാൾ ചോദിച്ചു.

ജോഹാൻ ഉടനെ ഉത്തരം നൽകി.

“സാൻഡോർ പെറോഫി 1948 — വിപ്ലവകാലത്തെ ഏററവും മഹാനായ കവി ആയിരുന്നു. ധീരനായ ഒരു യോദ്ധാവായിരുന്നു; ഒരു നല്ല മനുഷ്യനായിരുന്നു”

“ഇതു കാണാതെ പഠിച്ചു പറയുന്നതുപോലെ തോന്നുന്നല്ലോ” ഒരാൾ പറഞ്ഞു. “നിന്റെ സ്വന്തം വാചകത്തിലൊന്നുപറയൂ, കേൾക്കട്ടെ”

“പെറോഫി ചെറുപ്പക്കാരനായ ഒരു നടനായിരുന്നു. വിപ്ലവകാലത്തു് അദ്ദേഹം യുദ്ധംചെയ്തു. പക്ഷെ അദ്ദേഹ പ്രശസ്ത

നായതു കവിത എഴുതിത്തുടങ്ങിയപ്പോഴാണ്. തെരുവിന്റെ മൂക്കുകളിൽ നിന്ന് അദ്ദേഹം കവിത പാടുമായിരുന്നു. പെട്ടെന്നു തന്നെ ബുഡാപ്പെസ്റ്റിലെ ജനങ്ങൾ അതു കാണാപ്പാഠമാക്കി ഉരുവിടുമായിരുന്നു. ഇതാണ് എനിക്കേററം ഇഷ്ടപ്പെട്ട കവിത.

അവൻ സംഗീതമധുരിമയോടുകൂടി ആ തീപ്പൊരിക്കവിത പാടി. ശ്രോതാക്കൾ അതു കേട്ടു വികാരവിവശരായി. ഹംഗേറിയൻസ്വാതന്ത്ര്യത്തെ പ്രകീർത്തിക്കുന്ന ഒരു കവിത.

"ഉണരന്നെണീൽക്കുക ഹംഗറി ജനതേ!
വിളിച്ചിടുന്നിത പിതൃനാടുണരൂ!
ഇതാണ് സമയം വരില്ലൊരിക്കലു—
മിതുപോലൊരു കനക മുഹൂർത്തം
മർദ്ദിതജനമായ് തുടരണമോ നാം?
സ്വതന്ത്രജനമായ് പുലരണമോ നാം.
സമസ്ത ഹംഗറി ജനത വണങ്ങും
ദൈവമെ, ഞങ്ങടെ ശപഥം! ശപഥം!
ഇനിമേലിനിമേൽ ചുമക്കുകയില്ലീ
അടിമനുകത്തെ, ഉണർന്നിത ഞങ്ങൾ"

അവൻ ഗാനം നിർത്തി' ആ റസ്റ്റോറാൻറ് മുഴുവനും നിശ്ശബ്ദമായി. മിസ്സിസ് ഹാമോക്കിന്റെ കണ്ണുകൾ നിറഞ്ഞു തുളുമ്പി. ഹംഗറിക്കാരുടെ ഹൃദയാന്തരാളത്തിൽ നിന്ന് നെടുവീർപ്പുകൾ ഉതിർന്നു. അവരിൽ പലരും കരയുന്നതു കണ്ടു.

ഒരു ചോദ്യകർത്താവു് മന്ത്രിച്ചു. "ഇതു കണക്കാക്കണ്ടാ ഹംഗറിക്കാർക്കു കരഞ്ഞെങ്കിലേ സുഖമുള്ളു"

ഒടുവിൽ മി. ഹാമോക്കു് പറഞ്ഞു" ഇമ്മാതിരിക്കുട്ടികൾക്കെതിരായി കമ്മ്യൂണിസം എങ്ങനെ പുലരും? ബുഡാപ്പെസ്റ്റിൽ ഒരൊററക്കുഞ്ഞുപോലും റഷ്യാക്കാരെ അനുകൂലിക്കാത്തതിന്റെ രഹസ്യം ഇതാണ്".

ഹംഗറിയിലെ കമ്മ്യൂണിസ്റ്റ് നേതാക്കളുടേയും, എവിയോക്കാരുടെയും മക്കൾപോലും ബുഡാപ്പെസ്റ്റ് സമരത്തിൽ റഷ്യക്കും കമ്മ്യൂണിസ്റ്റ്വാഴ്ചക്കും എതിരായി അണിനിരന്നു' എന്നതു അത്ഭുതകരമായ ഒരു സത്യമാണ്.

# 9 ആൻഡോവിലെ പാലം

ആൻഡോവിൽ ഒരു പാലമുണ്ടായിരുന്നു. ആ പാലത്തിൽ എത്തിയാൽ ഒരു ഹംഗറിക്കാരൻ മിക്കവാറും സ്വതന്ത്രനായി.

ഒരു പാലമെന്ന പേരിനുതന്നെ അതു അർഹമായിരുന്നില്ല. ഒരു കാറിനു കടന്നു പോകത്തക്ക വീതിയോ ഈടോ അതിനില്ലായിരുന്നു. ഒരു മോട്ടോർസൈക്കിൾ കടന്നുപോകുവാൻപോലും അതിനു് ബലമില്ലായിരുന്നു. അതിൻെറ പലകകൾ ഇളകിയതും ചെതുക്കിച്ചതും ആയിരുന്നു.

വാസ്തവത്തിൽ ആൻഡോവിൽ ആയിരുന്നില്ല ആ പാലം അതിനു് അടുത്തുപോലും അല്ലായിരുന്നു. എന്നിരിക്കിലും "ആൻഡോവിലെ പാലം" എന്നാണു് അതു ഹംഗറിയിൽ പരക്കെ അറിയപ്പെടുന്നതു്. ഹംഗറിയുടെ നാനാഭാഗത്തുനിന്നും ഉള്ള അഭയാർത്ഥികൾ ലക്ഷ്യീകരിച്ചതു ആ പാലത്തെയാണെതാനും.

ഹംഗറിയുടെഭാഗമല്ല ആൻഡോ. ഹംഗേറിയൻ അതിർത്തിക്കടുത്തുള്ള ഒരു ഓസ്ട്രിയൻ കുഗ്രാമമാണതു്. ആ പാലത്തിൻെറ അടിയിൽക്കൂടി യാതൊരു നദിയും ഒഴുകുന്നില്ല. അടുത്തുള്ള ചതുപ്പുനിലങ്ങളിലെ വെള്ളം ഒഴുക്കിക്കളയുന്നതിനു് പണ്ടെങ്ങോ വെട്ടിയ ഒരു തോടു വിലങ്ങനെ കടക്കുന്നതിനു് ഉണ്ടാക്കിയതാണു് ആ പാലം.

ആ പാലത്തിലേക്കു ഒരു വഴിയും ചെന്നുചേരുന്നില്ല. റയിൽപാളമോ, ബസ് ലൈനോ അടുത്തെങ്ങുമില്ല. ഹംഗറിയും ഓസ്ട്രിയായും എന്ന ഭേദംകൂടാതെ അക്കരെയും ഇക്കരെയും ഉള്ള കർഷകർക്കു് കച്ചിക്കെട്ടുകളും മററും ചുമന്നുകൊണ്ടുപോകുന്നതിനു് ആ പാലം ആവശ്യമായിരുന്നില്ല.

തീരെ അഗണ്യമായ ആ കൊച്ചു പാലം ചരിത്രത്തിൻേറതായ ഒരു മറിമായത്തിൽ, ഏതാനും ആഴ്ചകൾകൊണ്ടു് ലോകത്തിലെ ഏററവും പ്രസിദ്ധങ്ങളായ പാലങ്ങളിൽ ഒന്നായിത്തീ

ന്നു. ഇളകുന്ന പലകകളോടുകൂടിയ ആ പാലത്തിൽക്കൂടെ ഒരു രാഷ്ട്രത്തിൻെറ ആത്മാവു് കടന്നുപോയി. ആ പാലത്തിൽ കൂടി ഇരുപതിനായിരത്തിൽപ്പരം ദേശാഭിമാനികൾ സ്വാതന്ത്ര്യം പ്രാപിച്ചു. — കമ്മ്യൂണിസം എന്തെന്നു് രുചിച്ചറിഞ്ഞവർ, കമ്മ്യൂണിസത്തെ തിരസ്കരിച്ചവർ, റഷ്യൻ കിരാതവാഴ്ചയുടെ ഭീകരത എന്തെന്നു് ലോകത്തെ അറിയിച്ചവർ ഈ പാലത്തിൽക്കൂടി കടന്നു വന്നവരാണു്. കമ്മ്യൂണിസം കൊടിയ വഞ്ചനയുടെ ഒരു പര്യായമാണെന്നു് ലോകത്തിനു് അസന്ദിഗ്ദ്ധമാം വിധം ബോധ്യമായതു ഈ പാലത്തിങ്കൽ വച്ചാണു്.

ഹംഗേറിയൻ പൗരുഷത്തിൻെറ സത്തു്, ഞങ്ങളും ഞങ്ങളുടെ പിതാക്കന്മാരും സ്നേഹിച്ചിരുന്ന പിതൃരാജ്യത്തെ ഉപേക്ഷിച്ചുകൊണ്ടു നാടുവിട്ടതു ഈ പാലത്തിൽക്കൂടിയാണു്.

ആൻഡോവിലെനാടകം ശരിക്കു മനസ്സിലാക്കണമെങ്കിൽ അതിൻെറ രംഗം ഒന്നു കാണേണ്ടതാണു്. ഓസ്ട്രിയായുടെ ഒരു മൂലയാണു് ആൻഡോ. താണുകിടക്കുന്ന ഒരു ഫുട്ബോൾ ഗ്രൗണ്ടാണെന്നുതോന്നും ആ സ്ഥലം ഒററനോട്ടത്തിൽ. അതിൻെറ മദ്ധ്യത്തിൽ ഒരു രാത്രിയിൽ ഒരു ഓസ്ട്രിയൻ ഗാഡിൻെറ കൂടെ ഞാൻ നിന്നു. മങ്ങിയ നിലാവുണ്ടായിരുന്നു. അയാൾ വിരൽ ചൂണ്ടിക്കൊണ്ടു പറഞ്ഞു. "അതാ ആ തെക്കുകാണുന്നതു് ഹംഗറിയാണു്; വടക്കും ഹംഗറിയാണു്; കിഴക്കും ഹംഗറിയാണു്"

തെക്കോട്ടു പൊക്കമുള്ള ഒരു ചിറ നീണ്ടുകിടക്കുന്നു; അതു ഹംഗറിയുടെ അതിർത്തിക്കുള്ളിലാണു്; ആ ചിറ ചെന്നുചേരുന്നതു് വലിയതോട്ടിലേക്കാണു്; ചാടിക്കടക്കാൻ വയ്യാത്തവിധം വീതിയുണ്ടു് ആ തോടിനു്; നീന്തിക്കടക്കാൻ വയ്യാത്തവിധം ആഴമുണ്ടു് ചിലടത്തു്. ആ തോടു ചെന്നുലെയിക്കുന്നതു് വിസ്തൃതമായ ഒരു ചതുപ്പുനിലത്തിലാണു്; അതിൽ കളകളും, പന്നച്ചെടികളും, മാത്രമെ കാൺമാനുള്ളു.

കിഴക്കുവശത്തു് വലിയ ഒരു കിടങ്ങു നെടുനീളത്തിൽ കുഴിച്ചിട്ടുണ്ടു്. ആ കിടങ്ങിലും അരയററം വെള്ളമുണ്ടു്. കിടങ്ങിനപ്പുറത്തു് ദുർഘടവും വിസ്തൃതവുമായ ചതുപ്പുനിലമാണു്. ആ കിടങ്ങിൻെറ ഓരോ തിരിവിലും ഒരു ഹംഗേറിയൻ അതിർത്തി ഗാഡ്നില്പുണ്ടാവും. അതിനും അരമൈൽ അപ്പുറത്തു്

ഏവിയോക്കാർ ഒരു വലിയ യന്ത്രത്തോക്കുഗോപുരം സ്ഥാപിച്ചിരിക്കുന്നു. ആ ഗോപുരത്തിൻെറ ചുവട്ടിൽനിന്നു് കഷ്ടിച്ചു് ഒരു ഫർലോങ്ങ് അകലെയാണു് ആൻഡോപാലം.

ഹംഗേറിയിലെ വിജനങ്ങളായ ചതുപ്പുനിലങ്ങളിൽ കൂടി ബദ്ധപ്പെട്ടു നടന്നു ഓസ്ട്രിയായിൽ എത്തിയാലും പിന്നെയും ചതുപ്പുനിലങ്ങളാണു്. അതുംകഴിഞ്ഞു് അഞ്ചുമൈൽ നടന്നെങ്കിലേ ആൻഡോ ഗ്രാമത്തിലെ റോഡിലെത്തുകയുള്ളു.

ഈ പ്രതിബന്ധങ്ങളൊക്കെ ഉണ്ടായിരുന്നിട്ടും, ആൻഡോപാലത്തിൽകൂടിയുള്ള അഭയാർത്ഥികളുടെ രക്ഷപെടൽ ചിലപ്പോൾ ഒരു ഉല്ലാസയാത്ര ആണെന്നു തോന്നും. ആ സമയങ്ങളിൽ എന്തോ അജ്ഞാതങ്ങളായ കാരണങ്ങളാൽ തോക്കുംഗോപുരത്തിൽ ഏവിയോക്കാർ ഉണ്ടായിരിക്കുകയില്ല. പാലത്തിൽ കൂടെ ആർക്കും സ്വച്ഛമായി യഥേഷ്ടം കടന്നുപോകാം. റഷ്യൻ കാവൽകാരും ചിലപ്പോൾ നിശ്ചലരാകും. അഭയാർത്ഥികൾ ചിലപ്പോൾ അതിർത്തിച്ചിറയിൽകൂടി സ്വൈരമായി നടന്നുപോകും. ഒരിക്കൽ ആയിരക്കണക്കിനു അഭയാർത്ഥികൾ ആ ചിറയിൽ കൂടി പാട്ടുംപാടി നടന്നു വരുന്നതുകണ്ടു. അവിടെ, ഓസ്ട്രിയായുടെ ആ ഓണംകേറാമൂലയിൽവച്ചാണു് എൻെറ ജീവിതത്തിലെ ഏററവും അത്ഭുതകരമായ അനുഭവമുണ്ടായതു്.

അഭയാർത്ഥികൾ സ്വന്തം നാട്ടുവിട്ടു കൂട്ടത്തോടെ പോകുന്നതു് പലേടത്തും ഞാൻ കണ്ടിട്ടുണ്ടു് — പാക്കിസ്ഥാനിൽനിന്നു് ഇന്ത്യയിലേക്കു ഭാണ്ഡംകെട്ടിയ ഇന്ത്യാക്കാരെയും, മൃതപ്രായരായ കമ്മ്യൂണിസത്തിൻെറ യാതനകൾ സഹിക്കവയ്യാതെ കൂട്ടമായി നാട്ടുവിട്ടുപോകുന്ന ഉത്തരകൊറിയൻ സ്ത്രീകളെയും, ജപ്പാൻ പടയെ പേടിച്ചു പലായനം ചെയ്യുന്ന പസഫിക് ദ്വീപവാസികളെയും ഞാൻ കണ്ടിട്ടുണ്ടു്. എന്നാൽ ഹംഗേറിയൻ അഭയാർത്ഥിപ്രവാഹംപോലൊന്നു ഞാൻ ഒരിക്കലും കണ്ടിട്ടില്ല. ആ അഭയാർത്ഥികളിൽ ഏറിയപങ്കും പ്രസരിപ്പുള്ള യുവജനങ്ങളായിരുന്നു. റഷ്യൻ കിരാതന്മാരോടുള്ള അവരുടെ വെറുപ്പു് വൈരാഗ്യപൂർണ്ണമായിരുന്നു. അവർക്കു സുചിന്തിതമായ ഒരുദ്ദേശ്യം ഉണ്ടായിരുന്നു. കമ്മ്യൂണിസത്തിൻെറ വഞ്ചനയെ അവർക്കു ലോകത്തിനു വെളിപ്പെടുത്തണം. അതിർത്തിയിലെ ഏതൊരു കാവൽക്കാരനു

കേൾക്കാമായിരുന്നു അവർ വിളിച്ചുപറയുന്നതു്" ഫ്രാൻസിലെയും, ഇറ്റലിയിലെയും കമ്യൂണിസ്റ്റുകൾ കമ്യൂണിസ്റ്റ് ഭരണത്തിൻ കീഴിൽ ജീവിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ. . .ഒരു ആറുമാസത്തേയ്ക്കെങ്കിലും."

അതുകേട്ട ആരെങ്കിലും പറയും 'അയ്യോ വേണ്ട, ശത്രുക്കൾക്കുപോലും ആ കഷ്ടകാലം വരാതിരിക്കട്ടെ." അവരിൽ പിന്തിരിപ്പന്മാരെയോ, പരാക്രമ മനഃസ്ഥിതിക്കാരെയോ, നിരാശരെയോ കാണാൻ കഴിഞ്ഞില്ല. ഫസിസ്റ്റുകളും, ബൂർഷ്വാസികളും, പുരോഹിതരും, അമേരിക്കൻ ചാരന്മാരും ആണ് ഹംഗറിയിൽ നിന്നു ഒളിച്ചോടിപ്പോയതെന്നു് കമ്മ്യൂണിസ്റ്റുകൾ ലോകത്തെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുന്നുണ്ട്. ഈ അഭയാത്ഥികളെ സ്വാഗതം ചെയ്യു ഞങ്ങളോട്ട് അവരൊന്നു ചോദിക്കട്ടെ പറയാം ആരാണ് ഹംഗറിയിൽ നിന്നു നാടുവിട്ടതെന്നു് രാഷ്ട്രത്തിൻെറ ജീവനാടികളായ യുവാക്കൾ!

സോപ്രോൺ സർവ്വകലാശാലയിലെ 500വിദ്യാത്ഥികളും, 32– പ്രൊഫസർമാരും അവരുടെ കുടുംബങ്ങളോടു കൂടി ഹംഗറിയെ ഉപേക്ഷിച്ചു. ആ വിദ്യാത്ഥികളെ മുഴുവനും കാനഡായിലെ ബ്രിട്ടീഷ് കൊളമ്പിയാ സർവ്വകലാശാല സ്വീകരിച്ചു.

ബുഡാപ്പെസ്റ്റിലെ ഏററവും പ്രഖ്യാതരായ നത്തകികൾ അവരുടെ പാർട്ടിസഹിതം ഹംഗറിവിട്ടു.

ഹംഗറിയിലെ ഏററവും നല്ല ഫുട്ബോൾ കളിക്കാർ.

ഹംഗറിയിലെ ഏററവും മെച്ചപ്പെട്ട ജിപ്സിഓർച്ചെസ്ട്രാക്കാർ ഇന്നു യൂറോപ്പിലെ മററു തലസ്ഥാനങ്ങളിൽ കലാപ്രകടനങ്ങൾ നടത്തി കാലയാപനംചെയ്യുന്നു.

ഷെപ്പേലിലെ ഏററവുംവിദഗ്ദ്ധരായ മെക്കാനിക്കുകൾ. അവരെ സിസ്സർലണ്ടും ജമ്മനിയുംസന്തോഷപൂർവ്വം സ്വാഗതം ചെയ്തു.

പ്രശസ്തരായ എൻജിനീയർന്മാർ, ശാസ്ത്രജ്ഞന്മാർ, ഏററവും നല്ല കലാകാരന്മാർ, സാഹിത്യകാരന്മാർ, ഇവരെല്ലാം നാടുവിട്ടു.

അഭയാർത്ഥികളുടെ ഗണത്തിൽ ഏറ്റവും ശ്രദ്ധേയരായിരുന്നതു് യുവഃദമ്പതികളായിരുന്നു.

ഹംഗറിയിലെ 2-ശതമാനം ജനങ്ങളെങ്കിലും ഇങ്ങനെ സ്വതന്ത്രരായി. ഒന്നാലോചിച്ചു നോക്കൂ യു. എസിലെ 43,00,000 ജനങ്ങൾ-അതും എണ്ണപ്പെട്ടവർ-യു എസ് വിട്ടു പോയാൽ അവിടെ എന്തോ കുഴപ്പമുണ്ടെന്നതു തീർച്ചയല്ലേ. ഹംഗറിയിൽ അതു സംഭവിച്ചു.

അഭയാർത്ഥികളിൽനിന്നു്, ലഭിച്ച വിവരങ്ങൾ എല്ലാം കോരിത്തരിപ്പിക്കുന്നവയാണു്. അതുല്യമായ ധീരോദാത്തതയുടെ അധ്യായങ്ങളാണു് ഓരോ കൊച്ചുകുട്ടിക്കുപോലും പറയാനുള്ള കാര്യങ്ങൾ.

ആൻഡോവിലെ നാടകം അവസാനിക്കാത്ത ഒന്നായിരുന്നു. ഓരോ രാത്രിയും അത്ഭുതങ്ങൾ നിറഞ്ഞതായിരുന്നു. ഒരു വെളുപ്പാംകാലത്തു് ഞാനും, ന്യൂയോർക്കു് ഹെറാൾഡ് ട്രിബ്യൂൺ പത്രത്തിന്റെ പ്രതിനിധിയായ മി. ബാറേററ് മാക്കണുംകൂടി നില്ക്കുമ്പോൾ ഒരു കാഴ്ചകണ്ടു. ഒററയ്ക്കു ഒരു സ്ത്രീ ഓടിക്കിതച്ചു വരുന്നു. നല്ലപൊക്കമുള്ള സുന്ദരിയായ ഒരു മധ്യവയസ്ക. ഞങ്ങളെ ദൂരെക്കണ്ടപ്പോൾ അവളൊന്നു മടിച്ചുനിന്നു. ഞങ്ങൾ റഷ്യൻ ഭടന്മാരായിരിക്കാം എന്നു് അവൾ ഭയപ്പെട്ടിരിക്കാം. പക്ഷെ ഞങ്ങൾ ഇംഗ്ലീഷിൽ സംസാരിക്കുന്നതു കേട്ടപ്പോൾ അവൾ അടുത്തെത്തി.

"ഞാൻ മൂന്നുദിവസമായി നടക്കുകയാണു്" അവൾ ഉദ്വേഗത്തോടെ പറഞ്ഞു. "ഞങ്ങളെ വഴിക്കു വച്ചു് റഷ്യാക്കാർ പിടികൂടി 48-മണിക്കൂറോളം ഞങ്ങളെ ഒരറയിൽ അടച്ചുപൂട്ടിയിട്ടു. ചിലർ കൊല്ലപ്പെട്ടു. ഞാൻ ഒളിച്ചോടിപ്പോരുകയാണു്. ഇനി എത്രദൂരം പോകണം?"

"കഷ്ടിച്ചൊരു മൈൽ" മാക്കൺ പറഞ്ഞു.

"ദൈവമേ" അവൾ ദീർഘമായൊന്നു നിശ്വസിച്ചു. അവൾ മൂടൽമഞ്ഞിൽ അപ്രത്യക്ഷയായി.

എണ്ണായിരം പേർ ഒരൊററ ദിവസം ആൻഡോവിലെ പാലത്തിൽക്കൂടെ രക്ഷപെട്ടതായി അറിയാം. ഇത്രയും ഹംഗറി

ക്കാർ രക്ഷപെടാൻ റഷ്യാക്കാർ അനുവദിച്ചതു് എന്തുകൊണ്ടാണു്? ഹംഗാറിയിൽ റഷ്യാക്കാർക്കു പിടിപ്പതു ശല്യങ്ങളുണ്ടായിരുന്നു. കുറെ ആയിരങ്ങൾ നാടുവിട്ടുപോകുന്നതിനെ അവർ കണക്കാക്കാൻ പോയില്ല. അവറ്റകൾ എവിടെയെങ്കിലുംപോയി തുലയട്ടെ; അത്രയും ശല്യം ഒഴിഞ്ഞല്ലോ എന്നതായിരുന്നു അവരുടെ മനോഭാവം. എങ്കിലും ഓസ്ട്രിയായിലേക്കും മററും ധാരാളം ചാരന്മാരെ അയച്ചിരുന്നു. ഓരൊ അഭയാർത്ഥിയുടെയും കഥ ഓരോ നോവലാണു്; പത്തു അഭയാർത്ഥികളുടെ കഥ ഒരു ഇതിഹാസമാണു്.

ഹംഗേറിയൻ അതിർത്തി ഗാർഡുകൾ കമ്യൂണിസ്റ്റു് ഭീകരതയുടെ മൂർത്തീഭാവങ്ങളായിരുന്നു എന്നു് ഞങ്ങൾ ശങ്കിച്ചിരുന്നു. അഭയാർത്ഥികൾക്കു വഴിപറഞ്ഞു കൊടുക്കുന്നതിനു ഞാനൊരു ചെക്ക്പോയൻറിൽ നില്ക്കുകയായിരുന്നു. ഒരു പിതാവു് അവൻെറ രണ്ടു കുട്ടികളെയും കൊണ്ടു പ്രത്യക്ഷപ്പെട്ടു. അതിൽ ഒരുത്തനു 13 വയസ്സും മററവനു 9–വയസ്സും പ്രായം തോന്നിക്കും.

പക്ഷെ രണ്ടു ഹംഗേറിയൻ ഗാർഡുകൾ അവരെ അതിർത്തി കടത്തിവിടാതെ തടഞ്ഞിരിക്കുകയാണു്. ഞങ്ങൾ കുറെപ്പേർ ഇപ്പുറത്തുനിന്നു് ആ ദുരന്തക്കൃത്യം കാണുന്നുണ്ടായിരുന്നു.

ഒടുവിൽ ഒരു ഗാർഡു്, യന്ത്രത്തോക്കു് വലിച്ചു തോളത്തേററിക്കൊണ്ടു് ഞങ്ങളുടെ പക്കലേക്കുവന്നു. അന്തർദ്ദേശീയ രക്ഷാക്കമ്മിററിയിലെ ഒരുദ്യോഗസ്ഥനായ കാലിബോൺ പെല്ലിനോടു് ആ ഗാർഡു് ജർമ്മൻ ഭാഷയിൽ സംസാരിച്ചു. "ആ കൊച്ചുകുട്ടിക്കു ഹംഗാറിവിട്ടുപോകാൻ മനസ്സില്ല. അല്ലെങ്കിൽ അവൻെറ അമ്മകൂടെ വരണം; അവൻെറ അമ്മ വന്നുചേരുമെന്നു തോന്നുന്നില്ല. ആ കുട്ടിയെ നിങ്ങളുടെ കൂടെയാക്കാൻ കഴിയുമെങ്കിൽ അങ്ങനെ ചെയ്യുക. അവർ ഹംഗാറി വിട്ടുപോകുന്നതാണു് അവക്കു നല്ലതു്."

ആ ഗാർഡിൻെറ സംസാരം കേട്ടു ഞങ്ങൾ ആശ്ചര്യസ്തബ്ധരായി. അതു വിശ്വസിക്കാമോ? ആ കുട്ടിയോടു സംസാരിക്കുന്ന ജോലി എനിക്കാണു് കിട്ടിയതു്. എനിക്കു ഹംഗേറിയൻ ഭാഷ വശമില്ലായിരുന്നു. ഞാൻ അടുത്തു ചെന്നു. ഞെനൊരു ഹം

ഗേറിയൻ കമ്യൂണിസ്റ്റ് ഉദ്യോഗസ്ഥനാണെന്നു് ആ പയ്യൻ ധരിച്ചിരിക്കണം. എന്നെ അടുത്തു കണ്ട ഉടനെ നെഞ്ചത്തു നിന്നു ഷർട്ടു് മാററി എന്നെക്കാണിച്ചു. അവൻെറ കയ്യിൽ ആയുധങ്ങളോ രഹസ്യരേഖകളോ ഒന്നും ഇല്ലെന്നു്. ഞാൻ ആ തണുത്ത മണ്ണിൽ മുട്ടുകുത്തിനിന്നു. ഞാനൊരു കമ്യൂണിസ്റ്റ് ഉദ്യോഗസ്ഥനല്ലെന്നു് അവനു മനസ്സിലായി. ഞാൻ അവനെ തഌിയെടുത്തു. അവൻ പ്രതിഷേധിച്ചില്ല. "അമ്മ താമസിയാതെ വരുമെന്നു് ഇവനോടു പറയൂ" എന്നു ഞാൻ ആ പയ്യൻെറ അച്ഛനെ ഉപദേശിച്ചു.

ആ പിതാവും അയാളുടെ മൂത്ത മകനും ഓസ്ട്രിയായിൽ പ്രവേശിച്ചു. അവരുടെ കൂടെ എത്താൻ ഞാൻ കുട്ടിയെ എടുത്തുകൊണ്ടു പുറകേനടന്നു. അപ്പോഴേയ്ക്കും ഗാർഡ് മടങ്ങിപ്പോകുന്നതു കണ്ടു. ഏതാനും അടിനടന്നപ്പോൾ ഭയങ്കരമായ ഒരു വെടിപൊട്ടൽകേട്ടു. ചതിച്ചല്ലോ ആ ഗാർഡ്. ഞാൻ ഞെട്ടിത്തിരിഞ്ഞുനോക്കി. 'കാലിബോൺ ഷെൽപൊട്ടിച്ചിരിക്കുന്നു.' അദ്ദേഹം പറഞ്ഞു "താൻ ജോലിചെയ്യുന്ന ഏന്നു ഗോപുരത്തിലെ ഗാർഡുകളെ അറിയിക്കാൻ വേണ്ടി അയാൾ വെറുതെ ആകാശത്തിലേയ്ക്കു് വെടിവെയ്ക്കുകയായിരുന്നു."

ആ പിതാവും കുട്ടികളും പോയിക്കഴിഞ്ഞപ്പോൾ ഞാൻ ആ കമ്യൂണിസ്റ്റു ഗാർഡിനെ നോക്കി. അയാൾ എന്നെയും നോക്കുകയാണു്. ഒടുവിൽ അയാൾ എന്നെ കൈമാടിവിളിച്ചു. ഞാൻ ചെന്നു. ഞാൻ അങ്ങനെ ഹംഗറിയിൽ പ്രവേശിച്ചു. അയാളെന്നെ ഗോപുരത്തിൻെറ അടുത്തുകൂടെ ആൻഡോപാലത്തിലേക്കു കൊണ്ടുപോയി. അവിടെ ഒരു തള്ളയും രണ്ടു കുട്ടികളും നിന്നുകരയുന്നു. രണ്ടും പെൺകുട്ടികളായിരുന്നു. ഒരു കുട്ടിക്കു തീരെ നടക്കാൻപാടില്ല. റഷ്യാക്കാർ എപ്പോഴാണു വരുന്നതെന്നറിവില്ല. ഗാർഡ് വേഗം ആ കുട്ടിയെ എടുത്തു എന്നെ ഏൽപിച്ചു. തള്ളയെയും മററെ കുട്ടിയെയും താങ്ങിപ്പിടിച്ചുകൊണ്ടു് ആ ഗാർഡും പുറകെ വന്നു. ഞങ്ങൾ ആസ്ട്രിയായിൽ കാലുകുത്തിയ ഉടനെ ഗാർഡ് മേൽപ്പോട്ടു വെടിവെച്ചിട്ടു മടങ്ങിപ്പോയി.

ഇംഗ്ലീഷ് ഭാഷ അറിയാവുന്ന ഒരു ഹംഗേറിയൻ അഭയാർത്ഥി എനിക്കു വളരെ നല്ല ഒരു സഹായിയായി. പല അഭ

യാർത്ഥികളുടെയും മൊഴികൾ പരിഭാഷപ്പെടുത്തിത്തന്നതു ആ മുപ്പതുകാരനാണ്.

ഒടുവിൽ ഞാൻ ചോദിച്ചു "നിങ്ങൾക്ക പണംവേണോ?"

"വേണ്ടാ" അയാൾ പറഞ്ഞു "എനിക്ക വിയെന്നായിലെ ഒരു പാട്ടുകച്ചേരി കേട്ടാൽകൊള്ളാമായിരുന്നു."

"തീർച്ചയായും ഇന്നു രാത്രിതന്നെ" ഞാൻ സമ്മതിച്ചു.

അയാളെ ഞാൻ വിയെന്നായിലേയ്ക്കുകൊണ്ടുപോയി. വിയെന്നാതീയേററിൽ അയാൾ എന്റെകൂടെ ഇരുന്നു കലാപരിപാടികൾ ആസ്വദിച്ചു. നഷ്ടപ്പെട്ടുപോയ ഒരു നിധി തിരിയെ കിട്ടുന്നതുപോലൊരു പ്രതീതിയാണ് എനിക്ക് അയാളിൽ കാണാൻ കഴിഞ്ഞതു്. കമ്യൂണിസ്റ്റുംവിഷം കലരാതെയുള്ള ശുദ്ധമായ കലകൾ ആസ്വദിക്കുന്നതിനുവേണ്ടി ദാഹിക്കുകയാണ് കലാപ്രേമികളായ ഹംഗറിക്കാർ. അവരുടേതായ യൂറോപ്പിലെ, അവരുടെ സഹോദരങ്ങളുടെ കലാപ്രകടനങ്ങൾ ആസ്വദിക്കാൻ സാധിക്കുന്നില്ലല്ലോ എന്നതാണ് കമ്മ്യൂണിസ്ററുഭരണത്തിൽ ഹംഗറി അനുഭവിക്കാനിടവരുന്ന ഏററവും വലിയ യാതന.

ദേശീയവിപ്ലവത്തിനു കുറെനാൾ മുമ്പ് താമസ് അച്ചേൻ എന്ന ഹംഗേറിയൻ കവി എഴുതിയ "യൂറോപ്പിനോട്" എന്ന ലഘുകവിതയിൽ ഹംഗറിയുടെ ഹൃദയത്തുടിപ്പുകൾ നമുക്ക കേൾക്കാൻ കഴിയും. ഇങ്ങനെയാണ് ആ കവിത.

"മാതാവാം യൂറോപ്പേ! നിൻ
മക്കൾ തന്നല്ലോ ഞങ്ങൾ;
എത്രനാൾ കൊതിക്കുന്നു
കാണുവാൻ നിന്നെ ഞങ്ങൾ;
അമ്മേ, നിൻ സവിധത്തിൽ
തിരികെവരുന്നെഞങ്ങൾ
ഞങ്ങൾക്ക കാട്ടിത്തരൂ
നിൻ ദിവ്യപ്രഭാവങ്ങൾ.
ഒന്നല്ലെ പ്രവൃത്തിയും;
സ്നേഹവും, ഹൃദയത്തിൻ
സ്പന്ദനങ്ങളുമമ്മെ!

സത്യത്തിൻ വിശുദ്ധിയും;
ഒന്നിച്ചു നിലംപൂട്ടി
ഒന്നിച്ചു വിതച്ചവർ,
ഒന്നിച്ചു വിളവുകൾ,
കൊയ്യുവരല്ലെ നമ്മൾ.
ഒന്നിച്ചുമരിക്കാനും,
ഒന്നിച്ചുനൂറായിരം,
പ്രാവശ്യം എണീൽക്കാനും,
ഭാഗ്യസ്ഥരല്ലേ നമ്മൾ!"

നവംബർ 21–10 തീയതികളിൽ അഭയാർത്ഥി പ്രവാഹം പൊടുന്നനെ നിലച്ചു. അവിസ്മരണീയമാംവിധം മനോഹരമായ ഒരു യാത്ര ആയിരുന്നു. ശുഭ്രമായ ആകാശത്തിൽ നിറയെ നക്ഷത്രങ്ങൾ തിളങ്ങിക്കൊണ്ടിരുന്നു.

അന്നു സന്ധ്യ കഴിഞ്ഞപ്പോൾ അതു ഭയങ്കരമായ ഒരു പൊട്ടിത്തെറികൾ. അതിനു ശേഷം അഭയാർത്ഥികൾ ആരെയും കണ്ടുമില്ല.

വിവരമെന്തെന്ന് അറിയാൻ ഒരു ഓസ്ട്രിയൻ യുവാവ് അതിർത്തി കടന്ന് ഹംഗറിയിൽ എത്തി. അവൻ തിരിയെ വന്ന് മർമ്മഭേദകമായ ഒരു വാർത്ത അറിയിച്ചു. ആൻഡോവിലെ പാലം എവിയോക്കാർ ഡൈനാമൈററ് വച്ചു തകർത്തു എന്ന്.

കഷ്ടം! ആയിരം ആയിരം അഭയാർത്ഥികൾ ആ പാലത്തനപ്പുറത്തുള്ള ചതുപ്പുനിലങ്ങളിൽ കുടുങ്ങിയിട്ടുണ്ട്.

അന്നു പാതിരാത്രിക്ക് മൂന്ന് ഓസ്ട്രിയൻ കോളേജ് വദ്യാർത്ഥികൾ അതിർത്തിലംഘിച്ച് ഹംഗറിയിൽ കടന്നു. അവർ മുളകളും പലകക്കഷണങ്ങളും കൊണ്ടു ആൻഡോവിലെ പാലം പണുതു. അവരുടെ അനന്യസാധാരണമായ ധീരത ലോകചരിത്രത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

നിരാശരായി അപ്പുറത്തു കഴിഞ്ഞുകൂടിയ ഹതഭാഗ്യർ നൂറുനൂറു കണക്കിന് ആ കല്ലുങ്ങന്ന പാലത്തിലൂടെസ്വാതന്ത്ര്യത്തിലെത്തി. ഒരു ശശിലേഖ അവർക്കു നേരിയ വെളിച്ചം നൽകിക്കൊണ്ടിരുന്നു. ചന്ദ്രികോജ്ജ്വലമായ ആ രാത്രിയിലെ മൈ

തികാസികമായ സംഭവങ്ങൾ ഇന്നും എൻെറ ഹൃദയത്തിൽ കു ളിരുകോരിയിടുന്നു.

"ഓസ്ട്രിയ" എന്ന മൂന്നക്ഷരം അഭയാർത്ഥികളുടെ രക്ഷ മാത്രമായിരുന്നു. ആ മൂന്നക്ഷരത്തിൽ അവർ സ്വാതന്ത്ര്യത്തെ കണ്ടെത്തി. അത്രകണ്ട മാസ്മരികമായിരുന്നു അതിൻെറ ശബ്ദം.

അഭയാർത്ഥികളെല്ലാം തന്നെ ധീരരായിരുന്നു എന്നു പറ ഞ്ഞുകൂടാ. മക്കളെ വീട്ടിലാക്കിയിട്ടു നാടുവിട്ട അമ്മമാരുണ്ട്. ആ കുഞ്ഞുങ്ങൾക്കു യാത്രയിൽ അപകടമൊന്നും സംഭവിക്ക രുതെന്നതായിരുന്നു അവരുടെ ചിന്ത. എങ്കിലും യുവതിയായ ഒരു ഭാര്യയുടെ കഥ പ്രത്യേകം ശ്രദ്ധേയമാണ്.

"ഞങ്ങൾ ബുഡാപ്പെസ്റ്റിൽനിന്നു പോന്നപ്പോൾ എൻെറ ഭാര്യയ്ക്കു് ഒമ്പതുമാസം ഗർഭമുണ്ടായിരുന്നു" അവളുടെ ഭർത്താ വു പറയുകയാണ്, യാത്രയ്ക്കു ഒരുമ്പെടരുതെന്നു് ഞങ്ങളെല്ലാം വിലക്കിയിട്ടും അവൾ കൂട്ടാക്കിയില്ല. ദിവസങ്ങൾ തുടർച്ചയായി ഞങ്ങൾ കുറ്റിക്കാടുകളിലൂടെയും, ചതുപ്പുനിലങ്ങളിലൂടെയും ന ടന്നു. ഒടുവിൽ ഒരു ചെറിയകാട്ടിൽ എത്തിയപ്പോൾ അവൾ ക്കു പ്രസവവേദന തുടങ്ങി. ഏതെങ്കിലും അടുത്തുള്ള ഒരു വീ ട്ടിൽ നിന്നു ഒരു സ്ത്രീയെ വിളിച്ചുകൊണ്ടുവരാൻ അവൾ എ ന്നോടാവശ്യപ്പെട്ടു. ആ ഘട്ടത്തിൽ അവളെ കാട്ടിൽ ഏകാകി നിയായി ഇട്ടിട്ടുപോകാൻ എനിക്കു വിഷമമുണ്ടായി. എങ്കിലും ഞാൻ നടന്നു. വളരെ ദൂരം ചെന്നതിനുശേഷമാണ് ഒരു വീ ടു കണ്ടെത്തിയതു്. അതു ഒരു കർഷക ഭവനമായിരുന്നു. ആ വീ ട്ടിലെ സ്ത്രീയെയും കൂട്ടിക്കൊണ്ട് ഞാൻ വന്നപ്പോഴേയ്ക്കും ഭാര്യ പ്രസവിച്ചു കഴിഞ്ഞിരുന്നു. അവൾക്കു ബോധമില്ലായിരുന്നു. എ ങ്കിലും കുഞ്ഞിനെ ഒരു തുണിയിൽ പൊതിഞ്ഞിരുന്നു. ആ കർഷ കപത്നിയുടെസഹായത്തോടെ ഞാൻ അവളെ ആ വീട്ടിൽ കൊ ണ്ടുചെന്നു. അവിടെ അഞ്ചുദിവസം താമസിച്ച ശേഷം ആ വീ ട്ടുകാരൻ ഞങ്ങളെ ആൻഡോവിലേക്കും സ്വാതന്ത്ര്യത്തിലേക്കും നയിച്ചു.

അഭയാർത്ഥികളിൽനിന്നു പണം പിടുങ്ങാൻ ചിലർ ശ്ര മിച്ചു.

ഒരു നിശ്ചിത തുക കൊടുത്താൽ ബുഡാപ്പെസ്റ്റിൽ ചെന്നു

അവിടെനിന്നു് ബന്ധത്തിൽപ്പെട്ട ആരെയെങ്കിലും കൊണ്ടുവരാമെന്നു ചിലർ ഏററു. അവരിൽ 90-ശതമാനം പേരും വാക്കു പാലിച്ചു.

അഭയാർത്ഥികൾ കൂട്ടംകൂട്ടമായി നാടുവിടുന്നു എന്നറിയാമായിരുന്ന റഷ്യാക്കാരും പണമുണ്ടാക്കാൻ ശ്രമിച്ചു. അഭയാർത്ഥികളിൽനിന്നു പണം വാങ്ങിക്കൊണ്ടു റഷ്യാക്കാർതന്നെ അവരെ കാട്ടുകളിൽ കയററി ഓസ്ട്രിയായിൽ എത്തിച്ചിട്ടുണ്ടു്.

കമ്മ്യൂണിസത്തിന്റെ കരാള ദംഷ്ട്രയിൽനിന്നു് രക്ഷപെട്ട ഈ അഭയാർത്ഥികൾ രാജ്യസ്നേഹികളാണോ? ഹംഗറിയുടെ ഏററവും വലിയ ദുരദൃഷ്ടവേളയിൽ അന്യ നാട്ടുകളിലേക്കു ഓടിരക്ഷപെട്ടവർ അഭിനന്ദനം അർഹിക്കുന്നവരല്ല; ഹംഗറി സ്വതന്ത്രമാകുന്നകാലത്തു് അവരെ തിരിയെസ്വീകരിക്കുമെങ്കിലും, ദേശാഭിമാനികളുടെ മുൻ പന്തിയിൽ അവർക്കു സ്ഥാനമുണ്ടാവുകയില്ല. ഒരുപക്ഷെ നാടുവിട്ടുപൊയ്ക്കൊള്ളുവാൻ എല്ലാവർക്കും സ്വാതന്ത്ര്യം നൽകിയിരുന്നെങ്കിൽ ഹംഗറിയിലെ 90-ശതമാനംപേരും നാടുവിട്ടുപോകുമായിരുന്നു എന്നൂഹിക്കുന്നതിനു ന്യായമുണ്ടു്. സൗകര്യം ലഭിച്ചവർ നാടുവിട്ടു എന്നു കരുതിയാൽമതി അവരുടെ സ്വരാജ്യസ്നേഹത്തെ ചോദ്യംചെയ്യേണ്ടതില്ല; അവരുടെ സ്വാതന്ത്ര്യ തൃഷ്ണയെ വിലമതിക്കുക.

ഹംഗേറിയൻ വിപ്ലവത്തിലെ ഏററവും വലിയ ധീരൻ ഒരു റെയിൽവേ എൻജിനീയർ ആണെന്നു പരക്കെ സമ്മതിക്കപ്പെട്ടിരിക്കുന്നു. ഒരു ട്രെയിൻ നിറയെ ഹംഗറിക്കാരെ സൈബീരിയായിലേക്കു നാടുകടത്താൻ ഉള്ള ആജ്ഞ അയാൾക്കു ലഭിച്ചു. അയാൾ ആ ട്രെയിൻ റഷ്യയിലേക്കു ഓടിക്കുന്നതിനു പകരം ഓസ്ട്രിയായുടെ അതിർത്തിയിലെത്തിച്ചു, അതിലുണ്ടായിരുന്ന തടവുകാരെ അത്രയും സ്വതന്ത്രരാക്കി. ആ ട്രെയിനിൽ ഇങ്ങനെ ബോർഡ് എഴുതി വച്ചിട്ടുണ്ടായിരുന്നു. "ഹംഗറിക്കു് സോവ്യററു് റഷ്യയിൽ നിന്നുള്ള ആഹാരസാധനങ്ങൾ."

ഹംഗറിയുടെ ആത്മാവിനെ രക്ഷിച്ച ഓസ്ട്രിയായുടെ ധീരത ചരിത്രത്തിൽ രേഖപ്പെടുത്തേണ്ട ഒന്നാണു്. ആകെ70 ലക്ഷം ജനങ്ങളുള്ള ഒരു ചെറിയ രാജ്യമാണു് ഓസ്ട്രിയാ. സോവ്യററു് നുകത്തിൽനിന്നു് അതു് വിമുക്തമായിട്ടു് ഏറെനാ

ളായില്ല. അത്ര സമ്പന്നമല്ല. ഓസ്ട്രിയാക്കാരും ഹംഗറിക്കാരും പൂർവ്വവിരോധമുള്ളവരാണ്. രണ്ടുലക്ഷം അഭയാർത്ഥികളെയാണ് ഓസ്ട്രിയാ രണ്ടു കയ്യും നീട്ടി സ്വീകരിച്ചതു്. യു. എസ്. ആണ് അവരെ സ്വീകരിച്ചിരുന്നതെങ്കിൽ അതൊരു കാരുണ്യ പ്രവൃത്തിയായിരുന്നു എന്നേ പറയാനുള്ളൂ. പക്ഷേ ഓസ്ട്രിയാ സോവ്യററ് പട്ടാളം പ്രതികാരത്തിനു മുതിർന്നാൽ തകർന്നുപോകുന്ന കൊച്ചുരാജ്യം പ്രകടിപ്പിച്ച ധീരമായ മഹാമനസ്കതയെ വർണ്ണിക്കുക സാധ്യമല്ല. ഓസ്ട്രിയായിലെ ബർഗൻ ലാൻഡിലെ കർഷകർ അവരുടെ വീടുകളും ഭക്ഷണങ്ങളും വസ്ത്രങ്ങളും അഭയാർത്ഥികൾക്കായി വിട്ടുകൊടുത്തു.

റഷ്യയുടെ നുകത്തിൽനിന്നു് ഹംഗറി എന്നു്, എങ്ങനെ വിമുക്തമാകുമെന്നു് പ്രവചിക്കുക സാധ്യമല്ല. പക്ഷേ എന്നെങ്കിലും, ഹംഗറി സ്വതന്ത്രമാകുമ്പോൾ, ലോകമെങ്ങും ചിതറിക്കിടക്കുന്ന ഹംഗറിക്കാർ പണപ്പിരിവുനടത്തി ആൻഡോവിൽ സ്വാതന്ത്ര്യത്തിന്റെ നിത്യസ്മാരകമായി ഒരു പുതിയ പാലം പണിയുമെന്നു തീർച്ചയാണ്; ഒരു രാഷ്ട്രത്തിന്റെ ആത്മാവു് കമ്യൂണിസത്തിൽനിന്നു് സ്വാതന്ത്ര്യത്തിലേക്കു കടന്നുപോയ ആ കൊച്ചു പാലം.

ശ്രീകൃഷ്ണവിലാസഗ്രന്ഥശാല
മലയിൻകീഴ്.

# 10 റഷ്യൻ പരാജയം

ലോകചരിത്രത്തിലെ ഒരു വഴിത്തിരിവായിരുന്നു 1956–ലെ ഹംഗേറിയൻ വിപ്ലവം. കമ്യൂണിസത്തിന്റെ പ്രചരണതന്ത്രചരിത്രത്തിൽ ഇന്നോളം ഉണ്ടായിട്ടുള്ളതിൽവെച്ച് ഏററവും വലിയ പരാജയമാണ് ഹംഗറിയിൽ സംഭവിച്ചതു്. അതിന്റെ പ്രതികരണം ലോകമെങ്ങും തിരയടിക്കും; അതു ഒടുവിൽ കമ്യൂണിസത്തിന്റെ സമാപ്തിക്കു കാരണമായി എന്നുവരാം. മഹത്തായ സോഷ്യലിസമെന്നും, സമത്വസുന്ദരമെന്നും, അധ്വാനിക്കുന്ന ജനവിഭാഗമെന്നും മററും മററുമുള്ള അവരുടെ പ്രചരണതന്ത്രങ്ങളുടെ പൊള്ളത്തരം ലോകത്തിനു ബോധ്യമായി; മംഗോളിയായും, പോളണ്ടും, കിഴക്കെ ജർമ്മനിയും മററു ഉപഗ്രഹരാജ്യങ്ങളും എങ്ങിനെയാണ് കഴിഞ്ഞുകൂടുന്നതെന്ന് ബാഹ്യലോകത്തിലുള്ളവർക്ക് ഇപ്പോൾ ശരിക്കു ഊഹിക്കാൻ കഴിയും. ഇരുമ്പുകർട്ടന്റെ തകർച്ചയായിരുന്നു ഹംഗേറിയൻ വിപ്ലവം. കമ്യൂണിസ്ററ് വർഗ്ഗത്തിന്റെ തനിനിറമെന്തെന്ന് ഇപ്പോൾ ലോകത്തിന് ബോധ്യമായി.

ആപത്ഘട്ടത്തിൽ രുമേനിയായും, ചെക്കോസ്ലാവോക്യായും, പോളണ്ടും മററും റഷ്യയുടെ സഹായത്തിനു വരുകയില്ലെന്ന് സോവ്യററ് അധികൃതർക്കു ബോധ്യമായി; ഉപഗ്രഹരാജ്യങ്ങളിലെ പട്ടാളത്തെ വിശ്വസിക്കാൻ പാടില്ലെന്ന് അവർ പഠിച്ചു. വിദ്യാർത്ഥികളും, കർഷകരും, തൊഴിലാളികളും, കമ്യൂണിസത്തിൽ ഒതുങ്ങി നില്ക്കുമെന്നുള്ള കമ്യൂസങ്കല്പവും പൊളിഞ്ഞു.

ഉപഗ്രഹരാജ്യങ്ങളിൽ കാവൽ പട്ടികളായി നിയോഗിക്കപ്പെട്ടിരിക്കുന്ന റഷ്യൻ പട്ടാളത്തെപ്പോലും വിശ്വസിക്കാൻ പാടില്ല എന്ന ദുഃഖസത്യം സോവ്യററ് അധികൃതർക്കു ബോധ്യമായി.

ബുഡാപ്പെസ്റ്റ് വിപ്ലവം കിഴക്കേയൂറോപ്യൻ രാജ്യങ്ങളിൽ ഉളവാക്കിയിരിക്കുന്ന പ്രത്യാഘാതങ്ങൾ റഷ്യയ്ക്കു ഒട്ടുംതന്നെ ഗുണകരമല്ല. പ്രകൃത്യാതന്നെ ഉറച്ച കമ്യൂണിസ്റ്റ് വിരോധികളായ കിഴക്കെ ജർമേനിയെയും, പോളണ്ടിനെയും, തോക്കിൻെറ മുനക്കീഴിൽ എത്രനാൾ വച്ചുകൊണ്ടിരിക്കാൻ കഴിയും. സോവ്യറ്റ് സാമ്റാജ്യത്വത്തിൻെറ ശവക്കല്ലറകളാവുകയില്ല ആ രാജ്യങ്ങൾ എന്നു എങ്ങിനെ പറയാൻ കഴിയും?

വിപ്ലവകാലത്തു് ഹംഗറിയിൽ ഏററവും ഉച്ചത്തിൽ കേട്ട മുദ്രാവാക്യമാണു് "റഷ്യാ ഞങ്ങളുടെ യൂറേനിയം മോഷ്ടിച്ചുകൊണ്ടുപോകുന്നു" എന്നു്. അങ്ങനെ പോളണ്ടിനും, ബൾഗേറിയായ്ക്കും എന്തെങ്കിലും പറയാൻ ഉണ്ടാവും.

ഹംഗറിയിൽ എത്രയോ ആയിരങ്ങളെ കമ്യൂണിസ്റ്റ് ഭരണകർത്താക്കൾ ലിക്വിഡേററു ചെയ്തു—കമ്യൂണിസ്റ്റുകളിൽ നിന്നുതന്നെ, അനേകായിരം, ട്രോട്സ്കിയിസ്റ്റുകൾ, ടിറ്റോയിസ്റ്റുകൾ, സ്ററാലിനിസ്റ്റുകൾ വധിക്കപ്പെട്ടു. അതുകൊണ്ടു് എന്തു പ്രയോജനമുണ്ടായി.

ഹംഗേറിയൻ വിപ്ലവം ഊതിവിട്ട കാററു് വളൎന്നു വളൎന്നു വളൎന്നു കൊടുങ്കാററായി പഞ്ചഭൂഖണ്ഡങ്ങളിലും ചുററിയടിക്കും. ആ പ്രചണ്ഡമാരുതൻെറ അനിരുദ്ധ പ്രവാഹത്തിൽ കമ്യൂണിസം കടപുഴക്കപ്പെടും. അതു ഭാവിയുടെ കാര്യമാണു്. ഹംഗേറിയൻ വിപ്ലവത്തിൻെറ സത്യാവസ്ഥ, അറിയുന്ന ഒരു സമ്മതിദായകൻ ഇനിമേലാൽ ചെമപ്പന്മാർക്കു വോട്ടു കൊടുക്കുകയില്ല. ഒരുപക്ഷെ റഷ്യയുടെ ഏററവും വലിയ പരാജയം ഇവിടെ ആയിരിക്കാം. ഹംഗേറിയൻ വിപ്ലവത്തിനുശേഷം ഇററലിയിലും, ഫ്രാൻസിലും നടന്ന തിരഞ്ഞെടുപ്പുകളിൽ ഈ പറഞ്ഞ വസ്തുത സാക്ഷീകരിക്കപ്പെട്ടിരിക്കുന്നു.

കമ്യൂണിസത്തിൻെറ വഞ്ചനാപരങ്ങളായ പ്രചരണങ്ങൾ ഇനിയും ലോകത്തിൽ വിലപ്പോവുകയില്ല. ഭൂമുഖത്തെങ്ങും ചിതറപ്പെട്ടിരിക്കുന്ന രണ്ടുലക്ഷം ഹംഗറിക്കാർ അവരുടെ സ്വന്തം അനുഭവങ്ങളിൽ നിന്നു് കമ്യൂണിസം എന്തെന്നു് ലോകത്തെ അറിയിക്കും.

സ്വതന്ത്രയൂറോപ്പ് റേഡിയോ നിരന്തരം പ്രക്ഷേപണം

ചെയ്തുകൊണ്ടിരുന്ന സ്വാതന്ത്ര്യത്തിൻെറയും പ്രത്യാശയുടെയും സന്ദേശങ്ങൾ കമ്യൂണിസ്റ്റ് അടിമരാജ്യങ്ങൾക്കു പ്രചോദനം നൽകുന്നു. കിഴക്കേ ബൽജിയത്തിലെ ധീരരായ തൊഴിലാളികൾ കമ്മ്യൂണിസ്ററ് കാട്ടാളത്വത്തിനെതിരായി അണിനിരന്നു; അവരുടെ സമരത്തെ റഷ്യൻ യന്ത്രത്തോക്കുകൾ തകർത്തെങ്കിലും, പോളണ്ടിലെ പോൺഡാണിലുള്ള തൊഴിലാളികൾ റഷ്യൻതോക്കുകൾക്കുനേരെ വിരിമാറു് കാണിച്ചു. പോളണ്ടുകാരുടെ ധീരതയുടെ മുമ്പിൽ റഷ്യാക്കാർ ചൂളിപ്പോയി. കിഴക്കെ ജർമ്മനിയിലെയും പോളണ്ടിലെയും സംഭവങ്ങൾ ഹംഗറിക്കു ഉത്തേജനം നൽകി. അവർ ഒററക്കെട്ടായിനിന്നു് റഷ്യയെ എതിർത്തു; നിരായുധരായ റഷ്യാക്കാരെ കീഴടക്കാൻ റഷ്യൻ ടാങ്കുകൾക്കു കഴിഞ്ഞെങ്കിലും അവരുടെ ഹൃദയങ്ങളെ കീഴടക്കാൻ റഷ്യയുടെ ഭീമമായ ശക്തിക്കു ഒരുനാളും സാധ്യമല്ല.

സ്വാതന്ത്ര്യത്തിനുവേണ്ടി ഹംഗറിക്കാർക്കു ഉത്തേജനം നൽകിയ അമേരിക്കാ, അവരുടെ ആപൽഘട്ടത്തിൽ അവരെ സഹായിക്കാൻ എത്തിയില്ല. അതിനു തക്കതായന്യായങ്ങൾ അമേരിക്കയ്ക്കു പറയാനുണ്ടെങ്കിലും, ഹംഗറിക്കാരുടെ ഉള്ളിൽ ആ പരിഭവം തങ്ങിക്കിടക്കും. കാരണം അവർ അമേരിക്കയിൽ നിന്നു് വളരെയൊക്കെ പ്രതീക്ഷിച്ചിരുന്നു.

ഹംഗേറിയൻ അഭയാർത്ഥികളെ സ്വീകരിക്കുന്ന കാര്യത്തിലും അമേരിക്കയുടെ നയം ആശാവഹമായിരുന്നില്ല. ഒരു ലക്ഷം അഭയാർത്ഥികളെ ഓസ്ട്രിയാ സ്വാഗതംചെയ്തപ്പോൾ, 3000 അഭയാത്ഥികളെ സ്വിസ്സർലണ്ടു സ്വീകരിച്ചപ്പോൾ, കേവലം 4000 പേർക്കാണ് അമേരിക്ക അഭയംനൽകിയതു്. ശീതസമരത്തിനു അതു ഒരു വലിയ ക്ഷീണമായിരുന്നു. അതു മനസ്സിലാക്കിയപ്പോഴാണ് അമേരിക്കയുടെ വാതിലുകൾ വീണ്ടും തുറക്കപ്പെട്ടതും, 30000 ഹംഗേറിയൻ അഭയാത്ഥികൾക്കു അമേരിക്കാ ആശ്രയം നൽകിയതും..

ഏതായാലും കമ്യൂണിസ്ററു സാമ്രാജ്യത്വത്തിൻെറ അവസാനത്തിലേക്കുള്ള വഴികാട്ടിത്തന്ന ധീരയായ ഹംഗറിയുടെ നാമം ഭാവിചരിത്രത്തിൽ ഉത്തരോത്തരം പ്രശോഭിക്കും.

അമേരിക്കൻജനത, അവരുടെ അനാസ്ഥയെപ്പററി പ

ശ്ചാത്തപിക്കുമ്പോൾ ബുഡാപ്പെസ്റ്റിലെ വനിതകളെ സ്മരി
രിക്കുന്നതു നന്നായിരിക്കും.

നശിക്കപ്പെട്ട നഗരത്തിലെ തണുപ്പുള്ളതും സൂര്യപ്രകാശ
മുള്ളതുമായ ഒരു ദിവസം. വിപ്ലവം അടിച്ചമർത്തപ്പെട്ടിട്ടു ആ
ഴ്ചകൾ ആറുകഴിഞ്ഞു. ഡിസംബർ 4-ാംതീയതി. ബുഡാപ്പെ
സ്റ്റിലെ വനിതകൾ, കറുത്തവസ്ത്രങ്ങൾ ധരിച്ചു, കൈകളി
ൽ പൂക്കളും, കരളുകളിൽ വേദനിപ്പിക്കുന്ന ഓർമ്മകളുമായി
ഹംഗറിയുടെ അജ്ഞാതയോദ്ധാവിൻെറ ശവകുടീരത്തിലേക്കു
മാർച്ച്ചെയ്തു. യന്ത്രത്തോക്കുകളും ടാങ്കുകളുംകൊണ്ടു അവരെ തട
യാൻ റഷ്യാക്കാർ ശ്രമിച്ചു. ആ പുരന്ധ്രികൾ അതു കൂട്ടാക്കി
യില്ല. കൈകളിൽ പൂങ്കുലകൾ ആട്ടിക്കൊണ്ടു അവർ വന്നു. അ
വർ റഷ്യൻതോക്കുകാരോടു പറഞ്ഞു "നിങ്ങൾക്കു തോ
ക്കുകളുണ്ടു്; ഞങ്ങൾക്കു പൂക്കൾമാത്രമേയുള്ളു; നിങ്ങൾക്കെന്താ
ണിത്രഭയം?"

അരിശംമൂത്ത ഒരു റഷ്യാക്കാരൻ ഒരു സ്ത്രീയുടെനേരെ വെ
ടിവച്ചു. കറുത്തവസ്ത്രംധരിച്ച ആ സ്തീരത്നങ്ങൾ എന്നിട്ടുംകൂ
സിയില്ല. അവർ നിർഭയം മുന്നോട്ടു നീങ്ങി. മറ്റൊരു റഷ്യൻ
ഭടൻ അവരോടട്ടഹസിച്ചു ഒരടിമുന്നോട്ടു വയ്ക്കരുതെന്നു്. അവ
ർ ആ ഗർജ്ജനത്തെ ഗൗനിച്ചതേയില്ല. ആ മുഷ്കരൻ ഒരു സ്ത്രീയു
ടെ കൈയ്യു ബലമായിപിടിച്ചു. അവൾ കുതറിമാറി; ആ കി
രാതൻെറ മുഖത്തേയ്ക്കു അവൾ തുറിച്ചുനോക്കി; അവൻെറ മുഖ
ത്തു് അവൾ കാർക്കിച്ചുതുപ്പി.

# 11 ഇതൊക്കെവാസ്തവമാണോ?

അധുനാതനങ്ങളായ സംഭവങ്ങളെപ്പററി ഒരാൾ എഴുതുമ്പോൾ അവ വാസ്തവമായിരിക്കേണ്ടതു ആവശ്യമാണ്. അല്ലെങ്കിൽ ആ സംഭവങ്ങളെപ്പററി അറിയാത്ത മററുള്ളവരുടെ അവഹേളനത്തിനു അയാൾ പാത്രീഭൂതനാകും.

എന്റെ വിദ്യാഭ്യാസം തന്നെ എന്നെ വളരെ കരുതലുള്ളവനാകുവാൻ പോരുന്നതായിരുന്നു. ഒരു ചെറിയ ക്വേക്കർ കോളേജിലാണ് ഞാൻ പഠിച്ചതു്. ആ കോളേജിൽ പഠിക്കുന്നവരൊക്കെ സത്യസന്ധതയുള്ളവരായിരിക്കണം എന്നാണ് വയ്പ്. പ്രസ്തുത കലാശാലയിലെ ഒരു ബിരുദധാരി എ. മിച്ചൽ പാമർ, വുഡ്റോ. വിൽസൺ പ്രസിഡണ്ടായിരുന്ന കാലത്തു യു.എസിലെ അററോർണി ജനറലായിരുന്നു. ഒന്നാം ലോകമഹായുദ്ധത്തെപ്പററി ആളുകൾ പറഞ്ഞതെല്ലാം അതേപടി വിശ്വസിച്ചു. തന്നിമിത്തം അദ്ദേഹം പല അബദ്ധങ്ങളിലും ചെന്നുചാടി; യുഎസ് സെനററും ജനങ്ങളും അദ്ദേഹത്തെ കഠിനമായി കുററപ്പെടുത്തി. ആ അനുഭവം ഇന്നു കൈചൂണ്ടിപ്പലകപോലെ എപ്പോഴും എന്റെ നേരെ നില്ക്കുന്നുണ്ടു്.

അതുപോലെ ഒന്നാംലോകമഹായുദ്ധത്തെപ്പററി ജോർജ് റീൻ കമ്മിററി എഴുതിയതു പലതും പിന്നീട് അബദ്ധങ്ങളാണെന്നു തെളിഞ്ഞു.

ഈ പശ്ചാത്തലത്തിലാണ് ഞാൻ ഹംഗേറിയൻസംഭവത്തെ സമീപിച്ചതു്. പിന്നീടൊരാൾ എന്റെ പ്രസ്താവനയെ ഖണ്ഡിക്കാൻ ഇടവരുത്തരുതെന്ന് എനിക്കു വലിയ നിഷ്ഠയുണ്ട്. നുണകളെ സത്യങ്ങളായി സ്വീകരിക്കാനും അങ്ങനെ പാണ്ഡിത്യത്തിന്റെ മുമ്പിൽ ഒരു വിഡ്ഢിയാകാനും ഞാൻ ആഗ്രഹിക്കുന്നില്ല.

എല്ലാ വിവരങ്ങളെയും സംശയമനോഭാവത്തോടെയാണ്

സമീപിച്ചിട്ടുള്ളതു്. സംശയാതീതമാംവിധം, നാനാ മാർഗ്ഗങ്ങളിൽക്കൂടി പരിശോധിച്ച് തിട്ടം വരുത്തിയതിനു ശേഷമെ ഞാൻ ഏതെങ്കിലും സംഭവം ഈ ഗ്രന്ഥത്തിൽ വിവരിച്ചിട്ടുള്ളു. ഈ ഗ്രന്ഥം തയാറാക്കുന്നതിനു എന്നെ സഹായിച്ചിട്ടുള്ള വിവരത്തനക്കാർ ഇപ്പോഴും ജീവിച്ചിരിപ്പുണ്ടു്. ഓരോ കാര്യവും എത്ര മാത്രം സൂക്ഷ്മമായിപരിശോധിച്ചതിനുശേഷമാണ് ഞാൻ സ്വീകരിച്ചിട്ടുള്ളതെന്ന് അവർക്കറിയാം. വിയെന്നായിലെ ഓപ്പറാഹൗസിനു സമീപമുള്ള റെസ്റ്റോറാൻറിലെ ഒരു മുറിയിൽ ഞങ്ങൾ നാലഞ്ചുപേർ ഒരു മേശയ്ക്കു ചുററുമിരിക്കും. ഒരു അഭയാർത്ഥിയിൽ നിന്ന് ഒരു വിവരം ശേഖരിക്കും. പിന്നീടു ഒരു സംഭവത്തെപ്പററി 4 അഭയാർത്ഥികളോടു ചോദിക്കും. അങ്ങനെ അഞ്ചു പ്രാവശ്യം പരീക്ഷിച്ചതിനു ശേഷമേ ഒരു കാര്യം സത്യമായിട്ടു ഞങ്ങൾ അംഗീകരിക്കയുള്ളു.

ഞാനെഴുതിയ ഗ്രന്ഥം പലതരക്കാരായ പല ഹംഗേറിയന്മാരെക്കൊണ്ടും ഞാൻ പരിശോധിപ്പിച്ചു. അവരെല്ലാം ഏകകണ്ഠമായി അംഗീകരിച്ച വസ്തുതകൾ മാത്രമാണ് ഞാൻ കുറിച്ചിട്ടുള്ളതു്. ഊഹാപോഹങ്ങൾക്കോ സങ്കൽപ്പങ്ങൾക്കോ ഇതിൽ ഞാൻ ഇടം നൽകിയിട്ടില്ല. ഇംറിഹോർവാത്ത് ഹംഗറിയെ ഉപേക്ഷിച്ചു എന്നുള്ള മിസ്സിസ് മോറോത്തിയുടെ അവകാശവാദം ഞാൻ സ്വീകരിച്ചതു് ഇംറിഹോർവാത്തിനെ നേരിട്ടു കണ്ടതിനു ശേഷമാണ്.

യുവാവായ ജോസഫ് ടോത്ത്. ഒരു കൃത്രിമപ്പേരാണ്. അതു മൂന്നു ഹംഗേറിയൻ യുവാക്കളിൽ നിന്ന് ലഭിച്ച വിവരങ്ങളുടെ സമാഹാരമാണ് ജോസഫ് ടോത്ത്. ആ യുവാക്കളുടെ പേരുകൾ വെളിപ്പെടുത്തുവാൻ പാടില്ല, കാരണം അവരുടെ മാതാപിതാക്കൾ ഹംഗറിയിൽ ജീവിച്ചിരിപ്പുണ്ടു്. റഷ്യൻ അധികൃതർക്കു അവരെ പീഡിപ്പിക്കുവാൻ ഇട നൽകാതിരിക്കണം. അതുപോലെതന്നെ ഇസ്തമാൻ ബലോഗ്ഗും, പീറാർ സീജെത്തിയും. അവരുടെ പേരുകളും കൃത്രിമങ്ങളാണ്. അവരുടെ കഥകൾ സത്യങ്ങളുമാണ്. മററു ഹംഗേറിയൻ വിദഗ്ദ്ധരെക്കൊണ്ടു ചെക്കുചെയ്തുശേഷമേ ഞാൻ അവരുടെ മൊഴികൾ സ്വീകരിച്ചിട്ടുള്ളു.

ഛോക്കി, കൊച്ചുമിഠായിക്കഷണം— അവനൊരു ധീരനാണ്. അവൻെറ സാക്ഷാൽ പേരുതന്നെ എഴുതണമെന്ന് അവനു നിർബന്ധമുണ്ട്. ഞങ്ങൾ അതിൻെറ അപകടത്തെപ്പററി അവനോട് പറഞ്ഞു. അവൻ സമ്മതിക്കുകയില്ല "എൻെറ അപ്പനും അമ്മയും അറിയട്ടെ ഞാൻ രക്ഷപെട്ടെന്ന്." എന്നാണ് അവൻെറ വാദം.

സോൾട്ടൻെറയും, ഈവാപാലിൻെറയും കഥ—അതു മൂന്നുയുവദമ്പതിമാരുടെ കഥയാണ്.

ഇംറിശീശും, ജിയോർജിഷാബോയും അസാധാരണർതന്നെ. അവരുടെ ഓരോ മൊഴിയും സത്യമെന്നു തെളിയിക്കുന്നതിനുള്ള രേഖകൾ അവരുടെ കൈവശമുണ്ടായിരുന്നു.

ഹാദോക്ക് കുടുംബം അവരെ ഞാൻ ആൻഡോവിലെ പാലത്തിങ്കൽ വച്ചാണ് കണ്ടതു്. അവരെ രക്ഷിച്ച മിസ്സിസ് ലില്ലിബ്രൗൺ ഇന്നു ജീവിച്ചിരിപ്പുണ്ട്. പിന്നീടു അവരെ ഞാൻ വിയെന്നായിൽ വച്ചു കണ്ടു. അവരെ അവിശ്വസിക്കാൻ യാതൊരു അന്യായവുമില്ല.

മിസ്സിസ് മറിയാമാറോത്തി, യഥാർത്ഥമായ നാമധേയം തന്നെ.

തീബോർ ഡോണാത്തു്, ഒരു സങ്കല്പസൃഷ്ടിയാണ്. പക്ഷെ ഹംഗറിയോക്കാരുടെ ഉത്ഭവത്തെയും ജീവിതത്തെയും പററി ഞാൻ അനേകംപേരിൽനിന്നും ശേഖരിച്ച വിവരങ്ങളുടെ ഒരു പ്രതീകമാണ് തീബോർഡോണാത്തു്. അവൻ ഒരു വലിയ ഗവേഷണത്തിൻെറ ഫലമാണ്.

അനേകം ഹംഗറിക്കാരെ രക്ഷപെടുത്താൻ സഹായിച്ചിട്ടുണ്ട് ഒരു ദ്വിഭാഷി എപ്പോഴും എൻെറ അടുത്തുതന്നെ ഉണ്ടായിരുന്നു.

അനേക ശതം അഭയാർത്ഥികളുമായി ഞാൻ അഭിമുഖ സംഭാഷണം നടത്തി. അവരിൽ നിന്നു ലഭിച്ച വിവരങ്ങൾ ഞാൻ പാററിക്കൊഴിച്ചെടുക്കുകയാണു് ചെയ്തതു്. അതിൽനിന്നു രണ്ടുകാര്യങ്ങൾ അനുമാനിക്കാം.

ഒന്ന്, രണ്ടുലക്ഷം അഭയാർത്ഥികൾ ഒന്നിച്ചു ഒരിടത്തു ഒ

ടി ഒരേകള്ളംതന്നെ പറയാൻ തീരുമാനിച്ചു എന്നു സങ്കല്പിക്കുകപോലും സാദ്ധ്യമല്ല. അതു സാധ്യമെങ്കിൽ, ഈ കഥകളൊക്കെ സങ്കല്പങ്ങളാണെന്നുള്ള റഷ്യൻതീരുമാനത്തെ ആരും വിലമതിക്കുകയില്ല.

രണ്ട്, മിച്ചൽപാമറുടെയും, റീൻകമ്മിററിയുടെയും അനുഭവം എനിക്കുണ്ടാവരുതെന്ന് എനിക്ക് നിർബന്ധമുണ്ട്. കാരണം എന്റെ ഗ്രന്ഥത്തിൽ ഏതെങ്കിലും കേവലം കണ്ടുപിടുത്തമോ കള്ളമോ ആണെന്ന് തെളിഞ്ഞാൽ സ്വതന്ത്രലോകത്തിൽ എനിക്കു തലയുയർത്തിനടക്കാൻ സാധിക്കുകയില്ല.

---

# ഗ്രന്ഥകാരനെപ്പററി

1907-ൽ ന്യൂയോർക്ക്നഗരത്തിൽ ജയിംസ് എ. മിച്ചനർ ജനിച്ചു. അദ്ദേഹം വളർന്നതു് ഇപ്പോൾ ബക്സ് കൗണ്ടിയിലുള്ള അദ്ദേഹത്തിന്റെ വസതിക്കുസമീപം, പെൻസിൻവേനിയായിലെ ഡോയിൽസ് ടൗണിലാണു്. സ്വാർത്ത്മോർ കോളേജിൽ നിന്നു് ബിരുദം സമ്പാദിച്ചശേഷം ഉപരിപഠനാർത്ഥം അദ്ദേഹം രണ്ടുകൊല്ലം യൂറോപ്പിൽ ചിലവഴിച്ചു.

അമേരിക്കയിൽ മടങ്ങിയെത്തിയ അദ്ദേഹം ഒരു സാമൂഹ്യ ശാസ്ത്രാധ്യാപകനായി പെൻസിൽവേനിയായിലെ സെൻറ് ജോർജ്ജ് സ്ക്കൂളിൽ പ്രവേശിച്ചു. അധ്യാപകവൃത്തിയോടൊപ്പം, അധ്യാപക വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിനും കോളോറാഡോ സ്റ്റേററ് കോളേജ്, പെൻസിൽവേനിയാ യൂണിവേഴ്സിററി, വെർജീനിയാ യൂണിവേഴ്സിററി' ഹാർവാർഡ് എന്നീ സ്ഥാപനങ്ങളിൽ ജോലി നോക്കിയിട്ടുണ്ടു്. 1941-ൽ അദ്ദേഹം ഒരു പ്രസിദ്ധീകരണശാലയിലെ സഹപത്രാധിപരായി. ആ ജോലിക്കു രണ്ടാം ലോകമഹായുദ്ധം വിഘാതമായി നേവിയിലുള്ള അദ്ദേഹത്തിന്റെ യുദ്ധകാല പരിചയത്തിൽ നിന്നു് "ദക്ഷിണശാന്തസമുദ്രത്തിലെ കഥകൾ" എന്ന ഗ്രന്ഥം രചിച്ചു (1947-ൽ അതിനു് പുലിററ്സർ സമ്മാനം ലഭിച്ചു.) ആ കഥയെ ആസ്പദമാക്കി 1949 – റഡ്ജേഴ്സ് ഒലാശാർ ഹാമർസ്റ്റീൻ എന്നിവർ ചേർന്നു "ദക്ഷിണപസഫിക്" എന്ന സംഗീതാത്മകമായ സുപ്രസിദ്ധ ചലച്ചിത്രം നിർമ്മിച്ചു.

യുദ്ധസേവനത്തിൽ പ്രവേശിക്കുന്നതിനുമുമ്പ് വിദ്യാഭ്യാസസംബന്ധമായ ഏതാനും ഗ്രന്ഥങ്ങളും "വസന്തകാലത്തിലെ അഗ്നികൾ" എന്ന ആത്മകഥാപരമായ ഒരപൂർണ്ണ നോവലും അദ്ദേഹം രചിച്ചു. 1951- പറുദീസായിലേക്കുള്ള പ്രത്യാഗമനം". "ഏഷ്യയുടെ സ്വരം" എന്ന ഗ്രന്ഥങ്ങളും, 1953-ൽ "ടോക്കോറിയിലെ പാലം" എന്ന ഗ്രന്ഥവും അദ്ദേഹം പ്രസിദ്ധപ്പെടുത്തി.

"ഡയോനാറാ" എന്ന നോവലും, ജപ്പാനെ ആസ്പദമാക്കി അധികൃതമായി എഴുതിയ "ഒഴുകുന്ന ലോകം" എന്ന പ്രഖ്യാത ഗ്രന്ഥവും 1954-ൽ പ്രസിദ്ധീകൃതങ്ങളായി.

"ആൻഡോവിലെ പാലം" എന്ന ഗ്രന്ഥത്തിനു വേണ്ടുന്ന വിവരങ്ങൾ ശേഖരിക്കുന്നതിനു് 1956 നവംബർ മദ്ധ്യത്തിൽ അദ്ദേഹം വിയെന്നായിലേക്കു പറന്നു. സോവ്യറ്റ് ടാങ്കുകളും വിമാനങ്ങളും ബുഡാപ്പെസ്റ്റിനെ തകർക്കുകയും, അനേകായിരം ഹംഗറിക്കാരെ കശാപ്പുനടത്തുകയും ചെയ്തിട്ട് ഏതാനും ദിവസങ്ങൾ കഴിഞ്ഞിരുന്നു. അദ്ദേഹം 6- ആഴ്ചക്കാലം ഓസ്ട്രിയായിൽ താമസിച്ചു. അതിൽ ഏറിയ സമയവും ഓസ്ട്രിയാ-ഹംഗറി അതിർത്തികളിൽ അദ്ദേഹം പര്യടനം നടത്തുകയും, അനേകം അഭയാർത്ഥികളെ രക്ഷപെടുത്തുകയും ചെയ്തു. അനേകം അഭയാർത്ഥികളുമായി അഭിമുഖസംഭാഷണം നടത്തുന്നതിനു് അദ്ദേഹത്തിനു സാധിച്ചു. വിപ്ലവത്തിനു് നിദാനങ്ങളായ സാഹചര്യങ്ങളും വിപ്ലവകാലത്തുണ്ടായ സംഭവങ്ങളും, അവയിൽ പങ്കെടുത്തവരിൽനിന്നുതന്നെ അദ്ദേഹത്തിനു നേരിട്ടു പഠിക്കാൻ കഴിഞ്ഞു.

ശ്രീകൃഷ്ണവിലാസംഗ്രന്ഥശാല
മലയിൻകീഴ്.

ഹങ്കറിയിൽ നടന്ന
ഐതിഹാസികമായ
കമ്മ്യൂണിസ്റ്റ് വിരുദ്ധവി
പ്ലവത്തിന്റെ വികാരോ
ജ്ജ്വലമായ വിവരണം

# ആൻഡാവിലെ പാലം

വിവർത്തകൻ-മുട്ടത്തുവർക്കി

Indic Digital Archive Foundation
gpura.org